# ശ്രീബുദ്ധചരിതം

എൻ. കുമാരനാശാൻ.

Digitized By Kerala Sahitya Akademi

# ശ്രീബുദ്ധചരിതം

## കിളിപ്പാട്ട്.

പരിഭാഷകൻ,

എൻ കുമാരൻ ആശാൻ

ശാരദാ ബുക്കുഡിപ്പോ
തിരുവനന്തപുരം.

5-ാം പതിപ്പ് കാപ്പി 1500.

THE SARADA BOOK
B. S. P.
ALWAYE.

പകർപ്പവകാശം.

ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

1122.

ഉടമസ്ഥരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

# ഒന്നാം പതിപ്പിന്റെ മുഖവുര.

പ്രസിദ്ധ ആംഗലകവിയായ സർ, എഡ്വിൻ ആർനാൾഡിന്റെ കൃതികളിൽ "ഏഷ്യയിലെ ദീപം" ("Light of Asia") ഏററവും ശ്രേഷ്ഠമായ ഒരു ഗ്രന്ഥമാണ്. ഇതിനെ ഇപ്പോൾ ലോകത്തുള്ള മിക്ക പ്രധാന ഭാഷകളിലും തർജ്ജമ ചെയ്തിട്ടുണ്ട്. വിഷയഗൗരവവും കവിതാഗുണവും ഓർത്താൽ ഈ കൃതിക്കു സിദ്ധിച്ചിട്ടുള്ള അസാമാന്യമായ പ്രസിദ്ധിയേയോ പ്രചാരത്തേയോ പററി ആർക്കും അത്ഭുതം തോന്നുന്നതല്ല. ഈ "ശ്രീബുദ്ധചരിതം" കിളിപ്പാട്ട് ആ വിശിഷ്ടകൃതിയുടെ ഭാഷാന്തരമാകുന്നു. ബുദ്ധഭഗവാന്റെ ചരിത്രവും ബുദ്ധമതത്തിന്റെ പ്രധാന മൂലതത്വങ്ങളുമാണ് ഇതിലെ പ്രതിപാദ്യവിഷയം. പൗരാണികന്മാർ മഹാവിഷ്ണുവിന്റെ അവതാരങ്ങളിൽ ഒന്നായി പരിഗണിച്ചുവരുന്ന ഭഗവാൻ ഗൌതമബുദ്ധൻ ൨൫൦൦ കൊല്ലങ്ങൾക്കുമുമ്പു് ആര്യാവർത്തത്തിൽ ഉപദേശിച്ച വിലയേറിയ അദ്ധ്യാത്മതത്വങ്ങളും ധർമ്മരഹസ്യങ്ങളും സ്ഥാപിച്ച സംഘങ്ങളും ഭൂലോകം മുഴുവൻ ഇന്നു മിക്കവാറും എല്ലാ പരിഷ്കൃതമതങ്ങളുടേയും മതസ്ഥാപനങ്ങളുടേയും ഉല്പത്തിസ്ഥിതികളേ ഏതെങ്കിലും പ്രകാരത്തിൽ പ്രേരിപ്പിക്കയോ അല്ലെങ്കിൽ അവയെ പോഷിപ്പിക്കയോ പുലർത്തുകയോ പരിഷ്കരിക്കയോ എന്തെങ്കിലും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിപ്പാൻ പാടില്ലാത്തതാകുന്നു. ബുദ്ധമതം ഇന്നും ലോകത്തുള്ള അനേകശതകോടി മനുഷ്യരിൽ മൂന്നിലൊന്നുഭാഗം ആളുകളുടെ വിശ്വാസാനുഷ്ഠാനങ്ങൾക്കു് ആധാരമായി പ്രചരിച്ചുകൊണ്ടിരിക്കയുമാകുന്നു. സിലോൺ, ബർമ്മാ, നേപ്പാൾ, തിബത്ത്, ചൈനാ, മദ്ധ്യഏഷ്യ, സൈബീരിയാ മുതലായ രാജ്യങ്ങളിലെ ജനങ്ങൾ

Digitized By Kerala Sahitya Akademi

ഇപ്പോഴും, ബുദ്ധമതക്കാരാണ്. ഇന്ത്യയുടെ പല ഭാഗങ്ങളിലുംതന്നെ ബുദ്ധഭക്തന്മാർ ഇപ്പോഴുമുണ്ട്. ആ മതത്തിലെ അത്യുൽകൃഷ്ടമായ അദ്ധ്യാത്മതത്വങ്ങളും സദാചാരപദ്ധതികളും മനുഷ്യവർഗ്ഗമുള്ളകാലംവരെ പണ്ഡിതന്മാർക്ക് ആശ്ചര്യാനന്ദങ്ങൾ ജനിപ്പിച്ചുകൊണ്ടും, അനവധി ആത്മാക്കൾക്കു സുഖസമാധാനങ്ങൾ നൽകിക്കൊണ്ടും എന്നേയ്ക്കും പ്രകാശിക്കുമെന്നുള്ളതുമാകുന്നു.

ഈ പരിഭാഷ ആരംഭിച്ചതു് ൧൦൮൪-ാമാണ്ടിടയ്ക്കായിരുന്നു. എട്ടു പുസ്തകങ്ങൾ അല്ലെങ്കിൽ എട്ടു കാണ്ഡങ്ങൾ അടങ്ങിയ ഈ ഗ്രന്ഥത്തിന്റെ ഒന്നാംകാണ്ഡം മിക്കവാറും പരിഭാഷപ്പെടുത്തിത്തീർന്നശേഷം, ചില അസൌകര്യങ്ങളാലും മററു കാരണങ്ങളാലും പരിഭാഷ തുടരാൻ സാധിക്കാതെവന്നു. എന്നിട്ടു് ൧൦ കൊല്ലങ്ങൾ കഴിഞ്ഞു. ൧൦൯൪-ൽ വീണ്ടും തർജ്ജമ തുടരുകയും, അപ്പോൾമുതൽ "വിവേകോദയം" മാസികയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തിത്തുടങ്ങുകയും ചെയ്തു. ഇപ്പോൾ പുറത്തയയ്ക്കുന്ന ഈ രണ്ടു കാണ്ഡങ്ങൾ അങ്ങനെ പ്രസിദ്ധപ്പെടുത്തിയ ഭാഗങ്ങളെത്തന്നെ സംസ്കരിച്ചു പുസ്തകരൂപത്തിൽ ആക്കിട്ടുള്ളതാകുന്നു. ഇപ്രകാരം ഈരണ്ടു കാണ്ഡങ്ങളായി തുടർന്നുകൊണ്ടു പ്രസിദ്ധപ്പെടുത്തി കാലതാമസമെന്നിയെ ഗ്രന്ഥം പൂർത്തിയാക്കാനാണ് വിചാരിക്കുന്നതു്.

ഇതിനിടയിൽ, "ബുദ്ധചരിതം" എന്ന പേരിൽ ഈ കൃതിയുടെ ഒരു ഗദ്യതർജ്ജമ കാണ്മാനും, "ഏഷ്യയിലെ വെളിച്ചം" അല്ലെങ്കിൽ "പൌരസ്ത്യദീപം" എന്ന പേരിൽ മറെറാരു പദ്യതർജ്ജമയെപ്പററി കേൾപ്പാനും, സംഗതിയായിട്ടുണ്ടു്. എന്നാൽ ഈ കിളിപ്പാട്ടുതർജ്ജമ മൂലത്തിലെ വൃത്തത്തിനും പ്രമേയത്തിനും ഏററവും യോജിച്ചതാണെന്നു തോന്നുകയാലും, ഈ മാതിരി ഒരു തർജ്ജമ ഇതുവരെ

Digitized By Kerala Sahitya Akademi

പുറത്തുവന്നിട്ടില്ലാത്തതിനാലും, ഞാൻ ഇതിനെ പിന്തുടരുന്നതാണ്. തർജ്ജമയിൽ കിളിപ്പാട്ടിന്റെ സ്വാഭാവികമായ മാധുര്യത്തിനു ഹാനിവരാതിരിപ്പാൻ വേണ്ടത്ര സ്വാതന്ത്ര്യം സ്വീകരിച്ചിട്ടുണ്ട്. എന്നാൽ അതുകൊണ്ട് അർത്ഥത്തിൽ സാരമായ ഏതെങ്കിലും ഭേദഗതിവരികയോ, മൂലത്തിലെ കവിതാഭംഗിക്കോ രസത്തിനോ വൈകല്യം സംഭവിക്കയോ ചെയ്യാതിരിപ്പാൻ പ്രത്യേകം ദൃഷ്ടിവച്ചിട്ടുമുണ്ട്. തൽക്കാലം ഇതിലധികമൊന്നും പറവാനില്ല. കവിതാവിഷയമായ ഉദ്യമങ്ങളിൽ എന്നെ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിക്കുന്ന ഗുണകാംക്ഷികളായ പണ്ഡിതസ്നേഹിതന്മാരോടും പൊതുജനങ്ങളോടും എനിക്കുള്ള ഹാർദ്ദമായ കൃതജ്ഞതയെ പ്രസ്താവിച്ചുകൊണ്ടും, അവരുടെ ദയാപൂർവ്വമായ സ്വീകാരത്തെ ഈ അവസരത്തിലും സവിനയം പ്രതീക്ഷിച്ചുകൊണ്ടും ഈ കൃതിയെ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം,
൧൯൧൬ സെപ്തംബർ ൬

എൻ. കുമാരനാശാൻ.

Digitized By Kerala Sahitya Akademi

# ശ്രീ ബുദ്ധചരിതം

## കിളിപ്പാട്ട്.

---

### ഒന്നാം കാണ്ഡം.

---

ഭഗവാൻ, ഭവമുക്തിദായകൻ, ബുദ്ധൻ തന്റെ
നിഗമരത്നം ജയിച്ചീടുന്നു സർവ്വോത്തമം.
ജഗതീപതിസുതൻ വിശ്രുതൻ സിദ്ധാർത്ഥനു
ജഗത്തിൽ മൂന്നിങ്കലുമാരുള്ളു സമാനന്മാർ.
സർവ്വപൂജിതൻ സാക്ഷാൽ സർവ്വജ്ഞൻ സർവ്വോത്തമൻ
സർവ്വഭൂതൈകദയാവാരിധി തപോനിധി,
നിർവ്വാണത്തെയുമിഹ നിത്യമാം ധർമ്മത്തെയും
നിർവ്വാദമകമലിഞ്ഞരുളും ദിവ്യാചാര്യൻ,
ഭൂമിയിൽ മർത്ത്യരുടെ ഭാഗ്യത്താൽ വീണ്ടും പണ്ടു
സാമോദമവതരിച്ചീടേണ്ടുകാലം വന്നു.
ദിവ്യമാമഗ്രഭൂമിതന്നുടെ താഴത്തതി-
ഭവ്യന്മാർ വാണിടുന്നു നാലുപേർ ലോകേശന്മാർ;
ഭരിച്ചീടുന്നിതവർ മർത്ത്യലോകത്തെയവ-
രിരിക്കുന്നതിനുതാഴത്തു മേഖലകളിൽ

Digitized By Kerala Sahitya Akademi

മരുവീടുന്ന പരേതന്മാരായ് ഭൂവെടിഞ്ഞ
പെരിയ തപോധനസത്തമരടുക്കൽതാൻ.
മുപ്പതിനായിരത്താണ്ടമ്മഹാത്മാക്കളെങ്ങു
കെല്പൊടുമിരുന്നവതരിച്ചീടുന്നു വീണ്ടും
ആ ദിവ്യഭൂമിതന്നിലത്രകാലവുമസ്ത-
ഖേദം വാണരുളിയ ഭഗവാൻ ബുദ്ധനപ്പോൾ
കാണായിതവതാരചിഹ്നങ്ങളഞ്ചും സ്വയം
ക്ഷോണിതൻ ക്ഷേമത്തിനായെന്നതേ പറയേണ്ടു.
വാനവരിതുകണ്ടു വീതസന്ദേഹമണ-
ഞ്ഞാനന്ദാകുലമരുളീടിനാരിപ്രകാരം:-
"ഭഗവൻ, ഭവാനിന്നു ലോകരക്ഷണത്തിനാ-
യഘനാശന! പോകുമാറായിതറിഞ്ഞാലും."
അതുകേട്ടരുൾചെയ്തു സർവ്വജ്ഞൻ—"പോകുന്നു ഞാ-
നിതുതാനെന്റെയന്ത്യമായീടുമവതാരം;
ഇതിനാൽത്തന്നെ സംസാരാംബുധി കടന്നിടും
ഗതകല്മഷം ഞാനും മദ്ധർമ്മരതന്മാരും;
ശ്ലാഘ്യമാം ഹിമാലയ ദക്ഷിണസാനുഭൂവിൽ
ശാക്യന്മാരുടെ കുലത്തിങ്കൽ ഞാൻ ജനിച്ചീടും;
യോഗ്യരാം ജനങ്ങളുമവിടെ വാഴുന്നിതു
ഭാഗ്യവാനായിന്നൊരു ധർമ്മിഷ്ഠൻ നരേന്ദ്രനും."
ഇങ്ങനെയസ്സംവാദം നടന്നരാവിൽത്തന്നെ
മംഗലാത്മാവാം ശ്രീശുദ്ധോദനനരേന്ദ്രന്റെ

Digitized By Kerala Sahitya Akademi

മഹിഷി മായാദേവി കാന്തനൊത്തുറങ്ങുമ്പോൾ
മഹനീയമായൊരത്യത്ഭുതസ്വപ്നം കണ്ടാൾ
കാമധേനുവിൻ നറുംപാലുപോൽ വെളുത്തതി-
കോമളങ്ങളാമാറുകൊമ്പുകൾപൂണ്ട മിന്നും
വാരണവീരൻതന്റെ വടിവിൽ ദ്യോവിൽനിന്നു
പാരമുജ്ജ്വലിച്ചൊരു നക്ഷത്രമതിശീഘ്രം
ചാരുവാം മാണിക്കത്തിൻഛായ നൻമുത്തിൽചേർന്നു-
ള്ളാരോമൽ കാന്തികാളുമാറുരശ്മികൾ ചിന്നി
അന്തരീക്ഷത്തിലൂടെയെരിഞ്ഞു വരുന്നതു-
മന്തികമണവതും, ദക്ഷിണപാർശ്വത്തൂടെ
സ്വാന്തമാം ജഠരത്തിലായതു പൂകുന്നതും,
ബന്ധുരഗാത്രികണ്ടാൾ;ളുണർന്നാളുടൻതന്നെ.
മർത്ത്യമാതാക്കളാരുമോരാത്തോരത്യാനന്ദ-
മത്തരുണിയാൾക്കുള്ളിൽ കവിഞ്ഞു വഴിഞ്ഞിതു.
സത്വരം പരന്നിതു പുലർകാലത്തിന്നമ്മു-
മ്പെത്രയും മനോജ്ഞമാം പ്രഭയൊന്നെല്ലാടവും
പെരിയ പർവ്വതങ്ങൾ വിറച്ചിതപ്പോൾ പാരിൽ
തിരകളടങ്ങിയംബുധി നിശ്ചലമായി
സരസം കാലത്തിതൾവിരിയും പൂക്കളെല്ലാം
തരസാ വിടർന്നുച്ചയായാലത്തെപ്പോൽ നിന്നു.
ഇരുളാർന്നൊരു കാട്ടിനിടയിൽ ഭാനുമാന്റെ
കിരണം ചാരുകാന്തികലർന്നു പരക്കുമ്പോൾ

Digitized By Kerala Sahitya Akademi

നരനായകപത്നിയാൾക്കകതാരിൽ തിങ്ങും
പരമാനന്ദപൂരമൊഴുകി പാതാളാന്തം.

അതുമല്ലഹോ രസാതലവാസികളപ്പോൾ
മുദവായ് തമ്മിൽതമ്മിൽ മന്ത്രിച്ചു നിളെയേവം:—

“ഇതുകേൾക്കുവിൻ ജനിച്ചീടേണ്ടും പ്രേതങ്ങളേ,
മൃതരാവാൻ പോകുന്ന ജീവിസഞ്ചയങ്ങളേ,

വ്യഥവിട്ടാശ നിങ്ങൾ കൈക്കൊൾവിൻ;നെഴനേല്പിൻ;
പൃഥിവിയിങ്കലവതരിച്ചിതിന്നു ബുദ്ധൻ”.

ഇതുകേട്ടമേയമാമാശ്വാസമൊട്ടും പൊങ്ങി-
യതുലാമോദം ചരാചരങ്ങൾക്കകക്കാമ്പിൽ.

വിദിതമല്ലാത്തൊരത്യാനന്ദം നൽകുമാറു
മൃദുവാം കാററുവീശിയൂഴിയിലാഴിയിലും.

അഥ വന്നിതു പുലർകാലമപ്പോൾ സ്വപ്നാർത്ഥ-
കഥകന്മാരാം വൃദ്ധശീവിധം വ്യാഖ്യാനിച്ചാർ.

“അതിശോഭനം സ്വപ്നം—കർക്കടകത്തിൽ ദിന-
പതി നില്ക്കുന്നു; ദേവി പെററിടും കുമാരനെ;

അതിദിവ്യനാം പുത്രനവനത്ഭുതജ്ഞാന-
നിധിയാം നിഖിലലോകത്തിനും താങ്ങാമോർത്താൽ;

അതുമല്ലജ്ഞാനാന്ധകാരത്തിൽനിന്നുയർത്തി-
ഗ്ഗതിനൽകീടും മർത്ത്യക്കിങ്ങവ;നല്ലെന്നാകിൽ,

ക്ഷിതിമണ്ഡലമൊററ വെൺകൊററക്കുടയ്ക്കു കീഴ്
ഗതകല്മഷം കാക്കുമതുതാനിഷ്ടമെങ്കിൽ.”

Digitized By Kerala Sahitya Akademi

അതിപാവനൻ ബുദ്ധൻ ശ്രീമായാജഠരത്തിൽ
പദമൂന്നിയ പുണ്യവൃത്താന്തമേവമല്ലോ.
കററവാർവേണി മായാദേവിയാൾ പിന്നെഗ്ഗർഭം
മുററി വാണിടുംകാലം തന്നുടെ സൗധത്തിൻെറ
മുററത്തു ചമതവൃക്ഷത്തിൻെറ കുളിർനിഴൽ
പററിനിന്നുതേയൊരുദിവസം മദ്ധ്യാഹ്നത്തിൽ
തുംഗമായ് ദേവാലയത്തിൻ കൊടിമരംപോലെ
ഭംഗിയിൽ വളന്നേഴമൂദ്ധശാഖയ്ക്കുള്ളതാം
മംഗളസ്നിഗ്ദ്ധമൃദുപല്ലവങ്ങളും ഹൃത-
ഭൃംഗങ്ങളായി മണംപൂണ്ടെഴും പുഷ്പങ്ങളും
തിങ്ങിമിന്നുന്ന മണിമകുടശ്രീയേലുമ-
ശ്ശൃംഗത്തെ മെല്ലെമെല്ലെയാനമിപ്പിച്ചു വൃക്ഷ-
ശൃംഗാരകുഞ്ജംപോലെ ദേവിക്കു തണലേകാ-
നിംഗിതമറിഞ്ഞുടൻ താണിതു;—ചിത്രമല്ല;
ജംഗമസ്ഥാവരങ്ങളൊക്കെയുംജഗത്തിങ്കൽ
സംഗതിയറിഞ്ഞുതാൻ വാണിതമ്മുഹൂർത്തത്തിൽ.
ഭൂമിയുമുടൻ ബഹു പൂക്കളുൽഗമിപ്പിച്ചു
പൂമെത്തതീർത്തിതപ്പോൾ ദേവിക്കു ശയിക്കുവാൻ;
പ്രേമത്താൽ കരിങ്കല്ലുമൊഴുക്കി സ്വച്ഛോദക-
സ്തോമത്തെയരുവിയായ് രാജ്ഞിക്കു നീരാടുവാൻ
കോമളാംഗിയാം ദേവിയീവിധമങ്ങു തെല്ലു-
മാമനസ്യംക്രൂടാതെ പെററിതു കുമാരനെ

Digitized By Kerala Sahitya Akademi

പൂർത്തിയായ്ത്തിരുമെയ്യിൽ പൂണ്ടിരുന്നുതേ പുത്രൻ
ദ്വാത്രിംശന്മഹാഭാഗപുരുഷചിഹ്നങ്ങളും.
വാർത്തയീവിധമെല്ലാം വിരവിൽ കേട്ടറിഞ്ഞു
ചീർത്തകൗതുകം പൂണ്ട മന്നവനുടൻതന്നെ
പുത്രനെച്ചെന്നുകൊണ്ടുപോരുവാൻ രമണീയ-
ചിത്രശോഭിതയായ ശിബികയയച്ചിതു.
ചിത്രമെത്രയുമെന്നാൽ തിരികെയതു ചുമ-
ന്നെത്തിയതന്നു ദിഗീശന്മാർ നാൽവരുമത്രേ.
പാരിലെക്കർമ്മങ്ങൾ ചെമ്പോലയിൽ കുറിക്കുവോർ
മേരുവിന്നധിത്യകമേൽനിന്നു പോന്നാരിവർ;
പൗരസ്ത്യദിക്പാലകനിന്ദ്രൻ രാജതവസ്ത്ര-
ധാരികളായിക്കരതാരിൽ മുത്തണിഞ്ഞുള്ള
ചാരുവാം പരിചകൾ കൈക്കൊണ്ടു മിന്നും പരി-
ചാരകന്മാരുമൊത്തു ശോഭിച്ചു മഹാഭാഗൻ.
ജംഭാരിമണിമയമാം പരിചയും പൂണ്ടു
ഡംഭാർന്ന നീലാശ്വത്തിലേറിസ്സഞ്ചരിച്ചീടും,
കുംഭിനി സ്വർഗ്ഗപാതാളങ്ങളിൽ പേർകൊള്ളുന്ന
കുംഭാണ്ഡരൊത്തു ദക്ഷിണാശേശൻ വിളങ്ങിനാൻ.
പിന്നെയപ്പശ്ചിമാശാപതിയുമേവം കയ്യിൽ
മിന്നുന്ന പവിഴത്തിൻ പരിചയേന്തിയെന്നും
ഉന്നതശോണഹയമേറിപ്പിന്തുടരുന്ന
പന്നഗവീരപരിവാരത്താൽ വിലസിനാൻ

Digitized By Kerala Sahitya Akademi

ഉത്തരദിഗീശ്വരൻ വിത്തേശൻ താനുമേവം
സത്വരം പൊൻചട്ടയും പൊൻപരിചയുംപൂണ്ടു
ബദ്ധാഡംബരം പൊന്നിൻകുതിരയേറിപ്പിമ്പേ-
യെത്തിട്ടം യക്ഷഭടന്മാരോടും വിരാജിച്ചാൻ.
കണ്ടിടാവല്ലാതുള്ള മോടിപൂണ്ടവർ, വേഷം-
കൊണ്ടല്ല രൂപംകൊണ്ടും വാഹകസമാനന്മാർ
അണ്ടർകോന്മാരാമിവർ തന്നെയപ്പല്ലക്കിന്റെ
തണ്ടുകൾ ചുമന്നുപോന്നാർ മഹാതേജസ്വികൾ.
കണ്ടുതയെന്ന്യെയന്നു മർത്ത്യരോടൊത്തങ്ങവർ
കണ്ടറിഞ്ഞിട്ടും ചേർന്നു നടന്നു വാനവന്മാർ,
വീണ്ടും ഭൂമിക്കുണ്ടായ ബുദ്ധാവതാരഭാഗ്യം
കണ്ടുടൻ സ്വർഗ്ഗം ഹർഷാംബുധിയിൽ മുങ്ങുകയാൽ.
എന്നാലതൊന്നും ഗ്രഹിച്ചീടാതെ ശുദ്ധോദന-
മന്നവൻ ദുർന്നിമിത്തശങ്കയാൽ മാഴ്കീടിനാൻ.
അന്നേരം ദൈവജ്ഞന്മാർ ചിന്തിച്ചോതിനാർ നൃപ-
നന്ദനൻ ഭൂവിലേററം പ്രഥിതനാകുമെന്നും;
എന്നല്ലായിരത്താണ്ടു ചെല്ലുമ്പോളൊരിക്കലീ-
മന്നിടം പാലിക്കുവാൻ വന്നവതരിച്ചീടും
ചക്രവർത്തികൾ തന്നിലേകനാണെന്നും; സാക്ഷാൽ
ഉൽക്കടങ്ങളാം സിദ്ധികൾ കാണുന്നെന്നും
ചൊല്ലെഴുംസപ്തസിദ്ധികളിൽ ചക്രരത്നമാണാദ്യം;-
മർഘാതീതമാം മഹാ"രത്നം" രണ്ടാമത്തേതാം;

Digitized By Kerala Sahitya Akademi

ഉൽക്കടാഹങ്കാരമാന്നഭ്രത്തിലൂടേയോട്ടം
ശീഘ്രഗാമിയാമശ്വരത്നമാം മൂന്നാമത്തു്;
മഞ്ഞുപോൽ ധവളമായ് മന്നവനേറിപ്പോവാൻ
സഞ്ജാതമാകും ഹസ്തിരത്നമാം നാലാമത്തു്;
കൃത്യകൌശലശാലി മന്ത്രീന്ദ്രനഞ്ചാമതാം;
പ്രത്യത്ഥിഭയങ്കരൻ സേനാനിയാറാമതാം;
പ്രത്യൂഷസിയെക്കാളു മതിമോഹനയായി
പ്രത്യംഗസൌന്ദര്യത്താലസമാനയായെന്നും,
ശുദ്ധശീലയായ് തന്റെ ധമ്മദാരത്വംപൂണ്ട
സുസ്ത്രീരത്നമാമേഴാമത്തേതുമറിഞ്ഞാലും.
അത്തരം ചിഹ്നങ്ങൾതന്നത്ഭുതാകാരനായ
പുത്രനിൽ കണ്ടു പാരം തെളിഞ്ഞു ശുദ്ധോദനൻ.
അത്യന്തം ജനാനന്ദകരമാം മഹോത്സവം
സത്വരം നഗരിയിൽ കൂട്ടുകെന്നാജ്ഞാപിച്ചാൻ.
ഝടിതി വഴിയൊക്കെയടിച്ചും പനിനീരാ-
ലുടനെ തെരുവുകൾ നനച്ചും പൌരരെല്ലാം
കൊടികൾ വിളക്കുകളെന്നിവ വൃക്ഷങ്ങടെ
നെടിയകൊമ്പുകളിൽ തൂക്കിയും തുടങ്ങിനാർ.
അറിഞ്ഞു കൌതൂഹലം പൂണ്ടു കാണികൾ വന്നു
നിറഞ്ഞു കാഴ്ച്ചകണ്ടു മിഴിച്ചുനിന്നാർ നീളെ.
വാൾപയററുകാർ, കായാഭ്യാസികൾ, കണ്കെട്ടുകാർ,
നല്പാമ്പാട്ടികളൂഞ്ഞാൽകളിക്കാർ, ഞാണേറുവോർ,

Digitized By Kerala Sahitya Akademi

ആലോലഹാസത്തിന്ന താളംപോലിളകുന്ന
കാലിണകളിൽ കിലുങ്ങീടും കിങ്കിണിപൂണ്ടും,
ചേലെഴും കച്ചപ്പുറം കെട്ടിയുമാടീടുന്ന
ലോലാംഗിമാരാം വാരനാരിമാരെന്നുവേണ്ടാ
കാലോളമംഗമെല്ലാം കരടിമാനിവററിൻ
തോലുടുത്തുടൻ വേഷം പകന്നു തുള്ളീടുവോർ,
വ്യാഘ്രത്തെ മരുക്കുവോർ, മല്ലന്മാരോരോപക്ഷി-
വർഗ്ഗത്തെക്കൊഞ്ഞിക്കുവോർ, കുഴലൂതുവോർ, പിന്നെ
ചട്ടററ മൃദംഗവാദകർ വൈണികന്മാരു-
മൊട്ടല്ല ഹർഷം ജനങ്ങൾക്കേകി നൃപാജ്ഞയാൽ.
കേട്ടറിഞ്ഞഥ കമാരോത്സവം ദൂരസ്ഥരാം
ശ്രേഷ്ഠികൾ വാണിജ്യസമ്പന്നന്മാർ വന്നുമോദാൽ
ശ്രേഷ്ഠമാം കാണിക്കകളോരോന്നു നല്ല തങ്ക-
ത്തട്ടങ്ങൾ തന്മേൽ വാരി നിറച്ചു കാഴ്ചവച്ചാർ.
കംബളം, സുഗന്ധദ്രവ്യങ്ങൾ, നൽപളുങ്കു, സ-
ന്ധ്യാംബരകാന്തികാളും രത്നഭേദങ്ങൾതാനും,
പന്ത്രണ്ടു ചേർന്നാൽപോലും മെയ്മറയ്ക്കാത്ത മൃദു-
തന്തുക്കൾ പൂണ്ട ലോലമാം മൂടുപടങ്ങളും,
നൻമുത്തു നിരത്തി വച്ചഴകിൽ തുന്നീട്ടുള്ള
രമ്യകഞ്ചുകങ്ങളും, ചന്ദനഖണ്ഡങ്ങളും,
അത്രയുമല്ല പാരിതോഷികം സാമന്തന്മാർ
പത്തനങ്ങളിൽനിന്നും വന്നതേ ബഹുതരം.

Digitized By Kerala Sahitya Akademi

ഋദ്ധികണ്ടേവം ജനം ബാലനു പേർ "സർവ്വാർത്ഥ-
സിദ്ധ"നെന്നേകി; സംക്ഷേപിച്ചു 'സിദ്ധാർത്ഥ'നെന്നും
വന്നുപോൽ വൈദേശികന്മാരിലന്നൊരാറാം വൃദ്ധൻ
ധന്യനാം തപോധനനസിത'നെന്നു പേരായ്;
മന്നിലെ വൃത്താന്തങ്ങൾ മറന്നും, ദ്യോവിലേക്കു
തന്നുടെ കണ്ണുങ്ങളെത്തുറന്നും മേവും യോഗി.
താനെന്നുമിരിക്കുന്നോരരയാൽവൃക്ഷത്തിൻകീഴ്
ധ്യാനനിഷ്ഠനായ് വാഴുമളവിൽ വെളിവായി.
വാനവർ ബുദ്ധാവതാരോത്സവത്തിങ്കൽ പാടും
ഗാനങ്ങൾ കേട്ടാനവനാകാശമാർഗ്ഗത്തിങ്കൽ
കെല്പാന്ന തപസ്സാലുമേറിയ വയസ്സാലു-
മത്ഭുതവിജ്ഞാനം പൂണ്ടെത്രയും വന്ദ്യനാകും,
അപ്പുമാനന്തികത്തിലണയുന്നതു കണ്ടു
ക്ഷിപ്രമങ്ങേറവന്ദിച്ചിരുത്തി ക്ഷിതീശ്വരൻ.
അപ്പൊഴേ ദേവിതാനും കുട്ടിയെയൻപോടെടു-
ത്തപ്പവിത്രാത്മാവിൻെറ പാദാന്തത്തിങ്കൽ വച്ചാൾ
തരസാ കുമാരനെക്കണ്ടു വൃദ്ധനാം മുനി
"അരുതേ, ദേവി, ഹന്ത! ചെയ്യരുതേവ"മെന്നാൻ.
പരമാവത്സപാദകമലം തൊട്ടു യോഗി
ധരയിൽ വീണു നമസ്കരിച്ചു സാഷ്ടാംഗമായ്,
അന്യവസ്തുവിൽ പതിക്കാത്ത തൻ ദൃഷ്ടി ബാല-
ധന്യപാദത്തിൽ ചേർത്തു പിന്നെയും ചൊന്നാനേവം

Digitized By Kerala Sahitya Akademi

"നിന്നെക്കണ്ടിട്ടുന്നു ഞാനോമനേ, നീയേ ബുദ്ധൻ;
നിന്നിൽ കാണുന്നു പാടലാഭമാം ജ്യോതിസ്സു ഞാൻ;
പദപങ്കജത്തിലീ രേഖകളെല്ലാവും, മീ
മൃദുവല്ലികപോലെ പിണയും സ്വസ്തികവും,
അതിപാവനം മുഖ്യചിഹ്നം മുപ്പതും രണ്ടു,
മതുമല്ലപചിഹ്നം കാണുന്നിതെൺപതുമേ
നീ തന്നെ ബുദ്ധൻ; ധർമ്മരഹസ്യം ലോകത്തിന്നു
നീ തന്നെയുപദേശിച്ചീടുവാൻ പോകുന്നതും;
ആ ധർമ്മമറിഞ്ഞനുഷ്ഠിപ്പവർക്കെല്ലാം ഗതി
നീ തന്നെ നൽകുന്നതു;മീയുള്ളോനതു കാണ്മാൻ
യോഗമുണ്ടാകാന്തുന; മണയുമന്തമത്ര
വേഗ; മീ ദേഹത്യാഗം കാങ്ക്ഷിച്ചു മുന്നമേ ഞാൻ.
ആകട്ടേ; യേതാകിലുമായതു; നിന്നെക്കാണ്മാൻ
ഹാ! കഴിഞ്ഞതുമതി"യെന്നോതിവീണ്ടും ചൊന്നാൻ:—
അറികരാജൻ, വർഷമസംഖ്യംപോയാലൊരു
കുറിയീമർത്ത്യലോകമാം മരം തന്മേലുണ്ടാം,
അരിയപൂമൊട്ടാണിയർഭകൻ; മേലിലിതു
തരസാ പരിണതകാന്തിയായ് വിടരുമ്പോൾ
കറയറേറലും ജ്ഞാനസൌരഭ്യംകൊണ്ടു ലോകം
നിറയും ദയാമകരന്ദബിന്ദുക്കൾ കൊണ്ടും.
സ്ഫുടമീ ബാലൻ രാജകുലമാം തടാകത്തിൽ
വിടരും ദിവ്യമായ താമരയെന്നും ചൊല്ലാം

൨

Digitized By Kerala Sahitya Akademi

ധന്യമായിന്നീകല;—മെന്നാൽ ധന്യത പാരി-
ലന്യൂനമാർക്കുമില്ല; യെന്നോതി, ദേവിയോടായ്
ഭവ്യകാത്മാവാം യോഗി പുനരോത്തരം ചെയ്താൻ:—
അവിതർക്കം ഹാ! രാജ്ഞി, ഭിന്നമായ് തീന്നിതിപ്പോൾ
ഭവതിയുടെ കുക്ഷി, കേവലം കുമാരൻെറ-
യവതാരത്താൽ ഖഡ്ഗപാതത്താലെന്നപോലെ
പ്രിയയായ് ത്തീന്നു ഭദ്രേ! ദേവക്കും മനുഷ്യക്കും
സ്വയമീ മഹാവതാരം കൊണ്ടു നീ, യെന്നാലും
അഥമേൽ ദുഃഖമനുഭവിയാതാകും വണ്ണ-
മതിപാവനയായും തീന്നിതിന്നാകയാലേ
വ്യഥകൂടാതെയേഴുനാൾക്കുള്ളിൽ നിനക്കെത്തും
വ്യഥതന്നന്തം;—ഹന്ത! സംസാരം ദുഃഖം ദേവി,
അതുപോൽ സംഭവിച്ചിതേഴാന്നാളപരാഹ്ന-
മതിൽ മന്ദസ്മിതം പൂണ്ടുറങ്ങി മായാദേവി;
അഥ പിന്നുണന്നില; തുഷ്ടയായ് ദേഹംവിട്ടു
പ്രഥിതം മുപ്പത്തിമൂന്നാം സ്വർഗ്ഗപദം ചേന്നാൾ
അവിടെ ദിവ്യമാതൃസ്ഥാനത്തിൽ ദേവഗണ-
മവളെയാരാധിച്ചു സേവിച്ചു നിൽപ്പതിന്നും.
പുനരർക്കൻ തന്നെപ്പോററുവാൻ ധാത്രിയായാ-
ളനവദ്യാംഗി, രാജ്ഞിയാം മഹാപ്രജാവതി;
ഘനകാരുണ്യാമൃതമൊഴുകും മൊഴികളാ-
ലനിശം വിശ്വം കുളുപ്പിക്കുന്ന സുഗതൻെറ

Digitized By Kerala Sahitya Akademi

അനഘാധാരങ്ങൾക്കു മഹിതപയസ്സേലും
സ്തനമേകിനാളവൾ സദയമെന്നേ വേണ്ടു.
വത്സരം കഴിഞ്ഞു പിന്നെട്ടു; കൃത്യജ്ഞൻ നൃപൻ
വത്സനെ രാജകുമാരോചിതമാകുംവണ്ണം
അദ്ധ്യയനം ചെയ്യിപ്പാൻ ചിന്തിച്ചാൻ മുമ്പറിഞ്ഞോ-
രത്യന്തവിലക്ഷണമാം ഭാവികഥയിലേ.
ബുദ്ധൻെറ ദിവ്യമാഹാത്മ്യങ്ങളും ദുഃഖങ്ങളും
ബുദ്ധിയിൽ നിനച്ചതിൽ വൈമുഖ്യമാകയാലേ.
അഥ തന്നമാത്യന്മാർ നിറഞ്ഞ സദസ്സിങ്കൽ
പൃഥിവീപതി ചിന്തിച്ചീവിധം ചോദ്യംചെയ്താൻ:-
അതിമാന്യരേ, രാജപുത്രന്മാരറിയേണ്ടും
വിതതകലാജാലമെല്ലാമെൻ കുമാരനു
വിധിപോലുപദേശിച്ചീടുവാൻ വിദഗ്ദ്ധനാം
പ്രഥിത പണ്ഡിതേന്ദ്രനാരെന്നു പറഞ്ഞാലും.
അതിനുത്തരമവരേവരുമൊന്നായ്ചൊന്നാർ
"ക്ഷിതിപമണേ! വിശ്വാമിത്രൻതാൻ ബുധശ്രേഷ്ഠൻ
ശ്രുതിപാരീണൻ, ശാസ്ത്രനിഷ്ണാതനു, കലകളി-
ലതുല;നെന്നല്ലതിവിദഗ്ദ്ധനെല്ലാററിലും"
പിന്നെ വിശ്വാമിത്രനെവരുത്തി നിയോഗിച്ചു
മന്നവൻ; കുമാരനും ശുഭമാം മുഹൂർത്തത്തിൽ,
സുന്ദരരത്നരാജി ചുററും മിന്നുന്ന രക്ത
ചന്ദനപ്പലകയും ചെറുകൈത്താരിലേന്തി,

Digitized By Kerala Sahitya Akademi

സ്ഫാടികമുദ്രപാംസുവിരിച്ചങ്ങതിൽ, മറേറ-
യേടലർകരംതന്നിലെഴുത്തുകോലുമായി
അമ്പോട്ട മുനീന്ദ്രന്റെ മുമ്പാകെ വന്നു മുഖം
കുമ്പിട്ടു നിന്നിടിനാ; നപ്പൊഴോതിനാൻ മുനി.
"എഴുതിയാലുമുണ്ണി, ഗായത്രീ—ദ്വിജാതികൾ-
ക്കൊഴികെ കേൾക്കാവല്ലാത്തുള്ളൊരാ വേദമന്ത്രം."
വഴിയെ പിന്നെ "ഓം തത്സവിതുർവ്വരേണ്യാ"ദി
മൊഴികളുപദേശിച്ചീടിനാൻ ക്രമത്താലേ.
"സാദരമെഴുതുന്നേൻ സദ്ഗുരോ"വെന്നുചൊല്ലി-
യേതും വൈകാതെ ബാലൻ പൊടിമേലെഴുതിനാൻ.
ഒരു ഭാഷയിലല്ല, രണ്ടിലല്ലഹോ! മന്ത്രം
തരസാ ബഹുലിപി ഭേദത്തിൽ പകർത്തിനാൻ.
"മംഗല", "പരുഷ" "യാവാ"ദി വർണ്ണങ്ങൾ തന്നിൽ
മംഗലശീലനെഴുതീടിനാ; നതുപോലെ
ചിത്രഭാഷയിൽ "ചിഹ്നഭാഷയിൽ, താനും ഗുഹാ
വർത്തികൾ സമുദ്രവാസികൾ പാതാളത്തുള്ള
സർപ്പോപാസക, രഗ്നി സൂര്യഭക്തന്മാർ, ഗിരി
വപ്രവാസികളിവർക്കുള്ള മുദ്രകളിലും;
എന്നല്ലയോരോ രാജ്യവാസികൾക്കുള്ള ഭാഷാ-
വൃന്ദത്തിലോരോന്നിലുമെഴുതീ കുമാരകൻ;
വായിച്ചാൻ പിന്നെ മന്ത്രം ഭാഷകളെല്ലാററിലു-
മായതുകണ്ടു മുനി "പോരുമിതുണ്ണീ"യെന്നാൻ

Digitized By Kerala Sahitya Akademi

"ഇനി നീ കണക്കുകൾ പഠിക്കൂ; ചൊൽവനെ, നെ-
യനുവർത്തിച്ചു ലക്ഷംവരെയോളുക"യെന്നായ്
സംഖ്യകളൊന്നു,രണ്ടു,മൂന്നു,നാലിത്യാദിയു-
മങ്കങ്ങൾ പത്തു,ന്നൂറൊ,ടായിരമിത്യാദിയും.
ചൊല്ലിനാൻ വിശ്വാമിത്രൻ; ബാലനുമതുപോലെ
നില്പാതെ ലക്ഷംവരെത്തുടർന്നു ചൊല്ലീടിനാൻ.
പിന്നെയും ചൊന്നാൻ മന്ദസ്വരമായ്മേല്പോട്ടുള്ളോ-
രന്യസംഖ്യാസ്ഥാനങ്ങൾ കുമുദത്തോളം ബാലൻ.
'ഗന്ധിക' 'മുല്ല'വും 'പുണ്ഡരീക'വുമവൻ
ഹന്ത! പിന്നതിന്മേലാം 'പത്മ'വുമെണ്ണീടിനാൻ.
അതിസൂക്ഷ്മമായ് 'ഹസ്തഗിരി'യെപ്പൊടിച്ചീടി-
ലതിന്റെ പാംസുവെത്ര, യത്രയാണത്രേ പത്മം.
അതിന്നപ്പുറം കാഷ്ഠയാകുന്നു—രാവിൽ ദ്യോവിൽ
വിതതമായ താരജാലത്തിൻ സംഖ്യയതാം.
കോടികാഷ്ഠയാകുന്നിതപ്പുറ—മാഴിക്കുള്ളിൽ
പാടേതങ്ങീടുന്ന നീർത്തുള്ളികളത്രയാം പോൽ.
വസ്തുലവസ്തുക്കൾതൻ സംഖ്യയിൽ പ്രസിദ്ധമായ്
വർത്തിക്കും സർവ്വനിക്ഷേപാഖ്യയു—ണ്ടതു പാർക്കിൽ
വിസ്തൃതയായ ഗംഗയ്ക്കൂടിയിൽ തരിമണ-
ലെത്രയുണ്ടെണ്ണീടുകി, ലത്രയാകുന്നു പോലും.
ഇതിനപ്പുറത്തുള്ള സംഖ്യയാണന്തഃകല്പ-
മിതുതാൻ പത്തുകോടി കൂടിയാലുണ്ടാമതും.

Digitized By Kerala Sahitya Akademi

അതിന്നുമേലുള്ള മങ്കമെണ്ണുന്ന നിപുണന്മാർ,
പ്രഥിതമസംഖ്യമെന്നു;—ത്രയാകുന്നു പോലും,
പതിനായിരത്താണ്ടു ഭൂമിയിൽ മുടങ്ങാതെ-
യതിഘോരമായ്പെയ്യും മാരിയിൽ നീർത്തുള്ളികൾ.
അപ്പുറം മഹാകല്പ—മതിനാൽ ദേവഗണം
തദ്ഭൂതഭാവി കാലഘട്ടങ്ങളെണ്ണീടുന്നു.
എന്നതുകേട്ടു മുനി "ഹാ! മഹാത്മാവേ, നൃപ-
നന്ദന, യിവ്വയൊക്കെ നീയറിഞ്ഞിരുന്നിതേ!.
നന്നായിതി;നി ദൈർഘ്യമാനാദി ഗണിതങ്ങ-
ളിന്നു ഞാൻ പറഞ്ഞറിയേണ്ടതില്ലല്ലോ"യെന്നാൻ.
വിനയംപൂണ്ടു വീണ്ടും ചൊന്നാൻ ബാലകൻ ഗുരോ
കനിവാർന്നു കേട്ടുകൊണ്ടാലും; കഥിക്കുന്നേൻ:—
പരമാണുക്കൾ പത്തുക്രൂടിയാൽ പരസൂക്ഷ്മം;
പരസൂക്ഷ്മങ്ങൾ പത്തുക്രൂടുമ്പോൾ ത്രസരേണു;
പരമേഴതു ചേർന്നാലുണ്ടാകും സ്ഫുടം സൂര്യ-
കിരണങ്ങളിൽ പരിവർത്തിക്കുമൊരു രേണു.
അരിയോരാരേണുക്കളേഴു പിന്നെയും ചേർന്നാൽ
ഗിരികമുഖരോമാഗ്രത്തിന്റെ പരിമാണം.
അതു പത്തുചേരുമ്പോൾ ലിഖ്യമാം; പത്തുലിഖ്യ-
മഥചേരുമ്പോൾ യൂകമാം; യൂകം പത്തുചേർന്നാൽ;
യവബീജത്തിൻകാമ്പാ;മേഴതുചേർന്നാൽ വണ്ടി-
ന്നവലഗ്നമാ;മഥ പിന്നെയും ചൊന്നാനേവം.

Digitized By Kerala Sahitya Akademi

മൂദ്വസഷ്പ മുദ്ഗ യവങ്ങൾ; യവംപത്താ-
മഥ പിന്നോരംഗുലം; പന്ത്രണ്ടംഗുലങ്ങളാം
വിതസ്തി;ഹസ്തഗജചാപങ്ങൾ പിന്നെ മേൽമേ-
ലതിനൊക്കെയും മേലാം പ്രാസമാം ദിർഘമാനം.
പ്രാസങ്ങളിരുപത്തു കൂട്ടുന്ന ദൂരമേക-
ശ്വാസമാനമാ;മൊരു ശ്വാസത്താൽ ഗമ്യമത്തും.
അതു നാല്പതുചേൎന്നാൽ ഗവ്യൂതി; ഗവ്യൂതി നാ-
ലഥ ചേരുന്നതാണു യോജന;യിനിഗ്ഗുരോ
ഒരുയോജനയുള്ളിൽ സൂൎയ്യരശ്മിയിൽകാണും
ചെറുധൂളികളെത്രയെന്നും ചൊല്ലുവനെന്നായ്.
വിരുതാൎന്നുടൻ യോജനാന്തരാളത്തിലെത്ര
പരമാണുക്കളെന്നും പറഞ്ഞാൻ സ്പഷ്ടം ബാലൻ.
അതുകേട്ടുടൻ വീണുവണങ്ങിക്കുമാരനെ
വിധുരഭാവമോടും ചൊല്ലിനാൻ വിശ്വാമിത്രൻ;
ഗുരുക്കന്മാൎക്കും ഗുരുവല്ലോ നിന്തിരുവടി;
ഗുരുവല്ലവിടേക്കു ഞാ;നെന്റെ ഗുരുവങ്ങാം.
പണിവൻ നിന്നെ മോഹനാകൃതേ, കുമാരാ, നീ-
യണഞ്ഞു നൂനമെന്റെ മുമ്പാകെ വിദ്യയെല്ലാം.
ഒന്നൊഴിയാതെ ഗ്രന്ഥമൊന്നും താൻ പഠിയാതെ
തന്നത്താൻ സൎവ്വമറിയുന്നെന്നതറിയിപ്പാൻ.
എന്നല്ലീ വിദ്യകളെയൊക്കവേപോലെയുള്ളിൽ
നന്നായ്നീ വിനയാഖ്യഗുണവുമറിയുന്നു.

Digitized By Kerala Sahitya Akademi

അത്യന്തമീവിനയം ഭഗവാൻ ബുദ്ധദേവൻ
നിത്യവും കാട്ടി ഗുരുക്കന്മാരിലെല്ലാരിലും,
വിദ്വാന്മാരവരൊക്കെയറിയുന്നതിൽ കവി-
ഞ്ഞെത്രയും തനിക്കു വിജ്ഞാനമുണ്ടെന്നാലും താൻ.
മൃദുഭാഷിയാണവൻ പണ്ഡിതനെന്നാകിലും
മൃദുശീലനാം രാജഗാംഭീര്യമേറുകിലും.
വിനയം ബഹുമാനം കൃപയുമാന്നാൻ ബാലൻ
ജനങ്ങളോടു ശൂരക്ഷത്രിയൻ താനെന്നാലും.
യുവരാജാക്കൾചേൎന്നു മോടിയിൽ നായാടുമ്പോ-
ളവനെക്കാൾ ധൈൎയ്യമാൎന്നോടിച്ചീലശ്വമാരും.
കളിച്ചു പോരാടുമ്പോൾ മുററത്തു യുവാക്കൾ തേർ
തെളിച്ചീടുന്നതിലുമവനെ വെന്നിലാരും
എന്നാലും ബാലൻ വേട്ടയാടുമ്പോളിടിക്കിടി
നിന്നുപോമോടിപ്പോകും മൃഗത്തെയെയ്യീടാതെ;
എന്നല്ല പാതിവെന്ന പന്തയം വിട്ടുനില്ക്കും
തന്നുടേയശ്വമോടിത്തളൎന്നു തേങ്ങിയെന്നാൽ;
എന്നുമല്ലിഷ്ടകുമാരന്മാരിലാൎക്കെങ്കിലും
ഖിന്നത തോൽവികൊണ്ടു കണ്ടാലും മത്സരത്തിൽ;
അല്ലെങ്കിൽ ചിന്താശീലനവനുള്ളത്തിൽ സ്വയം
വല്ലൊരൗത്സുക്യം തോന്നിയാലുമങ്ങനെ നില്ക്കും.
കാലങ്ങൾ പോകുന്തോറും പിന്നെയീയനുകമ്പാ-
ശീലവും കുമാരനു വൎദ്ധിച്ചിതുൾത്തടത്തിൽ,

Digitized By Kerala Sahitya Akademi

മാലകററുന്ന തണലേകുവാനാദ്യം രണ്ടു
ലോലപല്ലവം പൂണ്ടു വളരും വൃക്ഷംപോലെ.
ഉണ്ണിയാമവനെന്നാൽ ദുഃഖവും വേദനയും
കണ്ണീരുമെന്താണെന്നതറിഞ്ഞീലൊരിക്കലും.
മന്നവരൊരുനാളുമറിയപ്പോകാത്തതായ്
മന്നിലുള്ളേതിൻെറയോ നാമങ്ങളെന്നല്ലാതെ.
അക്കാലമൊരുദിനം നൃപൻെറയുദ്യാനത്തിൽ
പുഷ്കലമായ പുഷ്പകാലത്തിൽ പറന്നെത്തി
ചൊൽക്കൊള്ളും ഹിമാലയം നടുവിൽ തങ്ങൾക്കുള്ള
നൽകുലായങ്ങൾ നോക്കിപ്പോകുമൊരന്നക്കൂട്ടം
മഞ്ഞുമൂടീട്ടുമമ്മാമലതൻ തടത്തൂടേ-
യഞ്ജസാ പ്രണയരാഗങ്ങളും പാടിപ്പാടി
രഞ്ജിച്ചു തമ്മിൽ പ്രേമനീതരായ് വെളുത്തേറ-
മഞ്ജിമകാളുന്നൊരപ്പക്ഷികൾ പറക്കുമ്പോൾ
സത്വരം നോക്കി വില്ലു കുലച്ചു ശരമെയ്യാൻ
സിദ്ധാൎത്ഥപിതൃവ്യനന്ദനനാം ദേവദത്തൻ.
അംബുധിപോലെ നീലവൎണ്ണമായ് തടവറേറാ-
രംബരവീഥിതൻെറ നടുവേ ഭയമെന്യേ
അമ്പോടു തൂവലെല്ലാം പരത്തിപ്പറന്നാഞ്ഞു
മുമ്പേപോമന്നത്തിൻെറ ചിറകിന്നേററു ബാണം.
ചെമ്പട്ടുപോലെ ചാടും ചോരയാൽ വെള്ളത്തൂവൽ
സമ്പ്രതി വിവൎണ്ണമായ് തറച്ചു ക്രൂരമ്പോടും

Digitized By Kerala Sahitya Akademi

പാരിലപ്പക്ഷിവീണു; തൽക്ഷണം കണ്ടു മന-
താരലിഞ്ഞുടൻ ബുദ്ധനതിനെച്ചെന്നെടുത്തു
കാലിന്മേൽ കാൽവെച്ചിരുന്നങ്കത്തിലണച്ചുടൻ
ചാലവേ മന്ദം തലോടീടിനാൻ ഭയം തീരാന്‌;
ചിന്നിയ തൂവലുകൾ തടകിയൊതുക്കിനാ-
നന്യൂനമിളകുന്ന നെഞ്ചിടിയടക്കിനാൻ;
പിന്നെ നല്ലിളംവാഴത്താളുപോൽ തണുത്തുള്ള
തന്നുടെ സസ്നേഹമാം കോമളകരാഗ്രത്താൽ
അതിനെ ലാളിച്ചൊട്ടൊട്ടാശ്വാസം നല്കീട്ടുടൻ
സഭയമിടംകയ്യാൽ പക്ഷിയെത്താങ്ങി സ്വയം
അതിതീക്ഷ്ണമാം ശരം മുറിവിൽ നിന്നുമെല്ലേ
വ്യഥതോന്നാതെയൂരിയെടുത്തു വലം കയ്യാൽ,
അതിരോപണമായ മധുവും തണുത്തുള്ള
മൃദുപല്ലവങ്ങളും വെച്ചുകെട്ടിനാൻ ക്ഷതം.
എങ്കിലും വ്യഥയെന്തെന്നേതുമേയറിയാതെ
ശങ്കതേടീട്ടു ശരാഗ്രംകൊണ്ടു കൈത്തണ്ടിന്മേൽ
കൗതുകമാന്നു കുട്ടി കുത്തിനോക്കിനാ;നട-
നതു നൽകീടും രുജയറിഞ്ഞു പിന്നെയവൻ
ചെരിഞ്ഞ കണ്ണീരോടും ഹന്ത! പക്ഷിയെ വീണ്ടും
തിരിഞ്ഞുനോക്കിയാശ്വസിപ്പിച്ചാൻ പലവിധം;
അക്ഷണമൊരാളോടിവന്നുചൊല്ലിനാ"നൊരു
പക്ഷിയെയെയ്തുവീഴ്ത്തി മത്സ്വാമി നൃപാത്മജൻ,

Digitized By Kerala Sahitya Akademi

ഇപ്പനിനിർപ്പൂവാടികളിലായിങ്ങുതന്നെ,
യിപ്പോഴായതു വീണു; തിരുമേനിയോടുടൻ
കല്പനവാങ്ങിയെടുത്തതിനെക്കൊണ്ടുചെല്ലാൻ
മൽപ്രഭു കല്പിച്ചിതു; പക്ഷിയെ നൽകുകല്ലീ?"
"ഇല്ല ഞാൻ തരികയില്ലിതിനെ, പക്ഷിയിതു
ചെല്ലേണ്ടതാകാം, കൊന്നൊരാൾക്കുടൻ മരിച്ചെങ്കിൽ;
ജീവിച്ചു വാണീടുന്നിതിപ്പൊഴുമിമ്മരാളം
ധാവള്യമേറീടുന്നോരിതിന്റെ പക്ഷങ്ങളിൽ;
ദേവകൾക്കുള്ളപോലെ തങ്ങുമാകാശഗതി
കേവലം ധ്വംസിച്ചുവെന്നേയുള്ളു മത്സോദരൻ."
ഈവിധമകമലിഞ്ഞോതി സിദ്ധാർത്ഥ;നുടൻ
ദേവദത്തനും സ്വയമെത്തിയുത്തരം ചൊന്നാൻ:—
കാട്ടിലെജ്ജന്തു ജീവിച്ചീടിലും മരിക്കിലും
വേട്ടയിലാരുവീഴ്ത്തി,യപ്പോഴതവന്റേതാം;
ഒട്ടാരാൾക്കുള്ളതല്ലായിരുന്നിതാകാശത്തിൽ;
തിട്ടമെന്നമ്പേററിങ്ങു വീഴ്കയാലെന്റേതിപ്പോൾ;
ഹരിചിലെനിക്കിന്നു സിദ്ധിച്ചതെനിക്കുതാൻ
തരിക;—നീതിനിഷ്ഠനല്ലോ സോദര ഭവാൻ.
ഭഗവാനുടനരയന്നത്തിൻ കഴുത്തുതൻ
സുകുമാരമാം കവിൾത്തടത്തിൽ ചേർത്തുകൊണ്ടു
പറഞ്ഞാൻ സഗൌരവം "ചൊല്ലരുതിവണ്ണമി-
പ്പറവയെനിക്കുള്ളതാകുന്നു ധരിച്ചാലും,

Digitized By Kerala Sahitya Akademi

പരമാം കൃപകൊണ്ടും സ്നേഹപ്രാഭവംകൊണ്ടും
ധരയിലൊന്നേറരതാകുമസംഖ്യ സത്വങ്ങളിൽ
ഇതുതാനൊന്നാമത്തോരായതു;—മെനിക്കിന്നു-
മതിയിൽ ബോധമുളവാകുന്നു മർത്ത്യക്കു ഞാൻ
കരുണാശീലമുപദേശിക്കുമെന്നും, പാരിൽ
പരമഭയങ്കരഹിംസയെത്തടുത്തുടൻ
നരലോകത്തിനല്ല കേവലം നാവില്ലാത്ത
ചരജാതിക്കുംവേണ്ടി സ്ഥാപിക്കും ധമ്മമെന്നും.
നൃപനന്ദന! ഭവാനിനിയും തക്കമെങ്കിൽ,
സപദി ധരിപ്പിക്ക പണ്ഡിതന്മാരെക്കാര്യ്യം
അവർ കല്പിക്കുംപോലേ കേൾക്കനൊ"മെന്നാനുടൻ
നൃവരസഭതന്നിൽ നടന്നു വാദമത്തും.
ചിലരൊന്നോതി, മററു ചിലപേർ മറെറാന്നോതി;
പലരും പലതേവമുരയ്ക്കും മദ്ധ്യത്തിങ്കൽ
അവരിലാരുമറിഞ്ഞീടാത്ത ഭിക്ഷുവേക-
നവിടെയെഴുന്നേററു ചൊല്ലിനാനിപ്രകാരം:—
"ജീവിതമൊരു ഗണ്യവസ്തുവെന്നിരിക്കിലോ
ജീവിയുമതിനെ രക്ഷിച്ചവനുള്ളതത്രേ;
കൊല്ലുവാൻതുടന്നവനുള്ളതല്ല;വൻ ജീവ-
നല്ലലും നാശവുമുണ്ടാക്കുന്നു; ലാളിപ്പോനോ,
നല്ലപോലതിനെ രക്ഷിക്കയാണ;തുമൂലം
കില്ലകന്നിയന്നത്തെയവനു നൽകീടണം."

Digitized By Kerala Sahitya Akademi

വിധിയിതെല്ലാവക്കും സമ്മതമായി; നൃപ-
നതിമോദത്തോടുമമ്മുനിയെ സമ്മാനിപ്പാൻ
തേടുമ്പോൾ കണ്ടീലെ;—ന്നാലാവഴി പടംവിത്ര-
ത്തോടിപ്പോളൊരു നല്ല പാമ്പിനെയൊരാൾ കണ്ടു.
ദേവന്മാർ വേഷം പകന്നിട്ടുമാറുണ്ടുപോലു-
മീവിധം;—ബുദ്ധൻ പിന്നൊത്തനിക്കു സിദ്ധിച്ചതാ-
മന്നത്തെയതിൻ വഗ്ഗത്തോടു ചേരുവാൻ വിട്ടു
ധന്യനായ് ദയാകൃത്യമിങ്ങനെയാരംഭിച്ചാൻ.
എന്നാലാവ്രണം പൊറുത്താനന്ദമോടും പോയ
വന്യഹംസത്തിനുള്ള വേദനയൊന്നല്ലാതെ
അന്യദുഃഖങ്ങളറിഞ്ഞീടാത്ത മകനോടു
മന്നവൻ പിന്നൊരുനാളിവണ്ണമരുൾചെയ്താൻ:—
"വരികയുണ്ണീ, ചാരുവസന്തകാലത്തിന്റെ
പരമാനന്ദഭ്രുതി കാണ്കെടോ കുമാരാ നീ;
വിളഭൂമികളെല്ലാം കൃഷിക്കാക്കൊരുപോലെ-
യളവില്ലാതവണ്ണം സമ്പത്തു നൽകുന്നതും;
ഒരുനാളെന്മേലഗ്നി കാളുമ്പോൾ നിന്റേതാമി-
ദ്ധരണി സമൃദ്ധിയാൽ പ്രജയേപ്പോററുന്നതും;
നരനാഥനാമെന്റെ ഭണ്ഡാരം നിറപ്പതും
വരിക കാൺക; യെത്രരമ്യമീയൃതുവോത്താൽ,
പുതിയ പല്ലവങ്ങൾകൊണ്ടും, തോട്ടങ്ങൾതോറു-
മതിഭാസുരങ്ങളാം പുഷ്പങ്ങൾകൊണ്ടും, ഭുവിൽ

Digitized By Kerala Sahitya Akademi

വിതതമായ പച്ചപ്പുല്ലുകൾകൊണ്ടും നിലം
സതതമുഴന്ന കോലാഹലംകൊണ്ടുമിപ്പോൾ"
ഇങ്ങനെയരുൾചെയ്തു നൃപനും കുമാരനു-
മങ്ങങ്ങു കുളങ്ങൾ തോട്ടങ്ങളും നിറഞ്ഞെഴും
ഒരുദിക്കിലേക്കശ്വാരൂഢനായെഴുന്നള്ളി
നിരപ്പേ കൊഴുത്ത ചെമ്മണ്ണെഴുമബ്ഭൂമിയിൽ
തോളിന്മേലൂക്കാൽ ഞെരിഞ്ഞീടുന്ന നുകമേന്തി-
ക്കാളകൾ വലിച്ചിതു കരിയെ മേലും കീഴും;
മേളിച്ചു കലപ്പതൻ പിന്നാലെ നീണ്ടുനിര-
ന്നോളംപോൽ കൊഴുത്തമണ്ണിളകി മറിഞ്ഞിതു.
പൊന്തുന്ന കോൽമരത്തിന്മീതേ പാദങ്ങൾ രണ്ടും
സന്ധിപ്പിച്ചിതു ചാലുതാഴ്വാനുഴവുകാർ.
പനകൾ കവുങ്ങുകളിവതൻ നടുവൂടെ
മുനങ്ങി മെല്ലെമെല്ലെയൊഴുകീ കൈത്തോടുകൾ
ഭംഗിയിൽ തോട്ടിന്നിരുകരയ്ക്കും വാച്ചുനിന്നു
ഞെങ്ങണംപുല്ലു ചേലവക്കിലെക്കരകൾ പോൽ
എത്രയുമുത്സാഹംപൂണ്ടൊരുക്കും നിലംതോറും
വിത്തെറിഞ്ഞൊട്ടുജനം നിന്നു വേറൊരുദിക്കിൽ.
കാടുകളെല്ലാം കൂടുകെട്ടീടും പറവകൾ
പാട്ടുകമൂലം പൊട്ടിച്ചിരിക്കുംപോലെ തോന്നി;
അഴകാർന്നെഴും വസന്താരംഭംകണ്ടു മോദം
വഴിയും പല്ലി, തേനീച്ചകൾ, വണ്ടുകൾ, പിന്നെ

Digitized By Kerala Sahitya Akademi

ഈഴജന്തുക്കളെന്നി ച്ചെറുജീവികൾ ത്തൻ
മുഴവൻ കുററിക്കാട്ടം മുഖരമായിതെങ്ങും.

മാവിൻതോട്ടത്തിലൊന്നിൽ നിന്നുമറെറാന്നിൽ മോദം
താവുന്ന മഞ്ഞക്കിളി പറന്നു മിന്നൽപോലെ.

ചെമ്പുകൊട്ടിപോൽ പച്ചപ്പടപ്പ്ലാമൂല പററി
ചെമ്പോത്തു വാണു ശബ്ദംമുഴക്കി മടിയെന്യേ.

പറന്നിതിച്ചതിന്നും പക്ഷികൾ നീലച്ചോപ്പു
നിറംപൂണ്ടെഴും പൂമ്പാററകളെയോടിച്ചെങ്ങും

തറയിൽ വിരണ്ടോടിയണ്ണാക്കണ്ണന്മാർ; തീററി
ചിറകുവിതിത്താഞ്ഞു പെരുക്കി മൈനാക്കിളി.

കുരുവിക്കൂട്ടം ചിലച്ചിരുന്നു മുൾച്ചെടിമേൽ;
ക്കരുതിക്കുളത്തിന്മേൽ പറന്നു മീൻകൊത്തികൾ.

നടന്നു പൊത്തുകളോടാഞ്ഞാഞ്ഞു കുളക്കോഴി;
നടുവിണ്ണിന്മേൽ ചുററിത്തിരിഞ്ഞു പരുന്തുകൾ.

ചിത്രശില്പങ്ങളാന്ന കോവിലിൽ ചുററും ശോഭ-
മെത്തും പീലികൾ നീട്ടിപ്പറന്നു മയിലുകൾ.

നീലവണ്ണംതേടിയ മാടപ്രാവുകൾ തണ്ണീർ-
ച്ചോലകൾതോറും തങ്ങിയിരുന്നു മൂളി മന്ദം.

ഊരിലുള്ളൊരു വിവാഹോത്സവങ്ങളിലതി
ദൂരത്തു കേൾക്കുമാറായ് വാദ്യഘോഷങ്ങൾതാനും.

ഇങ്ങനെ കാണുന്നതും കേൾപ്പതും വിളിച്ചോതി-
യെങ്ങുമേ സമൃദ്ധിയും ക്ഷേമവുമെന്നതന്നെ.

Digitized By Kerala Sahitya Akademi

കണ്ടിതൊക്കെയും നൃപനന്ദനനകതാരിൽ
പൂണ്ടിതേ; പാരം മോദമുടനേയെന്നാകിലും
വീണ്ടും ഗാഢമായോത്തു വിശാലമാം പനിനീർപ്പൂ-
ന്തണ്ടിന്റെ താഴത്തുള്ള മുള്ളുകൾ പാത്താനവൻ;
കൂലിക്കുവേണ്ടി വിയപ്പ്ണിഞ്ഞു കൃഷിക്കാരൻ
വേലചെയ്തിടുന്നതും വയറുപോററാൻ നിത്യം
എരിയും വെയിലൂടെ വലിച്ചു കലപ്പയെ
വിരവിൽ പോകായ്കയാൽ, വിരിഞ്ഞകണ്ണേലുന്ന
മാട്ടിന്റെ മിനുത്ത പട്ടൊക്കും വ്ലാപ്പുറങ്ങളിൽ
ചാട്ടകൊണ്ടവൻ കനിവെന്നിയേ തല്ലുന്നതും;
പല്ലിചെന്നുറുമ്പിനെ ബ്ഭക്ഷിക്കുന്നതും; പാമ്പു
പല്ലിയെപ്പിടിച്ചു തിന്നുന്നതു;മവ രണ്ടും
പരുന്തിന്നിരയായിത്തീന്നീടുന്നതും; പിന്നെ-
ക്കരുത്തിൽ മീൻകൊത്തി കൊത്തീടിന മത്സ്യത്തെ പ്രാ-
പ്പിടിയൻ പാഞ്ഞുചെന്നിട്ടവന്റെ കൊക്കിൽനിന്നു
ഝടിതി റാഞ്ചിക്കൊണ്ടു പറന്നുപോകുന്നതും;
അരിയ ചിത്രശലഭങ്ങളെയെല്ലാം ചെറു
കുരുവിക്കൂട്ടങ്ങൾ കൊല്ലുന്നതു;മവററയെ
കരുണക്കൂടാതതുപോലെ താൻ കടന്നെത്തി,
ത്തരസാ പെരുമ്പുള്ളു വേട്ടയാടീടുന്നതും.
ഒന്നിനെയൊന്നു കൊന്നീടുന്നതു,മുടനെ മ-
റെറാന്നിനങ്ങതുമിരയാവതുമിതുപോലെ,

Digitized By Kerala Sahitya Akademi

മരണം ജീവിതത്തെപ്പോററീടും പ്രകാരങ്ങ-
ളൊരുപോലവൻ കണ്ടാനവിടെയെല്ലാടവും
പുഴക്കൾതൊട്ടു മനുഷ്യാന്തം ജന്തുക്കൾ തമ്മി-
ലൊഴിയാതേവം യുദ്ധനാടകമതിഘോരം,
ഗ്രദ്ധമായ് താൻകാണുമാ വസന്തകാലത്തിന്റെ
മോടിയാം തിരശ്ശീലയ്ക്കകത്തു നടിപ്പതും;
പാരാതെ പിന്നെയിവയ്ക്കൊക്കെ വൈരിയാം നരൻ
പോരാടിത്തന്റെ സമസ്സൃഷ്ടിയെക്കൊല്ലുന്നതും;
കൊററിനായുഴവതും കൃഷകൻ, ക്രൂരൻ നൊന്തു
മുററും തോളടി പൊട്ടിക്കലപ്പ വലിപ്പതും;
ജീവിതമാകും പോരിൽ ജന്തുക്കൾ ഞെരുങ്ങുവ-
തീവിധംകണ്ടു നെടുവീർപ്പിട്ടു നൃപാത്മജൻ
ചൊല്ലിനാ:—"നിത്യതാനോയിങ്ങു ഞാൻ കണ്ടിടേണ്ട
ചൊല്ലെഴും സുഖാവഹമായൊരുലോകം കഷ്ടം!
എത്രയേലുന്നു ഖേദമെളിയ കൃഷിക്കാരൻ;
എത്രകഷ്ടപ്പെടുന്നു പാവങ്ങളെരുതുകൾ;
നേർത്തുശക്തരും ശക്തിഹീനരും തമ്മിൽ ജീവ-
യാത്രയിൽ ചെയ്തീടുമിപ്പോരെത്ര ഭയങ്കരം!
ആകാശത്തിലുമെന്തൊരക്രമം നടക്കുന്നു!
പൂകുവാനുണ്ടോ വല്ല ശരണം വെള്ളത്തിലും?
പോകനാമിനിത്താതാ, ചെന്നൊരുദിക്കിലിരു-
ന്നാകെഞാൻ ചിന്തിക്കട്ടെയിക്കണ്ട വിശേഷങ്ങൾ."



Digitized By Kerala Sahitya Akademi

ഇങ്ങനെയരുൾചെയ്ത ഭഗവാൻ ശാക്യസിംഹ-
നങ്ങൊരു ഞാവലിന്റെ തണലിലണഞ്ഞുടൻ
ഭംഗിയിലിരുന്നു വീരാസനംബന്ധിച്ചുകൊ-
ണ്ടിങ്ങു നാം കാണാറുള്ള ബുദ്ധവിഗ്രഹംപോലെ.
ചിന്തിച്ചാനവൻ ഗാഢം പിന്നെയീ സംസാരമാം
സന്തതമഹാവ്യാധിയെങ്ങിനെയുള്ളതെന്നും,
എന്തൊരു നിദാനത്താലുളവായെന്നു, മിരി-
ന്നന്തമുണ്ടാക്കിടുവാനെന്തുള്ള മരുന്നെന്നും.
മനതാർ വിള്ളുമാറു കവിഞ്ഞിതവനപ്പോൾ
തനിയേ ജന്തുക്കളിൽ സ്നേഹവും കാരുണ്യവും
പുനരിങ്ങവയ്ക്കുള്ള ദുഃഖങ്ങൾ നീക്കിടാനൊ-
രന്വേഷോപായം കാണാഞ്ഞേറിയിളൽക്കണ്ഠയും;
ഇത്തരം ശുഭവിചാരങ്ങളാൽ ഞെരുങ്ങുന്ന
ഹൃത്തടം വിട്ടവന്റെ ചേതന പൊങ്ങിവേഗം
മർത്ത്യന്റെ മലിനമാമിന്ദ്രിയമാനസങ്ങൾ-
ക്കെത്തൊത്തൊരാനന്ദാനുഭൂതിയിൽ ചെന്നുനിന്നു
സർവ്വവന്ദ്യനാം ബുദ്ധനിങ്ങനെ ധ്യാനമെന്ന
നിർവ്വാണമാർഗ്ഗത്തിന്റെ യൊന്നാം കല്പടയേറി.
ഉടനങ്ങുവഴി പോകുമ്പോൾ വിണ്ണിൽ മാർഗ്ഗം
തടഞ്ഞു തങ്ങിനിന്നാരഞ്ചുപേർ ദേവർഷിമാർ,
സ്ഫുടമായേതു ദിവ്യതരശക്തിയാൽ തങ്ങ-
ളിടയിൽത്തടഞ്ഞു നിൽക്കുന്നതെന്നാശ്ചര്യത്താൽ.

Digitized By Kerala Sahitya Akademi

ദേവന്മാരോരുമല്ലോ ദിവ്യവൈഭവമേളും
പാവനാത്മാക്കൾ വാഴും പുണ്യദേശവും സ്വയം
അതിനാൽ താഴോട്ടവർ നോക്കുമ്പോൾ വൃക്ഷത്തിൻകീ-
ഴതിപാടലപരിവേഷത്താൽ ശോഭതേടി
ഗതി ലോകങ്ങൾക്കേകാൻ ദീക്ഷിച്ച നൽധ്യാനത്തിൽ
സ്ഥിതിചെയ്യുന്ന ബുദ്ധഭഗവാൻതന്നെക്കണ്ടാർ.
"അറിവിനിതുതന്നെ നിർവാണംനൽകും നാഥ-
നിറങ്ങിവന്നു വന്ദിച്ചീടുവിനൃഷിമാരേ!"
സ്ഫുടമിങ്ങനെയൊരുവാക്യവും ഞാവൽകാവി-
ന്നിടയിൽനിന്നുപുറപ്പെട്ടു തൽക്ഷണം സ്വയം
ഉടനേയദ്ദിവ്യതേജസ്വികൾ ചെന്നുകണ്ടു
വടിവിൽ കൈകൾകൂപ്പി വന്ദിച്ചു ഭഗവാനെ,
പുടതയൊടും ദിവ്യസ്തോത്രവും പാടിപ്പോയാർ
ഝടിതി ദേവന്മാർക്കീവൃത്താന്തമുണർത്തുവാൻ.
പിന്നെ മദ്ധ്യാഹ്നകാലംകഴിഞ്ഞു പടിഞ്ഞാറെ-
ക്കുന്നിന്മേൽചെന്നു സൂര്യനെത്തിയസ്തമിക്കുവാൻ;
എന്നിട്ടും കുമാരനെക്കാണാഞ്ഞു ബദ്ധപ്പെട്ടു
മന്നവനയച്ചൊരു പൂരുഷന്മാരഞ്ഞുടൻ,
അപ്പോഴും ധ്യാനത്തിൽനിന്നിളകാതങ്ങുതന്നെ-
യപ്പൈതലിരിപ്പതുകണ്ടാർ; നെന്നല്ല കാവിൽ
മററുവൃക്ഷങ്ങൾക്കെഴും ഛായകൾ മൂടവിട്ടു
മററും ദൂരത്തിൽ നീണ്ടുപോകിലും സായാഹ്നത്തിൽ

Digitized By Kerala Sahitya Akademi

ചാഞ്ഞെഴം സൂൎയ്യരശ്മിതാനമദ്ധ്യാന്യന്റെമേ-
ലാഞ്ഞുടൻ തിരുമെയ്യെ ബാധിച്ചിടാതവണ്ണം
നിഷ്ഠയിൽ ബാലനിരുന്നരുളം ദിക്കിൽനിന്ന-
ങ്ങൊട്ടും ഞാവലിൻ നിഴൽ നീങ്ങീടാത്തതും കണ്ടാൻ.
അതുമല്ലമ്മരത്തിനാഗ്രത്തിൽ നിറഞ്ഞെഴം
പുതുപ്പൂന്നിരകൾ തന്നിടയിൽ നിന്നുമപ്പോൾ
സ്ഥിതിചെയ്യുന്ന നൃപനന്ദനനുള്ളത്തിങ്കൽ
പതിഞ്ഞ ദുഃഖച്ഛായ പോവോളമിങ്ങുതന്നെ;
"അതുപൎയ്യന്തം ഞാനെൻ ഛായയുമവന്റെമേൽ
പതിപ്പിച്ചീട്ട"മെന്നീവാക്യവും കേട്ടു ചിത്രം.

ഒന്നാംകാണ്ഡം സമാപ്തം

Digitized By Kerala Sahitya Akademi

# ശ്രീ ബുദ്ധചരിതം

## രണ്ടാം കാണ്ഡം.

കാലങ്ങൾ പോയി, വയസ്സു പതിനെട്ടു
ചാലേതികഞ്ഞു ഭഗവാനനന്തരം

ചേലാൻപാരം സുഖാവഹമായ മൂ-
ന്നാലയം നിർമ്മിപ്പതിന്നു മഹീപതി

കല്പിച്ചിതങ്ങതിലൊന്നു ഹേമന്തത്തി-
ലുല്പന്നമാം ശീതബാധയേൽക്കാത്തതായ്

ശില്പത്തൊടും ശിലാദേവദാരുക്കളാൽ
കല്പിതമായുള്ള നല്ല കൊട്ടാരമാം.

മററൊന്നു—നേരേ മറിച്ചതിശീതമായ്
മുററുമേ വേനലിൽ ചൂടുബാധിക്കാതേ,

ഉള്ളിൽ ചുവന്ന സിരകൾ വിളങ്ങുന്ന
വെള്ളക്കളുർശിലയാൽ തീർത്ത ഹർമ്മ്യമാം.

ചട്ടററചെമ്പകം പൂക്കാൻ തുടങ്ങുമാ-
വൃഷ്ടികാലത്തിൽ വിത തുടങ്ങീടുമ്പോൾ

ഇഷ്ടമാസ്വാഴവാൻ നീലമാമോട്ടുമേ-
ഞ്ഞിഷ്ടികയാൽ തീർത്ത സൌധമാം മററതും.

Digitized By Kerala Sahitya Akademi

തുഷ്ടിയോടും നൃപൻ പേരുമിമ്മൂന്നിനു-
മിട്ടാൻ, ശുഭം, സുരമ്യം, രമ്യമെന്നാമേ.

ചന്തം കലൎന്ന മലരാൎന്നവയെല്ലാഴ-
മന്തികം ചുററും വിളങ്ങു 'പൂവാടികൾ,

നല്ലനീരോട്ടം സഹജമാം തോടുകൾ
മെല്ലെയൊഴുകിയവിടെയെല്ലാടവും.

ചിത്രമാകും കളിത്തട്ടുകളും നല്ല
പുൽത്തറയും പൂണ്ടിടയ്ക്കിടയെങ്ങുമേ

കസ്തൂരിതന്മണമാൎന്ന മാൻകൂട്ടങ്ങൾ
മെത്തും വനങ്ങൾ ശോഭിച്ചു ദൂരംവരെ.

സിദ്ധാൎത്ഥനോമൽകുമാരകനാ വന-
മദ്ധ്യത്തിലെന്നുമേ വാണു വിലാസിയായ്.

ഋതുഭേദങ്ങളങ്ങനെ പോക്കിനാനിച്ഛപോൽ
നാഴികതോറും നവവിനോദങ്ങളാൽ.

സൌഖ്യമായ്ത്തന്നെ കഴിഞ്ഞു ദിവസമ-
ശ്ലാഘ്യകമാകുന്ന നൂനം തിരുമെയ്യിൽ

ശ്ലാഘ്യമാമോജസ്സുകൂടിയ യൌവന-
മുഖ്യദശമുതുന്നേറിവരികയാൽ.

എങ്കിലും മുമ്പാൎന്ന ചിന്ത ചിലനേര-
മങ്കുരിച്ചിട്ടുടൻ മങ്ങുമേ തന്മനം,

ഓട്ടംമുകിലിൻനിഴൽവീണടിക്കടി
പാടേയിരുളും തടാകജലം പോലെ.

Digitized By Kerala Sahitya Akademi

മന്നവനായതു സൂക്ഷിച്ചു കണ്ടുടൻ
തന്നുടെ മന്ത്രിമാരോടരുളിച്ചെയ്താൻ:—
മാന്യമതികളേ! പണ്ടസിതാഖ്യനാം
ധന്യതപോധനനെന്നോടു ചൊന്നതും,
എന്നുടെ സ്വപ്നാർത്ഥവേദികൾ ചൊന്നതും
സന്നസന്ദേഹമറിഞ്ഞതല്ലോ നിങ്ങൾ.
എൻപ്രാണനേക്കാൾ പ്രിയമെനിക്കേറുമ്-
യെൻപൈതലെങ്ങും ബഹുമാന്യനാകണം;
പററലർതൻതലയൊക്കെ മെതിച്ചവ-
നൊററവെൺകൊററക്കുട ധരിച്ചീടണം;
മന്നവർമന്നനാകേണമെൻ നന്ദനൻ;
നന്ന കക്കാമ്പലുണ്ടച്ചൊന്നതൊക്കെയും.
അല്ലെങ്കിൽ, നിസ്സാരനായ് നിജസൌഖ്യവു-
മില്ലവും വിട്ടവൻ ഭിക്ഷുവായ്പോകണം;
വല്ലാത്ത കഷ്ടതപം ചെയ്യണ;—മതിൽ
വല്ല ഫലം വരുമെന്നാരറിയുന്നു?
നല്ല കാമ്യാർത്ഥങ്ങൾ കയ്യിലിരിപ്പവ-
യെല്ലാംകളഞ്ഞു പിന്നെന്തു ലഭിപ്പതും?
കേൾപ്പിനെന്നാലും കുമാരനതിൽത്തന്നെ
താല്പര്യമേറിവരുന്നെന്നു തോന്നുന്നു;
സൌഖ്യമേറുന്നെൻെറ സൌധങ്ങളുള്ളിൽ വൈ-
മുഖ്യമാനാണവൻ വാഴ്വതിന്നുമേ.

Digitized By Kerala Sahitya Akademi

എങ്ങനെയായാലവന്റെ മനംതിരി-
ഞ്ഞിങ്ങു നൃപയോഗ്യമായ വഴിക്കുതാൻ
തുംഗാഭിമാനം പ്രവേശിച്ചു രാജ്യവ്യ-
മിംഗിതം പോലെ ഭരിച്ചു ഭൂമിക്കെല്ലാം
രാജാധിരാജനായ് വാണവൻ നിത്യമ-
വ്യാജമാക്കീടുമദ്ദൈവജ്ഞഭാഷിതം;
എന്നോടതിന്നൊരുപായമോത്തോതുവിൻ
ധന്യരേ, പണ്ഡിതവൃദ്ധരല്ലോ നിങ്ങൾ.
എന്നതുകേട്ടങ്ങവരിൽ വയോധികൻ
ചൊന്നാൻ:—മഹീപതേ പുത്രനു ചിന്തയിൽ
തോന്നും ചെറിയൊരീ വൈരാഗ്യവൃത്തികൾ
തീൻപോം സ്ത്രീകളിൽ പ്രേമമുദിക്കുകിൽ.
എണ്ണമൊന്നില്ലാത്ത വത്സന്റെ ചിത്തമാ-
മുണ്ണിമത്സ്യത്തെ യൊരായാസമെന്നിയേ
പെണ്ണുങ്ങൾതൻമിരട്ടേലും കടമിഴി-
ക്കണ്ണികൾ വീശിപ്പിടിക്കാമറിക നീ.
ചന്തമേറും സ്ത്രീജനങ്ങൾ തൻ വൈഭവ-
മെന്തറിയുന്നിതിപ്പോഴും കിടാവിവൻ
സ്വർഗ്ഗവും കൂടി മറക്കുമാറാക്കീടു-
മക്കടാക്ഷത്തിൻ മഹിമയും ബാലകൻ
ആകയാൽ വേഗമതിസുകുമാരിക-
ളാകും കുമാരികമാരെ ദാരങ്ങളായ്,

Digitized By Kerala Sahitya Akademi

സുന്ദരിമാരാം പ്രിയ തോഴിമാരോടും
നന്ദനനേകുക നന്നുമഹീപതേ.

ച്ചുളച്ചങ്ങല കൊണ്ടൊരാൾ പൂട്ടാത്ത
മെച്ചമേറും മനമാം മദയാനയെ
പിച്ചയായ് പൂങ്കുഴൽ നാരുകൊണ്ടിങ്ങൊരു
കൊച്ചുകരിമുകിൽവേണിയാൾ കെട്ടുമേ
എല്ലാവരുമിതു നല്ലതെന്നോതിനാർ
ചൊല്ലിനാനിങ്ങനെ പിന്നെയും മന്നവൻ:—
വല്ലഭമാരെക്കുമാരന്നു വേണ്ടി നാം
വല്ലവരും തിരഞ്ഞാൽ പന്തിയാവുമോ?
നല്ലനുരാഗികൾ തങ്ങടെ കണ്ണുകൊ-
ണ്ടല്ലോ തിരവൂ പ്രണയിജനങ്ങളേ.
ഇന്നിളമാൻമിഴിമാരായ പൂക്കളെ
യൊന്നായ് നിരത്തി മലർവാടിയാക്കി നാം
"ചെന്നിഷ്ടമാം പുഷ്പമുണ്ണീയെടു"ക്കെന്നു
ചൊന്നാലുമേതും രസമറിയായ്കയാൽ
മന്ദം ചിരിച്ചവൻ കന്യാസുമങ്ങളി-
ലൊന്നിനെയും തൊടാതങ്ങൊഴിഞ്ഞെന്നുമാം
ശങ്കിച്ചു മന്നവൻ ചൊന്നതു കേട്ടു നി-
ശ്ശങ്കമായ് മറെറാരു മന്ത്രി ചൊല്ലീടിനാൻ:—
വൻകണയേൽപ്പോളമേ മഹാ സിംഹവും,
തൻകാട്ടിലോടി നടക്കൂ നരപതേ.

Digitized By Kerala Sahitya Akademi

മററുനല്ലോർ തൻ മനംപോലവേതന്നെ
പററും കുമാരൻെറയുള്ളമൊരുത്തിയിൽ;
ഉറേറാരവൾക്കുള്ളൊരോമനയാം മുഖം
മുററുമവന്നുടൻ സ്വർഗ്ഗമായ് തോന്നുമേ,
ചാലേയതുമല്ല കാണുമവൻ നിജ-
ലോലയാം പൂമേനിയാളുടെ മേനിയിൽ
ചേലിയലും കിഴക്കേട്ടിക്കതിൽ പുലർ-
കാലത്തെഴുംഭംഗിയെക്കാളഴകുമേ.
ആകയാലിങ്ങനെ ചെയ്യുക ഭൂപതേ!
വൈകാതെയങ്ങിങ്ങൊരുത്സവം ഘോഷിക്ക;
നാട്ടിലെക്കന്യകമാരെയെല്ലാമതിൽ
ക്കൂട്ടുക; പന്തയം വച്ചു നൃപാത്മജൻ
ശ്ലാഘ്യമാം പ്രായ മഴകു ഗുണം നല്ല
ശാക്യവർഗ്ഗത്തിൻ വിനോദങ്ങളെന്നിതിൽ
ആക്കമെച്ചം കാണുമാറെന്നു പരീക്ഷിച്ചു
തൃക്കൈകളാൽ കൊടുക്കട്ടെ സമ്മാനവും.
പന്തയ രംഗത്തിൽ മത്സരിച്ചിട്ടമ-
ച്ചന്തമേറും ചെറുപെൺകൊടിമാരവർ
തന്തിരുമേനിയേഴഴന്നെള്ളി വാഴ്ത്തി-
ന്നന്തിക്കത്തൂടെ കടന്നു പോയിടുമ്പോൾ
സ്വന്തമനോജ്ഞഭാവം കൊണ്ടവന്നെഴും
സ്വാന്തമിളക്കിയവരിലാരെങ്കിലും

Digitized By Kerala Sahitya Akademi

ചിന്തയാൽ വാട്ടമറ്റുള്ളൊരു മുഖാബ്ജത്തി-
ലെന്തെങ്കിലും ഭാവഭേദമുണ്ടാക്കുകിൽ

പന്തിയായിങ്ങതു സൂക്ഷിച്ചുകണ്ടുപോ-
ന്നന്തരം കൂടാതുണത്തിടട്ടേ ചിലർ.

അങ്ങനെയായാൽ പ്രണയമവക്കവർ
തങ്ങളിൽ കണ്ടുളവായെന്നതും വരും;

ഇങ്ങനെ വഞ്ചിച്ചു തൻതിരുമേനിയെ-
സ്സംഗമിപ്പിക്കാം വിഷയസുഖത്തിലും

അങ്ങതു ബോധിച്ചിതെല്ലാക്കുമാകയാ-
ലങ്ങനെതന്നൊരു രീതിയത്രി കല്പിച്ചു;

കേളിയേറും കന്യകാജനമൊക്കെയ-
ന്നാളിൽ നരേന്ദ്രൻെറ നാലുകെട്ടിന്നുള്ളിൽ

മേളിക്കുവാൻ കല്പനയെന്നു ഘോഷകർ
നീളെ നടന്നു വിളിച്ചറിയിച്ചിതു;

ലീലാത്ഥമായൊരു മേളനമുണ്ടതിൽ
ബാലികമാക്കു കയ്യാൽ കൊച്ചുരമ്പുരാൻ

നല്ല സമ്മാനങ്ങൾ നൽകു; മതിലേറെ
നല്ലവൾക്കേതുയും നല്ലതു നൽകീടും;

എന്നുമറിവിച്ചു; കൊട്ടാരവാതുക്കൽ
വന്നുനിറഞ്ഞിതിളമാൻമിഴിമാരും.

കാർമുകിൽക്കുന്തൽ ചീകിക്കെട്ടിയും, നല്ല
വാർമിഴിയിൽ പുത്തനായ്മയ്യെഴുതിയും,

Digitized By Kerala Sahitya Akademi

ബന്ധുരഗാത്രിമാർ വന്നു നീരാടിയും,
ഗന്ധമണിഞ്ഞു പൂമാലകൾ ചൂടിയും.
ചിത്രതരങ്ങളാം പൂഞ്ചേലകൾ നല്ലൊ-
രുത്തരീയങ്ങളും ചാർത്തിയും കന്യമാർ;
മൈലാഞ്ചിയിൽ ചുവപ്പിച്ചും കരമലർ,
കോലരക്കിൻ ചാറണിഞ്ഞുമടികളിൽ,
ബാലേന്ദുവൊക്കുന്ന ഫാലദേശത്തതി-
ലോലമാംപൊട്ടുകൾ പൂണ്ടും വിളങ്ങിനാർ.
ശ്ലാഘ്യമാമ്മാറുടനിങ്ങനെ കൂടിയ-
ശ്ശാക്യനഗരിയിലെക്കൊച്ചുപെണ്ണുങ്ങൾ,
ചേണാന്റൊരാസ്യം കുനിച്ചും, മിഴികളാൽ
ക്ഷോണിയെ നോക്കിയുമക്കുമാരാന്തികം
നാണം കുണുങ്ങി നടന്നടുക്കുന്നതു
കാണേണ്ടകാഴ്ചതാനില്ലൊരുസംശയം.
അഞ്ചിത്തിരുമുമ്പണഞ്ഞ നേരത്തേറെ
നെഞ്ചിടിയാൻ തേങ്ങിടിനാർ കന്യമാർ,
രാജപ്രഭാവത്തിലും വലുതായൊര-
വ്യാജമാഹാത്മ്യം കുമാരനിൽ കാൺകയാൽ.
എന്നാലകതാരിലങ്ങു വികാരങ്ങ-
ളൊന്നുമില്ലാതെയും, ശാന്തനായും സ്വയം
മന്നവനന്ദനൻ വാണാൻ കുമാരിമാർ
മുന്നിലണവതു താൻ ഗണിയാതെയും.

Digitized By Kerala Sahitya Akademi

പിന്നെയവരിലോരോരോ കൃശാംഗിയും
തന്നുടെ തന്നുടെ സമ്മാനമേകവേ
വെമ്പിക്കുമാരനെ നോക്കാതെയാനനം
കുമ്പിട്ടുനിന്നു കൈനീട്ടി വാങ്ങീടിനാൾ.
മന്നവന്മാർ കൊതിക്കത്തക്ക സൌന്ദര്യ-
മന്യാദൃശം കണ്ടൊരുത്തിയിൽ കാണികൾ,
നന്നായവളെയഭിനന്ദനം ചെയ്കിൽ,
വന്നാത്തരുണിയും രാജകുമാരൻെറ
യമ്പാർന്ന തൃക്കൈതൊടാൻ പേടിയായ്, ഭയ-
ക്കമ്പമിയന്നൊരു മാൻപേട പോലവേ,
മുമ്പിൽ ഭ്രമിച്ചൊന്നുനില്ക്കുമെന്നിട്ടു പോയ്
മുമ്പേഗമിച്ചവരോടുതാൻ കൂട്ടമേ;
അത്രദിവ്യതപവു, മത്രഗാംഭീര്യവു-
മത്രതന്നൊത്താത്മമാത്മമാഹാത്മ്യവും
അത്തയ്യലാൾക്കു തന്നിൽ തോന്നിടുംപടി
ശുദ്ധോദനസുതൻ ശാന്തൻ വിളങ്ങിനാൻ.
ആരോമൽമേനിമാ, രപ്പുരമാകുന്നൊ-
രാരാമഭൂവിൽ വിലസുന്ന പുഷ്പങ്ങൾ,
ഓരോരു പെൺകൊടിമാരടുത്തിങ്ങനെ
ചേരുമാറായ് ചെന്നു കൂട്ടമായ്, കൂട്ടമായ്
മേന്മേലതുപോലെ വന്നണഞ്ഞീടിനോ-
രമ്മോഹനാംഗിമാർ തൻകൂട്ടമൊക്കവെ

Digitized By Kerala Sahitya Akademi

ഇമ്മാതിരിയവസാനിച്ചു;തീന്നിതു
സമ്മാനമാന വിലപെറും ദ്രവ്യവും.
അപ്പൊഴുതാരാൽ നടന്നണഞ്ഞിടിനാ-
ളൂല്പലലോചന ബാലയശോധര;
അപ്പൂവൽമേനിയെക്കണ്ടുഭഗവാനു
കെല്പുവിട്ടൊന്നു നടുങ്ങി തിരുവുടൽ.
അന്തികവാസികൾ കണ്ടാരതു;മഹോ!
എന്തൊരുദിവ്യ വനിതാകൃതിയിവൾ!
ചാവംഗിതൻ നടപ്പിൻ പ്രൌഢിയാൽ സ്വയം
പാവ്തിതാനവളെന്നു തോന്നീടുമേ;
ക്രീഡയിൽ കാമിച്ചിണയെ നോക്കുന്ന മാൻ-
പേടയ്ക്കുവൾക്കും മിഴിയഴകൊന്നു താൻ.
ഓമലാൾ തൻ മുഖത്തിൻമോഹനാഭയെ
ഹാ! മൊഴികൊണ്ടു വാഴ്ത്താവല്ലൊരുവനും.
നെഞ്ചത്തഴകിൽ പിണച്ചു കൈകെട്ടിയും,
ചഞ്ചൊത്ത കണ്ണുനാളം കുനിക്കാതെയും
മഞ്ജുമണഞ്ഞവൾ മാത്രം കുമാരൻെറ
യഞ്ചിതമാം മുഖമഞ്ചാതെ നോക്കിനാൾ.
"കൊഞ്ചിയെനിക്കു സമ്മാനമില്ലേ?"യെന്നു
തഞ്ചമായ് ചോദിച്ചു പുഞ്ചിരി തൂകിനാൾ
"എല്ലാമൊടുങ്ങി സമ്മാനമെന്നാകിലും
വല്ലായ്മവേണ്ട നിനക്കതിലോമലേ,

Digitized By Kerala Sahitya Akademi

നല്ലോരു നമ്മുടെയിന്നഗരത്തിലെ
നല്ലാർയശസ്സിൻെറ നാമ്പേ, ഭവതിക്കു
ഞാൻതരാം വേറൊരുപായന"മെന്നുടൻ
സ്വാന്തമോദത്തോടരുളി നൃപാത്മജൻ
സ്വന്തകണ്ഠത്തിൽ കനകനാമ്പിൻകാന്തി
ചിന്തി വിളങ്ങും മരതകമാലയെ
താന്തന്നെയൂരിയെടുത്തു, തൃക്കൈകളാൽ
കാന്തികാളും മണിയൊക്കെ യോജിപ്പിച്ചു
കെട്ടിക്കൊടുത്താൻ കുമാരൻ കനിവൊട-
പ്പട്ടൊത്ത മേനിയാൾതന്നരക്കച്ചമേൽ;
നോട്ടങ്ങൾ തമ്മിലിടഞ്ഞിതവർക്കുടൻ
പെട്ടെന്നതിൽ നിന്നുദിച്ചു പ്രണയവും.
ഏറെവഷങ്ങൾ കഴിഞ്ഞുപിന്നെ, ജ്ഞാന-
മേറിബ്ഭഗവാനഖിലജ്ഞനായനാൾ,
കൂറിയലും ചിലർ ചോദിച്ചി,തച്ചെറു-
കാറണിവേണി കടക്കണ്ണെയയ്ക്കവേ
തന്തിരുവുള്ളത്തിലെന്തനുരാഗമാം
വന്തീ ഝടിതി പിടിച്ചതെന്നിങ്ങനെ,
ചിന്തിച്ചു ചൊന്നാൻ ഭഗവാനുമുത്തരം:—
ചിന്തയിലന്നു സദസ്യരും, ഞങ്ങളും
മോഹമാന്നോത്തപോലന്യോന്യമോരാത്ത-
ദേഹികളല്ലായിരുന്നു സ്വയം ഞങ്ങൾ.

Digitized By Kerala Sahitya Akademi

എങ്ങനെയെന്നതും കേൾപ്പിനെന്നായുടൻ
മംഗലാത്മാവരുൾചെയ്തു പുരാവൃത്തം:—
പണ്ടുപണ്ടേറയുഗങ്ങൾക്കു മുമ്പു, പേർ-
കൊണ്ട കാളിന്ദിതന്നുത്ഭവ ഭൂമിയിൽ,
ഉന്നതമായുള്ള നന്ദദേവാഖ്യമാം
കുന്നിൻെറ താഴ്വര തന്നിലടവിയിൽ,
പ്രായമൊക്കും പെൺകിടാങ്ങളുമൊത്തൊരു
നായാടിതന്മകൻ കേളിയാടീടിനാൻ.
അന്തിക്കു വട്ടംചുഴന്ന മുയലുകൾ
ചന്തത്തിൽ മണ്ടിക്കളിക്കുന്നതുപോലെ.
ഉത്സാഹമുൾക്കൊണ്ടു ദേവദാരുക്കൾ തൻ
നത്സാന്ദ്രമാം നിഴലാൎന്ന നിലങ്ങളിൽ,
തത്സമീപത്തിൽ മെച്ചം നേടുവാൻ തമ്മിൽ
മത്സരിച്ചോടിനാർ കൊച്ചു വേടത്തികൾ
ഓട്ടത്തിനന്നു സമ്മാനമായേകയെ-
ക്കാട്ടുമലർ കൊയ്തലങ്കരിച്ചാനവൻ;
പൊട്ടിച്ചെടുത്ത മയിൽപ്പീലിയും, നല്ല-
ചട്ടററ കാട്ടുപൂങ്കോഴിതൻ തൂവലും
ചേൎത്തഴകോടും ചെറുപുരിക്കുന്തലിൽ
ചാൎത്തിയവൻ രസിപ്പിച്ചിതൊരുത്തിയെ.
വേറൊരു കൊച്ചു ചെറുമിക്കു വൃക്ഷത്തി-
ലേറിപ്പഴങ്ങൾ പറിച്ചേകി വത്സലൻ.

Digitized By Kerala Sahitya Akademi

എല്ലാററിനുമൊട്ടുവിൽപ്പോന്നൊരു ചെറു-
മല്ലമിഴിക്കവൻ മുഖ്യത കല്പിച്ചു
ചെല്പമായ് താൻ വളൎത്തും മാൻകിടാവെയെ-
ന്നല്പവൾക്കായ് തൻഹൃദയവുമേകിനാൻ.
ഇങ്ങനെവേട്ടു പിന്നേറിയ കാലമ-
ബ്ഭംഗിയെഴുംകാട്ടിലൊന്നിച്ചു വാണവർ,
മംഗലമായ് നാൾകഴിച്ചു,വിടെത്തന്നെ
തങ്ങളിൽ വേർപിരിയാതെ മരിച്ചിതു.
കേൾക്കുവിൻ, മണ്ണിൽ മറഞ്ഞേറെനാൾ മഴ-
യേൽക്കാതെ കാഞ്ഞുകിടക്കിലും വിത്തുകൾ,
ആക്കമോടും പിന്നൊരിക്കൽ മുളച്ചുടൻ
വായ്ക്കും ചെടിയായ്, സ്വഭാവത്തിനൊത്തതിൽ
പൂക്കും ശുഭാശുഭഗന്ധമെഴും പൂക്കൾ;
കായ്ക്കും മധുരവും കയ്പുമേലും ഫലം.
ആയതുപോലെയവനവൻ നല്പതും
തീയതുമായ് പലനാളുമോരോവിധം.
പോയോരു ജന്മങ്ങളിൽ ചെയ്തകൎമ്മങ്ങൾ
മായാതെ രാഗവും ദ്വേഷവുമായ്ത്തീൎന്നാ-
തക്കകാലത്തു താന്താങ്ങൾക്കരുളുന്നു
സൌഖ്യവും ദുഃഖവും ജന്മാന്തരങ്ങളിൽ.
നില്ക്കാതിവണ്ണം തിരിയും ജനിമൃതി-
ചക്രത്തിൽ വീണു ചുഴലുന്നു ദേഹികൾ;



Digitized By Kerala Sahitya Akademi

ആത്മമേ തങ്ങടെ കമ്മഫലങ്ങളെ
നേക്കാതൊഴിച്ചുവിടാവതല്ലായ്കയാൽ.

ഞാനായിരുന്നു ചെറുമനന്നച്ചെറു-
മീനമിഴിയായിരുന്നു യശോധര;

ന്യൂനമതുകൊണ്ടു ഞങ്ങൾക്കു തങ്ങളിൽ
മാനസബന്ധമുണ്ടായതുമങ്ങനെ.

പിന്നെ നൃപാത്മജൻ സമ്മാനമേകിയ-
തുന്നിനോക്കിക്കൊണ്ടിരുന്ന ജനംചെന്നു.

ധന്യഭാവത്തോടും ചിന്താകുലനായ
മന്നവനോടുണർത്തിച്ചിതവസ്ഥകൾ:—

തൽപുത്രസന്നിധിതന്നിൽ മഹാനായ
സുപ്രബുദ്ധൻെറ മകളാം യശോധര

കെല്പോടണയുംവരെക്കുമാരൻതൻെറ
യുൾപ്പൂവലയാതെതാൻ വാണിരുന്നതും,

പെട്ടെന്നുകണ്ടവളെത്തൻമുഖത്തിൻെറ
മട്ടിന്നു തെല്ലൊരു മാററമുണ്ടായതും,

കുട്ടിമാൻകണ്ണി കടക്കണ്ണയച്ചതും,
സ്പഷ്ടമവളെ യവൻ കടാക്ഷിച്ചതും,

നല്ല മരതകമാല കൊടുത്തതും,
മെല്ലവേ പുഞ്ചിരിക്കൊഞ്ചൽകലന്നതും,

എല്ലാം ശ്രവിച്ചു നൃപൻ പുത്രവത്സലൻ
തെല്ലു ചെറുചിരിതൂവിയരുൾചെയ്താൻ.

Digitized By Kerala Sahitya Akademi

"കിട്ടിയല്ലൊ! നമുക്കിന്നൊരിര വിണ്ണിൽ
മുട്ടിപ്പറക്കുമപ്പക്ഷിയെ വീഴ്ത്തുവാൻ;
വിട്ടിടാതായതിനിയോക്ക യോഗ്യമാം
മട്ടിൽഘടനയ്ക്കുപായം ചതുരരേ;
ദൂതജനത്തെയയച്ചെൻ കുമാരനാ-
യേത്തുമേ വൈകാതെയക്കന്യയാളുടെ
താതനാം സുപ്രബുദ്ധൻ തന്നൊടായ് ചെറു
ശാതോദരിയെ വേളിക്കു ചോദിക്ക നാം."

എന്നാലൊരു കന്യയേററംകുലീനയും
സുന്ദരിയും സവ്കാമ്യയുമാകിലോ
വന്നാ വധുവെ വരിക്കും യുവാവു മുൻ
വെന്നിടണം യുദ്ധവിദ്യയിലന്യരെ.
അക്കാരണത്താൽ തരുണക്കു തങ്ങളിൽ
വക്കാണമുണ്ടാം സ്വയംവരവേളയിൽ;
ശാക്യജാതിക്കിതു ചട്ട; മിതിനൊരു
നീക്കുപോക്കില്ല നൃപതികൾക്കാകിലും
ആകയാലെത്തിയ ദൂതരോടിങ്ങനെ
യാകുലനായ് സുപ്രബുദ്ധനരുൾചെയ്തു:—
കന്യതൻ കൈത്താർ പലദിക്കിലുമുള്ള
ധന്യരാം രാജപുത്രന്മാർ കൊതിക്കുന്നു;
ഇന്നവരെക്കാൾ തിറമൊട്ടു തന്തിരു-
നന്ദനൻ ശാന്തശീലൻ വിൽ കുലയ്ക്കയും,

Digitized By Kerala Sahitya Akademi

നന്നായി വാൾ വീശുകയും മറങ്ങാതെ
നിന്നിട്ടമശ്വത്തെ യേറിയോടിക്കയും

എന്നുവേണ്ടായെതിർപ്പോരെയേതുംചെയ്തു
വെന്നുവരികിൽ നമുക്കവൻ ശ്ലാഘ്യനാം.

എന്നാൽ മുനിപോലെ ശാന്തനാമീ നൃപ-
നന്ദനനാലതു സാദ്ധ്യമാകുന്നതോ ?

എന്നതു ചിന്തിക്കണം,മിതുപോയ് നിങ്ങൾ
മന്നവനോടുണർത്തിടുവിൻ മാന്യരേ,

ദൂതരുമിങ്ങനെ ചെന്നറിയിച്ചിതു;
ചേതസ്സിലാധികലർന്നു നൃപേന്ദ്രനും.

"കഷ്ടമെന്നുണ്ണി യശോധരയെ സ്വയം
തുഷ്ടനായ് കാമിച്ചതൊക്കെ വിഫലമായ്.

വില്ലാളികളിൽ മുമ്പൻ ദേവദത്തനും,
കല്യൻ കുതിരയോടിക്കാൻ വിരുതൻ

ചൊല്ലേറുമർജ്ജുനനും, വാൾപ്പയററിങ്ക-
ലെല്ലാക്കുമാദ്യനാം നന്ദനുമുള്ളനാൾ,

എന്മകനെങ്ങനെ യീ വീരവിദ്യയിൽ
മേന്മനേടിപ്പെൺക്കൊടിയെ ലഭിപ്പതും ? "

ഇങ്ങനെ ഖേദിച്ച താതനോടായ് പുത്ര-
നിംഗിതജ്ഞൻ പുഞ്ചിരിപൂണ്ടു ചൊല്ലിനാൻ:—

അച്ഛൻ വിഷാദിച്ചിടേണ്ട; യീ വിദ്യയും
മെച്ചമോടും ഞാൻ പഠിച്ചതാണൊക്കെയും;

Digitized By Kerala Sahitya Akademi

ഇച്ഛപോലിന്നിതിലേതിലുമേവനും
കച്ചകെട്ടീടട്ടെ യെന്നോടെതിക്കുവാൻ;
നിശ്ചയം, ഞാനതിൽ പിൻവാങ്ങി, യാശിച്ചൊ-
രച്ചപലാക്ഷിയെക്കൈവിട്ടകില്ലതാൻ.
ഇച്ചൊന്നപോൽതന്നെ താതൻ വിളംബരം
സ്വച്ഛന്ദമായിന്നു ചെയ്യുകയേവേണ്ടു.
ഇത്തരം പുത്രൻെറ വാക്കുകേട്ടൽസുകൻ
ശുദ്ധോദനനൃപൻ ഘോഷണംചെയ്തിതു.
"ഇത്തീയതിതൊട്ടൊരേഴാം ദിനമുണ്ണി,
സിദ്ധാത്ഥനെൻെറകുമാരൻ, കളരിയിൽ
ളദ്ധതന്മാരാമെതിരാളികളൊടായ്
പ്രത്യേകമാ വീരവിദ്യയിലേതിലും
ബദ്ധസംരംഭമെതിക്കും; വിജയിക്കു
സിദ്ധയാം കയ്യിൽ യശോധര"യെന്നുമേ.
പിന്നതുപൊലെയേഴാംദിവസം ശാക്യ-
മന്നവന്മാർ പൗരജാനപദന്മാരും
ഒന്നൊഴിയാതെയപ്പന്തയം കാണുവാൻ
ചെന്നുനിറഞ്ഞിതു മൈതാനഭൂമിയിൽ.
പൊന്നുകെട്ടിടിന കൊമ്പും പലവിധം
മിന്നുന്ന പൂവിരിപ്പുംപൂണ്ട കാളകൾ
അന്യൂനവാദ്യഘോഷങ്ങൾ തുടങ്ങിയ-
സ്സന്നാഹമെല്ലാമിയന്നക്കളരിയിൽ,

Digitized By Kerala Sahitya Akademi

സ്വാന്തമകമ്പടിക്കാർ നടുവേ നല്ല
ചന്തവും വണ്ണവുമാന്ന പല്ലക്കേറി,
ബന്ധുരഗാത്രി യശോധരയും തന്റെ
ബന്ധുജനങ്ങളുമായണഞ്ഞീടിനാൾ.
കണ്ടുമുമ്പിൽ കമനീയാംഗിയെ മന-
ത്താണ്ടാരലഞ്ഞ തരുണരിൽ മുഖ്യരാം
പൃഥ്വീശവംശജൻ ദേവദത്തൻ, പ്രഭ-
പുത്രരാം നന്ദനമജ്ജുനൻ താനമേ.
"ഇത്തയ്യലാളെനിക്കുള്ളതെനിക്കുള്ള"-
തിത്തരംതങ്ങളിൽ വാതുക്കുറിടിനാർ.
അപ്പൊഴുതാരാൽ നിജ "കാന്തക"മെന്ന
ചൊല്ലൊാങ്ങിടുന്നൊരു വെള്ളക്കുതിരയിൽ
ആബ്ഭ്രമിതന്നിലഖിലമനോഹരൻ,
കെല്ലോടെഴുന്നള്ളിനാൻ കൊച്ചുതമ്പുരാൻ.
മുൻപുകണ്ടീടാത്തവണ്ണം വെളിയിലാ
വമ്പുരുഷാരങ്ങൾ പാർത്തുള്ളതത്തിനാൽ
ഉമ്പർകോൻവാജിക്കെതിരായകാന്തക-
മമ്പോടുമാന്ന ഹേഷാഘോഷമൊന്നുടൻ
മന്നവന്മാക്ക് കിഴ്പ്പെട്ടു, മവരിൽനി-
ന്നന്യമാംമാരുണ്ടുപ്പുകൾ ഭേദിച്ചും
എന്നാൽ സ്വയം സുഖദുഃഖാനുഭൂതിക-
ളൊന്നുപോലാന്നും കഴിയും ജനാവലി.

Digitized By Kerala Sahitya Akademi

വന്നു തിങ്ങുന്നതു വിസ്മയം പൂണ്ടുതാ-
നൊന്നുതൃക്കൺപാൎത്തു രാജകുമാരനും
സന്നിധിതന്നിലുടൻ മോഹനകാന്തി
ചിന്നി സ്വയംവരമോൎത്തു നിന്നീടുന്ന
സുന്ദരിയാകും യശോധരയെക്കണ്ടു
മന്ദം മഹാത്മാവു പുഞ്ചിരിതൂകിനാൻ.
എന്നല്ലൊരുകരത്തിൽ പട്ടുനൂൽകൊണ്ടു
നന്നായ് ചമച്ച കടിഞ്ഞാൻ പിടിച്ചുടൻ,
ചാടിനാൻ കാന്തകത്തിൻെറ വിശാലത
തേടും മുതുകിൽനിന്നക്ഷണമൂഴിയിൽ
"പേടമാൻകണ്ണിമാരൊക്കെ മുടിയതിൽ
ചൂടുന്നരത്നമാമിപ്പേശലാംഗിയെ
പാടില്ല തീണ്ടുവാനേററവും യോഗ്യത
കൂടും പുമാൻെറ കരതാരിനെന്നിയേ"
എന്നും വിളിച്ചുപറഞ്ഞു,തിരാളികൾ
നിന്നദിക്കിന്നുനോക്കിത്തന്തിരുവടി
"ഇന്നു ഞാനിക്കന്യയാളെ മോഹിക്കുവ-
തെന്നുമേ സാഹസമെന്നു കരുതുവോർ
വന്നു പരീക്ഷിച്ചുനോക്കാം, വിരോധമി"
ല്ലെന്നുടൻ വാഗ്മുരചെയ്തരുളിനാൻ.
വീരൊട്ടും വില്ലാളി നന്ദനുടൻ മുമ്പു
കേറി വാദിച്ചിതു കോലംമുറിച്ചീടുവാൻ;

Digitized By Kerala Sahitya Akademi

മറാതൊരു വെങ്കലപ്പറ ലക്ഷ്യമാ-
യാറുഗവ്യൂതിയകലെ വച്ചാനവൻ,
ഒട്ടും കുറച്ചീലയർജ്ജുനനും, ദൂര-
മെട്ടുഗവ്യൂതിയാക്കി ദേവദത്തനും;
സതപരമായതുകണ്ടകതാരിങ്കൽ
മെത്തുമുത്സാഹംകലന്നു കുമാരകൻ
സിദ്ധാത്ഥനാജ്ഞാപനംചെയ്തു തൻ പറ
പത്തുഗവ്യൂതിയകലെ വച്ചീടുവാൻ.
അത്ര ദൂരത്തെപ്പെരുമ്പറ കാണായി-
തെത്രയും സൂക്ഷ്മമായോരു കവടിപോൽ
മുൻപിട്ടു പിന്നെതിരാളികൾ കോൾകുറി-
ച്ചമ്പുകളെയ്തുതുടങ്ങിനാർ മൂവരും.
തമ്പറയെയ്തുമുറിച്ചിതു നന്ദനും
തമ്പറയർജ്ജുനൻതാനും മുറിച്ചിതു.
തെറെറന്നുടൻ ദേവദത്തനും തൻകുറി-
തെററാതെ നോക്കിയയച്ചിതു സായകം;
മുററുമതു കോൾമുറിച്ചു ലക്ഷ്യത്തിന്റെ
മറേറപ്പുറവും കടന്നകലെപ്പോയി.
കണ്ടമഹാജനമത്ഭുതം കൈക്കൊണ്ടു
കൊണ്ടാടിയാത്തുവിളിച്ചിതു തൽക്ഷണം.
"ഉണ്ടാം പ്രിയനിനിത്തോൽവി; യിനിക്കതു
കണ്ടുകൂടാ"യെന്നു കാതരയായുടൻ

Digitized By Kerala Sahitya Akademi

ഇണ്ടൽകൈക്കൊണ്ടു യശോധാരയും മുഖ-
ത്തണ്ടാർ മറച്ചു പൊൻമൂടുപടത്തിനാൽ.

കല്യൻ കമാരനപ്പോഠം മിന്നത്തുള്ളതാം
നല്ലചായംപൂണ്ടു തണ്ടിൽ ഞെറ്റമുകഠം

എല്ലാടവും വരിഞ്ഞുള്ളതായ്, ശുഭ്രമാ-
യുല്ലസിക്കും വെള്ളിഞാണിയലുന്നതായ്,

വല്ലാത്തകെല്ലെഴും കയ്യേന്നി പൂട്ടിടാ-
വല്ലാത്തതായി, വിരുതേറിടുന്നൊരാ-

വില്ലാളികളുപയോഗിച്ച കാർമുകം
മെല്ലവേ ചെന്നു കരതാരിലേന്തിനാൻ;

തെല്ലുടൻ പുഞ്ചിരിതൂവിനാ;നംഗുലി-
പല്ലവത്താൽ ചെറുഞാണൊലിക്കൂട്ടിനാൻ;

പൂട്ടിനാൻ വില്ലുകുലച്ചു രണ്ടഗ്രവും
കൂട്ടിമുട്ടീടുമാറക്ഷണം കോമളൻ;

ഒട്ടേറെ വണ്ണമിയന്നൊരു വിൽക്കോലു
പൊട്ടിമുറിഞ്ഞുടൻ വീണു ധരണിയിൽ.

ആളുകളാശ്ചര്യമഗ്നരായാ;രുടൻ
നാളീകമോഹനവക്ത്രനരുഠംചെയ്താൻ:

"കേളിയായ്ക്കൊട്ടിനേനിത്തൊഴിൽ കേവലം
വേളിക്കുവേണ്ടി വിരുതിനല്ലോക്കുവിൻ;

കേളിയേറും ശാക്യമന്നവന്മാക്കിതെ-
ക്കാളേറെ യോഗ്യമാം കാർമുകമില്ലയോ?

C/III, 1 / 1162, 1

Digitized By Kerala Sahitya Akademi

കൊണ്ടുവന്നീടുവിൻ നല്ലവില്ലെങ്ങാനു-
മുണ്ടെങ്കി"ലെന്നതുകേട്ടൊരാരാം ചൊല്ലിനാൻ:—

പണ്ടുപണ്ടേ നൃപൻ സിംഹഹനുവിന്റെ
കൊണ്ടാടിടേണ്ടൊരുവില്ലുണ്ടു കോവിലിൽ
പൂജിച്ചുവച്ചിരിക്കുന്നു; ഞാനായതിൽ
യോജിക്കുമാറു പൂട്ടാവല്ലൊരാൾക്കുമേ;
പൂട്ടിയാലും ഞാൺവലിച്ചു ബാണംചേർത്തു
കോട്ടംവെടിഞ്ഞു കുലയ്ക്കാവതുമല്ല.

എന്നതുകേട്ടു കുമാരനരുൾചെയ്തു;
നന്നതു പൂരുഷയോഗ്യമാമായുധം
ഇന്നെനിക്കായതുതന്നെ വേണം; കൊണ്ടു-
വന്നീടുവിൻ നിങ്ങളേതുംമടിയാതെ.
ചാരത്തുടനെയാനീതമായി, സ്വർണ്ണ
ചാരുലതാശില്പശോഭിശൃംഗാഞ്ചിതം
ഭാരംകലന്നൊരു കാരിരുമ്പാൽ തീർത്ത
പാരം പുരാതനമാമസ്സുരാസനം.
സിദ്ധാർത്ഥനാവില്ലു കണ്ടു കൈത്താരിനാൽ
ബദ്ധാദരം ചെന്നെടുത്തു തിരുമുട്ടിൽ
ചേർത്തു രണ്ടാവർത്തി ശക്തി പരീക്ഷിച്ചു
പേർത്തുമീവണ്ണമരുൾചെയ്തു വീയ്യവാൻ.
ഈ വില്ലിലമ്പുതൊടുത്തെയ്യുവിൻ വീര-
ഭാവംകലന്ന സഹോദരരേ നിങ്ങൾ.

Digitized By Kerala Sahitya Akademi

ഈ വാക്കുകേട്ടണഞ്ഞദ്ധ്വാനുസ്സേന്ത്രുവാ-
നാവതില്ലാഞ്ഞു മടങ്ങി വില്ലാളിമാർ.
അപ്പോൾ കുമാരകൻ മുമ്പിൽ ചുവടുവ-
ച്ചല്പം കുനിഞ്ഞു തൃക്കയ്യാൽ ശരാസനം
ക്ഷിപ്രമെടുത്തു കുലച്ചുടൻ ഞാൺതല
കെല്പിൽ വലിച്ചതിൻകോടിയിൽ പൂട്ടിനാൻ
ഉച്ചത്തിൽ ഞാണൊലിക്രൂട്ടിനാൻ; പക്ഷീന്ദ്ര-
നച്ചലിപ്പിക്കും ചിറകിൻസ്വനംപോലെ
മെച്ചമോടദ്ധ്വനി കാററിൽമൂളി ദ്രുത-
മൊച്ച മുഴക്കിദ്ദിഗന്തങ്ങളെങ്ങുമേ.
എന്തൊരുശബ്ദമിതെന്നുടൻ പേടിച്ച
ചിന്തയാൽ നാട്ടിൽ ജനങ്ങൾ കുഴങ്ങിനാർ.
ചൊല്ലിനാരായതു സിംഹഹനുവിൻെറ
വില്ലിൻെറ ഞാണൊച്ചയെന്നുമറിഞ്ഞവർ;
കല്യാണരൂപൻ നൃപസുതൻ മൌർവ്വിയെ
മെല്ലേ വലിച്ചതിൽ പൂട്ടിനാനെന്നതും,
അല്ലൽക്രൂടാതതിലമ്പുതൊട്ടത്തവൻ
കില്ലകന്നെയ്തീടുമെന്നതുമോതിനാർ.
പിന്നെശ്ശരമതിൽ ചേർത്തു ചെമ്മേ യുവ-
മന്നവൻ ലാക്കുനോക്കി പ്രയോഗിച്ചിതു.
മൂർച്ചയേറുന്നമ്പു വിണ്ണിനെദ്ദാരുവെ
യിച്ഛ്വാൾ പോലെ കീറിപ്പാഞ്ഞുചെന്നുടൻ

Digitized By Kerala Sahitya Akademi

ഏററവും ദൂരത്തിരുന്നൊരു ലക്ഷ്യത്തെ
മാററമില്ലാതെ മുറിച്ചദ്ധരണിയിൽ,
ചെററുനില്ലാതെ ചീളെന്നു മുകളൂടെ
മുററുമകലത്തു പോയി മറഞ്ഞിതു.
മാറാതെ പിന്നെയും ദേവദത്തൻ വാതു
ക്രൂറി, വാൾവിദ്യയ്ക്കുതിത്തണഞ്ഞഞ്ജസാ
ആറംഗുലം വണ്ണമുള്ള കരുമ്പന
വീറോടുവെട്ടി രണ്ടായ്മുറിച്ചീടിനാൻ.
ഏഴംഗുലം ഘനമുള്ള താലം ചെറു-
വാഴപോലർജ്ജുനനും വെട്ടിവീഴ്ത്തിനാൻ.
ഒമ്പതു വണ്ണമേലും പന നന്ദനു-
മമ്പൊടുവെട്ടി രണ്ടായ് മുറിച്ചാ;നുടൻ
ആയതുപോലെതാൻ വണ്ണമുള്ളോരു ര-
ണ്ടായതമായി വളൻന്ന പനകളെ
ആയാസമെന്നിയണഞ്ഞൊരുവെട്ടിനാൽ
മായാസുതൻ മഹാത്മാ മുറിച്ചീടിനാൻ.
എന്നാൽ മുറികൾ വേർപെട്ടു വീഴാതഹോ!
നിന്നു നെടുമ്പന രണ്ടും ക്ഷണനേരം.
മിന്നിയമ്മൂർച്ചയേറുംവാളകത്തൂടെ
മിന്നൽപിണർപോലെ പാഞ്ഞുപോയീടിലും,
"തെററി കുമാരൻെറ വെട്ടെന്നു നന്ദനും
തെററെന്നു ഹന്ത! വിളിച്ചുഘോഷിച്ചിതു

Digitized By Kerala Sahitya Akademi

ഉററഭയത്താൽ യശോധരതാനുമേ
മുററും നടുങ്ങി മരങ്ങൾ വീഴായ്കയാൽ.
അപ്പോഴണഞ്ഞു ദേവാജ്ഞയാൽ തെക്കുനി-
ന്നുല്പന്നമോദമിളങ്കാററുമെല്ലവേ
ശില്പമായ് മേൽമകുടങ്ങൾപോൽ പൂഴ്ന്നെഴും
നല്പത്രകങ്ങളിൽ മൂളിയടിച്ചുടൻ
ഒപ്പംമുറിഞ്ഞുള്ള സന്ധികൾ വേർപെട്ട-
ത്തപ്പുന രണ്ടും മറിച്ചിട്ടു ഭൂമിയിൽ.
പിന്നെച്ചൊടിപ്പാൻ നല്ല ഹയങ്ങളെ-
സ്സന്നാഹമോടും വരുത്തി ദ്രുതമവർ
ചേന്നുടൻ വാദിച്ചുകൊണ്ടുകളരിയിൽ
മൂന്നുനാലാവൃത്തിയോടിച്ചു പൂഴവും.
ചീററമിയന്നു പാഞ്ഞീടുമവററയി-
ലേററവും വേഗമേറും വാജിതന്നെയും
മാററി മുമ്പേപാഞ്ഞു മഞ്ഞിൻനിറമാന്നു
കാററുപോലോട്ടം കുമാരൻെറ 'കാന്തകം'
അത്ഭുതമോക്കുകിൽ സപന്തമുഖത്തുനി-
ന്നുദ്ഭ്രതഫേനം നിലത്തുവീഴുംമുമ്പേ
കെല്പോടിരുപതുവേൽക്കോലകലമ-
ച്ചൊല്ലൊങ്ങിട്ടുന്ന കുതിര പാഞ്ഞെത്തുമേ
നന്ദനനുടനോതി "ഞങ്ങളും പന്തയം
വെന്നീട്ടമീയശപവീരനെക്കിട്ടിയാൽ;

Digitized By Kerala Sahitya Akademi

ചെന്നാശു കൊണ്ടുവരുവിൻ മരുങ്ങാതെ
നിന്നിടും വാജിമല്ലന്മാരിലൊന്നിനെ;
കേറിയതിനെയോടിക്കുവാൻ സാമർത്ഥ്യ-
മേറുന്നതാക്കെന്നു കണ്ടിടട്ടേ ജനം"
ഗീരിതുകേട്ടശ്വപാലകർ ചെന്നൊരു
ക്രൂരിരുൾപോലെ കറുത്ത കുതിരയെ
നാലഞ്ചുചങ്ങലകൊണ്ടുബന്ധിച്ചതി-
വേലം പണിപ്പെട്ടു കൊണ്ടുവന്നീടിനാർ.
ആരും ഭയപ്പെടും ദൃഷ്ടികളും, മഹാ-
ഘോരമാം വിസ്തൃതനാസാപുടങ്ങളും,
പാരം തിരപോലിളകും കരിംചിട
പൂരിച്ച പീവരമാം കണ്ഠനാളവും,
തേടുമാ വാജിവീരൻ വന്നുനിന്നിതേ
ലാടമില്ലാതെയും ജീനികൂടാതെയും.
അന്നാൾവരയ്ക്കുമക്കൂററൻകുതിരയെ-
ച്ചെന്നു തൊട്ടിട്ടില്ലൊരാളുമോടിക്കുവാൻ.
എന്നാലുമഗ്ഗ്ഗാക്യരാജകുമാരകർ
വന്നുതള്ളീടുന്ന വാശിയാലന്ധരായ്
മാറിമാറിച്ചെന്നവൻെറ മുതുകത്തു
കേറിനാർ മുമ്മൂന്നുരുവവരേവരും.
ഏറുന്നവരെയുടനുടൻ താഴത്തു
താറുമാറായവൻ തള്ളിയിട്ടിടിനാൻ;

Digitized By Kerala Sahitya Akademi

വീണ്ടും കയറിയും വീണുമവർ പരം
പൂണ്ടാർ മുതുകിൽ പൊടി, നെഞ്ചിൽ നാണവും
മണ്ടിയണഞ്ഞുടനർജ്ജുനൻ മേലേറി-
യിണ്ടൽകൂടാതൊന്നിരിപ്പുമുറപ്പിച്ചു;
തിണ്ടാടിനില്ക്കും കുതിരതൻ ചങ്ങല
കണ്ടുതവിട്ടഴിപ്പിച്ചു ചവുക്കിനാൽ
വീശിയടിച്ചാൻ വിരുതനജ്ജന്തുവിൻ
പ്ലാശിലപോലെ കറുത്തുള്ള പള്ളയിൽ.
പിന്നെ ലഗാൻ വലിച്ചിട്ടവൻ തന്നുടെ-
യുന്നതവൈഭവമാന്ന കൈത്തണ്ടിനാൽ
ധാടിയേറുന്ന കുതിരത്തടിയന്റെ
താടിയെ മേല്പോട്ടു തള്ളിനിവത്തിനാൻ.
ചാടിക്കുതിരയരിശവും ചീററവും
പേടിയുമാന്നു പാഞ്ഞു കൊടുങ്കാററുപോൽ;
തേടുമുൾഭങ്ങളോടുമൊട്ടുമരങ്ങളിയൊ-
ന്നോടി വട്ടംതിരിഞ്ഞു രംഗഭൂമിയിൽ;
പെട്ടെന്നു പിന്നെയിടറിക്കഴുത്തൊന്നു
വെട്ടിത്തിരിച്ചു വികടമാക്കിക്കൊണ്ടു;
വീറൊടു പല്ലുമിളിച്ചു മേല്പോട്ടവൻ
മോറുകാട്ടിദ്രുതം മുററുംഭയങ്കരൻ
കാലാലെറിഞ്ഞർജ്ജുനനെ മറിച്ചിട്ടു
മാലവന്നേകിക്കുളമ്പാൽ തൊഴിച്ചുടൻ

Digitized By Kerala Sahitya Akademi

കാലാലയത്തിനയപ്പാനൊരുങ്ങുന്ന
കോലാഹലത്തിലഭ്രാന്തൻകുതിരയെ
സ്ഥൂലതകോലം തുടലുകളാലശ്വ-
പാലകർ വീണ്ടുമണഞ്ഞു കെട്ടീടിനാർ.

അത്തൊഴിൽ കണ്ടുനിന്നോരു മഹാജന-
മൊത്തൊരുമിച്ചു വിളിച്ചോതി സത്വരം.
സിദ്ധാർത്ഥനന്നിയിടയരുതെത്തിയി-
ന്നിത്തടിമാടൻ പിശാചിനോടേതുമേ;

ചീററമേറുന്നോരിവൻെറ കരൾ കൊട്ട-
കാററാണു നൂനം; കരുംഭൂതമാണിവൻ;
മാററമില്ലീയുഗ്രമൂർത്തിക്കു പാർക്കകി-
ലൂററമാം തീജ്വാലയാണുയിരായതും.

മെല്ലേയതുകേട്ടുടൻ കുമാരൻ "തുട-
ലെല്ലാമഴിക്കുവിൻ"നെന്നും, "സവാരിക്കു
നല്ലമൃഗമാണിവൻ; നെററിവാർമുടി-
യല്ലാതിനിക്കൊന്നു വേണ്ടെ"ന്നുമോതിനാൻ.

ആയതുപോലിടംകയ്യാൽ കുതിരത-
ന്നായതകേസരം മെല്ലെപ്പിടിച്ചുടൻ
എന്തോചിലതു ചെവിയിലതിനോട്ടു
മന്ത്രിച്ചുകൊണ്ടു മറേറക്കരതാരിനാൽ

അമ്പോടതിൻമിഴി രണ്ടും തടകിനാൻ,
വമ്പേറുമുഗ്രമുഖവുമതുപോലെ;

Digitized By Kerala Sahitya Akademi

മന്ദം കഴുത്തും തലോടിനാൻ വീപ്പിനാൽ
സ്പന്ദിച്ചൊഴും രണ്ടു പാൎശ്വഭാഗങ്ങളും.
കെല്പേറിടുന്ന കംധിംകുതിരക്കുററ-
നപ്പോളൊതുങ്ങിത്തലയും കുനിച്ചുടൻ
തല്പാദമമ്പോടു കുമ്പിടുമ്മാതിരി
നില്പതു കണ്ടേറെ വിസ്മയിച്ചു ജനം.
ഉല്ലാസമോടുമപ്പോൾ നൃപനന്ദന-
നെല്ലാവരും കണ്ടുനില്ക്കവേ സത്വരം
വല്ലാത്തവാജിവീരന്റെ മുതുകത്തു
സല്ലീലമാഞ്ഞുകരേറിയിരുന്നുടൻ
മെല്ലെപ്രയോഗിച്ചു കാൽമുട്ടുകൾ, കര-
വല്ലിയിലേന്തിയിളക്കി കടിഞ്ഞാണും.
ആയതുകണ്ടു ജനങ്ങൾ ചൊന്നാ"രിനി-
യായാസമെന്തിനു രാജന്യപുത്രരേ?
പോയടങ്ങിക്കൊൾക; മത്സരിച്ചീടേണ്ട;
മായാസുതൻ സൎവ്വമുഖ്യനാണോൎക്കുവിൻ"
എന്നതുകേട്ടെതിരാളികളേവരു-
മൊന്നായ് സ്വയമതു സമ്മതിച്ചോതിനാർ.
ചൊന്നാനുടൻ സുപ്രബുദ്ധൻ കുമാരനോ-
ടുന്നാതാനന്ദമകുത്തുചെന്നിവിധം:—
മന്നവനന്ദന, വാഴക നീ ചിരം;
നിന്നെ വിജയിയായ് കാണ്മാൻ കൊതിച്ചു ഞാൻ;
൭

നിന്നിലല്ലോ ക്രൂരമേറെ ഞങ്ങൾക്കൊക്കെ;
യെന്നാലുമത്ഭുതമാകുന്നു നിൻജയം.
ബാലൻ, സദാ പനിനീർമലർചോലയിൽ
കാലം നെടുംചിന്തകളാൽ കഴിച്ച നീ
പോരും പയിററും മുറയുമറിയുമീ
വീരരേ മായാമഹിമയാലോ വെന്നു?
ഏതാകിലും വാതിൽ നേടിയ രത്നത്തെ
ജാതസന്തോഷമണിഞ്ഞാലുമിന്നിനി.
ചേതസ്സലിഞ്ഞിവിധം ധന്യനാമവ-
നോതി, മകൾക്കുമനുജ്ഞനൽകീടിനാൻ.
അപ്പൊഴമ്മോഹനമേനിയാളോമന-
പ്പുഷ്പഹാരം കരതാരിലെടുത്തുടൻ
തല്പത്തിൽനിന്നെഴുന്നേററു, മുഖത്തുനി-
ന്നപ്പുരികക്കൊടിയോളമകററിനാൾ.
നല്പൊൻവരികൾ കലന്നു നിറംതേടു-
മുല്പലശ്യാമമാം മൂടുപടം സ്വയം
എന്നിട്ടു സാഭിമാനം പദമൂന്നിയ-
സ്സുന്ദരി മെല്ലേനടന്നാൾ; യുവാക്കളെ-
യൊന്നൊഴിയാതെയെല്ലാരെയും പിന്നിട്ടു
ചെന്നാളടുത്തു സിദ്ധാത്ഥൻെറമുമ്പിലായ്.
അന്നേരമക്കരിംക്രൂരറൻകുതിരയിൽ
നിന്നിറങ്ങീട്ടുതു താഴ്ന്നും കഴുത്തിങ്കൽ

Digitized By Kerala Sahitya Akademi

മന്ദമൊരുകരംചേൎത്തുകൊണ്ടങ്ങനെ
നിന്നുവിളങ്ങിയദ്ദിവ്യതേജോനിധി.
മുമ്പിലണഞ്ഞുടൻ താണുവണങ്ങിനാൾ
കമ്പംവെടിഞ്ഞക്കുലാംഗനമാർമണി
ധന്യതകോലുമനുരാഗമുജ്ജ്വലി-
ച്ചന്യൂനദിവ്യപ്രഭപൂണ്ടെഴും മുഖം
താനേ താഴ്ത്തിയുയൎത്തിസ്സുരഭിയാം പൂമാല
പിന്നെ പ്രിയന്റെ കണ്ഠത്തിങ്കലൎപ്പിച്ചാൾ;
എന്നല്ല തൻതിരുമാറിൽ തലചേൎത്തു
നിന്നാൾ ചെറുതവളങ്ങനെയെന്നിട്ടു
ലോലമനോഹരദൃഷ്ടിതിരിച്ചു തൃ-
ക്കാലിണതൊട്ടുതൊഴുതുടൻ സാദരം
"മൽപ്രിയ രാജകുമാരാ, തൃക്കൺമുന-
യൎപ്പിക്കയെന്നിൽനീ നിന്റെവകയിവൾ."
എന്നകക്കാമ്പലിഞ്ഞച്ചെറുതേൻവാണി
ചൊന്നാൾ സദസ്സിലനന്തരം തങ്ങളിൽ
മെല്ലേ കരതാർ കരതാരിലേന്തിയും
തുല്യമകക്കാമ്പകക്കാമ്പിൽ മുട്ടിയും
ചൊല്ലെഴുമീ നവദമ്പതിമാർനില്പ-
തെല്ലാവരുംകണ്ടു ഹർഷാബ്ധി നീന്തിനാർ.
മൂടിനാളാനനം പിന്നെയും മുൻചൊന്ന
മോടികലൎന്ന മുഖപടത്താൽ തന്വീ

Digitized By Kerala Sahitya Akademi

കോടക്കരിമുകിൽ കാന്തിയിൽ പൊൻവരി
കൂടിക്കലൎന്നൊരഴകാൎന്ന പട്ടുവാം
മൂടിയിരുന്നതും, മുററുമഭിമാന-
ധാടികലൎന്നടിവെച്ചു നടന്നതും
ഓരോവിശേഷവുമന്നുകണ്ടുള്ളതു
പാരം കുതൂഹലം നൽകുകയാൽ ചിലർ
സാരമറിവാൻ തൊഴുതുചോദിച്ചിതു
നേരേതിരുവടി ബുദ്ധനായ്ത്തീൎന്നനാൾ.

സ്വൎക്കാന്തഭക്തരാമജ്ജനത്തോടന്നു
ലോകൈകവന്ദ്യൻ ഭഗവാനരുളിനാൻ
"ഞാനറിഞ്ഞീലവററിൻഹേതുവെങ്കിലും
മാനസത്തിൽ ചിലതന്നുതോന്നി സ്വയം
ജീവന ജനിമൃതിചക്രത്തിൽ വീണുഴ-
ന്നിവിധമെന്നും തിരിയുന്നതോൎക്കിൽ
പോയപൊരുളും വിചാരവും ജന്മവും
മായാതെവീണ്ടും മടങ്ങിവന്നെത്തുമേ.
ഇപ്പൊഴോൎപ്പൂ പണ്ടസംഖ്യം തലമുറ-
യ്ക്കപ്പുറമുള്ളൊരു ഭൂതകാലത്തിങ്കൽ,
ചൊൽപ്പൊങ്ങിടുന്ന ഹിമവാൻെറ സാനുവിൽ
നൽഭ്രുരുഹങ്ങൾ തിങ്ങുന്ന കൊട്ടങ്കാട്ടിൽ,
ക്രൂരൻപുലിയായ്നടന്നുഞാൻ മേൽവരി-
യോററമിയന്നിരതേട്ടമിനത്തൊട്ടം

Digitized By Kerala Sahitya Akademi

ബുദ്ധനാംഞാനന്നു കാട്ടിൽ കുശപ്പുല്ല-
മെത്തമേൽ തങ്ങിക്കിടന്നു പകൽകാലം
നോക്കമിഴിച്ചെൻെറയും മൃത്യുവിൻെറയും
ലാക്കിനടുത്തടുത്തെത്തും പശുക്കളെ;
അല്ലെങ്കിൽ, നക്ഷത്രവൃന്ദംവിളങ്ങുന്നൊ-
രല്ലിലിരതേടിയെന്നു മദയനായ്.
കൊല്ലുംതൊഴിലിലേപ്പെട്ടിട്ടതിലൊരു
തെല്ലുംമതിവരാതങ്ങുമിങ്ങും കാട്ടിൽ,
മാനും മനുഷ്യനും പോകുംവഴികളെ-
ത്താനോർത്തു ഗന്ധംപിടിച്ചു നടന്നിട്ടും.
വൻകാടതിലന്നു വേമ്പുൽതടങ്ങളി-
ലെൻക്രൂരേറെ നടപ്പതിൻമദ്ധ്യത്തിൽ
തങ്കവരികൾ കാർമെയ്യിലേലുംപുലി-
പ്പെൺകൊടിയാളെയൊരുത്തിയെക്കാണായി.
ഏററവും സുന്ദരിയാമവൾമൂലമായ്
ചീററമിയന്നാൺപുലിനിര പോരാടി.
പല്ലുംനഖങ്ങളുംകൊണ്ടു കടിപിടി
വല്ലാതെവദ്ധിച്ചുടൽക്കളമായ്വനം.
മാനംകലന്നൊത്തിയശ്ശൂരരോടൊക്കെ
ഞാനും ഭയങ്കരമായ് പൊരുതിടിനേൻ.
അങ്ങൊരുദിക്കിൽ മരത്തിൻതണൽപററി
യിംഗിതമാക്കമറിയിച്ചിടാതഹോ!

Digitized By Kerala Sahitya Akademi

ഞങ്ങൾ മുറിവേററു ചോരചിന്തുന്നതു-
മങ്ങനെ നോക്കിക്കിടന്നിതവ്യാഘ്രിയാൾ.

ആഹവമദ്ധ്യത്തിലന്നു പരസ്പരം
സ്നേഹമവൾക്കുമെനിക്കുമുളവായി.

ഓക്കുന്നതുണ്ടു ഞാനിന്നു;മൊട്ടുവില-
പ്പോക്കുളത്തിങ്കലെൻകയ്യാൽ മുറിവേററു

ചാകുമടുത്തു കിടക്കുന്ന വീരരാം
വ്യാഘ്രവര്യന്മാരെ നോക്കിനോക്കി സ്വയം

വായ്ക്കുമഭിമാനമോടു പാദംവച്ചു
ശീഘ്രംനടന്ന മനോഹരഗാത്രിയാൾ

ആക്കമെഴുമനുരാഗംകലന്നെൻെറ
നേക്കവൾ മന്ദംമുരണ്ടണയുന്നതും,

പോരിൽ തളന്നുകിടന്നുകിതയ്ക്കുമെൻ
വാരിയെല്ലിൻനിരമേലിരുപാശ്വവും

പാരവും താടിയിളകുമാറായ്സ്നേഹ-
പാരവശ്യത്തിൽ നക്കുന്നതു,മെന്നല്ല

കോട്ടംവെടിഞ്ഞു രമിപ്പതിനായൊരു
കാട്ടിലവൾ പിന്നെയെന്നെ നയിപ്പതും.

ചേണാന്നൊരപ്പെൺപുലിയുടെ തോലുപോ-
ലാണു യശോധരപൂണ്ടമുഖപടം.

കാണുവിനദ്ഭുതമായനടത്തവു-
മേണമിഴിയാന്നതായതുപോലെ താൻ.

Digitized By Kerala Sahitya Akademi

പ്രാണികൾക്കിങ്ങനെ പാരിൽ പുറപ്പുകൾ
താണുമുയന്നും വരുന്നിതറിയുവിൻ."

ഇങ്ങനെ തന്നിലനുരാഗമേറുമൊ-
രംഗനാരത്നത്തെ വീണ്ടുകൊണ്ടീടിനാൻ

മംഗലാത്മാവായ സിദ്ധാത്ഥ;നന്നുടൻ
മംഗല്യ സന്നാഹവും തുടങ്ങിനൃപൻ.

മേടമാസത്തിൽ ശുഭമുഹൂത്തത്തിങ്കൽ
മോടികലൻ്റ വിവാഹമഹോത്സവം

ഘോഷിച്ചു മൃഷ്ടാന്നദാനാദി സൽക്രിയ
തോഷമോടുംചെയ്തു ശാക്യകുലോചിതം.

സ്വണ്ണസിംഹാസനം വയ്ക്കുക, നൽചിത്ര-
വണ്ണമേലും കംബളങ്ങൾ വിരിക്കുക,

പുണ്യവിവാഹമാല്യംചാത്തുക, മണി-
മണ്ഡിതഹസ്തങ്ങളിൽ കാപ്പുകെട്ടുക,

ഖണ്ഡിക്കയെപ്പത്തെ, നല്ല സുഗന്ധാഢ്യ-
തണ്ഡുലം വാരിയെറിയുക, യെന്നല്ല

കുങ്കുമത്താൽ പാൽ ചുവപ്പിച്ചു ശുഷ്കതൃ-
ണാങ്കുരദ്വന്ദ്വമതിലൊഴുക്കീട്ടവ

സംഗമിക്കുന്നതു നോക്കി സ്ഥിരരാഗ
സംഗതി സങ്കേതമായ് പരീക്ഷിക്കുക.

മന്നിലേഴേഴടിവച്ചു വധൂവരർ
വഹ്നിക്കു മൂന്നുവലത്തുവച്ചീടുക,

Digitized By Kerala Sahitya Akademi

ധന്യദ്വിജന്മാൎക്കു സമ്മാനമേകുക,
യന്യസാധുക്കൾക്കു ഭിക്ഷകൊടുക്കുക,
അമ്പലത്തിൽപോയ്തൊഴുതു കാണിക്കയി-
ട്ടമ്പിൽ സമന്ത്രമായ് പ്രാൎത്ഥനചെയ്യുക,
ദമ്പതിമാരുടുത്തുള്ള വസ്ത്രങ്ങടെ
തുമ്പുകൾ തമ്മിൽ പിടിച്ചുകെട്ടീടുക,
ഇത്യാദിയായ കൎമ്മങ്ങളെല്ലാം പുന-
രത്യാദരത്തൊടും ചെയ്തശേഷം സ്വയം
വൃദ്ധൻ വധുവിൻപിതാവെഴുന്നേററുടൻ
ബദ്ധവാത്സല്യം വരനോടരുളിനാൻ:—
വന്ദ്യനാകും നൃപനന്ദന മൽകുല-
നന്ദിനിയാളിനി നിൻെറ വകയിവൾ
നിന്നിൽ സമൎപ്പിതജീവിതയാകുമി-
ക്കന്യകയാളിൽ കനിവോടുവാഴ്ക നീ.
അങ്ങനെ ബാലയശോധരയെക്കൂടി
യങ്ങണഞ്ഞുള്ളോരവളുടെ ബന്ധുക്കൾ
മംഗലഗീതവാദ്യാദിഘോഷത്തൊട-
ത്തുംഗാനുഭാവൻെറ കയ്യിൽ സമൎപ്പിച്ചു.
പിന്നെയദ്ദമ്പതിമാൎക്കു വളൎന്നേറു-
മന്യോന്യമാം പ്രേമമാരുവാൎണ്ണിച്ചീടുന്നു.
എന്നാലുമസ്നേഹമൊന്നിൽമാത്രം നൃപൻ
നന്നായിവിശ്വസിച്ചീലതുമൂലമായ്;

Digitized By Kerala Sahitya Akademi

സാരജ്ഞനോത്തുകല്പിച്ചിതു, മോടിയാൽ
പാരിന്നധിശക്ക്ധിവാസയോഗ്യമായ്,
പാരംമനംകവരും ഭംഗിയാൽ കാമ-
കരാഗ്രഹമായ സൗധമുണ്ടാക്കുവാൻ.
അങ്ങനെ നിർമ്മിച്ചതു"വിശ്രമവന"
മംഗലനാമമെഴുന്ന മഹാരാമം.
ഭംഗിയും പ്രൌഢിയും കൊണ്ടുത്തുല്യസ്ഥല-
മെങ്ങുമേ ഭൂമിയിലില്ലതുപോലവേ.
ഉച്ചാവചശോഭതേടിപ്പരപ്പേറു-
മച്ചാരുവൃക്ഷവാടിക്കു നടുവിലായ്;
പച്ചച്ചെടികളും പുല്ലുകളുംപൂണ്ടു
മെച്ചമേറുന്നൊരുകുന്നു വിളങ്ങുന്നു.
വിസ്തീർണ്ണമാം ഹിമവാൻെറതടത്തിൽനി-
ന്നെത്തിയതുവഴി ഗംഗയെക്കാണ്മാൻ
തത്തിക്കളിച്ചു പോകും രോഹിണിനദി
നിത്യമക്കുന്നിൻചുവട്ടു കഴുകുന്നു.
സാലദ്രുമങ്ങളും തിന്ത്രിണീജാലവും
ചേലൊത്തു വാച്ചുവളന്നിട്ടതുകളിൽ
നീലനഭസ്സിൻനിറമാന്ന പൂക്കൾപൂ-
ണ്ടാലോലഭംഗി കലന്നെഴും വല്ലികൾ
മേലേപടന്നവയാലതിൻതെക്കുള്ള
ഭൂലോകമെല്ലാം മറഞ്ഞു കിടക്കുന്നു.

Digitized By Kerala Sahitya Akademi

അന്തികത്തുള്ള മഹാനഗരത്തിലെ
സ്സന്തതാരാവങ്ങളങ്ങു ദൂരെക്കാട്ടിൽ
മന്ദമായ് വണ്ടുകൾമൂളുമൊലിയെന്നു
സന്ദേഹമേകിയിളങ്കാററിലെത്തുന്നു.

പാരമുയൎന്നുവളൎന്നു വിണ്ണോളമ-
ക്ഷീരധവളഹിമാദ്രിശിഖരങ്ങൾ
പാരിടം പിന്നിൽമറച്ചു വിലസുന്നു
നേരേവടക്കു നെടുങ്കോട്ടപോലവേ.

അച്ഛമായ്, മർത്ത്യൻെറപാദം തൊടാത്തതാ,
യുച്ചമാ,യന്തമില്ലാതെ വിപുലമായ്,
സ്വച്ഛന്ദമായി നിരനിരയായ്പൊങ്ങി-
മെച്ചമാൎന്നത്ഭുതാകാരമായ് നിന്നിടും,
അമ്മാമലതൻെറയംബരം വ്യാപിച്ചു
രമ്യമായുള്ള മുകൾപ്പരപ്പിങ്കലും,
തുംഗശിഖരങ്ങളും ശിലാകൂടവും,
തിങ്ങിയുള്ളോരുപരിപ്രപഞ്ചത്തിലും
പൊങ്ങും കടകതടങ്ങളിലും,വന
ഭംഗിയാൽ ശ്യാമളമായ ചരിവിലും,
മഞ്ഞുമൂടും ശൃംഗഭൂവിലും, ഭിന്നമായ്
മഞ്ജുളമായ മലയിടുക്കിങ്കലും,
തുമ്പുകൾ ചിന്നിപ്പിളൎന്നു തൂക്കായുള്ള
വമ്പാറകളുടെയഗ്രഭാഗത്തിലും

Digitized By Kerala Sahitya Akademi

നോക്കുന്നവരുടെയുൾക്കാമ്പുയൎന്നതി-
സോൽക്കണ്ഠമായ് സ്വയമേവ പൊങ്ങിപ്പൊങ്ങി,
ദേവതമാരൊടു സംഭാഷണത്തിനു
പോവതുപോലെ തോന്നീടും നിരൂപിച്ചാൽ.

ധാവള്യമേറും ഹിമപടലങ്ങളാ-
ലാവൃതമാം മേഖലകൾക്കുതാഴെയായ്
ചാടുമരുവികളാം കസവേലുന്ന
ശാടികപോൽശ്യാമമായ മഹാടവി,
ആടോപിയാം ഗിരീന്ദ്രൻെറ നിതംബഭൂ-
പാടേമറച്ചു മൂടുന്നു മനോഹരം.

ഓടാതെ തുങ്ങിനിൽക്കുന്നിതു മേലെത്തി
മൂടുപടംപോലെ മേഘനിരകളും.
താഴത്തു്തേവതാരംതൊട്ടുവൃക്ഷങ്ങൾ
ചൂഴവും പൊങ്ങിവളൎന്ന വനങ്ങളിൽ,

അത്യുച്ചമായ് കാട്ടുകോഴികളും മററു
സത്വങ്ങളും കൂവിയും വിളികൂട്ടിയും,
വട്ടംചുഴന്നുപറന്നുവിണ്ണിൽ ചെവി
പൊട്ടുംപടിയായ് രടിച്ചും കഴുകുകൾ.

കോട്ടംവെടിഞ്ഞു വൻപാറമേലോടുന്ന
കാട്ടാടുകളങ്ങുമിങ്ങും കരഞ്ഞുമേ
ഏററവുമാകുലമായെങ്ങുമെപ്പൊഴും
മാറെറാലികൊണ്ടു മുഴങ്ങുന്നു ശബ്ദങ്ങൾ.

Digitized By Kerala Sahitya Akademi

എല്ലാററിനും കീഴ് സമഭൂതലം,ചെറു-
പുല്ലുകളാൻ വിളങ്ങുന്നു, കംബളം
അമ്പിൽ ഹിമാലയമാം ദേവാലയം
മുമ്പിൽ ജപവിധിക്കായി വിരിച്ചപോൽ
ചഞ്ചലമസ്ഥലത്തിനെതിരായ്,ഭംഗി
ചാഞ്ചാട്ടമച്ചെറുകുന്നിൽ;മിഴികളെ
വഞ്ചിക്കുമാറു വടക്കുമുഖമായി
മുഞ്ചൊന്നസൌധം നടുവിൽ വിലസുന്നു.
വമ്പിച്ച ഗോപുരംരണ്ടിരുപാശ്വവും
തുമ്പുകളംബരത്തെത്തുളയ്ക്കുംപടി
ജൃംഭിച്ചുനില്ക്കുന്നു ചുററുമത്യുന്നത-
സ്തംഭമേലും മണ്ഡപ മണ്ഡലത്തൊടും
സ്ഥൌല്യമേലുന്നൊരതിന്റെറത്തുലാങ്ങളിൽ,
തുല്യമില്ലാതുള്ള കൊത്തുപണികളാൽ
ചൊല്ലേറിടുമിതിഹാസകഥകളെ-
യെല്ലാം സ്ഫുടമായ്പകത്തിയിരിക്കുന്നു.
രാധയും, ശ്രീകൃഷ്ണനും,രസമേലുന്ന
ഗാഥകളിൽപെട്ടും യക്ഷാംഗനകളും,
സീതയും,പാഞ്ചാലിയു,മാഞ്ജനേയനും
ചേതോഹരരായ്വിളങ്ങുന്നു ചിത്രത്തിൽ.
മദ്ധ്യത്തെഴുന്നപടിവാതിലിൽ സവ്-
സിദ്ധിപ്രദായകനാം ഗണനാഥനും

Digitized By Kerala Sahitya Akademi

ഹസ്തങ്ങളിൽ ചക്രവും സൃണിയുംപൂണ്ടു
ബുദ്ധിയും വിത്തവും നല്കുവാൻ പ്രസന്നനായ്,
തുമ്പിക്കരംതുമ്പു ചാച്ചുയർത്തിപ്പിടി-
ച്ചമ്പൊടും കൊത്തുപണിയിൽ വിളങ്ങുന്നു.
അപ്പടിവാതുക്കൽനിന്നു വളഞ്ഞുപോ-
മുറ്റപ്പാതയൂടെ ചെല്ലുമ്പോളിടയ്ക്കിടെ,
നൽപൂവനങ്ങളും മുററങ്ങളും കാണു-
മത്ഭുതമാമ്മാറകത്തെപ്പടിവരെ.
നീലച്ചുവപ്പുനിറമാം നരമ്പാറ
ചേലിയലും കുളുർവെണ്ണക്കല്ലിലകളാൽ
സ്ഥൂലമാമാവാതലിൻകട്ടിള ചിത്ര-
വേലകളെന്യേ മിനുസമായ്മിന്നുന്നു.
നീലസ്ഫടികപ്പലകയാണതിൻ
മേലേപ്പടി തീർത്തിരിപ്പു,തതിന്നുകീഴ്,
ആലംബമാമുമ്മരപ്പടി കാന്തിയാൽ
പാലൊത്ത വെൺപാറയിൽ പണിചെയ്തതാം
ആയതിലൂടേകടന്നാൽവിടെയു-
ണ്ടായതഭംഗികലർന്ന സോപാനങ്ങൾ.
നീളേനിറമിട്ടമേല്പുരയും; ബഹു
നാളമാം തൂൺനിരയുംപൂണ്ടു രമ്യമായ്;
ചിത്രമായിട്ടഴികളുററുള്ള
നൽത്തട്ടുകൾവഴിയേറാമവററയിൽ.

Digitized By Kerala Sahitya Akademi

പാദത്തിന്ന പാരം മോദമേകീടുമാ-
മേദുരസോപാനമാൎഗ്ഗം കടന്നുടൻ
എത്തുന്നതുതന്നെയേററം മനോജ്ഞമാ-
യുത്തുംഗമായെഴുമുള്ളിലെശ്ശാലകൾ
വിസ്താരമേറുമവയെച്ചുഴന്നുള്ള
ചത്വരഭൂമിയിൽ ഛായാശിശിരമായ്
പന്തിയായ് ഭംഗികലൎന്നുകാണാകുന്നി-
തന്തഃപുരയോഗ്യമാം പുഷ്പവാടികൾ.
മുററത്തുമിന്നുന്ന മഞ്ജുളമാം ജലം-
വററാത്ത നീൎച്ചാട്ടമേലുമുറവുകൾ
ചന്തം കലൎന്നതിൻചുററും വിലസുന്നു
ചെന്താമരകളുമിന്ദീവരങ്ങളും.
നല്ലൊരു ചെമ്പരത്തിപ്പൂനിറത്തിലെ-
ന്നല്ല പൊൻകാന്തിയിൽ നീലവൎണ്ണത്തിലും
കണ്ണാടിപോലെ വിമലമായ് കാണുമ-
ത്തണ്ണീരിൽ മിന്നിക്കളിക്കുന്നു മത്സ്യങ്ങൾ.
ശാന്തമായ് സൂൎയ്യപ്രഭയെഴും പൂവന-
പ്രാന്തങ്ങളിൽ ഭംഗിയിൽ തിങ്ങിനിന്നുടൻ,
പേടിവെടിഞ്ഞു തിന്നുന്നു വിടൎന്നുള്ള
പാടലമാം പനിനീർകുസുമങ്ങളെ
കേടററ സൌന്ദൎയ്യമൊത്തു വിശാലത-
ക്കൂടുംമിഴികളേലുന്ന മാൻകൂട്ടങ്ങൾ.

Digitized By Kerala Sahitya Akademi

വർണ്ണമെഴും പക്ഷികൾ മഴവില്ലിൻെറ
ഖണ്ഡങ്ങൾപോൽ പറക്കുന്നു പനകൾമേൽ.
വെണ്മയും നീലവും തേടുംകപോതങ്ങൾ
ചെമ്മേയിണയിണയായ് ചേർന്നുകൊണ്ടുടൻ
നൽപൂച്ചെഴും ഭിത്തിശൃംഗശില്പങ്ങളിൽ
നിർഭയമായ് കൂട്ടുകെട്ടി മേവീടുന്നു.
മിന്നുംതളത്തിൽനിന്നോമനപ്പീലികൾ
പിന്നിൽപരത്തി മയിലുകളാടുന്നു.
ദൂരത്തു കണ്ടുമുയർത്തി വാഴും വെള്ള-
നാരകളായതു സൂക്ഷിച്ചുനോക്കുന്നു.
സ്വച്ഛന്ദമായങ്ങുമിങ്ങും പറന്നെത്തി
മെച്ചമെഴും തേൻ കനിവാർ കുലകളിൽ
തെച്ചിപ്പഴംപോൽ ചുവന്ന കഴുത്താന്ന
പച്ചക്കിളി നിര ഞാന്നുകിടക്കുന്നു.
മഞ്ജുപൂമഞ്ജരിതോറും ചിറകടി-
ച്ചഞ്ജസാ മഞ്ഞക്കിളികൾ പറക്കുന്നു.
പേടിയേറും പല്ലികൾ കയ്യുഴികൾ മേ-
ലാടലകന്നു വെയിൽകാഞ്ഞിരിക്കുന്നു.
ഓടിനടക്കുമണ്ണാൻനിര തീററികൾ
തേടിയെത്തുന്നു മനുഷ്യഹസ്തങ്ങളിൽ.
സ്വാന്തഭയമറിഞ്ഞീല ജന്തുക്കളി-
ശ്ശാന്തമാംഭൂമിയിൽ ഹിംസയില്ലായ്കയാൽ.

Digitized By Kerala Sahitya Akademi

ഇത്രയുമല്ലങ്ങത്തു പൂഞ്ചോലയിൽ
കസ്തൂരിമാൻനിര കേളിയാടീടുന്നു.
ഭംഗിയിൽ കാക്കകളോടു ചിലയ്ക്കുന്നു
പിംഗനേത്രങ്ങളെഴും മരഞ്ചാടികൾ.
ഈവണ്ണമസ്സ്നേഹലീലാഗൃഹമായ
പൂവനത്തിന്നുള്ളിലെ മന്ദിരങ്ങളിൽ
ഇംഗിതംപോലെയുപചരിപ്പാൻ ഭാവ-
ഭംഗികലർന്ന മുഖാബ്ജങ്ങളാർന്നടൻ
സുന്ദരമേനിമാരായ പരിജന-
വൃന്ദങ്ങൾ വാണിതത്താത്ര ഭാഗങ്ങളിൽ.
മാധുര്യമേറും മൃദുവാക്കുകളെന്നി-
യോതാതെയു, മുപചാരവിധികളിൽ
ചേതസ്സിലുത്സാഹമാർന്നും സുഖങ്ങളിൽ
മോദിച്ചു, മന്യർക്കു മോദമുണ്ടാക്കിയും;
ഏതാജ്ഞകൾക്കുമെപ്പോഴും വഴിപെടാ-
നാദരവേലുമഹംപൂർവികപൂണ്ടും
അങ്ങാ മനോമോഹനമാമരമന-
യെങ്ങും വിളങ്ങുമവരുടെ മദ്ധ്യത്തിൽ,
തുംഗമാറിമകലന്ന യുവരാജ്ഞി,
യംഗനാമൌലിമണിയാൾ, യശോധര
മംഗലമേദുരമായ് നയിച്ചു സുഖ-
ഭംഗമറിയാതെ ജീവിതമെന്നുമേ.

Digitized By Kerala Sahitya Akademi

മങ്ങാമലർകളാൽ തിർത്ത തടങ്ങളിൽ
തങ്ങിയൊഴുകിയ തേൻപുഴയെന്നപോൽ

നല്ലാഭതേടുമമ്മന്ദിരവൃന്ദങ്ങ-
ളെല്ലാററിലുംവച്ചു, മെച്ചമായൊക്കയ്ക്കു-

മുള്ളിലായ്, ശുദ്ധമാ,യുജ്ജ്വലമായൊരു
പള്ളിയറയും പരിസ്ഫുരിച്ചീടുന്നു.

ശില്പകലതന്നെ തന്റെ ചാരുവാം
കല്പനാവൈഭവം കോരിച്ചൊരിഞ്ഞുടൻ

കെല്പോടുലോക്കാമ്പുമയക്കുവാൻ തീർത്തതാ-
മപ്പൊന്മണിയറയെന്നുതോന്നും കണ്ടാൽ.

നാലുപാടും നൽചതുരശ്രമണ്ഡപ-
ജാലമാന്റം, മേല്പുരയെന്നി മദ്ധ്യത്തു്,

നീലമാമംബരം തട്ടായുമങ്ങതിൻ
ചേലിയലും ദ്വാരദേശം വിളങ്ങുന്നു.

ശുദ്ധധവളവെണ്ണക്കുളുർകല്ലുകൊ-
ണ്ടെത്രയും രമ്യമായ്കെട്ടി,യതിന്നടെ

നേത്ത്രമിനുസമാം പാളികൾകൊണ്ടുതാൻ
തീർത്തോരടിത്തളത്തോടും, വിമലമായ്

നൽത്തോയമാന്ന നീരാട്ടുകുളമതിൻ
മദ്ധ്യത്തു ഭംഗികലന്നുവിലസുന്നു.

നാലുകരകളിലും കല്പടയിലും
മേലായതിൻ കടവിൻ കുട്ടിമത്തിലും

ലോലമാം വെള്ളസ്ഫടികങ്ങളാൽ ചിത്ര-
വേലകൾ ചെയ്തിരിക്കുന്നു വിശിഷ്ടമായ്.



Digitized By Kerala Sahitya Akademi

മഞ്ഞുനീക്കട്ടകണക്കെ കുളത്തതി-
മഞ്ജുളമാമസ്ഥലത്തു നടകൊവാൻ

നെഞ്ചിൽ കുതൂഹലമാക്കുമുണ്ടാം ജന-
മഞ്ചുന്ന ചൂടാന്ന വേനൽദിനങ്ങളിൽ.

അമ്മുഖമണ്ഡപത്തൂടെയു, മപ്പുറ-
ത്തുമ്മരത്തിൻ ചിത്രപീഠത്തിലൂടെയും,

അന്തർഗൃഹത്തിൽ കടക്കവേ, ശാന്തമായ്
സ്വന്തം നിറംവിട്ട സൂര്യകിരണങ്ങൾ.

പാരം വെളുത്തും, വിളറിയും മങ്ങിയും
തീരെയനുഷ്ണമാം ച്ഛായയായ്ത്തീരുന്നു.

അപ്പുറത്തത്യന്തശോഭാമനോജ്ഞമാ-
യത്ഭുതത്തെക്കാളുമത്ഭുതരൂപമായ്

അപ്പൂവനമണിമന്ദിരംകാണ്മത-
ത്ത്യപ്പടിതന്നിലണഞ്ഞുനോക്കടവേ

അന്തഃകരണമലിഞ്ഞു പോകച്ചൊരു
ചിന്തയും വാക്കുമെഴാതെ വിവശമായ്

ഹന്ത! ദിനംതന്നെ നിന്നങ്ങുവൈകിയൊ-
ട്ടന്തിയായ്പോയെന്നു തോന്നും നിരൂപിച്ചാൽ.

പ്രാന്തങ്ങളിൽ ഗന്ധയുക്തതൈലങ്ങളാൽ
കാന്തികലന്നു കത്തുന്ന ദീപപ്രഭ,

ശാന്തമനോഹരദീപ്തി കലന്നതിൽ
സ്വാന്തം മയക്കുന്ന സൗരഭ്യമാർന്നടൻ,

നല്പഴകേറും കിളിവാതിലുകളി-
ലുല്ലസിക്കും ശുക്തിവേലകളൂടെയും,

Digitized By Kerala Sahitya Akademi

ചാരുനക്ഷത്രശില്പ്പം പൂണ്ടു സൂക്ഷ്മമായ്
പാരംസ്ഫുരിക്കും മുദ്ധവിരിയ്യടെയും.

ഉള്ളിൽകടന്നൊരു ശില്പവിചിത്രമാം
പള്ളിമഞ്ചത്തിങ്കൽ വിരിഞ്ഞു മൃഴവും

മൂടുന്ന പൊൻനൂൽവലകളിലും, ശോഭ
തേടുന്ന പട്ടുകിടക്കകൾ മേലിലും

തട്ടിദ്യുതിപകന്നേററം സുഖദമാം
മട്ടിൽ മണിയറയ്ക്കുള്ളിൽ പ്രകാശിപ്പൂ.

ഭംഗിയെഴുമതിൻവാതിലിൽ ചിത്രമാം
തൊങ്ങലിയന്നത്തുങ്ങും തിരശ്ശീലയെ

മാററിയകത്തുകടക്കാ വിധേയരി-
ലേററവും സൗഭാഗ്യമാന്നവരെന്നിയേ.

ഓമൽപ്രഭാതത്തിലുമേറെ ദീപ്തമായ്
കോമളമായ് സന്ധ്യപോലങ്ങു സർവദാ

ചാരുവാമപ്രഭാപൂരം സ്ഫുരിക്കയാ-
ലാരുമറിവീല രാവും പകലുമേ.

നൽപുലർകാലത്തിലേക്കാൾ സുഖദമാ-
യപ്പാതിരാവിലെപ്പോലെ ശിശിരമായ്,

ഉൾപ്പൂകുളുക്കുന്ന മട്ടിൽ മധുരമാ-
യെപ്പൊഴുമങ്ങിളംകാററു വീശീടുന്നു.

ക്ഷീണതവിട്ടു രാവുംപകലും ചാരു
വീണാമൃദംഗസ്വനമുള്ളിൽ മുഴങ്ങുന്നു

സ്വാദുതരങ്ങളാം ഭോജ്യങ്ങളുമങ്ങു
സാദരം വച്ചിരിക്കുന്നു ദിവാനിശം.

Digitized By Kerala Sahitya Akademi

മഞ്ഞുനീർ വാർന്നു മെത്തും സൌദിയലുന്ന
മഞ്ജുളമായ മധുരപകാങ്ങളും,

ആരാൽ ഹിമാദ്രിയിലുള്ള നീർക്കട്ടയാൽ
പാരംതണുപ്പിച്ച പാനകവർഗ്ഗവും,

മേദുരസ്നിഗ്ദ്ധമധുരങ്ങളാം പല
മോദകാദ്യങ്ങളും കാണുന്നി;തെന്നല്ല,

ചാരുദന്തംപോൽ വെളുത്തോരിളംനാളി-
കേരപാത്രത്തിലതിന്റെ രസങ്ങളും

പാനപാത്രങ്ങൾ വഹിച്ചും, പലവിധ
ഗാനവാദ്യാദി വിനോദങ്ങളാർന്നുമേ

രാവും പകലും തിരുമുമ്പിലമ്പൊട്ടു
സേവചെയ്യാൻ ചില ദാസിമാർ നില്ക്കുന്നു.

സന്മൃദുഗാത്രിമാർ,സാരംഗനേത്രമാർ,
മന്മഥരാജ്യമനോഹരമൂർത്തിമാർ,

അമ്മുകിൽവേണിമാർ നിന്നത്തിരുവടി
ചെമ്മേയുറങ്ങവേ മന്ദമായ് വീശുന്നു.

പള്ളിയുണർന്നാൽ പ്രഭുവിനേററം പ്രിയ-
മുള്ളതറിഞ്ഞുപചാരവിധികളാൽ,

ഉള്ളത്തെ വീണ്ടും വിഷയരസാബ്ധിയിൽ
തള്ളിയിടുന്നു വിലാസിനിമാരവർ.

ചേണാർന്ന വെള്ളിച്ചെറുകമ്പികൾ മീട്ടി
വീണവായിക്കുന്നു വിദ്യുല്ലതാംഗിമാർ

ഭംഗിയെഴും കാൽച്ചിലമ്പിന്റെ കിങ്ങിണി
സംഗീതമേളത്തിനൊത്തു കിലുങ്ങവേ

Digitized By Kerala Sahitya Akademi

അംഗങ്ങൾ വീശി മയങ്ങിനിന്നാടുന്നു
ശൃംഗാരമോഹനഗീതങ്ങൾ പാടുന്നു.

അപ്പോൾ പരന്നു മൃഗമദം ചമ്പക-
പുഷ്പമിവയുടെ സാരസൌരഭ്യങ്ങൾ

ചാലേ സുഗന്ധവസ്തുക്കളെരിച്ചെഴും
നീലനിരാവിപോൽ നേർത്ത ധൂപങ്ങളും

ലീലാവിലോലമാമുൾപ്പൂവിനെയതി-
വേലം സുഖത്തിൽ സ്വയം ലയിപ്പിക്കയാൽ,

ധന്യൻ സുമുഖിയശോധരയോടൊത്തു
പിന്നെയും പള്ളിക്കുറുപ്പുകൊണ്ടീടുന്നു.

ഇങ്ങനെ സിദ്ധാർത്ഥനെല്ലാം മറന്നഹോ!
സംഗസുഖത്തിൽ മയങ്ങി മരുവിനാൻ.

അത്രയല്ലാവിശ്രമവനത്തിന്നുള്ളിൽ
മൃത്യു, വാർദ്ധക്യം, വ്യസനം, വ്യഥ, രോഗം

ഇത്യാദിയെപ്പററി മിണ്ടരുതെന്നുമ-
കൃത്യജ്ഞനായ നൃപതിയാജ്ഞാപിച്ചു.

ലീലാഗൃഹത്തിൽ നൃത്തംവച്ചുനില്ക്കുന്ന
ലോലാംഗിമാരിലൊരുത്തിക്കു തൽക്ഷണം

ആലസ്യമാന്നു മിഴിമങ്ങിയാടുന്ന
കാലിണ തെല്ലുകുഴങ്ങിയെന്നാലുടൻ,

തന്തിരുമേനിക്കതുകണ്ടു മാനസ-
ചിന്തചെറുതുമുണ്ടാകാതിരിക്കുവാൻ

പ്രാന്തത്തിലെങ്ങുമേ നില്ക്കാതരമന-
പ്പൂന്തോപ്പുവിട്ടു പുറത്തുപൊയ്ക്കൊള്ളണം,

Digitized By Kerala Sahitya Akademi

സുന്ദരിയാമവൾ ശാപം പിണകയാൽ
നന്ദനോദ്യാനത്തിൽ നിന്നപ്സരസ്സപോൽ.

വേദനയും, വ്യാധിയും, ജനങ്ങൾക്കെഴും
ഖേദങ്ങളു, മവർ കണ്ണീർ പൊഴിപ്പതും,

പേടിപ്പതും, പ്രിയബന്ധുക്കളെപ്പിരി-
ഞ്ഞാടൽ പൊറാതെ നിലവിളിക്കുന്നതും,

കട്ടമേൽവെച്ചു ചുടലകളിൽ ശവം
ചുട്ടു തീയുംപുകയും പൊങ്ങിടുന്നതും,

എന്തുവേണ്ടാ നാട്ടിലുള്ള ദുഃഖങ്ങളി-
ലൊന്നിനെപ്പററിയെന്നാകിലുമങ്ങൊരാൾ

അക്ഷരം മിണ്ടിയാലായതു സൂക്ഷിച്ചു
ശിക്ഷനടത്തുവാൻ നിന്നു നിയോജ്യരും.

ആടിയും പാടിയുമങ്ങുവാണിടുന്ന
ചേടിമാക്കാക്കെങ്കിലും ചികുരങ്ങളിൽ

ഒററത്തലനാർ വെളുത്തു കണ്ടാൽ കട്ടം-
കുററമാണായതും; ചട്ടമീവണ്ണമായ്".

തേടിപ്പറിച്ചുകററും രാവിലേ പുഷ്പ-
വാടിയിൽ വാടിയ പൂക്കളെദ്ദാസിമാർ;

പാടേ പഴുത്തുപൊഴിയുമിലകളെ-
ക്കൂടെപ്പെറുക്കി ദൂരത്തു മറച്ചിടും

എന്നല്ല കണ്ണിനു കഷ്ടമായ് തോന്നുന്ന-
തൊന്നുമവിടെയില്ലാതെ സൂക്ഷിച്ചിതു.

മന്നവൻ ചിന്തിച്ചു; "തീവണ്ണമാകുകി-
ലെന്നുടെ നന്ദനൻ ലോകദുഃഖങ്ങളെ

Digitized By Kerala Sahitya Akademi

ചിന്തിയാതേയും, മററും വിചാരങ്ങളാൽ
വന്ധ്യമാക്കാതെയും പോക്കിട്ടം യൌവനം;

പിന്നെയവനൊരു ഭിക്ഷുവായ്പോകുമെ-
ന്നെന്നുടെ മാനസത്തിൽപെട്ടം പേടിയും

ഛിന്നസന്ദേഹമൊഴിയും;—വിരക്തിയീ-
മന്നിൽ മനുഷ്യൎക്കു സാദ്ധ്യമാകുന്നതോ ?

എന്നല്ല, പിന്നെവരേണ്ട വിഭവങ്ങ-
ളൊന്നൊഴിയാതെൻ കുമാരനു കൈവരും.

കുററമില്ലാതവൻ കാക്കും വിചാരിക്കി-
ലൊററവെൺകൊററക്കുട ധരിച്ചൂഴിയെ;

മാററലരററ മഹാസാൎവ്വഭൌമനാ-
യേററവും മാഹാത്മ്യമാൎന്നീടു"മെന്നുമെ.

ഇങ്ങനെ മന്നവനമ്മനോമോഹന-
ശൃംഗാരരംഗമാകും ജയിലിൽ സ്വയം

രാഗമാം കാരാധികാരിക്കു കീഴ്സുഖ-
ഭോഗങ്ങളാകുമിരുമ്പഴികൾക്കുള്ളിൽ,

ഇട്ടുമകനെയടച്ചൊരു വന്മതിൽ
കെട്ടുവാൻ കല്പിച്ചു ദൂരത്തുചുഴവും.

അഗ്രഭാഗത്തിങ്കൽ വെങ്കലത്താലങ്ങൊ-
രുഗ്രമാം വാതിൽ നിൎമ്മിപ്പിച്ചു മദ്ധ്യത്തിൽ;

ഊററമാമക്കവാടം തുറന്നാൽ തള്ളി
മാററുവാൻവേണമൂക്കുള്ള നൂറാളുകൾ;

വാൎക്കുമതിൻെറയുൽഘാടനശബ്ദവും
കേൾക്കാറുണ്ടൊരുയോജന ദൂരത്തിൽ.

Digitized By Kerala Sahitya Akademi

ഇമ്മതിലിനുള്ളിൽ വേറൊരു സാലമു-
ണ്ടമ്മതിൽക്കെട്ടിന്നകത്തുണ്ടു മറെറാന്നും,

ഇമ്മൂന്നു സാലങ്ങളിലും പടിവാതിൽ
ചെമ്മേയടച്ചുഴിയിട്ടിരിക്കും സദാ.

ആവഴിയല്ലാതരമന വിട്ടിട്ടു
പോവതിന്നില്ലൊരുമാൎഗ്ഗവുമാക്കുമേ;

ആ വാതിലുകളിന്മുമ്പിലോരോന്നിലും
കാവലുമുണ്ടു വിശ്വസ്തഭടജനം.

എന്നല്ലതുവഴി പോവാനൊരുവനും
ചെന്നാലയയ്ക്കരുതെന്നും, സ്വയം തന്റെ

നന്ദനൻ പോരുകിലും നിജകല്പന-
യെന്നി വിട്ടീടരുതെന്നും, വിട്ടുകിലോ

അന്നങ്ങനെ ചെയ്തവൎക്കു വധശിക്ഷ-
യെന്നുമാജ്ഞാപിച്ചു വാണു നൃപൻ സുഖം.

രണ്ടാം കാണ്ഡം സമാപ്തം.

—:*:—

Digitized By Kerala Sahitya Akademi

# ശ്രീബുദ്ധചരിതം

## കിളിപ്പാട്ട്.

പരിഭാഷകൻ,

എൻ. കുമാരൻ ആശാൻ

ശാരദാ ബുക്കുഡിപ്പോ

തിരുവനന്തപുരം.

★

5-ാം പതിപ്പ് കോപ്പി 1500

പകർപ്പവകാശം.

★

സഹോദരൻ പ്രസ്സ്, എറണാകുളം.

1124

ഉടമസ്ഥന്മാരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

# മുഖവുര.

ശ്രീബുദ്ധചരിതം കിളിപ്പാട്ടിന്റെ ആദ്യത്തെ രണ്ടു കാണ്ഡങ്ങൾ അടങ്ങിയ ഒന്നാംപുസ്തകം പുറത്തായിട്ട് ഇപ്പോൾ രണ്ടു കൊല്ലം കഴിഞ്ഞിരിക്കുന്നു. ആ പുസ്തകത്തിന്റെ മുഖവുരയിൽ സൂചിപ്പിച്ചിരുന്നപ്രകാരം മൂന്നും നാലും കാണ്ഡങ്ങളടങ്ങിയ രണ്ടാംപുസ്തകം പ്രസിദ്ധപ്പെടുത്താൻ ഇത്ര താമസംനേരിട്ടതിൽ വ്യസനമുണ്ട്. എന്നാൽ, ഇപ്പോഴെങ്കിലും പ്രതിജ്ഞയെ നിറവേററാൻ സാധിച്ചതിലുള്ള ചെറിയ ചാരിതാർത്ഥ്യത്തോടുകൂടി ഈ രണ്ടാംപുസ്തകവും സഹൃദയരായ വായനക്കാരുടെ മുമ്പാകെ സാദരം സമർപ്പിച്ചുകൊള്ളുന്നു.

ഒരു സംഗതിയാണ് ഇതിൽ പ്രത്യേകം പ്രസ്താവയോഗ്യമായുള്ളത്. ഈ കിളിപ്പാട്ട് "Light of Asia" എന്ന ഇംഗ്ലീഷ് കൃതിയുടെ ഒരു സ്വതന്ത്ര തർജ്ജിമയായിട്ടാണല്ലോ ആരംഭിച്ചിരുന്നത്. എങ്കിലും ഇതിനെ ഒരു സ്വതന്ത്രകൃതിയായി അവസാനിപ്പിക്കുന്നത് പലതുകൊണ്ടും അധികം നല്ലതായിരിക്കുമെന്ന് ഒടുവിൽ തോന്നുകയാൽ ഈ രണ്ടാംപുസ്തകം മുതൽ ആ അഭിപ്രായത്തിന്നനുരൂപമായ രീതിയിലാണ് ഗ്രന്ഥം നിർമ്മിച്ചിട്ടുള്ളത്. അതുകൊണ്ടു മൂന്നാംകാണ്ഡത്തിൽ പൂർവ്വാധികം സ്വാതന്ത്ര്യമംഗീകരിക്കയും നാലാംകാണ്ഡത്തെ മിക്കവാറും ഒരു സ്വന്തകൃതിയായിത്തന്നെ പരിണമിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ വ്യതിയാനം കൊണ്ടു ഗ്രന്ഥത്തിന്റെ ആനുപൂർവ്വിക്കും ആകപ്പാടെയുള്ള ഭംഗിക്കും പ്രൌഢിക്കും ഹാനിതട്ടാതിരിപ്പാൻ ശ്രദ്ധവച്ചിട്ടുമുണ്ട്.

Digitized By Kerala Sahitya Akademi

ഇതിവൃത്തത്തിൽ ബുദ്ധഭഗവാന്റെ സന്ന്യാസംവരെയുള്ള പൂർവ്വാശ്രമകഥകൾ മുഴുവൻ ഈ നാലാംകാണ്ഡത്തോടെ അവസാനിച്ചിരിക്കുന്നതിനാലും ഇത്രയുംകൊണ്ടു ഗ്രന്ഥം പകുതി തീർന്നിരിക്കുന്നതിനാലും ഈ രണ്ടു് പുസ്തകങ്ങളേയും പൂർവ്വഭാഗമായി പരിച്ഛേദിക്കയും ചെയ്തിരിക്കുന്നു.

കൈതമുക്കു്, തിരുവനന്തപുരം,
1917 നവംബർ 23.

എൻ. കുമാരൻ ആശാൻ.

Digitized By Kerala Sahitya Akademi

# ശ്രീബുദ്ധചരിതം

## കിളിപ്പാട്ട്

---

### മൂന്നാം കാണ്ഡം

ശ്രീമയമായീടുന്ന വിശ്രമവനത്തിങ്കൽ
പ്രേമസിന്ധുവാം പ്രിയയോടൊത്തു യഥാസുഖം
ആ മനോഹരസൌധങ്ങളിലങ്ങനെ വാണാൻ
കാമകോമളരൂപൻ, സിദ്ധാൎത്ഥൻ തിരുവടി.
ഭീതിയും ദാരിദ്ര്യവും മറേറാരോ ദുഃഖങ്ങളും
വ്യാധിയും വാൎദ്ധക്യവുമെന്നല്ല മരണവും
ഏതുമെ സ്വയം ശാക്യസിംഹനാം തിരുമേനി
ചേതസ്സിലെന്താണെന്നതറിഞ്ഞീലതുവരെ.
രാത്രിയിലെന്നാൽ, നിദ്രാസിന്ധുവിൽ സ്വപ്നക്കപ്പൽ-
യാത്രയിൽ തളൎന്നുഷസ്സാം കരയെത്തീടുവോർ
ചിത്രമായിടയ്ക്കിടെ കണ്ടുള്ള വിശേഷങ്ങ-
ളത്രയും തന്നോടോതിയിരുന്നിതപ്പോളപ്പോഠം.
ഈവിധം വാഴുന്നാളിലത്തിരുവടിയോമൽ-
പൂവൽമേനിയാം യശോധരതൻ തിരുമാറിൽ

Digitized By Kerala Sahitya Akademi

പാവനമാകും ശിരസ്സുണച്ചു മയങ്ങിയും
സാവധാനമായ് ദേവി മൃദുവാം വ്യജനത്തെ
ഓമനക്കരതാരിലേന്തി വീശവെ മിഴി-
ത്താമരയിതളുകൾ പൂട്ടിയുമുറങ്ങമ്പോൾ
ശോകാവേഗത്താലെന്നപോലിടനെഞ്ചു പൊട്ടി-
യാകുലാത്മാവായ് ഞെട്ടിയുണരും പലപ്പോഴം.
"ലോകമേ, ഹാ! ഞാനെൻറകോലമേ! കേൾക്കുന്നുണ്ടു
നീ കേഴുന്നതു, നിനയ്ക്കുന്നുണ്ടു, വരുന്നു ഞാൻ."
ഇങ്ങനെ പുലമ്പീട്ടു, മുടനേ ദേവിയുള്ളിൽ
തിങ്ങിയ ഭയത്തോടും തന്മുഖാംബുജം നോക്കും.
എന്തയ്യോ! കേഴുന്നതെൻ പ്രാണവല്ലഭ, ഭവാ-
നെന്തൊരുമൂലമഴൽ നിന്തിരുമേനിക്കെന്നു
ഖേദിച്ചു പരിഭ്രാന്തചിത്തയായലിവൊടു
ചോദിക്കും ചപലനീലോല്പലവിലോചന.
ആകുലത്വം തോന്നുമാറന്നേരം മുഖത്തതി
ശോകവും ദേവതുല്യതേജസ്സും സ്ഫുരിക്കയാൽ,
കേണീടുമവൾ; നാഥനന്നു തൃക്കൺപാർത്തു
ചേണാന്ന ചെറുചിരിതൂവിയാശ്വസിപ്പിക്കും.
പ്രാണനാഥയെച്ചിത്തകാലുഷ്യം നീങ്ങുമാറു
വീണവായിച്ചീടുവാൻ കല്പിക്കും പിന്നെ ദേവൻ.
അങ്ങനെയിരിക്കെ നൽക്കമ്പികൾ ശ്രുതികൂട്ടി-
യങ്ങുതൻകിളിവാതിൽപടിമേലൊരുരാവിൽ

Digitized By Kerala Sahitya Akademi

വച്ചിരുന്നിതു വെള്ളിവീണയൊന്നിളങ്കാററു
സ്വച്ഛന്ദമടിച്ചതിൽ സ്വനങ്ങൾ പൊങ്ങുംമട്ടിൽ.
കമ്പിയിൽ കാററടിച്ചിട്ടോരോരോവിധം ചെവി-
ക്കിമ്പമാമ്മാറു പലനാദങ്ങൾ പൊങ്ങീമന്ദം.

ചുററുമാളുകൾ ശയിച്ചിരുന്നോർ കേട്ടിട്ടതിൽ
ചെററുമേ വിശേഷം തോന്നീലവക്കാക്കുമെന്നാൽ.

താനേ തന്ത്രികൾ തൂവും കാകളി കുമാരനു
വാനവർ വിണ്ണിൽ വീണവായിപ്പതെന്നുതോന്നി.

മാനസത്തിങ്കു, ലതുമല്ല ദേവകൾ പാടും
ഗാനവുമതിൽ കലന്നങ്ങനെ കേട്ടു നാഥൻ.
"ഇണ്ടലാന്നോടി വിഭ്രമംകൊതിച്ചെല്ലാടവും
തിണ്ടാടും വായുവിൻെറ ശബ്ദങ്ങളല്ലോ ഞങ്ങൾ.

കണ്ടീടുന്നില്ലയെങ്ങുമാശ്വാസമതുമൂലം
കണ്ടതയാന്നിവണ്ണം കേഴുന്നിതറിഞ്ഞാലും.
ഊഴിയിലോക്കുമ്പോഴിക്കാററിനും മനുഷ്യൻെറ
പാഴാംജീവിതത്തിനും ഗതിയൊന്നതായതു്.

കേഴുക, നെടുവീർപ്പിട്ടീടുക, തേങ്ങീടുക,
വ്യഴവും ചീറിക്കതിച്ചോടുക, പിടയുക
എന്തിനായുണ്ടായ് ഞങ്ങളെങ്ങനിന്നുണ്ടായെന്നും
ചിന്തിച്ചാലാക്കുമറിയാവതല്ലിതുപോലെ.

എങ്ങനിന്നിജ്ജീവിതമുണ്ടായെന്നതും, പിന്നെ-
യെങ്ങോട്ടേയ്ക്കതു പോകുന്നെന്നുമാക്കറിയാവൂ!

Digitized By Kerala Sahitya Akademi

അന്തരമില്ല വിഭോ! നിങ്ങൾക്കും ഞങ്ങൾക്കും; നാ-
മന്തരാളത്തിൽ വൃഥാ തോന്നിയ ഭ്രതങ്ങൾതാൻ.

സന്തതം രൂപംമാറി വരുമിക്ലേശങ്ങളി-
ലെന്തൊരു സൌഖ്യമുള്ള ഞങ്ങൾക്കു നിരൂപിച്ചാൽ
ഇങ്ങെഴുമവിശ്രാന്തം വിഷയഭോഗങ്ങളി-
ലങ്ങയ്ക്കുമെന്തു സുഖമോ ഞങ്ങളറിവീല?

പിന്നയിപ്രേമംതന്നെ ശാശ്വതമായിരുന്നാൽ
സന്ദേഹമില്ല പരമാനന്ദമൊന്നുണ്ടതിൽ;
ആയുസ്സുതന്നെ വിശ്വാസാസ്പദമല്ലാത്തൊരീ-
വായുപോൽ ചപലമല്ലോ! പിന്നെ സ്ഥിരമാമോ
കമ്പമാന്നതിൽ നില്ക്കുമീപ്രേമം കാററാൽവീണ-
ക്കമ്പിമേലുണ്ടാം ക്ഷണസ്ഥായിയാം നാദംപോലെ.

ഭൂമിയെ ചുററി ഞങ്ങളെന്നും സഞ്ചരിക്കയാൽ
ഹേ! മായാസുത, വീണമേൽ വന്നു വിലപിപ്പൂ.

ഉല്ലാസംപൂണ്ടു ഞങ്ങൾ പാടുകയല്ല, പാക്കി-
ലില്ലല്ലോ ഹഷത്തിനു കാരണമൊരേടത്തും,
ചെല്ലുന്നദിക്കിലെല്ലാം ദേഹികൾക്കനാരത-
മല്ലലല്ലാതെയില്ല; യെങ്ങുമേ കാൺമൂ ഞങ്ങൾ
ആറായിച്ചുടുകണ്ണീരോലും നേത്രങ്ങൾ, താപ-
മാറാതെ തിരുമ്മീടുമെത്രയോ കരങ്ങളും.

അഴതീടിലും പരിഹാസം തോന്നുന്ന ഞങ്ങൾ-
ക്കൊഴിയാത്തൊരീജനത്തിൻെറയന്ധതകണ്ടാൽ.

Digitized By Kerala Sahitya Akademi

ഉത്സാഹിച്ചവർ മുറുകെപ്പിടിക്കുമീലോകം
നിസ്സാരമിഥ്യാരൂപമെന്നറിയുന്നീലല്ലൊ.
വിണ്ണിലോട്ടംമേഘത്തെ വിലക്കും നില്ക്കാനിവർ;
ദണ്ഡിക്കും കയ്യാൽ പുഴയൊഴുക്കു തടുക്കാനും.
എന്നാൽ നിന്തിരുവടി ലോകരക്ഷാർത്ഥമല്ലോ
വന്നവതരിച്ചിതു; കാലവുമായിതല്ലോ,
എന്നൊഴുന്നെള്ളീടുമങ്ങെന്നു കാത്തിരിക്കുന്നു
ഖിന്നമാം ജീവലോകം കഷ്ടതനീങ്ങീടുവാൻ.
അന്തമില്ലാതെ നീണ്ട സംസാരയാത്രതന്നി-
ലന്ധമാം ലോകം ചുററിത്തിരിഞ്ഞു വലഞ്ഞേററം
ആയാസത്തോടുമടിയിടറി വീഴുന്നതേ
മായാനന്ദനായെല്ലാ, യങ്ങിനിയുറങ്ങൊലാ.
തെണ്ടിമണ്ടും വായുവിൻ ശബ്ദങ്ങളാണു ഞങ്ങൾ
തെണ്ടുകയങ്ങുംപോയി നിർവ്വാണം നൃപാത്മജ!
സ്വതന്ത്രരാഗത്തെ രാഗബദ്ധമാംലോകത്തിൻെറ
സന്താപം കെടുപ്പതിനായ് സ്വയം വെടിക നീ.
ബന്ധുരരാജ്യഭോഗം വിട്ടു ദുഃഖിച്ചു ദുഃഖ-
ബന്ധത്തിൽനിന്നു മോചിപ്പിക്കുക ഭുവനത്തെ.
ഇങ്ങനെ വെള്ളിവീണക്കമ്പിമേൽ തട്ടിത്തേങ്ങി
ഞങ്ങൾ നിന്തിരുവടി കേൾക്കുവാൻ കേഴുന്നതാം.
അങ്ങന്നോ ലോകദുഃഖമേതുമേയറിവീല-
യിങ്ങതോർത്തിന്നു ചിരിച്ചുംകൊണ്ടുപോവൂ ഞങ്ങൾ.

Digitized By Kerala Sahitya Akademi

അഴകേറുന്ന കാന്തതൊട്ടെഴും ഭോഗമാകും
നിഴലിൽ നിരയമായ് ക്രീഡിക്കുന്നല്ലോ ഭവാൻ!"
ഇതു സംഭവിച്ചതിൽ പിന്നെയങ്ങൊരുനാളി-
ലതിമോഹനമാകുമായരമനയുള്ളിൽ,
മധുരാംഗിയാം യശോധരതൻ കയ്യും പിടി-
ച്ചുദിതകൌതുഹലം നല്ലൊരു സായാഹ്നത്തിൽ,
സഖിമാരുടെ നടുവിൽ, സ്വയംവിനോദിച്ചു
സുഖമാർന്നിരുന്നരുളീടിനാൻ മഹാഭാഗൻ.
അപ്പൊഴുതാളിമാരിലൊരു സുന്ദരിയൊരു
ചെല്ലൊങ്ങമിതിഹാസം ഭംഗിയിൽചൊല്ലീടിനാൾ.
മേദുരകണ്ഠം ക്ഷീണിച്ചീടുമ്പോളിടയ്ക്കിടെ
സാദരം മധുരമായ് വീണവായിച്ചിട്ടവൾ
അന്തിനേരം നയിപ്പാൻ ചൊല്ലുമപ്രേമരസ-
ബന്ധുരകഥ തന്നിലോരോരോ പ്രസ്താവത്തിൽ
ആശ്ചര്യകരമൊരു മായാശപം, ദൂരത്തുള്ള
പാശ്ചാത്യദേശങ്ങ, ളെന്നല്ലതുകളിൽ വാഴും
വെണ്മെയന്നിറമേലും ജനങ്ങ, ളങ്ങന്തിയിൽ
ചെമ്മേ പോയ് സൂര്യദേവൻ മുങ്ങമക്കടലുകൾ,
എന്നോരോന്നിനെപ്പററിപ്പറഞ്ഞു കേട്ടീടവേ
വന്നൊരുല്ലുണ്ടുയോടും ഭഗവാനരുൾചെയ്തു
"ചിത്ര"യിച്ചൊന്ന കഥ വീണയിൽ സ്വയംകേട്ട
ചിത്രമാം വൃത്താന്തത്തെയോർമ്മിപ്പിച്ചീടുന്നിതേ!

Digitized By Kerala Sahitya Akademi

സത്വരമിവൾക്കു സമ്മാനമായ് നീ ചാർത്തുന്ന
മുത്തണിമാലതന്നെ നൽകുക യശോധരേ!
എൻകരൾക്കാമ്പാടുന്നിതറിവാൻ, ചൊല്ലു നീയെൻ-
തങ്കമേ, ഭൂലോകമിതിത്ര വിസ്തീർണ്ണമാണോ?
ഇദ്ധരിത്രിയി, ലലയാഴിയിൽ പോയി സൂര്യ-
നസ്തമിപ്പതു കാണാവുന്ന രാജ്യവുമുണ്ടോ?
ഉണ്ടെങ്കിലന്നാട്ടിലെജ്ജനങ്ങൾ ശീലംകൊണ്ടും
കണ്ടാലും നമ്മെപ്പോലെതന്നെയോ ചൊല്ലു കാന്തേ!
ഉള്ളതാമങ്ങോർക്കിൽ നാമറിയാതസംഖ്യം പേ-
യുള്ളത്തിലവർക്കും സൌഖ്യമില്ലെന്നും വരാം
കണ്ടറിഞ്ഞെന്നാൽ നമ്മളവരെക്കനിഞ്ഞുട-
നിണ്ടൽ തീർത്താശ്വസിപ്പിച്ചെന്നുമാമല്ലീ പ്രിയേ!
ദിനനായകൻ നിത്യം കിഴക്കേദിഗന്തത്തിൽ
ജനതയ്ക്കാനന്ദമേകുന്ന ചെങ്കതിരുകൾ
അഴകിൽ പരത്തിക്കൊണ്ടുയർന്നു ദീപ്തമാകും
വഴിയേ വിണ്ണിലേറിപ്പശ്ചിമദിക്കു നോക്കി
എഴുന്നള്ളുന്നോരാഡംബരം കണ്ടെനിക്കുള്ളി-
ലൊഴിയാതത്യാശ്ചര്യംതോന്നുമാറുണ്ടു നാഥേ!
അതുമല്ലർക്കൻ പിന്നൊത്താഴുമ്പോൾ പടിഞ്ഞാറു-
ള്ളതിപാടലമായൊരന്തിശോഭിക്കും ദിക്കിൽ
കൂടിച്ചേർന്നൊത്തുവാനങ്ങുള്ള ജനങ്ങളെ
കൂടിക്കാണ്മാനും നിത്യമേറുമുൽക്കണ്ഠാഗ്നിയാൽ

Digitized By Kerala Sahitya Akademi

വെന്തീടുമാറുമുണ്ടെന്നാൾക്കാമ്പു നീയെന്നെയീ
ചെന്തളിർ വല്ലിതോല്ക്കും ചാരുകൈകളാൽകെട്ടി
ക്കുറൊത്തുതഴവുമ്പോഴ്പോലും, ഞാൻ നിൻെറ കളർ-
മാറത്തു തങ്ങി വിശ്രമിക്കമ്പോൾപോലും, പ്രിയേ!
ഇല്ല സന്ദേഹം സ്നേഹിക്കേണ്ടവർ നമുക്കൊ
വല്ലതേ പലരുമുണ്ടായിരിക്കണം വേറേ.
അല്ലെങ്കിലിങ്ങനെ നാം സുഖിച്ചമരുവുമ്പോൾ
വല്ലാത്തൊരീയുൽകണ്ഠ തോന്നുവാനണ്ടോബന്ധം?
പല്ലവസമാധരേ, നിൻെറചുംബനങ്ങൾക്കും
തെല്ലുമീയഴൽനീക്കാൻ പാടവംപോരാ നാഥേ!
ചൊല്ലുക ചിത്രേ! നീ ചൊന്നോരുപാഖ്യാനത്തിലെ
ച്ചൊല്ലുള്ള ദിവ്യാശ്വമതെങ്ങിപ്പോൾ ന!ൽപ്പു ബാലേ!
നല്ലഗന്ധർവ്വലോകവൃത്താന്തമറിവവ-
ളല്ലോ നീ,- എനിക്കൊരുദിവസത്തേക്കായശ്വം
കിട്ടുമോ കേറിയോടിച്ചീടുവാ? നതിന്നായെൻ-
കൊട്ടാരമിതു വേണമെങ്കിലും നൽകാമെടോ.
കിട്ടിയാലതിലേറിയേറെവേഗത്തിലൂഴി-
ത്തട്ടാകെയോടിത്തിരിഞ്ഞെനിക്ക നോക്കാമല്ലോ!
എന്നല്ലെന്നൊക്കാൾ ജഡഭോഗങ്ങൾ ഭുജിക്കവാ-
നെന്നുമേ സ്വതന്ത്രനാമിച്ചെറുകഴുകൻെറ
ചിറകിന്നെനിക്കുണ്ടായിരുന്നുവെങ്കിൽ പൊങ്ങി-
പ്പറക്കാമായിരുന്നു പശ്ചിമദിക്കുനോക്കി

Digitized By Kerala Sahitya Akademi

ആയതമായ ചെമ്പരത്തിപ്പൂനിരയൊത്ത
സായാഹ്നസൂര്യകിരണാവലിതട്ടി മിന്നും
മഞ്ഞാന്നഹിമവാന്റെ വൻകൊടുമുടികൾ മേ-
ലഞ്ജസാചെന്നിരുന്നു ചൂഴവും കാണ്മതെല്ലാം
ആക്കമൊന്നുടൻ മിഴിതിരിച്ചുതിരിച്ചഹോ!
നോക്കാമായിരുന്നു കണ്ണെത്തുന്ന ദൂരംവരെ.
എന്തുകൊണ്ടിന്നാൾവരെ ദേശങ്ങൾ കണ്ടീലഞാ-
നെന്തുകൊണ്ടിനിക്കതിലാകാങ്ക്ഷ തോന്നാഞ്ഞതും?
കേട്ടീടാൻമോഹമിപ്പോളേതെല്ലാം സ്ഥലങ്ങളി-
ക്കോട്ടവാതലിൻ വെളിക്കുള്ളതു സഖിമാരേ!
ഇതുകേട്ടൊരുത്തി ചൊല്ലീടിനാൾ:- എന്നാൽ, കനി-
ഞ്ഞതിമോഹനാകൃതേ, കേട്ടുകൊണ്ടാലും ഭവാൻ.
ഏററവുമടുത്തു ദേവാലയങ്ങളാ,മിളം-
കാററിൽ പൂമണംവീശുമുദ്യാനങ്ങളാംപിന്നെ
വൃക്ഷവാടികളവയ്ക്കപ്പുറ,മതെപ്പുറം
ശിക്ഷയിൽ കൃഷിയേററിവിളങ്ങും വയലുകൾ,
പിന്നെയപ്പുറപ്പാന്ന തരിശുനിലങ്ങളാം,
പിന്നെ മൈതാനങ്ങളാം, പിന്നെയെത്രയോ കാതം
അംബുധിപോൽ പരന്ന കാടുകളല്ലോ, പിന്നെ
ബിംബിസാരനാം നൃപൻ തന്നുടെ രാജ്യമല്ലോ,
അതിനപ്പുറം സമദേശങ്ങൾ വിലസുന്ന
വിതതമായിക്കോടികോടിയാളുകളോടും.

Digitized By Kerala Sahitya Akademi

എന്നതുകേട്ടു ഭഗവാനടനതംചെയ്തു:-
നന്നിതു നാളെ മദ്ധ്യാഹ്നത്തിൽ താനെനിക്കിനി
യൊന്നൊഴിയാതെ പുറത്തുള്ളൊരു വിശേഷങ്ങൾ
സന്ദർശിക്കണം പോയിസ്സംശയമില്ലേതുമേ
ച്ഛന്ദനെൻ തേർ തെളിച്ചീടണമിന്നതിനായി
ച്ചെന്നടൻ നൃപാനുജ്ഞ വാങ്ങുവിൻ മടിയാതെ.
അതുപോൽ പരിജനമണഞ്ഞു തിരുമമ്പി-
ലതുലാദരമുടൻ വൃത്താന്തമുണർത്തിനാർ:
നിന്തിരുമകൻ വിഭോ! നാളെ മദ്ധ്യാഹ്നത്തിങ്കൽ
സ്വന്തമാം തേരിലേറി വെളിയിലെഴുന്നെള്ളി
അന്തികദേശത്തുള്ള ജനങ്ങൾ തമ്മെക്കാണ്മാ-
നന്തരംഗത്തിലാശ തേടുന്നു ദയാനിധേ!
എന്നതുകേട്ടു ചിന്തിച്ചോതിനാൻ മഹീപതി
നന്നിതു കാലമായി വത്സനായതിന്നിപ്പോൾ.
എന്നാൽ ഘോഷകജനം നടന്നു നഗരത്തെ
നന്നായിന്നലങ്കരിച്ചീടുവാൻ ചൊല്ലീടട്ടെ!
കഷ്ടമായുള്ളതൊന്നും കാണരുതൊരേടത്തും
ദൃഷ്ടിഹീനരു,മംഗഭംഗങ്ങളുള്ളവരും
കുഷ്ഠരോഗികളുമന്യാമയങ്ങളാൽ പാരം
ക്ലിഷ്ടതയനുഭവിപ്പവരുമെന്നുവേണ്ട,
ജരയാലുടൻ ജീർണ്ണിച്ചോരു വൃദ്ധരു,മംഗം
പരിശോഷിച്ചോർ ബലഹീനരായുള്ളോർപോലും

Digitized By Kerala Sahitya Akademi

തെരുവിൽ കാണുമാറായെങ്ങുമെത്തരുതിച്ചു
വിരവിലവർ വിളംബരവുംചെയ്യീടട്ടേ.
വായ്ക്കും കൌതുകത്തോടു പുരവാസികളതു
കേൾക്കവേ കൽത്തളങ്ങളടിച്ചു വെടിപ്പാക്കി
തോല്ക്കുഴൽവഴി ജലധാരകൾ വിട്ടു വീഥി
മേല്ക്കുമേലുത്സാഹമാന്നൊക്കവേ കഴുകിനാർ.
മംഗലമായ് കോലങ്ങളെഴുതി മുററത്തെല്ലാം
ഭംഗിയായ് നൽകുങ്കുമം തൂററിനാർ ഗൃഹിണിമാർ.
വാതലിൽ പുതിയ പൂമാലകൾ കെട്ടീടിനാർ
കോതി മുമ്പൊരുക്കി നിർത്തീടിനാർ തുളസിയെ.
കെല്ലൊടു, ചുവരിലെച്ചിത്രങ്ങൾ ചായമിട്ടു
ശില്പവേലക്കാർ പുതുക്കീടിനാർ വഴിപോലെ.
വൃക്ഷങ്ങൾ ചൂഴെജ്ജനം കൊടികൾ തൂക്കീടിനാർ
ശിക്ഷയായ് പൂശി മിനുക്കീടിനാർ പ്രതിമകൾ.
മെച്ചമായെന്നല്ല നാൽവഴികൾ കൂടും ദിക്കിൽ
പച്ചിലപ്പന്തലുകൾ നിർമ്മിച്ചങ്ങവയുള്ളിൽ
മിന്നും സൂര്യാദിദേവബിംബങ്ങൾ വെച്ചു ബഹു-
സന്നാഹമോടാരാധിച്ചീടിനാരങ്ങെല്ലാം.
എന്തിനു വിസ്തരിപ്പു കപിലവസ്തുവൊരു
ഗന്ധർവ്വനഗരിപോൽ വിളങ്ങിയെന്നേ വേണ്ടു.
പിന്നെഗ്ഘോഷകർ തമുക്കടിച്ചു നടന്നെങ്ങും
മന്നവനുടെയാജ്ഞയിങ്ങനെ വിളിച്ചോതി:-

Digitized By Kerala Sahitya Akademi

''അല്ലയോ! പൌരന്മാരേ,യെല്ലാരുമോരാൻ ഭൂമി-
വല്ലഭൻ കല്പിക്കുന്നതാവിതു:കേട്ടീടുവിൻ.

കഷ്ടമാം കാഴ്ചയൊന്നും നാളയിങ്ങൊരേടത്തും
ദൃഷ്ടിയിൽ പെട്ടീടുമാറാകരുതാകയാലെ

കുരുടർ, മുടവന്മാർ, കുഷ്ഠരോഗികൾ, പാരം
ജരാ,രാരോഗ്യമില്ലാത്തവ, രശക്തരും

ഒരു ദിക്കിലും വെളിക്കിറങ്ങീടരുതെന്നു-
ല്ലൊരു ഭൃതരും ശവദാഹംചെയ്യരുതെങ്ങും

വെളിയിൽപോലുമെടുത്തീടരുതാരും നാളെ
വെളുത്താലന്തിയാകും വരയ്ക്കും പ്രേതമൊന്നും.

ഇങ്ങനെ കല്പിക്കുന്നു മന്നവൻ ശുദ്ധോദനൻ
നിങ്ങളെല്ലാരുമറിഞ്ഞീടുവിനിച്ചെയ്തികൾ.''

അങ്ങനെയന്നു ശാക്യരാജധാനിയെ പൌരർ
മംഗലമാക്കിവെടിപ്പാക്കി മന്ദിരങ്ങളും.

ഹിമരാശികൾപോലെ വെളുത്തു പരസ്പരം
സമതതേടും രണ്ടുകാളകൾ സോത്സാഹമായ്

ഭംഗിയിൽ പാരം ഞാന്ന താടകൾ തുള്ളിച്ചേററം
പൊങ്ങി മാംസങ്ങളാം പോഞ്ഞുകൾ ചുളുങ്ങവേ

തോളിന്മേൽ ചിത്രമായിപ്പണിതുമെഴുകിട്ട
കാളുന്ന പുത്തൻ നുകം വഹിച്ചു വലിച്ചീടും

ശില്പവേലകൾചെയ്തു ചായമിട്ടൊരു തേരി-
ലത്ഭുതാകാരൻ യുവനൃപനുമെഴുന്നെള്ളി.

Digitized By Kerala Sahitya Akademi

വഴിയിൽ വരും കൊച്ചുതമ്പുരാൻതന്നൊപ്പൌരർ
തൊഴുതു വാഴ്ത്തീടുന്നൊരാനന്ദമെന്തു ചൊൽവൂ!
ചിത്രമാമുടുപ്പുകൾ ധരിച്ചും ചിരിച്ചുകൊ-
ണ്ടെത്രയും തെളിവാൻു വിളങ്ങും മുഖങ്ങളാൽ
ലോകമിതേററം സുഖാവഹമെന്നാകതാരി-
ലാകവേ കാണികൾക്കു തോന്നുമാറായും നില്ക്കും
വാത്തരായിഷ്ടരായപൌരവൃന്ദത്തെത്തുക്കൺ-
പാൎത്തു സന്തോഷിച്ചുടൻ ചിൎത്തുചൊല്ലിനാൻ ദേവൻ:-
നന്നുനന്നീലോകമെന്നല്ലഹോ നിരൂപിച്ചാ-
ലെന്നിലെത്രയും സ്നേഹം കാണുന്നിതിവൎക്കെല്ലാം.
മന്നവരല്ലാത്തൊരിജ്ജനങ്ങൾ സന്തുഷ്ടരായ്
ഖിന്നതവെടിഞ്ഞെത്രക്രൂറാന്നു മേവീടുന്നു.
വേലകൾചെയ്തും വീടുസൂക്ഷിച്ചുമുല്ലാസമായ്
ലോലാംഗിമാരിങ്ങുള്ള ഭഗിനിമാരും വാഴ്‌വൂ!
സന്തോഷമിവൎക്കൊക്കെയീവണ്ണമുണ്ടാകവാ-
നെന്തുപകാരംചെയ്തിട്ടുള്ളു ഞാൻ നിരൂപിച്ചാൽ!
സ്നേഹിച്ചീടുന്നുണ്ടു ഞാൻ തങ്ങളെയെന്നുതാനേ-
യൂഹിച്ചങ്ങനെയറിഞ്ഞിന്നിതിക്കിടാങ്ങളും!
നമ്മുടെമെയ്മേൽ നല്ല പൂവാരിയെറിഞ്ഞൊരു
രമ്യരൂപനാം ശാക്യബാലകനിതാ നിൽപൂ.
ചെന്നുനീയപ്പൈതലെയെടുത്തുകൊണ്ടുവരൂ
ഛന്ദാ, നമ്മോടൊത്തവൻ യാത്രചെയ്യട്ടെ തേരിൽ.

Digitized By Kerala Sahitya Akademi

ഇത്രനല്ലൊരു രാജ്യം ഭരിക്കേണ്ടതുതന്നെ-
യെത്രധന്യതയാന്ന കൃത്യമാകുന്ന പാർത്താൽ.
ഈവണ്ണം ഞാൻ വെളിക്ക വന്നതുകൊണ്ടുമാത്രം
താവുന്ന പൌരന്മാരിന്നിത്രയാമോദമെന്നാൽ
എന്തൊരു സുലഭമാം ഭാവമാണോർത്തുകണ്ടാൽ
സന്തോഷംതന്നെ;യെന്നല്ലിച്ചെറുക്കുരകളിൽ
തഞ്ചിയുല്ലാസമേലും ജനങ്ങൾ തൂവീടുന്ന
പുഞ്ചിരിപ്പൂനിലാവിൽ നഗരം മുങ്ങീടവേ
മിഞ്ചുമാറോരോ സുഖസാധനസാമഗ്രി ഞാൻ
സഞ്ചയിക്കുന്നതെല്ലാം വ്യർത്ഥമാണെന്നും തോന്നും.
തെളിക്ക രഥം ഛന്ദ, സച്ഛന്ദം വാതിലൂടെ
വെളിക്കുപോക;യിങ്ങു ഞാനറിഞ്ഞീടാത്തതായ്
അനർഘരസമാന്നൊരീലോകം കുറേക്കൂടി-
യെനിക്ക കണ്ടീടണമെന്നു കൌതുഹലം.
കടന്നു കോട്ടവാതിലങ്ങനെയവർ പോകു-
മുടനേ ഹർഷാകലമായ്‌വന്നു ജനക്കൂട്ടം
കൂടീതേരുരുളിന്നു ചൂഴവും ചിലർമുമ്പേ-
യോടിക്കാളകളുടെ കഴുത്തിൽ മാലചാർത്തി.
ചിലർ ചെന്നവയുടെ മിനുത്തു പട്ടുപോലെ
വിലസും പാർശ്വങ്ങളിലടിച്ചു തലോടിനാർ
അലിവോടവയ്ക്കു ഭക്ഷിക്കുവാൻ കൊണ്ടുവന്ന
ചിലപേർ ചോറും ചിലരപ്പവും നൽകീടിനാർ.

Digitized By Kerala Sahitya Akademi

ജയിക്കമഹാരാജനന്ദന, ജയിക്കക
ജയിക്കെന്നൊങ്ങമാത്തുവിളിച്ചാരെല്ലാവരും.
ഇങ്ങനെ വീഥിതോറും സന്തുഷ്ടജനങ്ങളും
തിങ്ങിയുല്ലസിച്ചിതു രമ്യമാം കാഴ്ചകളും
എങ്ങെങ്ങുനോക്കിയാലുമൊന്നുപോൽതന്നെ നൃപ-
നങ്ങനെയെല്ലാം സൂക്ഷിച്ചീടുവാൻ കല്പിക്കയാൽ.
അപ്പോഴനാടുവഴിതന്നിലങ്ങൊരു ചെറു-
കപ്പമാടത്തിൽ മറഞ്ഞിരുന്ന വെളിക്കടൻ
മുല്ലാടായൊരു പടുകിഴവൻ പിച്ചക്കാരൻ
തപ്പിയും തടഞ്ഞും വീണിഴഞ്ഞുമെത്തീടിനാൻ.
നാറിയ കീറത്തുണികൊണ്ടവനരമറ-
ച്ചുറെഘോഷിച്ചു വൃത്തികെട്ടതിവിരൂപനായ്
ഏററവും ചുക്കിച്ചുളിഞ്ഞുള്ളൊരു തൊലി,വെയി-
ലേറേററു പാരം കരുവാളിച്ചു ശരീരത്തിൽ
മെലിഞ്ഞു മാംസമെല്ലാം പോയൊരെല്ലിന്മേൽപററി
വലിഞ്ഞു മൃതമൃഗത്തിൻെറ തോലുപോൽ തൂങ്ങി
ഒട്ടേറെവയസ്സിൻെറ വൻഭാരം ചുമക്കയാൽ
നട്ടെല്ലു വില്ലുപോലെ വളഞ്ഞു കൂനിക്കൂനി
പങ്കിലമായിപ്പാരം നെടുനാൾ കണ്ണീർവാൎത്ത
കൺകുഴി രണ്ടും ചുവന്നേററവും കലങ്ങിയും
നലഞ്ഞു മററും പീളയടിഞ്ഞു കാഴ്ചമങ്ങി
വലഞ്ഞു വല്ലാതുള്ള കണ്ണുകൾ മിഴിച്ചുമേ

Digitized By Kerala Sahitya Akademi

പല്ലുകളെല്ലാം കൊഴിഞ്ഞൊഴിഞ്ഞ വെറുംതാടി-
യെല്ലുകൾ താനേയാടി വിറച്ചു വാതത്താലും
തെരുവിലെല്ലാടവുമാവിധമാഘോഷവും
പുരുഷാരവും കണ്ടു സംഭ്രാന്തനാകയാലും
കിഴവനവൻ തൊലിതൂങ്ങീട്ടുമൊരുകയ്യിൽ
പഴകിത്തേഞ്ഞ വടിയേന്തിത്തൻ വിറയ്ക്കും മെയ്-
മറിയാതൂന്നിപ്പിടിരുന്നു, വാപൊളിച്ചു
നിറയുംനോവാൻ വിട്ടീടുന്ന നെടുമൂച്ചാൽ
തേങ്ങിവീർത്തീടുമൊരുവശത്തെ വാരിയെല്ലു
താങ്ങിയുമിരുന്നതേ മറേറക്കൈകൊണ്ടു പാവം.
പിച്ചനൽകുവിനയ്യോ! പുണ്യവാന്മാരേ, യെൻെറ-
യിച്ചപലമാം പ്രാണനിന്നോ നാളെയോപോമേ
എന്നൊന്നുമുറവിളിച്ചാനടനേ വിങ്ങിവിങ്ങി
മന്നൊരുകരകൊണ്ടു വലഞ്ഞാൻ സാധുവൃദ്ധൻ
എന്നിട്ടു ഞരമ്പുകൾ വലിഞ്ഞു വിറയാന്തു
നിന്നു കൈനീട്ടിക്കൊണ്ടു കണ്ണുകൾ തുറിച്ചേററം
ഖിന്നനായഴകരൽ പൂണ്ടഹോ പലവട്ടം
പിന്നെയുമവൻ "പിച്ചതരണേ, പിച്ച"യെന്നാൻ,
ഉടനേ കണ്ടുനിന്ന ജനങ്ങളോടിച്ചെന്നു
പിടിപെട്ടപ്പാവത്തെയകലെത്തള്ളിയിട്ടു
കണ്ടുപോമിപ്പോൾ കൊച്ചുതമ്പുരാൻ ക്ഷണമോടി
മണ്ടി നിൻമടയിൽപോയ്മറഞ്ഞുകൊൾകെന്നോതി

Digitized By Kerala Sahitya Akademi

കെല്പററകാലിൽ തൂക്കിയക്കിഴവനെയവർ
ക്ഷിപ്രമാവഴിവിട്ടു വലിച്ചു മാററീടിനാർ.
"വിടുവിൻ വിടുവി"നെന്നുറക്കെ ദൂരനിന്നു
ഝടിതി വിളിച്ചോതിയപ്പോരം തന്തിരുവടി;
എന്നല്ല തിരിഞ്ഞുടൻ ചോദിച്ചു സൂതനോടായ്
ഛന്ദ!യിക്കാണ്മതൊരു മനുഷ്യവ്യക്തിതാനോ?
കണ്ടാലങ്ങനെ തോന്നുന്നല്ലോ മെയ്ക്രന്നപാര-
മിണ്ടൽപ്പെട്ടീടുമതിവികൃതമാമീരൂപം.
ജനിച്ചീടുമാറുണ്ടോ ചിലപ്പോളിമ്മാതിരി
മനുഷ്യർ ചൊല്ലീടുനീയെന്നല്ല കേരംക്കിസ്സാധു
പ്രാണൻപോയീടുമെനിക്കിന്നോ നാളെയോയെന്നു
കേണോതുന്നല്ലോ ചൊൽകയെന്തിതിന്നർത്ഥമെന്നും.
കിട്ടുമാറില്ലേയിവന്നാഹാരമൊന്നും വെറും
പട്ടിണികൊണ്ടോ മെയ്യിലെല്ലുകരം പൊങ്ങിക്കാണ്മൂ?
ഛന്ദനമതുകേട്ടു ചൊല്ലിനാൻ പ്രിയനൃപ-
നന്ദനായിവനൊരു വൃദ്ധനാം നരൻതന്നെ.
എൺപതുകൊല്ലങ്ങരം മുമ്പിവൻെറ മുതുകെല്ലി-
ക്കമ്പമാന്നീലെന്നല്ല നിവൻമിരുന്നതേ.
മിഴികരം മിന്നിത്തെളിഞ്ഞിരുന്നിതിവനേററ-
മഴകുണ്ടായിരുന്നു കാഴ്ചയിലുടലിന്നും.
ചോരയിമ്മെയ്യിൽനിന്നു മെല്ലമെല്ലവേ ജീവ-
ചോരനാം കാലമിപ്പോരം കുടിച്ചുവററിക്കയാൽ

Digitized By Kerala Sahitya Akademi

നീരററു വററുണ്ടുററം വേനലിൽ നിറംകെട്ട
പാരിൽവീണുണങ്ങുന്ന പൂഞ്ചെടിപോലായിവൻ.
കവന്നുപോയി കാലഃ കായത്തിൻകെല്പുമെന്നാ-
ല്ലിവൻെറ മനോബലം ബുദ്ധിശക്തിയുമെല്ലാം.
എരിഞ്ഞു നിന്നോരു ജീവിതമാം വിളക്കിൻെറ
തിരിയിതെണ്ണവററിപ്പുകഞ്ഞു മങ്ങിപ്പോയി.
പരിശേഷിച്ചിട്ടുണ്ടിദ്ദീപത്തിലിനി വെറു-
മൊരു തീപ്പൊരിയതും കെട്ടുന്നു മങ്ങി മങ്ങി.
അന്ത്യമാം വയസ്സിൻെറ ഗതിയിങ്ങനെയല്ലൊ
നിന്തിരുവടിക്കിതിലെന്തു ചിന്തിപ്പാനുള്ളു.
എന്നതുകേട്ടു ചോദിച്ചീടിനാൻ തിരുമേനി
വന്നുകൂട്ടമോ ചൊല്ലുകീയവസ്ഥ മററുള്ളോക്കും?
എല്ലാക്കുമിതുവന്നുചേരുമോ? യിവനെപ്പോൽ
വല്ലപാവങ്ങൾക്കുമേ വരുമെന്നുണ്ടോ സൂതാ?
ചൊല്ലിനാനടൻ ഛന്ദൻ ഭാവുകാത്മാവേ ഭൂമി-
വല്ലഭകുമാരക, വാദ്ധക്യംനിമിത്തമായ്
അല്ലലീവണ്ണമിവനെപ്പോലെയിത്രയേറെ-
ക്കൊല്ലങ്ങൾജീവിച്ചിരുന്നീടുകിലുണ്ടാമാക്കും.
സത്വരം തിരുമേനി ചോദിച്ചു വീണ്ടും ഞാനി-
ങ്ങത്രനാൾ വാണീടിലുമീവിധമാമോ ഛന്ദ.
എൻപ്രിയയശോധരതാനുമിങ്ങനെയാമോ-
യെൺപതുകൊല്ലമിനിക്കഴിഞ്ഞാലയ്യോ കഷ്ടം!

Digitized By Kerala Sahitya Akademi

ജാലിനിതാനും കൊച്ചുഹസ്തയും ഗൌതമിയും
കാലത്താൽ ഗംഗതാനും മററിഷ്ടജനങ്ങളും
എല്ലാമിങ്ങനെ വയസ്സേറി വാൎദ്ധക്യംവന്നു
വല്ലാത്ത ബീഭത്സരൂപങ്ങളായ്ത്തീൎന്നിടുമോ?
ചൊല്ലുകെന്നതുകേട്ടു സൂതനും മഹാമതേ!
കില്ലില്ലയീവാൎദ്ധക്യം വന്നീടുമാക്കുമെന്നാൻ.
എന്നാൽ തേർതിരിച്ചുടിച്ചീടുക മടങ്ങി ഞാ-
നെന്നുടെയരമനയ്ക്കായ്ത്തന്നെ പോകാമിനി
എന്നുമേ കാണ്മാൻ കാംക്ഷിയാതുള്ള കാഴ്ചകണ്ടേ-
നിന്നു ഹാ! മതിമതി!—എന്നുമോതിനാൻ നാഥൻ.
താനേപിന്നെയുമതു ചിന്തിച്ചുചിന്തിച്ചു ത-
ന്നാനനപങ്കജവുമകക്കാമ്പതും വാടി
ഭംഗിതേടുന്ന കൊട്ടാരത്തിങ്കലെത്തീടിനാൻ
മംഗളമൂൎത്തി കൊച്ചുതമ്പുരാൻ വൈകുന്നേരം.
തെരിക്കെന്നങ്ങു പരിജനങ്ങളുത്സാഹമാ-
ന്നൊരുക്കിയുള്ളോരമൃതേത്തിൻെറ വട്ടങ്ങളിൽ
രുചിതോന്നീലൊന്നിലും സ്വാമിക്കു ശരച്ചന്ദ്ര-
രുചിരാപൂപങ്ങറം തേൻ കനികളിവയിലും.
എന്നല്ല മനംമയക്കീടുവാൻ മിടുക്കേറും
സുന്ദരിമാരാം തൻെറ ദാസിമാർ നൃത്തങ്ങളിൽ
പാടവം പണ്ണിപ്പെട്ടു കാട്ടിയെന്നാലും തൃക്ക-
ണ്ണോടിച്ചുമില്ലവരിലൊരിക്കൽപോലും ദേവൻ.

Digitized By Kerala Sahitya Akademi

തിരുവാമൊഴിഞ്ഞൊന്നുമരിയാടിയുമില്ല
കരുണാനിധിയുള്ളിൽ കാളുന്ന ചിന്തയാലേ.
അതുകണ്ടുള്ളെരിഞ്ഞു കരഞ്ഞു കാക്കൽ വീണു
മൃദുവായ് തൊണ്ടവിങ്ങിച്ചോദിച്ചു യശോധര
"പ്രാണവല്ലഭ! ഭവാനിവളിൽപ്പോലുമിപ്പോൾ
കാണിയും രസംതോന്നാതായിതോ കൃപാനിധേ"
സ്വാമിയുമിതുകേട്ടു കനിഞ്ഞു ചൊല്ലീടിനാ-
നോമലേ യിമ്മാതിരിയിഷ്ടഭോഗങ്ങളെല്ലാം
അന്തരാത്മാവിൽ ദുഃഖമേകുന്നിതിനിക്കൊക്കെ-
യന്തരിച്ചുപോമൊരുകാലമെന്നോർക്കയാലെ.
അന്തമുണ്ടല്ലോയിവയ്ക്കെന്നല്ല നീയും ഞാനു-
മന്തരമില്ല വൃദ്ധരാമല്ലോ യശോധരേ.
സ്നേഹം സൌന്ദര്യം ശക്തിയെല്ലാം പോയീടുമല്ലോ
ദേഹം വാർദ്ധക്യമേറിക്കുന്നുപോമല്ലോ നാഥേ.
എന്നുവേണ്ടെന്നും രാവും പകലും പിരിയാതെ-
യൊന്നായി നാം വസിച്ചൊന്നായ് ശ്വസിച്ചു പരസ്പരം
ചേണാന്ന ചുണ്ടു ചേർത്തു ചുംബിച്ചു സുദൃഢമായ്
പ്രാണപ്രേമങ്ങളുള്ളിലടച്ചു ശയിച്ചാലും
കള്ളനാം കാലമങ്ങു കടന്നു വല്ലവാറും
കൊള്ളയിട്ടുപോമല്ലോ രാഗവും താരുണ്യവും.
അക്കാണം ഗിരീന്ദ്രശൃംഗത്തിന്മേൽ ചെന്താരിൻെറ
സൽക്കാന്തി ചിന്നും സന്ധ്യാരാഗത്തെക്കടന്നുടൻ

Digitized By Kerala Sahitya Akademi

നൽക്കരിനിറം പൂണ്ട യാമിനി കവരുമ്പോ-
ളൊക്കവേ വിളറി മങ്ങിപ്പിന്നെയിരുട്ടാമേ.
കണ്ടു ഞാൻ പ്രിയേ യിന്നീ വസ്തുതയതോർത്തെന്നു്ളം-
ത്തണ്ടു മാഴ്കുന്നു പാരം പേടിയും തോന്നുന്നിതേ.

മർത്ത്യരേ വൃദ്ധരാക്കും കാലമാം ഘാതകൻെറ
ഹസ്തത്തിൽനിന്നീ സ്നേഹരസത്തെ രക്ഷിക്കുവാൻ
ഉത്തമോപായമൊന്നും കാണാതെയുഴന്നെൻെറ
ചിത്തമിന്നേകാഗ്രമായ് ചിന്തചെയ്യുന്നു കാന്തേ.

ഇത്തരമരുൾചെയ്തു നിദ്രയും വിട്ടു പട്ടു-
മെത്തമേൽ സുഖമില്ലാതിരുന്നു രാവിൽ ദേവൻ.
ആ രാത്രി ശുദ്ധോദനമന്നവനുറങ്ങുമ്പോ-
ളോരോരോ ഭയാനകസ്വപ്നങ്ങൾ കണ്ടീടിനാൻ.

ഒന്നാമതതിശോഭ ചേർന്നേററം വിശാലമായ്-
പൊന്നുകൊണ്ടുള്ള സൂര്യപ്രതിമ നട്ടക്കാന്തി
മിന്നുന്ന മഹേന്ദ്രക്ഷേത്രത്തിലെക്കൊടിക്കൂറ
മന്നവൻ കണ്ടാൽ പൊങ്ങിപ്പറന്നു നില്ക്കുന്നതും
കൊടുങ്കാററൊന്നങ്ങടന്നുണ്ടാകുന്നതും കൊടി
ത്തുടിതി ചരടററു താഴത്തു വീഴുന്നതും
പൊടിയിലടിഞ്ഞതു മുഷിയുന്നതുമെന്ന-
ല്ലുടനേയൊരുക്കൂട്ടം ഛായാരൂപികളെത്തി
അഴുക്കുപററീടിനോരപ്പതാകയും പേറി-
ക്കിഴക്കേക്കോട്ടവാതിൽ കടന്നു പോകുന്നതും.

Digitized By Kerala Sahitya Akademi

പിന്നെ രണ്ടാമതായിക്കണ്ടിതു നൃപൻ തടി-
ച്ചുന്നതങ്ങളാം പത്തു കലയാനകൾ ചേർന്നു
മിന്നുന്ന വെള്ളിക്കൊമ്പു കലുക്കിക്കൊണ്ടും പാരം
മന്ദിടം കലുങ്ങവേ കാലുകളൂന്നിക്കൊണ്ടും
തെക്കോട്ടേക്കുള്ള വഴിയൂടെ പോവതുമവ-
യ്ക്കൊക്കയ്ക്കും മുമ്പിലുള്ള വാരണവീരൻെറ മേൽ
തന്നുടെ കുമാരകൻ താനെഴുന്നള്ളുന്നതും
പിന്നെയുള്ളവയിന്മേൽ മററുള്ളോരിരിപ്പതും.
മൂന്നാമതായിക്കണ്ടു രഥമൊന്നേററം പ്രഭ
ചേർന്നു മിന്നീടുമതു കണ്ടാൽ കണ്ണുകൾ മങ്ങും.
വെളുത്ത ധൂമങ്ങളുച്ഛ്വസിച്ചുമഗ്നിജ്വാല-
യിളകുംമട്ടു നരതള്ളിയും നാലശ്വങ്ങൾ
വലിച്ചു പോകുന്നോരപ്പള്ളിത്തേരുള്ളിൽ സൈ്വരം
ജ്വലിക്കും കാന്തിയാന്നു സിദ്ധാർത്ഥൻ സ്ഥിതിചെയ്തു.
കണ്ടിതു നാലാമതു മന്നവൻ ചിത്രമൊരു
വണ്ടിതൻ ചക്രമുരുണ്ടുരുണ്ടു പോകുന്നതും.
കത്തുന്ന കാഞ്ചനംകൊണ്ടുള്ളതാണതിൻ കുംഭ-
മുത്തമരത്നങ്ങൾ പൂണ്ടുള്ളതാം ദളങ്ങളും.
ചട്ടമായ് പല വിചിത്രാർത്ഥവാക്യങ്ങളതിൻ
പട്ടയിൽ ചുററുമെഴുതീട്ടുണ്ടു വിശദമായ്.
ആയതു തിരിയവേ കൊള്ളിചുററുംപോൽ തോന്നു-
മായതമതിൻധ്വനി സംഗീതംപോലെ കേൾക്കും.

Digitized By Kerala Sahitya Akademi

അഞ്ചാമതൊരു പെരുമ്പറ പട്ടണത്തിന്നു-
മഞ്ചിതങ്ങളാമട്ടത്തുള്ളോരു കന്നകൾക്കും
മദ്ധ്യത്തിൽ സ്ഥാപിച്ചിരിക്കുന്നതും കണ്ടു നൃപൻ
സിദ്ധാർത്ഥനിരുമ്പുകോൽകൊണ്ടതു കൊട്ടുന്നതും.
ഇടിവെട്ടീടുംവണ്ണമതിൻെറ മന്ദ്രനാദ-
മുടനംബരം തിങ്ങുന്നതു കേൾക്കയും ചെയ്തു.
ആറാമതൊരു മഹാഗോപുരം നഗരത്തി-
ലേറും പ്രൌഢിയിൽ പൊങ്ങി മേഘത്തിൽ മുട്ടീടുന്ന
ശൃംഗാഗ്രംപൂണ്ടു മിന്നീടുന്നതും കുമാരകൻ
മംഗലരൂപനതിലേറി നില്പതും കണ്ടാൻ.
എന്നല്ല കണ്ടിതങ്ങു നിന്നുടൻ തൃക്കൈകളാൽ
മിന്നിടും പലവിധരത്നങ്ങൾ വാരിയവൻ
വർഷിക്കുന്നതുമവ താഴത്തുവീഴുന്നേരം
ഹർഷംപൂണ്ടോടിത്തിക്കി ജനങ്ങളെത്തിത്തമ്മിൽ
മത്സരിച്ചുദ്യാനങ്ങൾ പെറുക്കിക്കൊണ്ടു പാര-
മുത്സാഹമോടേ നാലുദിക്കിലും പോകുന്നതും.
ഏഴാമതായിക്കിനാവതിങ്കൽ പിന്നെയൊരു
കേഴുന്ന ശബ്ദം കേട്ടിതെന്നല്ല കണ്ടു നൃപൻ
കരഞ്ഞും പൽകടിച്ചും വായിൽ കൈവിരൽചേർത്ത-
മെരിഞ്ഞ ഹൃദയംപൂണ്ടാറുപേർ പോകുന്നതും.
ഇക്കിനാവുകളേഴും കണ്ടുകതാരിൽ പേടി-
കൈക്കൊണ്ടു പണ്ഡിതന്മാരോടറിവിച്ചു നൃപൻ.

Digitized By Kerala Sahitya Akademi

ആക്കമേപൊരുളറിയാവതല്ലെന്നു കണ്ടു
ചീക്കം കോപവുമുള്ളിൽ താപവും പൂണ്ടു ചൊന്നാൻ:
"വല്ലാത്ത വിപത്തുകൾ വല്ലതും വരുന്നുണ്ടാ-
മല്ലെങ്കിലിദ്ദസ്സ്വപ്നം കാണുവാനുണ്ടോ ബന്ധം.
ദേവസങ്കല്പമെന്തെന്നറിഞ്ഞീലോരുന്നില്ല
കേവലമൊന്നും നിങ്ങൾ പണ്ഡിതമ്മന്യന്മാരേ."
ഇങ്ങനെ സ്വപ്നാത്ഥങ്ങളറിവാൻ പഴുതില്ലാ-
തങ്ങുള്ള ജനമെല്ലാം ഖിന്നതതേടീടുമ്പോൾ
മംഗലമായ മാന്തോലുടുത്തു മുനിപോലെ-
യെങ്ങോനിന്നൊരു വൃദ്ധനാരുമേയറിയാത്തോൻ
കോട്ടമെന്നിയെ നൃപമന്ദിരം നോക്കിയങ്ങാ-
കോട്ടവാതിലും കടന്നുഴറി വന്നെത്തിനാൻ.
മന്നവൻ കണ്ടകിനാവിൻ പൊരുൾ പറയണം
സന്നിധാനത്തിലിനിക്കെത്തണമെന്നു ചൊല്ലി
അനുവാദവും വാങ്ങിയകത്തു പൂകീടിനാൻ
മനുജേശ്വരൻതന്നെക്കണ്ടാനമ്മഹാഭാഗൻ.
അദ്ധരാത്രിയിൽ നൃപൻ ദർശിച്ച കിനാവിന്റെ
വൃത്താന്തം കേട്ടു ഭക്തിബഹുമാനങ്ങളോടും
വന്ദിച്ചു സ്വയം വന്ദ്യനാമവനരുൾചെയ്താൻ
മന്ദിരമിതു മഹാഭാഗ്യപൂരിതം വിഭോ!
ഉദയാദ്രിയിൽനിന്നു പൊങ്ങുന്ന ഭാനുമാന്റെ
കതിരിൻദീപ്തിയിലും കേമമാം പ്രഭയിപ്പോൾ

Digitized By Kerala Sahitya Akademi

ഇതിൽനിന്നുദിച്ചുടൻ പരന്നു ലോകത്തിന്റെ
ഹൃദയാന്ധകാരങ്ങൾ നീക്കീടുമറിഞ്ഞാലും.

അനർത്ഥങ്ങളായങ്ങു കരുതും സ്വപ്നമെഴ-
മനഘമതേ! ലോകാനന്ദഹേതുക്കളല്ലോ.

ഒന്നാമതായിബ്ഭവാൻ കണ്ടതുജ്ജ്വലമായോ-
രിന്ദ്രാങ്കമാർന്ന കൊടിക്കൂറയല്ലല്ലീ പാർക്കിൽ.

മന്നിടത്തിങ്കലതു വീണടിഞ്ഞതുമൊക്കും
മന്നാവ പിന്നെ ബഹിഷ്കൃതമായെന്നുള്ളതും.

യജ്ഞനിഷ്ഠമായീടും പ്രാചീനമതമിനി
വിജ്ഞരത്നമേ, വീണുപോമെന്നാണതിനർത്ഥം.

പുതിയധർമ്മം പ്രസരിച്ചീടുമെങ്ങും മേലി-
ലതിനാലിന്ദ്രാദിദേവതകൾ മങ്ങിപ്പോകും.

മനുജക്കെന്നപോലുണ്ടന്തമദ്ദേവകൾക്കും
ദിനങ്ങൾപോകുംപടി കല്പങ്ങൾതാനും പോമേ.

പിന്നെയപ്പത്തുദന്തിവീരന്മാർ മഹീപതേ
മന്നിടം കലുങ്ങീടുംധാടിയിൽ നടന്നില്ലേ.

ആയതുപത്തുമങ്ങേ നന്ദനനുളവാകു-
മായതവിജ്ഞാനശക്തികളാണറിഞ്ഞാലും.

അവയാലവൻ രാജ്യംവെടിഞ്ഞുപോകും പിന്നെ
ബ്ഭുവനമിളക്കീടും സ്ഥാപിക്കും സത്യമതം.

അഗ്നിയെ വമിക്കും നാലശ്വങ്ങൾ കണ്ടുള്ളവ
വിഘ്നമററെഴും നാലുസത്യങ്ങൾ മഹീപതേ.

Digitized By Kerala Sahitya Akademi

അവയാൽ സന്ദേഹാന്ധകാരങ്ങൾ നീങ്ങി സ്വയ-
മവികല്പജ്ഞാനനിർവ്വാണവുമവന്നുണ്ടാം.
കനകകുംഭംപൂണ്ടു തിരിയും ചക്രം കേൾക്ക-
യനഘധർമ്മചക്രം ത്വൽസുതൻ സ്ഥാപിപ്പതാം.
അവനായതു ലോകസമക്ഷമിനിയെങ്ങും
പ്രവർത്തിപ്പിക്കുമെന്നുമോർക്കുക മഹാമതേ.
പിന്നെ നിൻപുത്രൻ പെരുമ്പറകൊട്ടീടുന്നതു
തന്നുടെ ധർമ്മമുപദേശിപ്പതറികനീ.
ഉന്നതമായ മഹാഗോപുരം ത്വൽസുതന്റെ
യുന്നിദ്രഗുണനോൽകൃഷ്ടമാകമാഗമമല്ലോ.
അരിയരത്നങ്ങളതിൽനിന്നവൻ കോരി-
ച്ചൊരിവതതിലുള്ള തത്വരത്നങ്ങളല്ലോ.
ആറുപേർ മുറവിളികൂട്ടിപ്പോയില്ലേ? യവ-
രാറുദർശനപ്രവർത്തകന്മാർ നരപതേ.
സ്പഷ്ടമാം തത്വോപദേശംകൊണ്ടുമസന്ദേഹ-
ക്ലിഷ്ടമാം വാദംകൊണ്ടുമവരെ നിൻകുമാരൻ
ബുദ്ധനായ് പരാജിതരാക്കീടും തങ്ങളുടെ
സിദ്ധാന്തങ്ങളിലുള്ള മൌഢ്യവും കാണുമവർ
ഇങ്ങനെ ഭവാൻ രാവിൽദർശിച്ചോരസ്സ്വപ്നങ്ങൾ
സംഗതാർത്ഥങ്ങളെല്ലാം ധരിയ്ക്ക മഹാപ്രഭോ!
മംഗലേതരചിന്ത വെടിഞ്ഞു മനതാരിൽ
തുംഗമാമാനന്ദമാണുണ്ടാകേണ്ടതുമിപ്പോൾ.

Digitized By Kerala Sahitya Akademi

ഇമ്മഹാഭാഗ്യങ്ങളെൻഭഗവാനുണ്ടാമെല്ലാം
സമ്മതേ മറെറാരാൾക്കു സിദ്ധിക്കാ ധരിയ്ക്കനീ
മുണ്ഡിതം ഭിക്ഷുവിൻെറ മൂർദ്ധാവു വിഭോ മണി-
മണ്ഡിതമഹാരാജമൌലിയെക്കാളും മാന്യം.
നിർണ്ണയം യമിയുടെ കാഷായം നൃപേന്ദ്രൻെറ
സ്വർണ്ണകഞ്ചുകങ്ങളെക്കാൾ വിലപോരുന്നതാം
എന്നരുൾചെയ്തമ്മഹാനേറിയ ഭക്തിയോടും
മന്നിൽവീണുടൻ ചെയ്തു മൂന്നരു നമസ്കാരം
പിന്നവനെഴുന്നേററു മാറിപ്പോവതു കണ്ടു
മന്നവൻ സമ്മാനമേകീടുവാൻ കല്പിച്ചിതു.
കണ്ടീലമ്മഹാത്മാവെയെങ്ങുമേയപ്പോളെന്ന -
ല്ലിണ്ടലാർന്നാരാഞ്ഞവരിന്ദ്രക്ഷേത്രത്തിനുള്ളിൽ
അദ്ദേഹം ചെന്നുകയറുന്നതും മൂലസ്ഥാന-
മദ്ധ്യത്തിലൊരു ക്രമനിരുന്നു പക്ഷം രണ്ടും
കൂടഞ്ഞു തൂവലുകളിളക്കുന്നതും കണ്ടാ-
രെട്ടുക്കാം ദേവതകളിങ്ങനെയോരോരൂപം.
വൃത്താന്തം വിഷണ്ണനാം മന്നവൻ കേട്ടു തൻെറ
ചിത്തമാശ്ചര്യ്യപരാധിനമായെന്നാകിലും
സത്വരം സിദ്ധാർത്ഥന മുമ്പിലത്തേക്കാൾ സുഖം
മെത്തീടും വിഷയഭോഗങ്ങൾ നൽകുവാൻതന്നെ
കല്പിച്ചാൻ നാലുകെട്ടിൽ നർത്തകീജനങ്ങടെ
ചെറ്റ്ലൂടി കരങ്ങാട്ടമവനെന്നോക്കയാലെ.

Digitized By Kerala Sahitya Akademi

എന്നല്ല നരപതി പിന്നെയക്കോട്ടവാതിൽ
നന്നായിക്കാത്തുകൊൾവാനിരട്ടിയാളാക്കിപോൽ.
എന്നാലും ഫലമെന്തു? ഭവിതവ്യതതന്നെ-
യിന്നാരുതടുക്കുന്നു വന്നീടും വരേണ്ടവ.
ന്യൂനമങ്ങനെതന്നെ ഭവിച്ചു! സിദ്ധാൎത്ഥനു
മാനസതാരിൽ മററുജനത്തിൻ സുഖസ്ഥിതി-
യുള്ളപോലറിവാനും ജീവിതപ്പുഴയുപ്പു-
വെള്ളമോ മധുവൊഴുക്കോയെന്നു തിരിപ്പാനും
പിന്നെയുമ്മോഹമേറിവരികമൂലം വീണ്ടും
തന്നുടെ പിതാവോടു ഭഗവാനൎത്ഥിച്ചിതു.
ഇപ്പുരവാസികളെയുള്ളപോലൊന്നു കാണ്മാൻ
മൽപ്രിയതാത മനക്കാമ്പിലുണ്ടെനിക്കാശ
അന്നു നിന്തിരുവടിയശ്രുഭദ്രദൃശ്യങ്ങളി-
ലൊന്നുമെൻദൃഷ്ടിപഥമെത്തായ്വാൻ സൂക്ഷിച്ചതാം
എന്നുതോന്നീടും നീളെ ജനങ്ങളെന്നെനോക്കി!
നിന്നഭംഗിയുമാഡംബരവും നിനയ്ക്കുമ്പോൾ
എന്നാലുമറിയാതെയിരുന്നീലമ്മോടിക-
ളെന്നുമുള്ളവസ്ഥകളല്ലെന്നു നൃപതേ ഞാൻ.
സന്ദേഹമേതുംവേണ്ട നിന്തിരുവടിയുടെ
നന്ദനൻ രാജ്യാൎഹനായുള്ളതുമിവനല്ലോ
മന്നവന്മാരല്ലാത്ത ഭരണീയന്മാരുടെ
ഭിന്നമാം സ്ഥിതികളുമാചാരഭേദങ്ങളും

Digitized By Kerala Sahitya Akademi

വീട്ടകൾ വെംവ്വുറായ വൃത്തികളിത്യാദിയും
നാട്ടുവാഴവോനുള്ള പോലറിയേണ്ടതല്ലോ.
ഔുകയാലനുജ്ഞനൽകുക ഞാൻ പുരം കണ്ടു
വൈകാതെ വന്നീടുവനാരുമേയറിയാതെ.
കില്ലില്ല ജനതതൻ സുഖജീവിതം കണ്ടു
നല്ലസംതൃപ്തിയുണ്ടാമെനിക്കു മനക്കാമ്പിൽ.
അല്ലെങ്കിൽ ദുഃഖങ്ങൾകണ്ടേറെ ഞാൻ ഖേദിക്കിലു-
മെല്ലാമെൻ വിജ്ഞാനത്തെ വദ്ധിപ്പിച്ചീടുമല്ലോ.
അനുയായികളോടും നാളെ മദ്ധ്യാഹ്നത്തിങ്ക-
ലനഘാത്മാവേ! പോയി നഗരം കാണട്ടെ ഞാൻ
മന്നവനതുകേട്ടു മന്ത്രിമാരോടുചൊന്നാ-
നുന്നതാശയന്മാരേ യെന്തുരചെയ്‌വൂ നിങ്ങൾ.
പിന്നെയും കൊതിക്കുന്നു നന്ദനൻ പുരം കാണ്മാൻ
മുന്നമുണ്ടായോരനത്ഥങ്ങളോത്തെനിക്കുള്ളിൽ
സമ്മതിക്കുവാൻ ഭണ്ഡംതോന്നുന്നിതൊരുവേള
നന്മതാൻ കുമാരകനിക്കുറിവന്നൊന്നുമാം.
കാട്ടുപുള്ളിനെപ്പൊട്ടുന്നാനവേ പിടിച്ചൊരു
ക്കൂട്ടിലാക്കിയാലതു കിടന്നു പിടയ്ക്കുന്നു.
കോട്ടമെന്നിയേ പുറത്തിറക്കിപ്പഴക്കിയാൽ
കാട്ടുമാറില്ല പരിഭ്രമങ്ങളൊന്നും പിന്നെ.
അതുകൊണ്ടനുമതിനൽകുകയല്ലീ നല്ലു
സുതനെയയയ്ക്കുവൻ നിങ്ങളും ജഥിക്കുകിൽ.

Digitized By Kerala Sahitya Akademi

കാണട്ടെ കുമാരകൻ കാണേണ്ടതെല്ലാമെന്നാൽ
വേണം കൂടവേ ചിലദൂതരും യാത്രയതിൽ.
അതിസാമർത്ഥ്യമുള്ളോരായിരിക്കണമവർ
മതിയിൽ കുമാരനു വല്ലമാററവും കണ്ടാൽ
അതുതൽക്ഷണം സൂക്ഷിച്ചറിഞ്ഞുവന്നു നമ്മോ-
ടതുപോലുരയ്ക്കണമൊക്കെയുമപ്പോളപ്പോൾ.
എന്നോതി മന്ത്രിമാരും സമ്മതിക്കയാൽ നൃപൻ
നന്ദനനർത്ഥിച്ചപോലനുജ്ഞ നൽകീടിനാൻ.
പിറേറന്നാൾ മദ്ധ്യാഹ്നത്തിൽ ഛന്ദനോടൊത്തു പുരി
ചുററിക്കാണുവാൻ പുറപ്പെട്ടിതു ഭഗവാനും.
ചെട്ടിവേഷം പൂണ്ടിതപ്പൂജ്യനാം തിരുവടി
കെട്ടിനാൻ ലേഖകൻെറവേഷവുമുടൻ ഛന്ദൻ.
വട്ടമീവണ്ണമായിരുതങ്ങളെയാരും കണ്ടു-
മുട്ടിയാൽപോലുമറിഞ്ഞീടാതെ നടന്നവർ
കല്പനലഭിക്കയാൽ കാവൽനിന്നീടും ഭട-
രപ്പൊഴേ തുറന്നുള്ള കോട്ടവാതിലൂടെ
വാഹനാദികളൊന്നുംകൂടാതെ പരിഷ്കാര-
സാഹസമേലാത്തൊരാവഴിയേ പോയീടിനാർ.
കൂടിനാരവർ പലജനങ്ങളോടും വഴി-
ക്കാടലും സുഖങ്ങളുമോരോന്നു കണ്ടുകണ്ടു
പരക്കെ നാനാവർണ്ണവസ്ത്രങ്ങൾ പൂണ്ടുതിക്കി-
ത്തിരക്കി ജനമാന്ന തെരുവിലെത്തീടിനാർ.

Digitized By Kerala Sahitya Akademi

നിരന്നവ ചന്ത്രംപടിഞ്ഞതങ്ങളു കച്ചോടക്കാ-
രിരുന്നു ധാന്യവ്യഞ്ജനാദികൾ വില്ക്കുന്നതും
കൊള്ളുവാൻ വരുന്നവർ വിലപേശീടുന്നതും
കള്ളവുമസഭ്യവുമന്യോന്യമുരപ്പതും
മടിശ്ശീലകളഴിക്കുന്നതും പണമെണ്ണി-
ക്കൊടുത്തു ചരക്കുകളേററുവാങ്ങീടുന്നതും
മാറിപ്പോകെന്നു വിളികൂട്ടിക്കൊണ്ടുടൻ ഭാരം
പേറിക്കല്ലുരുളാന്ന വണ്ടികളെത്തുന്നതും
വല്ലവണ്ണവും ഞെക്കിഞെരുക്കിയത്തുകളെ
മെല്ലമെല്ലെക്കാളകൾ വലിച്ചു പോകുന്നതും
പല്ലക്കിൽ പ്രഭുക്കളെയെടുത്തു വാഹകന്മാർ
നല്ലപാട്ടുകൾപാടി വന്നണഞ്ഞീടുന്നതും
വല്ലാത്ത വെയിലേററു വിയർത്തു ഭാരമേന്തി-
ക്കല്ല്യരാം ചുമട്ടുകാർ കുണ്ഠിച്ചു തിരിവതും
അടുത്തകിണററിൽ നിന്നൊരു കുംഭത്തിൽ ജല-
മെടുത്തു തലയിൽവച്ചൊരുകൈകൊണ്ടു താങ്ങി
ജ്ജടിതി മറേറക്കയ്യാൽ കുട്ടിയെപ്പാശ്ചാത്തേററി-
പ്പിടിച്ചും നടന്നേറെയമ്മമാർ പോകുന്നതും
പലഹാരങ്ങൾ വില്പാൻ വച്ചിട്ടുണ്ടവയ്ക്കുമേൽ
സ്ഥലമില്ലാതെ പറന്നീച്ചകൾ ചൂഴുന്നതും
ചാലിയർ തുണികൾ നെയ്യുന്നതും ചിലർ വില്ലിൽ
ചാലവേയിട്ടു പഞ്ഞിയടിച്ചു തെളിപ്പതും

Digitized By Kerala Sahitya Akademi

പട്ടികളെച്ചിൽകിട്ടാൻ കടിക്കൂടീടുന്നതും
ചുട്ട കാരിരുമ്പുകൾ കൊല്ലന്മാരടിപ്പതും
ചുട്ടിയൽ കൊററടിവ കൈകൊണ്ടങ്ങിരുമ്പുന്തൽ
ചട്ടകൾ പോരാളികൾക്കായ് ചിലർ ചമയ്പതും
കുട്ടികളെഴുത്തുപള്ളികളിൽ ഗുരുമുമ്പിൽ
വട്ടമിട്ടിരുന്നുടനുറക്കെ വായിപ്പതും
ചട്ടററവസ്ത്രം പലനിറത്തിൽ ചായം മുക്കി
കെട്ടീടുന്നതും ചിലർ വെയിലത്തങ്ങങ്ങായി
ചട്ടയിട്ടൊലിപൂണ്ടു വാൾ പരിശകളേന്തി-
പ്പട്ടാളം ദ്രുതം വഴിപകന്നു പോകുന്നതും
ഒട്ടകനിരനടക്കുന്നതും തന്നായക-
രൊട്ടാടിയിരിപ്പതും മുതുകിൻമുഴകൾമേൽ
ബുദ്ധിയിലഭിമാനമേറീടും ബ്രാഹ്മണരും
യുദ്ധത്തിൽ നിപുണരാം ക്ഷത്രിയവീരന്മാരും
എത്രയും താണ വിടുപണികൾ കൊണ്ടുതന്നെ
വൃത്തികൾ കഴിക്കുന്ന ശൂദ്രരും ജീവിപ്പതും
ഓരോന്നുമിതുപോലെ പാത്തുപോകുമ്പോളൊട്ടു-
ദൂരത്തിലവർ കണ്ടാരങ്ങൊരു ജനക്കൂട്ടം.
അതിൻെറ മദ്ധ്യത്തൊരു പാമ്പാട്ടിയിരിക്കുന്നി-
തതികൌതുകം കയ്ക്കൊണ്ടെല്ലാരും നോക്കീടുന്നു.
പല മോടിവാക്കുകൾ പുലമ്പിടുന്നിതവൻ
വിലസും മണിവളപോലെ നാഗത്തെക്കയ്യിൽ

Digitized By Kerala Sahitya Akademi

ചിലനേരത്തു ചുററിക്കെട്ടുവാനയയ്ക്കുന്നു
ചിലപ്പോഠം പടം വിരുത്താടുവാൻ വിട്ടീടുന്നു.

ഹാ! ശിവ ശിവ കോപിച്ചു പിന്നവൻ കാല-
പാശം പോൽ ഭയങ്കരമൂർത്തിയാമപ്പാമ്പിനെ
ആശു ചീറിച്ചു കൊത്തിക്കുന്നിതു പലവട്ടം.
പാശിമാലകഠം കെട്ടിയുള്ള തൻ ചുരയോട്ടിൽ
അതിനപ്പുറം ജനാവലിയൊന്നാവർ തകിൽ
മൃദംഗം കുഴൽ കൊമ്പുതൊട്ട വാദ്യങ്ങളോടും
അതിമോടിയിൽ പല ചിത്രമാം വിരിപ്പാന്ന
കുതിരക്കൂട്ടത്തോടും പട്ടുമേൽക്കട്ടിയോടും
ഉദിതകോലാഹലം വീട്ടിലേക്കുടൻ വേട്ട
വധുവെക്കൊണ്ടുവരാൻ പോകുന്ന യാത്ര കണ്ടാർ.

മവറൊരു ദിക്കിലൊരു സതിയാഠം പുഷ്പങ്ങളും
ക്രൂരോട്ട നിവേദ്യത്തിനപ്പവും കയ്യിലേന്തി
കോവിലിൽ പോകുന്നതും കണ്ടിതേ—അർത്ഥിച്ചീടാം
ദേവനോടവഠം കുച്ചാടത്തിനു വിദേശത്തിൽ-

പോയ വല്ലഭൻ ശീഘ്രം മടങ്ങിവരുവാനോ
ദായാദനായി മേലൊരാൺകട്ടിജനിപ്പാനോ.

ചന്തക്കൂടീടും ചെറുകുടിലിൻ നിരകഠംത-
ന്നന്തികത്തിങ്കൽ പിന്നെയപ്പുറത്തൊരുദിക്കിൽ
പന്തിയിലിരുന്നുടൻ കന്നാന്മാർപലവിധം
ചന്തമേറും പാത്രങ്ങഠം വിളക്കു കിണ്ടികളും.

Digitized By Kerala Sahitya Akademi

ച്ചക്രൂട്ടമാററടിച്ചോട്ടകൾകൊണ്ടും നല്ല
പിച്ചളകൊണ്ടുമുണ്ടാക്കുന്നതും കണ്ടീടിനാർ.
അവിടെനിന്നു ദേവാലയഗോപുരത്തിന്റെ
സവിധത്തൂടെ നടന്നപ്പുറം പോയാരവർ.
നഗരസീമയിലെക്കോട്ടയും നദിതാനും
ഭഗവാൻ ഛന്ദനോടൊത്തങ്ങു പാലവും കണ്ടാൻ.
ഇക്കണ്ടതെല്ലാം കടന്നാവഴിപോകുമ്പൊഴ-
ങ്ങുൾക്കാമ്പു കലക്കുമൊരാർത്തനാദം കേൾക്കായി
അന്നാടക്കാവിന്നരികത്തു നിന്ന "യ്യോയെന്നൊ-
യൊന്നുതാങ്ങണേ! താങ്ങിക്കൊള്ളണേ! മാലോകരേ!
വീഴുമെയല്ലെങ്കിൽ ഞാനയ്യോ വീടെത്തുംമുമ്പേ.
പാഴിലിങ്ങുതാൻ വീണെൻ പ്രാണങ്ങൾ പോയിടുമേ"
ഇത്തരമപ്പുലമ്പൽ കേൾക്കുന്നാദിക്കിൽതന്നെ
സിദ്ധാർത്ഥന്റെ കനിവാന്ന കണ്ണുടനെത്തി
അവിടെയൊരു മഹാമാരിയാക്രമിച്ചൊരാൾ.
വിവശനായിപ്പാരം വിറച്ചുവീണടിഞ്ഞു
പൊടിയിലുരുളുന്നു പഴുത്തു കരുവാളി-
ച്ചുടലിൽനിറഞ്ഞുള്ള കുരുക്കളോടും കഷ്ടം!
ഇടത്തുനേരെത്തണുത്തവന്റെ നെറുകയിൽ
പൊടിയുന്നിതു പാരം വിയർപ്പുതുള്ളികൾ
വല്ലാതെ കോട്ടിവലിച്ചേററവും വിരൂപമായ്
പല്ലിളിച്ചിരിക്കുന്നു വദനം വേദനയാൽ.

Digitized By Kerala Sahitya Akademi

പുണ്ണുകൊണ്ടുള്ളിലേറും വ്യഥയാം വൻപുഴയിൽ
കണ്ണുകൾ കരകാണാതുഴന്നു നീന്തീടുന്നു
അല്ലലാൽ വാപൊളിച്ചു നെടുവീപ്പിട്ടങ്ങുള്ള
പുല്ലുകൾ തപ്പിപ്പിടിക്കുന്നിതൊന്നെഴുന്നേല്പാൻ.
തെല്ലവൻപൊങ്ങി വീണ്ടും താഴത്തു വീഴുന്നു കെ-
ല്പില്ലാതെ കിടുകിടെയംഗങ്ങൾ വിറയ്ക്കയാൽ
"അയ്യയ്യോ തുണയ്ക്കുവിനൻപോലും ജനങ്ങളെ
വയ്യേ! നോവിതു പൊറുപ്പാനെ"ന്നു പുലമ്പുന്നു.
ആയഴകുരൽ ചെവിക്കൊണ്ടു മിന്നൽപോൽ പാഞ്ഞു
പോയത്തും മഹാഭാഗനവനെക്കരുണയാം
പീയൂഷമോലും കരമലരാൽ താങ്ങിയത്തു-
മായാസമകലുമാറങ്കത്തിലണച്ചതും
നൊടിയിൽ കഴിഞ്ഞു പിന്നവനാശ്വസിക്കവേ
കടവാർമിഴികളാൽ കനിഞ്ഞുനോക്കി ദേവൻ
സോദരാ പറകനിൻ പീഡയെന്തിവണ്ണം നീ
ഖേദിപ്പതെന്തു കഴിയാത്തതെന്തെഴുന്നേൽപ്പാൻ.
കാതരനായിങ്ങനെ ചോദിച്ചു പിന്നെ കൃപാ-
മേദുരപാംഗൻ ഛന്ദൻതന്നോടു തിരിഞ്ഞോതി:
എന്തു സാരഥേയിവനിങ്ങനെ തേങ്ങീടുന്ന
തെന്തു കേഴുന്നതാസ്യംപൊളിച്ചു മൊഴിവിങ്ങി
സന്താപം തോന്നീടുമാറെന്തിവനേങ്ങുന്നതു-
മെന്തെടോ സഖേ! നെടുവീർപ്പുകളിടുന്നതും?

Digitized By Kerala Sahitya Akademi

ഛന്ദനനമതുകേട്ട ചൊല്ലിനാൻ മഹാരാജ-
നന്ദനാ ഘോരമഹാവ്യാധിപീഡിതനിവൻ
ദേഹധാതുക്കൾ വികൃതങ്ങളായ്തീൻ രക്ത-
വാഹിനികളാം നാഡികൾക്കുള്ളിലിവനിപ്പോൾ
തിളച്ചു ചാടിച്ചോരയൊഴുക്കുവികടമായ്
കളിപ്പൂ പുഴ കരതകൎത്തുപായുംപോലെ.
അതുമല്ലിവനുടെ ഹൃദയംതാനും താള-
സ്ഥിതികൾ തെററിയടിക്കുന്ന മദ്ദളംപോലെ
സ്ഫുടമാം ക്രമംതെററീസ്പന്ദിപ്പൂ സ്വയമിപ്പോൾ
ഝടിതി ശീഘ്രമായുമുടനേ മന്ദമായും.
അഴിഞ്ഞ വില്ലിൻഞാൺപോലെയായ് ഞരമ്പെല്ലാം
കുഴഞ്ഞിയയഞ്ഞും പോയിവൻെറ ശരീരത്തിൽ
മുഴങ്കാൽ തുട കഴുത്തെന്നിവയൊന്നും തീരെ
വഴങ്ങാതായുംതീൻ ശക്തികൾ പൊയ്പ്പോകയാൽ
പറയുന്നെന്തിനേറെയിശ്ശരീരത്തിൽ നിന്നു
പറന്നുകളഞ്ഞുതാൻ ഭംഗിയും ചൈതന്യവും.
രോഗിയാമിവനഴലാററിക്കൊള്ളുവാൻ മഹാ-
ഭാഗ,തൃക്കൺപാൎക്കക പെട്ടന്നാപാടിതെല്ലാം:
തുടുത്തുകലങ്ങിയ കണ്ണുകൾ ചുഴററുന്നു
പിടിച്ചു കറകറദ്ദന്തങ്ങൾ കടിക്കുന്നു.
കടുത്തപുക കടിക്കുന്നപോൽ വീർപ്പുമുട്ടി
യിടറിക്ക്ഷണിച്ചു നിശ്വസിക്കുന്നു ശ്വാസം;

Digitized By Kerala Sahitya Akademi

മരിക്കുമിപ്പോളിവനതിനുമുമ്പുതന്നെ
വിരഞ്ഞു ചലിക്കുമിന്നാഡികൾ നിന്നുപോകും.
ഞെരിഞ്ഞ ഞരമ്പുകൾ നുറുങ്ങും കദനത്താ-
ലറിയാതാകുമെല്ലിൻ കഴപ്പും വേദനയും.
ഇമ്മട്ടു ബോധംകെട്ടു ചാകുമിദ്ദേഹം വെടി-
ഞ്ഞിമ്മഹാമാരിപൂകും മറെറാരു ശരീരത്തിൽ.
ആകയാലങ്ങു നൃപനന്ദനാ തൊട്ടീടരു-
തീ കഷ്ടംവ്യാധിയാന്ന മർത്ത്യനെ മഹാത്മാവേ!
വിടുക വിടുകയീരോഗിയെ മെയ്യിൽ ചേർത്തു
പിടിച്ചീടൊല്ലായിതു പകരും വ്യാധിയല്ലോ.
പിടിപെട്ടീടാമിതു നിന്തിരുമേനിക്കുമേ
യുടലിന്നുണ്ടോ ഭേദം; രോഗങ്ങളാക്കുമുണ്ടാം.
അതുകേട്ടുടൻ കൊച്ചുതമ്പുരാനാരോഗിയെ
സ്സദയം വീണ്ടും തഴുകിക്കൊണ്ടു ചോദിച്ചിതു:
ഇതുപോലുള്ള രോഗാതുരന്മാരുണ്ടോ വേറേ
അധികം പേക്കീവ്യാധി വരുമാറുണ്ടോ സൂതാ
എനിക്കും രോഗബാധ വരുമോ വന്നീടിലെൻ-
തനുവിലീ വൈകല്യമൊക്കെയുമുണ്ടാകുമോ?
പറഞ്ഞാനുടൻ ഛന്ദൻ വ്യാധികൾ ജീവികൾക്കു
വരുന്നു പലമട്ടായെല്ലാക്കും മഹാമതേ.
ഇല്ലാരുമുടലെടുത്തവരിലെന്നൊങ്കിലും
വല്ലരോഗവും വരാതുള്ളവരറിഞ്ഞാലും.

Digitized By Kerala Sahitya Akademi

ചിലക്കുണ്ടാകും ചിത്താധിജമാം വ്യാധി മററു
ചിലക്കു ശരീരത്തിൽ മുറിവേററുണ്ടാം രോഗം.
മരട്ടിതൊട്ടുള്ളൊരസ്വാസ്ഥ്യങ്ങൾ ചർമ്മരോഗങ്ങ-
ളട്ടിതാദികളായ വാതങ്ങൾ പലതരം.
കഷ്ടതയേലും ജ്വരഭേദങ്ങൾ പിടകകൾ
കുഷ്ഠങ്ങൾ മസൂരിക ഘോരമാം വിഷൂചിക
ഇത്തരം പല മഹാരോഗങ്ങളുണ്ടാക്ക്ക
മർത്ത്യദേഹങ്ങൾ വിളഭൂമിയാണിവയ്ക്കെല്ലാം.
കാരണമുണ്ടാകമ്പോളുണ്ടാകുമവയ്ക്ക പി-
ന്നാരുടെ ദേഹമെന്നില്ലേതുദിക്കിലെന്നില്ല.
മുന്നറിവേതുമെന്ന്യേയുടലിൽ പൊട്ടന്നനേ
വന്നു രോഗങ്ങളാക്രമിക്കയോ ന്യായം സൂതാ
എന്നു കാരുണ്യമൂർത്തി ഭഗവാൻ കാതരനായ്
പിന്നെയും ചോദിച്ചിതു, ചൊല്ലിനാൻ ഛന്ദൻ വീണ്ടും.
ചിലപ്പോൾ ജനങ്ങളെ ബാധിച്ചീടുന്നു വിഭോ
വിലം വിട്ടടുത്തുള്ള വഴിവക്കത്തുവന്നു
താന്തമായ് ചുററിക്കിടന്നോരാതെ ചവിട്ടുന്ന
പാന്ഥരെക്കടിക്കും വൻപാമ്പുപോലീരോഗങ്ങൾ.
ചിലപ്പോളിവ കാട്ടുവഴിയിൽ വള്ളിക്കെട്ടിൽ
ചലനമില്ലാതെ നിശ്ശബ്ദമായ് ചതിവായി
പതുങ്ങിക്കിടന്നിട്ടു വഴിപോക്കന്റെ മുമ്പിൽ
കുതിച്ചുവീഴും ക്രൂററൻപുലിപോൽ വന്നെത്തുന്നു.

Digitized By Kerala Sahitya Akademi

ചിലപ്പോളിടിവാളുകണക്കെച്ചീറ്റിളെന്നൊത്തി
ചിലരെക്കൊന്നീടുന്നു ചിലരെ വിട്ടീടുന്നു.
യദൃച്ഛയായും സ്വയം ഹേതുമത്തായുമോരോ
ഗദങ്ങളീവണ്ണമുണ്ടാകുന്നു മഹാപ്രഭോ!
അപ്പോഴ് മാനവക്കൊരു നിമിഷം പേടിവെടി-
ഞ്ഞിപ്പാരിലിരിക്കുക സാദ്ധ്യമല്ലല്ലോ സൂതാ.
രാത്രിയിൽ സുഖമായിന്നുറങ്ങി വീണ്ടും നാളെ
മാർത്താണ്ഡോദയത്തിൽ ഞാനുണരുമെന്നോരാഠംക്കും
അഹഹ! പറവാൻ പാടില്ലല്ലോയെന്നാൻ ദേവൻ
വഹിയാ താനതൊന്നുമെന്നുടൻ ചൊന്നാൻ സൂതൻ.
എന്നാലീ യദൃച്ഛയായ് വന്നൊത്തും വിപത്തുക-
ളൊന്നൊഴിയാതെ സഹിച്ചേഴമിജ്ജീവിതത്തിൻ-
അന്ത്യമാം ഫലം രോഗപീഡയും വാർദ്ധക്യവു-
മന്തമില്ലാത്ത മഹാനൈരാശ്യമിതുംതാനോ?
എന്നു പിന്നെയും ദേവൻ ചോദിച്ചാനത്ര ചിരം
മന്നിൽ ജീവിക്കിൽ ഫലമിവതാനെന്നാൻ ഛന്ദൻ.
അല്ലലും വേദനയുമേറിയാൽ പൊറുപ്പാൻ കെ-
ല്പില്ലാതോരുണ്ടാമവ സഹിപ്പാൻ മനമെന്യേ
വല്ല മററുപായവും ചിന്തിപ്പോരുണ്ടാം സഖേ
അല്ലെങ്കിലെല്ലാംസഹിച്ചിമ്മനുഷ്യനെപ്പോലെ
വല്ലാത്ത രോഗാവിഷ്ടനായ് വെറും ജരഠനാ-
യെല്ലും തോലുമായുടൽ ശോഷിച്ചു വിരൂപനായ്.

Digitized By Kerala Sahitya Akademi

പിന്നെയും മൂത്തിരിക്കും മുതുവൃദ്ധന്മാരുണ്ടാം
ചൊന്നാലും ശരണമെന്നൊടുവിലിവക്കെല്ലാം.
വിരവിലിപ്രകാരം ചോദിക്കും സ്വാമിയോടു
മരണംതാനവക്കു ശരണമെന്നാൻ ഛന്ദൻ.
ഹന്ത ഹ! മരണമോ ഗതിയെന്നുടൻ നാഥൻ
സന്താപവിവശനായാനുടൻ ചൊന്നാൻ സൂതൻ.
എന്തുമാർഗ്ഗത്തിലൂടെയാകിലുമെന്നാകിലും
ജന്തുക്കൾ മരണത്തിൽ ചെന്നടിഞ്ഞൊഴിയുന്നു
വൃദ്ധരായ് ചിരം ജീവിക്കുന്നതും ചിലരത്രെ-
യിദ്ധരിത്രിയിൽ ദാരിദ്ര്യാദിനാനാദുഃഖത്താൽ.
പീഡിതരായകാലരോഗഗ്രസ്തരായ് പാര-
മാടൽതേടുന്ന മിക്കവാറുംപേർ മഹാമതേ!
അവശരായിങ്ങനെ ജീവിച്ചു യഥാകാല-
മവശ്യം മരിച്ചുപോമൊടുവിലെല്ലാവരും.
ധ്രുവമാണിച്ചൊന്നതു! സത്യമാണെങ്ങോനിന്നു
ശവമൊന്നിതാവരുന്നുണ്ടു തൃക്കൺപാർത്താലും
ഇതുകേട്ടാരോഗിയെ വിട്ടുടൻ മുഖാംബുജം
ദ്രുതമുന്നമിപ്പിച്ചു ഭഗവാൻ നോക്കീടുമ്പോൾ
പുഴവക്കിനെ ലാക്കാക്കീട്ടങ്ങു വേഗംനട-
ന്നാഴ്ത്തുകൊണ്ടു ജനക്കൂട്ടമൊന്നൊത്തീടുന്നു
ചട്ടററകനൽ കത്തിജ്വലിക്കുന്നൊരു പുത്തൻ
ചട്ടി തൂക്കിക്കൊണ്ടൊരാൾ നടക്കുന്നിതു മുമ്പേ.

Digitized By Kerala Sahitya Akademi

ചട്ടങ്ങൾ കൂട്ടി മുളചീന്തിവച്ചു ചിതമായ്
കെട്ടിയുണ്ടാക്കീട്ടുള്ള ശവമഞ്ചം ചുമന്നു
പോവുന്നു ചിലരവക്കുട്ടത്തുനിന്നുകൊണ്ടു
ഗോവിന്ദ ഗോവിന്ദ ഗോവിന്ദേതി വിളികൂട്ടി
ദുഃഖചിഹ്നങ്ങൾ കൈക്കൊണ്ടൊററമുണ്ടുടുത്തേറെ-
മുഖ്യരാം ബന്ധുക്കളും വഴിയേ ചെന്നീടുന്നു
മഞ്ചത്തിലയ്യോ ചത്തുമരവിച്ചാരുംകണ്ടാ-
ലഞ്ചുന്നവികൃതമാം മുഖഭാവങ്ങളോടും
കാഴ്ചപോയടഞ്ഞുള്ള കണ്ണുകളോടും പാരാ
താഴ്ചയാന്നെഴുന്നുള്ള താടിയെല്ലുകളോടും
മെലിഞ്ഞു നെഞ്ചുതാണു വയറുകഴിഞ്ഞു തോൽ
വലിഞ്ഞു വാരിയെല്ലുനികഴ്ന്നു വിരൂപമായ്
ഗോഷ്ഠിയിൽ കുറികളും പൂക്കളും ചാർത്തിയൊരു
വേഷ്ടിയാൽ മൂടി വെളിക്കൊട്ടുകാലുകൾ നീട്ടി
പ്രേതമങ്ങനെ കിടക്കുന്നിതേ! ചുമക്കുവോർ
പാതകൾ നാലുംകൂടും ദിക്കിൽവന്നെത്തി വീണ്ടും
ഗോവിന്ദ ഗോവിന്ദ യെന്നുറക്കെ ഘോഷിച്ചുടൻ
സാവധാനമായ്ത്തലതിരിച്ചു തൽപ്രേതത്തെ
ചട്ടററ നദീപുളിനത്തിങ്കൽ കൊണ്ടുചെന്നു
പട്ടടകൂട്ടിയതിൽ കിടത്തീടുന്നാർ പിന്നെ
ഒട്ടേറെവിറകുകളൂന്നമെന്നിയേ ശവം-
ചുട്ടുകൊള്ളുവാൻ ചിതമേലവരടുക്കിനാർ

Digitized By Kerala Sahitya Akademi

ഹന്ത! പട്ടടയായ മെത്തമേൽ കിടന്നീയാ-
ളെന്തുസൌഖ്യമായുറങ്ങീടുന്നു നിരൂപിച്ചാൽ
ആടൽതേടുവതില്ല ശീതവായുവിൽ മേനി-
മൂടാതെ കിടക്കിലും ചെററുമേയിവനിപ്പോഠം
എത്തുകില്ലിന്നിദ്രയ്ക്കു ഭംഗവുമതേ! യിതാ-
കത്തിച്ചു ചിതയ്ക്കഗ്നി നാലുകോണിലുമിവർ.
ചെന്തളിക്കലപൂണ്ട ലതകഠംപോലെ ചുററി-
ച്ചന്തത്തിലഗ്നിജ്വാല പടന്നുപിടിക്കുന്നു
ചുവന്നനാവുപോലെ നീട്ടിജ്വാലയെ വഹ്നി
ശവത്തെ നക്കി രുചിച്ചേററമുല്ലസിക്കുന്നു
ധ്യൂതിയിൽ തോൽപൊളിച്ചു സന്ധികഠം പൊട്ടിച്ചാത്തു
ചതകഠം തിന്നു ചീറിധ്യൂമമുദ്വമിക്കുന്നു.
താന്തനായ് ഭ്രതംതള്ളിയമന്ന കോമരംപോൽ
ശാന്തിതേടുന്നു തന്നിയേയഗ്നി മന്ദം മന്ദം
ജ്വാലകഠംതാണു കനൽകട്ടകഠം നീറിത്തീന്നു
ലോലമാം പുകയും നിന്നൊന്നല്ലയെല്ലാം പോയി
കൊള്ളിയും കെട്ടു കരുഞ്ചാമ്പലുമങ്ങങ്ങോരോ
വെള്ളെലുമ്പുമായൊക്കെശ്ശേഷിച്ചു ശിവ! ശിവ!
ശിഷ്ടനായേററം ശ്രീമാനാകിലും നരനിങ്ങു
ശിഷ്ടമായ്കാണ്മതിത്രമാത്രമാകുന്നുവല്ലൊ!
ഭഗവാനിതൊക്കെയും സൂക്ഷിച്ചുകണ്ടു വീണ്ടു-
മകതാരടങ്ങാതെയമ്പൊടും ചോദിച്ചിതു

Digitized By Kerala Sahitya Akademi

ക്ഷിതിയിലിപ്പോൾ ജീവിച്ചിരിപ്പോക്കെല്ലാവക്കു-
മിതുതാൻ പരിണാമമായ്‌വരുമെന്നോ ഛന്ദാ!

അതുകേട്ടടൻ സൂതൻ പിന്നെയും ചൊന്നാനതേ-
യിതുതാൻ പരിണാമമേവക്കും നൃപാത്മജ!

വെറുന്താരിപ്രേതത്തിൽനിന്നൊന്നുമേ തിന്മാൻ കിട്ടാ-
തന്തികമെത്തിക്കാക്ക പറന്നുപോവൂ കാൺക.

എത്രയോ ത.ടിച്ചു വാച്ചിരുന്നോരുടലാണി-
തെത്രയാസ്വാദിച്ചിതു ഭോജ്യപാനീയങ്ങളെ

എത്രയുല്ലാസമാന്ന ചിരിച്ചു രസിച്ചതി-
ങ്ങെത്രനാൾ രമണിയെ സ്നേഹിച്ചു ലാളിച്ചിതു

എത്ര ദീഘമായിതു ജീവിച്ചു സുഖമായ് മേ-
ലെത്രനാൾ ജീവിക്കുവാനാഗ്രഹിച്ചിരുന്നിതു

നോക്കുക!യാക്കുമറിയാവതല്ലായുസ്സിൻെറ
പോക്കുകൾ ജീവിതത്തെ വിശ്വസിക്കാവതല്ല

കാട്ടുകാറേററു മരംപൊട്ടി മേൽവീണീടിലാം
നോട്ടമില്ലാതെ കല്ലിൽ കാൽതട്ടി മറികിലാം

നഞ്ചുപെട്ടോരു കളത്തിൽ ചെന്നു മുഴകിലാ-
മഞ്ചുമാറൊരു പാമ്പു തെല്ലൊന്നു ദംശിക്കിലാം

അന്തരമൊന്നുമല്ലെന്നാലരച്ചാണില്ലാത്ത
കത്തിതൻ മുനയേൽപ്പിച്ചെങ്കിലാം കോപിച്ചോരാൾ

ഉള്ളിലാശ്വാസമോട്ട രമിക്കും തീനിൽപെട്ട
മുള്ളുതൻ കണ്ഠത്തിങ്കലെങ്ങാനും തച്ചീടിലാം

Digitized By Kerala Sahitya Akademi

അല്ലെങ്കിൽ വിശ്വാസമായ് വീടവുകമ്പോളോട്ടിൻ-
ചില്ല ക്രൂരമേൽനിന്നു തലയിൽ വീണീടിലാം
അപ്പോഴേ കൂടുവിട്ടു പറന്നകലയുന്നു
ക്ഷിപ്രമിപ്രാണൻ ഛിദ്രം വല്ലതായാലുംമതി.
പിന്നെയിദ്ദേഹി വെറുംപ്രേതമായ്ത്തീരുമൊന്നും
തിന്നില്ല പിന്നെപ്പൈയും ദാഹവുമവനില്ല
സുഖവുമില്ല ദുഃഖജാലങ്ങളൊന്നുമില്ല
വിഗതപ്രാണനാകുമവനു നൃപാത്മജ.
അഞ്ചിതമാമവൻെറ മുഖചന്ദ്രൻ തൂവിയ
പുഞ്ചിരിപ്പൂനിലാവസ്തമിച്ചേങ്ങോപോയി
പ്പഞ്ചാരതോൽക്കുംമൊഴി കാന്തയാളധരത്തിൽ
കൊഞ്ചിയർപ്പിച്ച ചുംബനങ്ങളും വ്യഥാവായി
എന്തിനുപറയുന്നു കത്തിക്കാളുന്ന കട്ടം-
ചെന്തീയിൽ ശയിക്കിലും ചൂടറിയുന്നീലവൻ
തന്നുടെ മാംസംതന്നെ കരിഞ്ഞ ദുർഗ്ഗന്ധമി-
സ്സുന്നാചേതനനുടെ മൂക്കറിവീല തെല്ലും
ബന്ധുക്കളെന്നാൽ നല്ല ചന്ദനമകിൽതൊട്ട
ഗന്ധദ്രവ്യങ്ങളാൽ താൻ ചുട്ടുന്നു തൽപ്രേതത്തെ.
ഇവൻെറ നാവിൽനിന്നു പോയിതു രസജ്ഞാനം
ചെവിയുമടഞ്ഞുപോയ് കേൾക്കയില്ലിനിയൊന്നും
മുഖത്തു വിളക്കുപോൽ ശോഭിച്ച കണ്ണുരണ്ടും
വികലമായിക്കാഴ്ച്ചപോയ് വെറുമന്ധമായി.

Digitized By Kerala Sahitya Akademi

സ്നേഹമുള്ളവർചുററും വന്നിരുന്നുടൻ ഠത്ത
ദേഹത്തെനോക്കി നിലവിളിച്ചുകേണീടുന്ന
ദാഹമോ ഖനനമോചെയ്തു ബന്ധുക്കളിപ്പോ-
ളാഹന്ത! നശിപ്പിക്കമതിനെയല്ലെന്നാകിൽ
പാരിതിൽ കിടന്നു ചീഞ്ഞഴിഞ്ഞു പുഴക്കറംക്കു
ഘോരസഖ്യയായ് തീരുമുടലെന്നോക്കയാലെ
ഇതുതാനല്ലോ ഗതി ജീവികൾക്കെല്ലാവക്കു-
മിതിലിക്ലോക്കിൽ വ്യത്യസ്തതയിങ്ങൊരാൾക്കുമേ
കേമന്നും നിസ്സാരനുമെന്നാഭേദവുമില്ല
പാമരനെന്നുമില്ല പണ്ഡിതനെന്നുമില്ല
ഉൽകൃഷ്ടനെന്നില്ലേറനികൃഷ്ടനെന്നുമില്ല
ചൊൽക്കൊണ്ടധർമ്മിഷ്ഠനെന്നില്ല ദുഷ്ടനെന്നില്ല
ഏവനും ജീവിച്ചുചത്തിങ്ങനെയഴിയുന്നു
കേവലം സാധാരണമാണിതെന്നല്ല പിന്നെ
ചത്തവർ ജനിക്കുമെന്നോതുന്നു നിഗമങ്ങൾ
സത്യമാക്കറിയാവു-വാസ്തവമാണതെങ്കിൽ
പിന്നെയുമിവനേതു ദിക്കിലെങ്കിലും സ്വയം
ചൊന്നൊരു ജനനീഗർഭത്തിങ്കൽ ശയിക്കണം
പിന്നെയും ജനിക്കണം വളൻ ദുഃഖങ്ങളെ-
പ്പിന്നെയും സഹിക്കണമെന്നല്ല രോഗാദിയാൽ
പിന്നെയും മരിച്ചിതുപോലെ താൻ കാളും ചിതാ-
വഹ്നിയിൽ വെന്തു വെണ്ണീറാകണം വീണ്ടും വീണ്ടും.

Digitized By Kerala Sahitya Akademi

ഇങ്ങനെ തിരിയുന്ന സംസാരചക്രത്തിങ്കൽ
മംഗലമതേ! ചുഴലുന്ന ദേഹികളെന്നും."
ഭവ്യനാം കുമാരകനിത്തുകേട്ടുഴന്നു തൻ
ദിവ്യാശ്രുധാരയാൻ തുടുത്തതൃക്കണ്ണുകൾ
അന്തരീക്ഷത്തിലേയ്ക്കു പൊക്കിക്കൊണ്ടൊട്ടുനേരം-
മന്തരാ കൃപാകലനായിരുന്നരുളിനാൻ
പിന്നെയുമവനിയെ നോക്കിനാൻ തിരുവടി
പിന്നെയുമാകാശത്തെത്തൃക്കൺപാർത്തരുളിനാൻ
ദേവമാനുഷലോകങ്ങൾക്കു തങ്ങളിലുള്ള
ഭാവബന്ധത്തെപ്പററിയറിഞ്ഞു മറന്നതായ്
വല്ലതുമോർമ്മിക്കയായിരിക്കാം മഹാഭാഗൻ
നല്ലതു ലോകങ്ങൾക്കു വരുവാൻ നിദാനമായ്
വല്ലതും കണ്ടിട്ടുണ്ടാം ബുദ്ധിയിലതു തെളി-
ഞ്ഞില്ലെന്നാകിലുമറിയുന്നുണ്ടാമകക്കാമ്പിൽ.
ഉടനന്നമിതമായുള്ളൊരമ്മുഖാബ്ജത്തിൽ
സ്ഫുടിതപ്രേമോജ്ജ്വലശോഭയൊന്നേറിക്കണ്ടു.
ഏകാന്തമായോരാശാബന്ധസൂചകമായി
ലോകാതിശായിയായ ദീപ്തിയിൽ ചൂഴ്ന്ന മുഖം.
അത്ഭുതചരിത്രനഗൌതമൻ തിരുവടി
സുസ്ഫുടാക്ഷരമുടനിങ്ങനെ വിളിച്ചോതി:—
"അല്ലയോ ദുഃഖാബ്ധിയിലാഴും ലോകമേ! സ്വയം
വല്ലാത്തജനിമൃതിവലയിൽ പെട്ടു നിത്യം

Digitized By Kerala Sahitya Akademi

അല്ലലാന്നെന്നൊപ്പോലെയുഴന്നു രക്ഷാമാർഗ്ഗ-
മില്ലാതെ കേഴും ജ്ഞാതാജ്ഞാതരാമാത്മാക്കളേ!
ഹന്ത! ഞാൻ കണ്ടിതിപ്പോൾ മർത്ത്യജീവിതമാക-
മന്തമില്ലാത്ത തീവ്രവേദനയുടെ ദൈർഘ്യം
ചിന്തയിലെന്നല്ലിങ്ങുള്ളോരോരോസുഖം വെറു-
മന്തശ്ശൂന്യമാം നിഴലാണെന്നുമറിഞ്ഞു ഞാൻ
അത്യന്തകാമ്യമായ ഭോഗവും ജീവിതത്തിൽ
നിത്യമല്ലാത്ത പരിഹാസ്യനാടകമല്ലൊ
എന്തുയാതനയാണു പിന്നെദ്ദുസ്സഹമായ
സന്താപസന്തതികളുഴിയിൽ നിരൂപിച്ചാൽ!
നല്ലോരു സുഖങ്ങളന്തരിപ്പൂ ദുഃഖങ്ങളായ്
കല്യയൌവനമവസാനിപ്പൂ വാർദ്ധക്യമായ്
ചൊല്ലെഴും പ്രേമമിഷ്ടഭംഗത്തിൽ വിരമിപ്പൂ
എല്ലാർക്കും മരണമായ് ജീവിതം കലാശിപ്പൂ
മരണം താനും ഭാവിജന്മദഃഹതുക്കളൊവ്വൂ
പരമജ്ജന്മങ്ങൾ സംസാരചക്രത്തിൽ വീണ്ടും
മായാരൂപമാം സുഖം കാണിച്ചു നിത്യദുഃഖ-
ദായാദനാക്കി പ്രവർത്തിപ്പിപ്പൂ ശരീരിയേ
എന്നെയും മോഹിപ്പിച്ചു നൂനമിമ്മായാലോക-
മന്യൂനസുഖമിതിലുണ്ടെന്നുനിനച്ചു ഞാൻ
ജീവിതം ശരൽപ്രഭാതത്തിങ്കൽ മധുരമായ്
സാവധാനമായ് പ്രവഹിക്കും തേൻപുഴയെന്നും

Digitized By Kerala Sahitya Akademi

നിത്യമാണെന്നും കരുതീടിനേൻ- എന്നാലതിൽ
തത്തിപ്പൊങ്ങിടുമോളമൊക്കയും തുള്ളിച്ചാടി
പുത്തൻപൂനിരയാന്ന താഴ്വരകളിലൂടെ
യെത്തുന്ന താഴെത്താഴെയെത്തുമൊന്നറിയാതെ.
അത്യന്തഘോരലവണാബ്ധിതൻകയത്തിൽ പോയ്
സിദ്ധിക്കുടുവാൻ ശീഘ്രതരമായോടീടുന്നു
എന്നുടെ മിഴിമൂടിനിന്നൊരത്തിരശ്ശീല
ഭിന്നമായ് പോയിതിപ്പോഠം ഞാനിതാ ദേവന്മാരെ
അന്യമർത്ത്യരെപ്പോലെയാത്മരക്ഷയെ കാംക്ഷി-
ച്ചുന്നതഭക്തിയോടും വിളിച്ചു യാചിക്കുന്നു
കരുണ ദേവതകഠംക്കില്ലയോ നരനെന്നും
കരഞ്ഞർത്ഥിക്കും രക്ഷനൽകുന്നില്ലല്ലോയിവർ
പക്ഷേ നാം പ്രാർത്ഥിപ്പതു ദേവകളോക്കില്ലെന്നാം
രക്ഷയില്ലെന്നുവരാ ജീവികഠംക്കൊരുനാളും
ഇക്കണ്ടജനങ്ങഠംക്കുമെനിക്കുമെല്ലാമോക്കിൽ
ദുഃഖത്തിൽനിന്നു പരിനിവ്വാണം വേണ്ടതല്ലോ.
അഥവാ ദേവന്മാക്കുമതുവേണ്ടതായ് വരാം
വ്യഥയാന്നവരും തേടുന്നുണ്ടാമതിന്നായി
അവരെ വിളിച്ചുകേഴുന്ന മർത്ത്യരെ യവ-
ക്കവനം ചെയ്യാൻ കഴിയാത്തതുനിരൂപിച്ചാൽ
ദേവകഠം പരതന്ത്രരായ് വരാം നമ്മെപോലെ
കേവലം നമ്മെ രക്ഷിപ്പാനവരശക്തരാം

Digitized By Kerala Sahitya Akademi

എന്നെയാശ്രയിപ്പോരെരക്ഷഴവാൻ വിടില്ല ഞാൻ
ഖിന്നതതീക്കാനെനിക്കാവുന്ന കാലംവരെ
പിന്നെദ്ദേവകൾ രക്ഷനൽകവാൻ ശക്തരെങ്കിൽ
മന്നിലിങ്ങനെ നിജഭക്തരെ വെടിയുമോ,
ബ്രഹ്മദേവനീ ദുഃഖരൂപമാം പ്രപഞ്ചത്തെ-
യിമ്മട്ട സൃഷ്ടിച്ചെന്നും വച്ചുകൊണ്ടിരിപ്പതു
സംഭാവ്യമാണോ സർവ്വശക്തനിക്കഷ്ടതകൾ
ജൃംഭിക്കും ഭുവനത്തെയിങ്ങനെ വിട്ടീടുമോ
ശക്തനാണപേക്ഷയിതെങ്കിൽ നിർദ്ദയനവൻ
ശക്തിയില്ലെങ്കിലവനീശ്വരനല്ലതാനും.
ഛന്ദാ! തേർതെളിക്ക നാം മടങ്ങിപ്പോക വീണ്ടു-
മിന്നു കണ്ടതുമതി; കാണേണ്ടതെല്ലാമായി.
ഇങ്ങനെ പുത്രൻ വീണ്ടും ഖിന്നനായ് മടങ്ങിയ-
തങ്ങു മന്നവൻ കേട്ടു മാഴ്കിനാനുടൻ പിന്നെ
മുമ്പിലത്തേതിൽ മൂന്നുമടങ്ങു ഭടന്മാരെ-
യൻപൊടു വാതിൽകാക്കാനന്നു താൻ നിയോഗിച്ചാൻ.
അകത്തും പുറത്തും നിന്നാരെയുമതുവഴി
പകലും രാത്രിയിലും വിട്ടീലയാജ്ഞയന്യേ
കല്പിച്ചങ്ങനെ നൃപൻ സൂക്ഷിച്ചു കുമാരനെ
സ്വപ്നത്തിൽ മുമ്പുകണ്ട ദിവസാവധിവരെ.
മോഹം താൻ കവാടത്താൽ വിധിയെത്തടുക്കുന്ന
സാഹസമെന്നോർക്കാതെ പിന്നെയും യഥാസുഖം

Digitized By Kerala Sahitya Akademi

വാണിതേയോത്തീടിലും മമതാതിമിരത്താൽ
കാണുമോ പരമാൎത്ഥമുള്ളപോൽ സംസാരികൾ?

മൂന്നാംകാണ്ഡം കഴിഞ്ഞു.

Digitized By Kerala Sahitya Akademi

# ശ്രീബുദ്ധചരിതം

## കിളിപ്പാട്ട്

### നാലാം കാണ്ഡം

ഭൂരിസുകൃതനാം ശാക്യനരേന്ദ്രന്റെ-
യാരോമലുണ്ണിയഖിലലോകപ്രിയൻ
കാരുണ്യകല്ലോലലോലാശയൻപൂണ്ണ-
താരുണ്യഭംഗിതരംഗിതാംഗദ്യുതി
മാരവിജയി മഹാത്മാ മുനിവരൻ
വീരശിഖാമണി വിദ്വജ്ജനാഗ്രണി
പണ്ഡിതവിപ്രജനത്തിലുമജ്ഞരാം
ചണ്ഡാലരിലുമൊപ്പം സ്നേഹമേലുവോൻ
മണ്ണിൻ ജനിമൃതി ദുഃഖങ്ങൾ കണ്ടിട്ടു
കണ്ണുനീർവാക്കും കുമാരൻ ഗുണാകരൻ
വിണ്ണവക്കും മനുഷ്യക്കുമെന്നല്ലതിൻ-
വണ്ണം സകല ചരാചരങ്ങൾക്കുമേ
ബന്ധമകററി നിർവാണമേകീടുവാ-
നെണ്ണിക്കരൾകാഞ്ഞു മാഗ്ഗമാരായുവോൻ

Digitized By Kerala Sahitya Akademi

ശ്രീമൽ ഭഗവാൻ വസിച്ചിതു വിശ്രമാ-
രാമസൌധങ്ങളിൽ പിന്നെയുമൊട്ടനാൾ.
ഭൂമിപാലേന്ദ്രകുമാരനവൻ സാർവ-
ഭൌമനായ് തീരുമല്ലെങ്കിലോ ഭിക്ഷുവായ്
പോമെന്നു ദൈവജ്ഞരോതിയ കാലവും
താമസിച്ചീല വിരവിലടുത്തിതു.
സത്വരം ലോകമനോഹരനായുള്ള
ചിത്തിരമാസമണഞ്ഞിതു ഭംഗിയിൽ
ഞാഞ്ഞു തേന്മാവിൻെറ കൊമ്പു കലകളാൽ
ചാഞ്ഞു പഴങ്ങൾ ചുവന്നു ചമഞ്ഞിതു
മഞ്ജുവായ് ഞാവൽ മരങ്ങളിൽ കായ്നിര-
യഞ്ജനകാന്തി കവർന്നു തുടങ്ങിതു
നല്ലോരിലഞ്ഞികൾ പൂത്തു മണംപേറി
മെല്ലെന്നു കാററു ചരിച്ചിതു നീളവേ
ചട്ടററചാരു പവിഴപ്രഭയാർന്നു
മൊട്ടശോകങ്ങളിലെങ്ങും നിരന്നിതു
നല്ല തങ്കത്താലിമാലപോൽ തൂങ്ങീതു
ഫുല്ലമാം പൂംകുല കൊന്നമരങ്ങളിൽ
മെത്തും മണമാർന്നു പുന്നയിൽ പൂന്നിര
മുത്തുതൻ ഗുച്ഛങ്ങൾപോലെ ശോഭിച്ചിതു
ദേവാലയങ്ങളിലുത്സവാഘോഷമായ്
ഭുവനങ്ങളിപ്പൊടിപാറിസ്സുരഭിയായ്.

Digitized By Kerala Sahitya Akademi

തോയാശയപ്രദേശങ്ങളെല്ലാം ജന-
ഭൂയിഷ്ഠമായ് പുരവാസികൾ നിത്യവും
സായാഹ്നമുദ്യാനഭാഗങ്ങളിൽ സ്വയ-
മായാസമാററുവാൻ ചെന്നു മേളിക്കയായ്
ഇമ്മട്ടെഴമസ്സമയത്തിൽ വന്നെത്തി
രമ്യമായപ്പൂർണ്ണപൂർണ്ണമാം പൌർണ്ണമി
അക്കനംപോയ് പടിഞ്ഞാറേഗ്ഗിരിതടം
പൂക്കപഴുപ്പിച്ച പൊൻകുടംപോൽ നിന്നു
അംബരദർപ്പണത്തിൽ കിഴക്കായതു
ബിംബിച്ചപോൽ നിന്നു പൂർണ്ണേന്ദുബിംബവും
എന്നല്ല സന്ധ്യയാം ത്രാസിൻെറ പൊൻതട്ട-
മെന്നപോലർക്കേന്ദുമണ്ഡലം രണ്ടുമേ
നിന്നു നൊടിയളവൊപ്പം ദിനഭര-
ഖിന്നതയാലുടൻ താണിതു ഭാനുമാൻ;
മന്ദംമന്ദം പിന്നെ യന്തരിക്ഷത്തിലേ-
ക്കിന്ദുബിംബം സ്വയം പൊങ്ങി ലഘുതയാൽ.
ദ്യോവായ ഗോവിൻ മഹാസ്തനമണ്ഡല
ഭാവത്തിൽനിന്നു പീയൂഷകിരണങ്ങൾ
ഭംഗിയിൽ പാൽകണക്കേ പ്രസരിച്ചു
മംഗളമാക്കീ ദിഗന്തങ്ങൾ വെണ്മതി.
എങ്ങും പരന്നൊഴുകും പൂന്നിലാവിങ്കൽ
മുങ്ങിക്കൊഴുത്തു മിനുത്തു ധരാതലം

Digitized By Kerala Sahitya Akademi

ഗംഗാതരംഗം പരന്ന ധവളമാം
വംഗാംബുധിപോൽ വെളുത്തു നഭസ്ഥലം
തിങ്ങും നിലാവിൽ തെളിയാതെ താരങ്ങൾ
തങ്ങി വെൺപൊയ്കയിൽ തുംകമുദങ്ങൾപോൽ.
പാരം വെളുത്തുപാലാഴിയിൽ പൊങ്ങിയ
ചാരുതിരനിരപോലെയകലെയായ്
കാണും ഹിമാലയ തുംഗശൃംഗങ്ങടെ
ചേണാന്നകാന്തിപൂരങ്ങളിൽ ചെന്നുടൻ
ചന്ദ്രിക വീണു ചകചകധാവള്യ-
മിന്ദ്രിയമോഹനമുള്ളം ഹരിക്കയായ്
കേമമാം വെള്ളിക്കുടമിതിൽ ദേവകൾ
കാമസുരഭിതൻ പാൽകറന്നിങ്ങനെ
സാമോദമീ ഹിമവാനെഗ്ഗിരിസാർവ്വ-
ഭൗമനാക്കാനഭിഷേകം കഴിക്കയൊ;
സോമബിംബത്തിൽ നിന്നിഗ്ഗിരീന്ദ്രന്റെ മേൽ
തൂമഞ്ജുചന്ദ്രികാധോരണി വീഴ്കയോ.
മന്ദമായപ്പുവ്വ്താഗ്രത്തിൽ നിന്നുടൻ
സ്പന്ദിച്ചെഴും സുഖസ്പർശമാം വായുവിൽ
ആടി മെല്ലെന്നഴകായ് വിശ്രമവന-
വാടിയിൽ വിസ്ഫുരിച്ചു വൃക്ഷരാജികൾ.
കൌമുദിയിൽ കുളിരെക്കളിച്ചുഴിയാം
കോമളഗാത്രിയാൾ കോൾമയിക്കൊണ്ടപോൽ.

Digitized By Kerala Sahitya Akademi

മോഹനപ്രാന്തപ്രദേശത്തിലൂടെയ-
വ്യാഹതമായ് തെളിഞ്ഞൊഴുകുന്ന
രോഹിണിയിൽ തരംഗപ്രതി സംസ്ഫുരി-
ച്ചാഹന്ത! കാണായസംഖ്യം ഹിമാംശുക്കൾ.
തുംഗതരുക്കൾ തന്മേലവയോടൊട്ട
സംഗതനായ് വിണ്ണിൽനിന്ന സുധാകരൻ
ഭംഗികോലും സ്ഫടികപ്രദീപംപോലെ
ശൃംഗാരരശ്മി ചൊരിഞ്ഞു; വിചിത്രമാം
അത്തുവിളക്കിൻനിഴൽമണ്ഡലം പോലെ
തത്തിനിന്നു, ചുവട്ടിൽ തരുച്ഛായകൾ.
ഉച്ചമാം ഗോപുരങ്ങൾക്കുള്ളിലേ മണി-
മച്ചുകൾമേൽ വെണ്ണിലാവു പരക്കവേ.
ഉജ്ജ്വലിക്കും വിവിധപ്രഭാപൂരത്തിൽ
മജ്ജനം ചെയ്തുനിന്നു ഹർമ്മ്യരാജികൾ.
പാതിരാവായ് പ്രാണിവർഗ്ഗമെങ്ങും സുഖ-
മേദുരനിദ്രയിൽ വീണു; മായാവിനി
മോദിച്ചു ചന്ദ്രമുഖിയാംനിശ നിജ
ചാതുര്യമോർത്തു ചിരിക്കുന്നപോലെയായ്.
സ്വാതന്ത്ര്യമേറും ഗതിക്രമം കൈവെടി-
ഞ്ഞു താതെനിന്നു ജഡമായ് സദാഗതി
മേദിനി നിശ്വാസമേലാതെ ദീർഘമാ-
മേതോവിചാരത്തിൽ മുങ്ങിനില്ക്കുംപോലെ.

Digitized By Kerala Sahitya Akademi

നിശ്ചലമായ് തരുഗുൽമാദി കേവലം
സ്വച്ഛന്ദമായ് കളിയാടി നിശ്ശബ്ദത
എന്നാൽ പുറത്തതിദൂരത്തുകേൾക്കായി
കുന്നിൽ കുറുനരിക്കൂട്ടമഴകരൽ

സന്നപ്രതിഷ്ഠയാം ശാക്യനൃപലക്ഷ്മി
ഖിന്നയായ് ദൂരമണഞ്ഞു കേഴുന്നപോൽ
അന്തഃപുരത്തിൽ മുത്തുശ്ശിപ്പികൾ കൊണ്ടു
ചന്തമായ് ശില്പങ്ങൾ ചെയ്തു വിളങ്ങുന്ന

ഭിത്തികളും ശവൺപളുങ്കു തറകളും
ശുദ്ധനിലാവിൽ തിളങ്ങി ലസിപ്പതും
നൃത്തഗീതാദി സുകുമാരകൃത്യങ്ങൾ
നിർത്തിത്തനിയേ മതിമങ്ങി നിദ്രയിൽ

ഉത്തമസ്ത്രീരത്നവൃന്ദമനങ്ങാതെ
തത്തൽസ്ഥലങ്ങളിൽതങ്ങിശ്ശയിപ്പതും
കാണുകിൽ ദേവാംഗനാജനത്തിനുള്ള
ചേണാർന്നവിശ്രമഭൂവിതൊന്നോർത്തുപോം.

സിദ്ധാർത്ഥരാജകുമാരൻ തിരുവടി-
യ്ക്കുൾത്താരിലുററവാത്സല്യനിധികളായ്
നിസ്തുല്യരൂപലാവണ്യഗുണം പൂണ്ട
നൽത്തേന്മൊഴികളെല്ലാമങ്ങു കാണായി.

ശാന്തമധുരമാം നിദ്രയിൽ നിശ്ചല
കാന്തി, നിലാവിലാമ്പൽപൂ കണക്കാന്നു

ശോഭിക്കുമോരോരോതനപ്പിയേയും കാൺകി-
ലാഭയാൽ സ്ത്രീമൌക്തികമെന്നു തോന്നുമേ.

എന്നാലതിനപ്പുറത്തു ശയിക്കുന്ന
സുന്ദരിയാകുന്ന സവ്വമനോഹരി

അങ്ങേപ്പുറത്തു കിടപ്പവൾക്കൊപ്പമാ-
യെങ്ങുമില്ലാരുമവളത്ര സുന്ദരി

ഇങ്ങനെ മെച്ചമേറും നാരിമാരുടെ-
യംഗലാവണ്യപൂരങ്ങളിൽ സാന്ദ്രമായ്

മുങ്ങിയോരോന്നിലും നീന്തിയടുത്തതിൽ
തങ്ങിയതുവിട്ടടുത്തതിലാണ്ടെത്തി

ഇപ്രകാരം ചതുരൻ ശില്പി നിമ്മിച്ചു
സുപ്രകാശംപൂണ്ട രത്നങ്ങൾ മിന്നുന്ന

മാലയിൽപോലെ മെമ്മേൽ കാന്തി കണ്ടുക-
ണ്ടാലസ്യമായ് കണ്ണുമങ്ങി മയങ്ങുമേ.

കുട്ടിമാൻകണ്ണിമാർ നാണവും ശ്രദ്ധയും
വിട്ടുകിടന്നുറങ്ങുന്നിതു ഭംഗിയിൽ

കെട്ടൊട്ടയഞ്ഞൂമഴിഞ്ഞൂമിഴിഞ്ഞൂമ-
പ്പട്ടുപൂഞ്ചേല ചിന്നിക്കൊണ്ടു കാണുന്നു

ചുട്ടതങ്കംപോലൊളിപെട്ടം പൂമെക-
ളൊട്ടുഭാഗം മറഞ്ഞും മറയാതെയും

വണ്ടാർകുഴലിമാർ വാർകുന്തൽ വാന്നിട്ടു
കൊണ്ടുകെട്ടിപ്പിന്നിലിട്ടു ചിലരതിൽ

Digitized By Kerala Sahitya Akademi

പൂണ്ടിരിക്കുന്നുമുടിപ്പൊന്നുകൾ മണം-
പൂണ്ടപൂമാല ചിലരാന്നിരിക്കുന്നു.
നീളമേറും കാർകുഴൽ ചിലക്കുള-
നാളത്തിനുകീഴ് കിടന്നാടിയുന്നിതു
കാളിന്ദിതൻകയത്തിങ്കലിളകീട-
മോളം കണക്കെയിരുണ്ടു നീണ്ടങ്ങനെ
പാടിയും വിണ്ണിൽ പറന്നുമിണകളായ്
കൂടിമേളിച്ചും പകൽപോക്കിയന്തിയിൽ
വാടിച്ചിറകുകൾകൂട്ടി മുഖംതാഴ്ത്തി-
യാടൽകൂടാതുള്ള ചേക്കമരങ്ങളിൽ
പക്ഷികൾ പോലെവിലാസങ്ങളാൽ തള-
ന്നക്ഷികൾ പൂട്ടിയുറങ്ങുന്നിതിങ്ങിവർ.
ഉള്ളിലുണ്ടങ്ങുതൂങ്ങുന്നുമിന്നുന്ന
വെള്ളിത്തുടലാന്നവെള്ളിവിളക്കുകൾ
ചട്ടററഗന്ധതൈലം വാർത്തുകളിൽ
പ്പട്ടുതിരിയിലെരിയുന്നു ദീപങ്ങൾ.
തന്മോഹനപ്രഭ പൂന്നിലാവിൽചേന്നു
സൌമ്യതരമായ് പ്രകാശവും ഛായയും
അമഞ്ജുളാംഗിമാർമേൽവീണവയവ-
രമ്യതയെല്ലാം തെളിച്ചുകാട്ടീടുന്നു.
കാന്തമാക്കുന്നതമാറുകൾവീപ്പിനാൽ
ശാന്തമായ് പൊങ്ങിയും താണും വിലസുന്നു

Digitized By Kerala Sahitya Akademi

ലോലങ്ങളായവിരലുകളിൽ ചാരു
മൈലാഞ്ചിയാർന്നമനോജ്ഞകരാബ്ജങ്ങൾ
മാറോടണച്ചിരിക്കുന്നു ചിലരൊട്ടു
മാറിച്ചിലക്കു പാർശ്വങ്ങളിൽ തങ്ങുന്നു.
സ്വർണ്ണാഭയാർന്നും വെളുത്തും തുടുത്തുമ-
പ്പെണ്ണുങ്ങൾതന്നഴകേറും മുഖാബ്ജങ്ങൾ
വർണ്ണപ്പളുങ്കുതളങ്ങളിൽ ബിംബിച്ച
പൂർണ്ണേന്ദുബിംബങ്ങൾപോലെ വിളങ്ങുന്നു.
സീമന്തരേഖയ്ക്കു കീഴിരുപാർശ്വവു-
മോമൽക്കുറുനിരചിന്നിയ നെററിയും
കോമളമായ്കൊച്ചുവില്ലുപോൽ വക്രമായ്
ശ്യാമളമായ പുരികക്കൊടികളും
ചാഞ്ഞു ഞെരുങ്ങിയിരുണ്ടു കവിളിലേ-
ക്കാഞ്ഞു പതിഞ്ഞ നെട്ടംകൺപീലികളും-
ചാരുപനിനീർമലർപോൽ ചുവന്നുന-
ല്ലാരോമലാഭയെഴും കപോലങ്ങളും
നീണ്ടു പൊങ്ങി ക്രമത്താലഗ്രമൊട്ടുഴ-
കാണ്ടു കനിഞ്ഞു കൃത്തുള്ളൊരു നാസയും
ചെന്തളിർപോലെ തുടുത്തു മിനുത്തതി-
ചന്തത്തിൽ വേർപെട്ട ചുണ്ടിൻപുടങ്ങളും
കോർത്തുകഴകിവച്ചുള്ളൊരുമുത്തുകൾ-
ക്കാത്തിനൽകും ചെറുദന്തനിരകളും

Digitized By Kerala Sahitya Akademi

അംഗമോരോന്നുമീവണ്ണമകൃത്രിമ-
ഭംഗികലർന്നുശോഭിക്കുന്ന നിദ്രയിൽ
തങ്കവളകൾകിലുങ്ങുന്നിതച്ചെറു
മങ്കമാർക്കോമനക്കൈത്തണ്ടരണ്ടിലും
കിങ്കിണിതൂങ്ങുന്നകാഞ്ചനനൂപുരം
പൊങ്കഴൽപാമ്പിണപൂണുന്ന ഭംഗിയിൽ
വല്ലമനോജ്ഞമാംസ്വപ്നവും കണ്ടുള്ളി-
ലുല്ലാസവിഭ്രമമേലുമൊരുത്തിക്കു
തെല്ലുറക്കത്തിലുടലനങ്ങീടില-
ച്ചെല്ലുവളയും തളയും കിലുങ്ങുന്നു
ചേർന്നു പരമാനന്ദം ചെവിക്കട-
നാർന്നമച്ചാരുകളമധുരധ്വനി.
ചുണ്ടിൽചെറുചിരിച്ഛായപരക്കുന്ന-
തുണ്ടിവരിൽ ചിലപെൺകൊടിമാർക്കഹോ
കണ്ടുതവിട്ടിവർ കൌതൂഹലം പൂണ്ടു
കണ്ടിടുന്നുണ്ടാം കിനാവുകൾ നിർണ്ണയം
ആട്ടത്തിലേകയമാനുഷവൈഭവം
കാട്ടി മെച്ചംനേടിയെന്നാം കിനാവിതിൽ
പാട്ടിലൊരുത്തിജയിച്ചു ജയക്കൊടി
നാട്ടിയെന്നായ്‌വരാം നാകലോകത്തിലും
വാണിഭഗവതിയ്ക്കൊപ്പം വിരുതാർന്നു
വീണവായിച്ചിങ്ങൊരു വനിതാമണി

Digitized By Kerala Sahitya Akademi

വൈണികവർഗ്ഗത്തിനൊക്കെയകക്കാമ്പിൽ
നാണമാമ്മാറുജയം നേടിയെന്നുമാം
പിന്നെയിന്നിദ്രയിൽ വേറൊരു പൂവേണി
മന്നിൽനിന്നാകാശമേറിനടന്നുപോയ്
ധന്യമാം ചൈത്രരഥാരാമഭൂമിയിൽ
കിന്നരരോടൊത്തുകേളിയായെന്നുമാം
ചന്ദ്രാനക്രപമപരവിണ്ണേറിയ-
മ്മന്ദാരപുഷ്പമണംപാർത്തു വായുവിൽ
നന്ദനോദ്യാനത്തിലെത്തിയങ്ങപ്സരോ-
വൃന്ദത്തിനേററംപ്രിയയാമതിഥിയായ്
വൃന്ദാരകേന്ദ്രസഭയിലണഞ്ഞഭി-
നന്ദനംനേടിയെന്നാവാം കലകളിൽ.
ദിവ്യഗുണനിധിയാം കാന്തനോടൊത്തു
ഭവ്യപ്രണയസല്ലാപസുധാരസം
അവ്യാഹതം നുകർന്നേകാന്തമാരൊന്നൊരു
നവ്യപയോധരവേണി നിന്നൊന്നുമാം.
കാമുകനുള്ളലിഞ്ഞേകിയൊരോമന
പ്രേമനിബന്ധനമാം പാരിതോഷികം
രോമാഞ്ചമേകമമ്പാർന്നുവീക്ഷിച്ചൊരു
പൂമഞ്ജുമേനി രസിച്ചിരുന്നൊന്നുമാം
ആയതുപോട്ടെ ശയിക്കുന്നതുണ്ടിങ്ങൊ-
രായതനേത്രയാൾ നീണ്ടുനിവർന്നിതാ

Digitized By Kerala Sahitya Akademi

ചേണാൎന്നടുത്തു സഖിപോൽ കിടക്കമീ
വീണയെച്ചുംബിക്കമാസ്യപത്മത്തൊടും
തന്ത്രികളിൽതന്നൊതങ്ങും മൃദുവിരൽ-
ച്ചെന്തളിർ മഞ്ജരിയോടും തളമിതിൽ
ചന്തമേറും ഭഗവാൻെറ തിരുമിഴി-
ച്ചെന്താമര നിദ്ര പൂണ്ടവാൻ വീണയിൽ
പന്തിയായ് പെൺകൊടിയാളിവൾ വായിച്ചൊ-
രന്തഃകരണമലിക്കുന്നപാട്ടിൻെറ
അന്തിമരാഗഗതിയിൽ സ്വയമിവൾ
സ്വന്തമിഴികളടഞ്ഞുറങ്ങുന്നതാം.
ഒട്ടൊട്ടുകൊമ്പുമുളച്ചൊരിളയമാൻ-
കുട്ടിയെ മറെറാരുകുട്ടിമാൻകണ്ണിയാൾ
ഇഷ്ടമാമ്മാറുമാറോടണച്ചങ്ങനെ
കെട്ടിപ്പിടിച്ചുകിടന്നുറങ്ങുന്നിതു
അമ്പാൎന്നിവരിരുപേരുമുറങ്ങിട-
മ്മുമ്പുതൻ മാൻകിടാവിന്നീമനോഹരി
ചെമ്പരുത്തിപ്പൂവിറുത്തുതിന്മാനനു-
കമ്പകലൎന്നുകൊടുത്തിരുന്നു ദ്ധ്രുവം.
പുള്ളിമാൻ പാതികടിച്ചപൂവൊന്നിവൾ
നുള്ളിപ്പിടിച്ചിരിക്കുന്ന കൈത്താരിനാൽ
ഉള്ളിലിതളുമടങ്ങിയപ്പൂതന്നെ
തള്ളിയിരിക്കുന്ന ചുണ്ടിൽ മാൻകുട്ടിക്കും

Digitized By Kerala Sahitya Akademi

പ്രാണപ്രിയതോഴിമാരിരുപേരിതാ
വീണുകിടന്നുറങ്ങുന്നു മനോജ്ഞമാർ
ക്ഷോണീതലത്തിൽ പിണഞ്ഞുതങ്ങും രണ്ടു
ചേണാർന്നചമ്പകമാലകൾ പോലവേ.
പൊന്നിലഞ്ഞിപ്പൂമുകുളമിരുത്തിവർ
മുന്നിലേറെശ്ശേഖരിച്ചിരിക്കുന്നിതു
എന്നല്ല [illegible]പ്പാതികെട്ടിയമാലയു-
മൊന്നുണ്ടു [illegible]കൈത്താരിലൊപ്പമിരുവർക്കും
ഈവിധം മാലകെട്ടുമ്പോളു നിദ്രയാൽ
വൈവശ്യമാർന്നറിയാതെ കിടന്നഹോ
പൂവിൽ തലവെച്ചുറങ്ങിയതോഴിതൻ
പൂവൽമെയ്മേൽ വീണുറങ്ങുന്നു മററവൾ.
നാനാമനോജ്ഞരത്നങ്ങളാൽ മറെറാരു
മീനായതാക്ഷി ഹാരം ചമച്ചീടുവാൻ
ഊനമകന്നു മണികൾ കോർക്കുമ്പോളു
താനേമയങ്ങിക്കിടന്നുറങ്ങുന്നിതാ.
വൈരം മരതകം മാണിക്കമെന്നല്ല
ചാരുനീലം പുഷ്യരാഗമിത്യാദിയായ്
ഓരോവിലയാർന്നകല്ലുകൾ കൈത്താരിൽ
വാരിപ്പിടിച്ചിരിക്കുന്നു വാർകേശിയാൾ.
അച്ചാരുരത്നപ്രഭകൾ ചേർന്നങ്ങൊരു
കൊച്ചോമനമഴവില്ലായതുതന്നെ

Digitized By Kerala Sahitya Akademi

കണ്ടാൽ കുതൂഹലമാമ്മാറവൾക്കു കൈ-
ത്തണ്ടോളമെത്തി വളയായ് വിലസുന്നു.
അപ്പൂവനത്തിന്നടുത്തു ഹിമമലി-
ഞ്ഞെപ്പൊഴും ശുദ്ധജലം തിങ്ങിയോടുന്ന-
രോഹിണിതാൻതന്നൊഴുക്കിന്നൊലിയായ
മോഹനത്താരാട്ടിനാൽ വളത്തമ്മപോൽ
സ്നേഹംകലൎന്നിശ്ശിശുപരിപാലന
ഗേഹത്തിലിമ്മട്ടിവരെയുറക്കുന്നു.
ചിത്രങ്ങളാം രത്നകംബളങ്ങൾക്കുമേ-
ലെത്രമനോജ്ഞം ശയിക്കുന്നു കാന്തമാർ.
പൂത്തെഴും പുൽത്തറയിൽ പനിനീർച്ചെടി-
ച്ചാർത്തിലിതളുകൾപൂട്ടിയക്കോദയം
പാർത്തഹസ്സിൽ ഭൂഷണമായ്വിടരുവാൻ
രാത്രിനയിക്കുന്ന മൊട്ടുകളോയിവർ
മംഗലമൂർത്തിസിദ്ധാൎത്ഥദേവൻെറയ-
ശ്ശൃംഗാരമന്ദിരത്തിൽ ശ്രീമയമായ
പള്ളിയറയ്ക്കുമുമ്പിൽ പരിശോഭിക്കു-
മുള്ളിലെശ്ശാലയാണിമ്മനോജ്ഞസ്ഥലം.
ചന്തമായക്കക്ഷ്യരണ്ടുമായ് സന്ധിക്കു-
മന്തരാളത്തിൽ യവനിക തൂങ്ങുന്നു.
അങ്ങോട്ടടുത്തു മനോജ്ഞമഞ്ചങ്ങളിൽ
തങ്ങിയതോഴീജനമുഖ്യമാരായ

Digitized By Kerala Sahitya Akademi

ഗംഗയും ഗൌതമിയുംശയിച്ചീടുന്നി-
തംഗലാവണ്യത്തിലാരെയും താഴ്ത്തുവോർ.
പാടനീലനിറത്തിൽ ബഹുചിത്ര-
മോടികലന്നെഴും ശീലഞൊറിഞ്ഞിട്ടു
ധാടിയിൽത്തൂങ്ങും യവനികയിൽ തങ്ക
നാടകളും നല്ല പട്ടുനൂൽത്തൊങ്ങലും
തുന്നിപ്പിടിപ്പിച്ചിരിക്കുന്നു വക്കിൽ ന-
ല്ലൊന്നിൻ കസവുനൂൽകൊണ്ടു വിചിത്രമായ്.
അത്തിരശ്ശീലനീക്കിക്കളഞ്ഞാലാക്ക-
മുറംത്താരിലാശ്ചര്യമാമ്മാറകത്തുള്ള
മന്ദിരത്തിൽ മണമാന്ന മനോജ്ഞമാം
ചന്ദനത്തുമ്പടിയാന്നകവാടമായ്;
അക്കവാടത്തുടെയുള്ളോട്ടുമുന്നടി
വയ്ക്കുമ്പോഴങ്ങു വിവിധരത്നപ്രഭാ_
പുഞ്ജംപരന്നിട്ടു പൂത്തുനില്ക്കും ലതാ-
കുഞ്ജംകണക്കെ കാണുന്ന മണിയറ.
ശുദ്ധധവളശീലയാൽപണിചെയ്തോ-
രർദ്ധഗോളാകാരമാമതിൻമേല്പുര
മുററുംവിശാലമായ് കാലുക്രടാത്തവെൺ-
കൊററക്കുടപോലെ വൃത്തമായ്മിന്നുന്നു.
ചുററും പലനിറത്തിൽ സ്ഫടികച്ചില്ലു
ചേററിച്ചതിൽതന്നെ കൊത്തിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

താമരപ്പൂവും കിളികളുമങ്ങിങ്ങു
കോമളപ്പൂങ്കുലയാർന്ന ലതകളും
ഭിത്തികൾ ശുദ്ധലങ്കാസമുദ്രത്തിലെ
മുത്തണിഞ്ഞിപ്പിപതിച്ചു തിളങ്ങുന്നു
ചുററും മനോജ്ഞമാം പൊന്നഴിപൂണ്ടഴ-
കററവാതായനപംക്തികളോടുമേ
സ്വച്ഛമായ്താഴെത്തളത്തിൽ കസവാർന്നു
മെച്ചമാംപട്ടുവിരിപ്പിട്ടിരിക്കുന്നു
പിച്ചകപ്പൂമെത്തയിൽപോൽ സുഖമായു-
മൊച്ചകൂടാതെയുംവയ്ക്കാം പദമതിൽ
വെള്ളവെണ്ണക്കല്ലുകൊണ്ടതിൻമദ്ധ്യത്തി-
ലുള്ളോരുയർന്ന തളത്തിൽ വിലസുന്നു
ഉള്ളമൊന്നായ് ദമ്പതിമാർ ശയിക്കുന്ന
പള്ളിമഞ്ചം രത്നകാഞ്ചനഭാസുരം.
പൂനിലാവും കുളുർകാററും മലർമണം
ചേർന്നമ്മണിയറയ്ക്കുള്ളിൽ മധുരമായ്
സഞ്ചരിച്ചു തുറന്നുള്ള വാതായന-
സഞ്ചയത്തൂടെയേത്തും തടവെന്നിയേ.
അംഗസൌരഭ്യസുഷമകളാൽ ഗർവ്വ-
ഭംഗമപ്പൂങ്കാററിനും പൂനിലാവിനും
സംഗമിപ്പിച്ചു സിദ്ധാർത്ഥകുമാരനു-
മംഗനാമൌലി യശോധരാദേവിയും

Digitized By Kerala Sahitya Akademi

ഭംഗിയിൽ പള്ളിയുറങ്ങിയിരുന്നിത-
ശ്ശൃംഗാരശയ്യാഗൃഹമണിമഞ്ചത്തിൽ.
പെട്ടെന്നടനെയപ്പെൺകൊടിയാൾ മൃദു
പട്ടുകിടക്കയിൽനിന്നു സസംഭ്രമം
ഒട്ടുപൂർവ്വാംഗമിളക്കിയരവരെ-
പ്പട്ടുത്തരച്ഛദംവീണടിഞ്ഞും സ്വയം
തൂമലർവാർമുടിചിന്നിയും തെല്ലുതൻ
സോമാനനംപൊക്കിനാളൊരുപെൺപക്ഷി
കോമളമായ കുലായഗർഭത്തിൽനി-
ന്നോമനത്തൂവൽകുടഞ്ഞുണരുന്നപോൽ.
അന്തികത്തിൽശയിക്കും പ്രാണവല്ലഭൻ
തന്തിരുമെയ് തഴുകിക്കൊണ്ടെങ്ങനീററവൾ
സ്വന്തകരങ്ങൾ നിറുകയിൽ ചേർത്തുരു
സന്താപമാന്നു കുനിഞ്ഞിരുന്നീടിനാൾ.
കാറണിവേണി വിങ്ങിക്കരഞ്ഞാൾ മനം
നീറിയിളകും ചുടുനെടുവീർപ്പിനാൽ
മാറുകൾതേങ്ങിയും മേന്മേൽ കവിൾവഴി-
യാറുപോൽ കണ്ണീരൊഴിയാതൊഴുക്കിയും
പിന്നെയപ്പള്ളിയുറങ്ങും പ്രിയനുടെ-
യുന്നിദ്രപത്മാഭ തൂവുമൊരുകരം
താന്നുതൻ രണ്ടുകൈകൊണ്ടുമെടുത്തമ്പിൽ
മൂന്നുവട്ടം മുത്തിനാളിളമാൻമിഴി

Digitized By Kerala Sahitya Akademi

എന്നിട്ടുഴലാറിടാതെ പുലമ്പിനാൾ
മന്ദം ഭഗവാന്റെ മാറിൽവീണിങ്ങനെ
നോവുന്നിതയ്യോ മനക്കാമ്പിനിക്കെന്റെ
ജീവാധികപ്രിയനങ്ങുറങ്ങുന്നുവോ
നോക്കുകയെന്നെക്കനിഞ്ഞു സുധാമൃദു-
വാക്കുകളാൽ തണുപ്പിക്കെന്നഴൽവിഭോ!
ഈവിധം കാന്തതൻ ദീനസ്വരംകേട്ടു
ദേവനലിഞ്ഞു ചോദിച്ചിതു സത്വരം
എന്തെൻപ്രിയതമേ കേഴുന്നു നീയഴ-
ലെന്തുകൊണ്ടേലുന്നു ചൊല്ലുക വല്ലഭേ
അമ്പൊടിതോതുമിടയ്ക്കു വീണ്ടും ദേവി
തമ്പുരിദേവനം താനേ തുടന്നിതു:
എൻപ്രാണസാരമേ! യെൻസുഖമേ! യെന്റെ
തമ്പുരാനേ കഷ്ടമെന്തുരചെയ്‌വു ഞാൻ
നിന്തിരുമേനിതൻഗർഭമെൻ കുക്ഷിയി-
ലന്തിനേരത്തിന്നിളകീ ദയാനിധേ
സ്വന്തമാംജീവനും സൌഖ്യവും സ്നേഹവും
ഹന്ത! രണ്ടായെന്നുതോന്നീയിനിക്കുടൻ
ഗർഭസ്ഥനായഭവൽപ്രതിരൂപനാ-
മർഭകനെക്കണ്ടുകൊൾവാൻ കൊതിയൊടും
നിർഭരാനന്ദരസംപൂണ്ടുറങ്ങവേ
ദുർഭഗമായ് കണ്ടു മൂന്നുകിനാവു ഞാൻ

Digitized By Kerala Sahitya Akademi

അബ്ഭയഹേതുവാം സ്വപ്നങ്ങളൊക്കെ കി-
ലിപ്പോഴുമുള്ളം ഞടുങ്ങുന്നിതു വിഭോ
ഏററം വെളുത്തു കൊഴുത്തു തടിച്ചോരു
ക്രൂററനെയാദ്യമായ് കണ്ടു ഞാൻനിദ്രയിൽ
അഗ്രങ്ങൾ കൂർത്തു വളഞ്ഞു വിശാലമാ-
യുഗ്രമാംകൊമ്പുകളാൽ ഭീകരനവൻ
നെററിത്തടത്തിൽ ധരിച്ചിരിക്കുന്നിതു
മുററുംവിലപെറുന്നോരുമഹാരത്നം
ശിക്ഷയിലാവിൺവിട്ടു വീണങ്ങുതങ്ങുന്ന
നക്ഷത്രമോയെന്നു തോന്നുമാറുജ്ജ്വലം
തുന്ദിലനാമവൻ ധാടിയിൽകാൽവച്ചു
മന്ദം തെരുവുകളൂടെ നടന്നുപോയ്
ചെന്നുപുരദ്വാരമെത്തീ ഭയംകൊണ്ടു
സന്നദ്ധരായില്ലയാരും തടുക്കുവാൻ
വൃന്ദാരകേശ്വരക്ഷേത്രത്തിൽനിന്നുടൻ
മന്ദേതരമൊരശരീരികേട്ടിതു
ചെന്നിവനെത്തടുത്തീടുവിനല്ലായ്കി-
ലിന്നഗരത്തിൻെറ മാഹാത്മ്യമിന്നുപോം
ചെന്നുതടുത്തുകൊൾവിൻ ഹാ! ജനങ്ങളെ
യെന്നമ്മൊഴികേട്ടടുത്ത ഭടന്മാരിൽ
ആർക്കും തടുത്തുനിർത്താൻ കഴിഞ്ഞില്ല ചെ-
ന്നേൽക്കാൻ ഭയമായ്മടങ്ങിയെല്ലാവരും

Digitized By Kerala Sahitya Akademi

എന്നതുകണ്ടുടൻ പാരം വിവശയായ്
വന്നതാപത്തോടെ വാവിട്ടുകേണു ഞാൻ
എന്നാല്ലയക്രൂററന്നെക്കൈലതകളാൽ
ചെന്നുകടന്നുപിടിക്കയുംചെയ്തു ഞാൻ
മൽക്കരപാശം കഴുത്തിൽ പിണഞ്ഞതി-
മുഷ്കരനാമവൻ കൊമ്പുകുലുക്കിനാൻ
വാതിലടയ്ക്കുവാൻ കല്പിച്ചുകൊണ്ടു ഞാ-
നേതും കലുങ്ങാതമർത്തിയെൻകൈകളാൽ
തമ്മിലീവണ്ണമിടഞ്ഞു പിടയുമാ-
വന്മഹോക്ഷപ്രഭു തൽക്ഷണം തൻതല
പൊക്കിക്കുലുക്കി ഞാൻ വീഴുമാറുഗ്രമായ്
മുക്കറയിട്ടു മുമ്പോട്ടു നടന്നുപോയ്
സത്വരംചെന്നാഴിവാതിൽ തള്ളിത്തക-
ർത്തും ഭടരെച്ചവിട്ടി മെതിച്ചുടൻ
പാഞ്ഞു പെരുവഴിയൂടെ ദൂരത്തുപോയ്
മാഞ്ഞെൻമിഴികളിൽ നിന്നുമറഞ്ഞിതെ
പിന്നെ ബ്ഭുവനപതികളാം നാലുപേർ
മിന്നുന്നദിവ്യനേത്രപ്രഭപൂണ്ടവർ
ഉന്നതമേരുശിഖരതടംവിട്ടു
മന്നിൽ പരിവാരമോടുമെഴുന്നള്ളി-
യിന്നമ്മുടെ നഗരത്തിലെത്തുന്നതു
മന്നേരമിന്ദ്രധ്വജത്തിൻകൊടിക്കൂറ-

Digitized By Kerala Sahitya Akademi

തെയാന്നിള കിമ്പ് ഭൂവിലററുവീഴുന്നതും
എന്നല്ലുടനേ പകരമസ്ഥാനത്തിൽ
മറെറാരു ദിവ്യപതാകയുയർന്നുടൻ
തെറെറന്നു വിണ്ണിൽപറന്നുനില്ക്കുന്നതും
കണ്ടിതു ഞാനക്കൊടിക്കൂറയിൽ പല-
തുണ്ടു ഞൊറിയവയിൽ പൊൻകസവിനാൽ
ചേണുററ ചെങ്കനലിൻ കാന്തിചിന്തുന്ന
മാണിക്യഖണ്ഡങ്ങൾ ചേർത്തക്ഷരം തുന്നി
തൽകിരണാവലിയിൽ തിളങ്ങിച്ചില
മുഖ്യപ്രമാണവാക്യങ്ങൾ മിന്നീടുന്നു.
നല്ല പുലർകാലവായു വീശിച്ചുരു-
ക്കെല്ലാം നിവർന്നുപാറും കൊടിക്കൂറയിൽ
ക്ഷിപ്രം സ്ഫുടതയാർന്നക്ഷരവൃന്ദങ്ങ-
ളുൾപ്രമോദംതരും വായിപ്പവർക്കഹോ
എന്നല്ലുടനെയവിടെയാകാശത്തിൽ
നിന്നൊരു പൂമഴപെയ്തു വിചിത്രമായ്
അപ്പൂക്കളൊന്നു നിറങ്ങൾ നാം കാണുമി-
ല്ലിപ്പാരിലുള്ള പുഷ്പങ്ങളിലൊന്നിലും.
ശോഭനമല്ലോ പ്രിയേയിതെല്ലാംപിന്നെ
നീ ഭയമേലുന്നതെന്തിനാരോമലേ
എന്നു ഭഗവാനിടയിൽ ജിജ്ഞാസിച്ചി-
തന്നാരിമാർമണി ചൊല്ലിനാൾ പിന്നെയും

Digitized By Kerala Sahitya Akademi

അപ്രിയമല്ലിവിടംവരെ സ്വപ്നമി-
തപ്പുറമല്ലോ ഭയങ്കരം കേൾക്കുക
കോലാഹലത്തോടുടനങ്ങു കേൾക്കായി
'കാലമായ്' 'കാലമായെ'ന്നുള്ള വാക്കുകൾ
പിന്നെ മൂന്നാമതായ് നിന്തിരുമേനിയെ
യുന്നിത്തിരിഞ്ഞു ഞാൻ ശയ്യയിൽ നോക്കവേ
കാണായി കേവലം പട്ടുകിടക്കയും
ചേണാന്നവസ്ത്രവും മാത്രമീമെത്തമേൽ
കണ്ടീലനിന്തിരുമേനിയെയപ്പോഴുൾ-
ത്തണ്ടിലുണ്ടായ രുജയെന്തുചൊൽവു ഞാൻ
പ്രാണപ്രഭോ നിന്മുഖാംബുജം കാണാതെ
കാണിനേരം പൊറുപ്പാൻശക്തയോയിവൾ
നിന്തിരുമേനിയല്ലോ എന്റെ ജീവിതം
നിന്തിരുമേനിതാനെന്റെ ഹൃദയവും
സ്വന്തമാംസർവ്വമങ്ങല്ലോയെനിക്കെന്റെ
ബന്ധുക്കളുമെന്റെരാജാവുമങ്ങല്ലോ.
നിന്തിരുമേനിയെക്കാണാതുഴന്നെന്റെ-
യന്തരംഗം പിന്നെയുമാണ്ടു നിദ്രയിൽ
പിന്നെയുംഞെട്ടിയുണന്നിതവശ ഞാൻ
പിന്നെയുമക്കിനാവല്ലോ തുടന്നിതു
സത്വരം കാണായിതങ്ങണിഞ്ഞീടുന്ന
മുത്തണിക്കച്ചപ്പുറമെന്റെ മാറുകൾ-

Digitized By Kerala Sahitya Akademi

ക്കിത്തിരിതാഴെയായെങ്ങനയോ മേനി-
മദ്ധ്യത്തു ചുററിപ്പിണവതും പിന്നഹോ
പത്തിവിതിർത്തൊരുപാമ്പായതുതന്നെ
കൊത്തുവാൻ ചീറിനിൽക്കുന്നതും കണ്ടു ഞാൻ
പിന്നെയെൻപാദശരങ്ങൾ താഴെനയ്യൂരി-
മന്നിലടിവതും കൈവളരണ്ടുമേ
ഛിന്നമായ് താഴെവീഴുന്നതും പൂമാല-
യെന്നണിക്രന്തൽമേൽ വാടിക്കരിവതും
കാണായി പിന്നതുമല്ല കഷ്ടം! പ്രിയ
പ്രാണേശ്വര കണ്ടു നമ്മൾ ശയിക്കുമി
ച്ചേണാർന്നൊരുമണിക്കട്ടിൽ താൻ ഭൂമിയിൽ
താണുമറഞ്ഞുപോകുന്നതുമാത്തു ഞാൻ
അപ്പൊഴിപ്പട്ടുതിരശ്ശീലയും സ്വയം
ക്ഷിപ്രം ചരടററു താഴത്തുവീണിതു
മുല്ലാട്ടുചൊന്ന വൻക്രൂററനമൊന്നുടൻ
കെല്ലോട്ടു ദൂരത്തുനിന്നു ശബ്ദിച്ചിതു
ഏററമകലെ മുൻചൊന്ന കൊടിക്കൂറ
കാററിൽപതിക്കയും ചെയ്തിതു തൽക്ഷണം
പിന്നെയുംകേൾക്കുമാറായിതങ്ങാലയ-
സന്നിധിയിൽ 'കാല' മായെന്നശബ്ദവും
സ്പഷ്ടമതുകേട്ടണൻഞാനമ്മൊഴി
കഷ്ടം ചെവിയിൽ മുഴങ്ങുന്നതിപ്പൊഴും

Digitized By Kerala Sahitya Akademi

എന്തായിരിക്കമിതിൻപൊരുളെന്നററ-
ചിന്തയാലെൻകരൾക്കാമ്പു കായുന്നിതു
എന്തിനല്ലെങ്കിലിസ്സംശയമിന്നായു-
രന്തമടുത്തിനിന്നെന്നാമിതിൻപൊരുൾ
അല്ലെങ്കിലായതിലും കഷ്ടമായെൻെറ
വല്ലഭനെന്നെ വെടിഞ്ഞുപോമെന്നതാം
ആഹായിതല്ലെങ്കിലെൻപ്രഭോ താവക
ദേഹവിയോഗമാസന്നമായെന്നതാം
എന്നാഴലാൽ കരഞ്ഞോതും പ്രിയയുടെ
ഖിന്നമാമാനനം പാൎത്തു കൃപാനിധി
സന്താപമുള്ളിലൊതുക്കി സ്വയമൊന്നു
ചന്തമായ് മന്ദസ്മിതംചെയ്തരുളിനാൻ.
ചെന്താമരയിൽ കതിരവനന്തിയി-
ലന്തിമരശ്മിപൊഴിക്കുന്നമാതിരി.
എന്നിട്ടു ചൊല്ലിനാനോമലേ കേഴരു-
തൊന്നുകൊണ്ടും നീയിതോൎത്തെൻ പ്രിയതമേ-
സ്വപ്നം മനുഷ്യൎക്കൊരുവക മാനസ-
വിഭ്രമമല്ലി സാധാരണമായ് ശുഭേ
സത്യമെന്നോൎത്തതിൽ ഭീതിതേടുന്നതു
കൃത്യമല്ലോൎക്കിലഭിജ്ഞേ! ധരിക്ക നീ
അല്ലെങ്കിൽ മൎത്ത്യന്നറിവതിനുച്ഛമാം
വല്ലതുമൎത്ഥമുണ്ടാവാം കിനാവിലും

Digitized By Kerala Sahitya Akademi

എന്നാലുമെന്തിനു കാന്തേ! കരയുന്നു
വന്നൊത്തുമാപത്തു കേണാൽ മടങ്ങുമോ.
മംഗലമാനസേ! നിൻകിനാവിൽ ഭാവി-
സംഗതിവല്ലതുംതാൻ നിഴലിക്കയാം
ദേവാധിപന്മാർ സ്വയമപായംഭയ-
ന്നാവിലമാനസരായി നടക്കയാം
ഭൂവിൽ ജനിമൃതിദുഃഖമകലുവാൻ
പാവനമായൊരുമാർഗ്ഗം തെളികയാം
വല്ലവിശേഷവുമുണ്ടാകയാ-മതു
നല്ലതെന്നാകിലും തീയതെന്നാകിലും
വല്ലഭേ ധൈര്യമിയന്നുവസിക്ക നാ-
മല്ലൽതേടീടരുതിങ്ങനെയേതുമേ.
ചിത്തതാരിൽ സ്നേഹഭംഗംഭയന്നു നീ-
യിത്താപമേലുന്നതായ് വരാമിന്നഹോ!
നിത്യമാംപ്രേമത്തിലെൻെറ യശോധരേ
പ്രത്യയമുണ്ടു നിനക്കെങ്കിലോതുവൻ
സത്യമായ് സ്നേഹിച്ചുനിന്നൊഞാനുണ്ടിനി-
ക്കത്യന്തമാംസ്നേഹമിന്നും ഭവതിയിൽ
ലോകദുഃഖത്തെയോർത്തോട്ടുനാളായതി-
വ്യാകുലമാനസനായി ഞാൻ വാഴ്വതും
ഏകാന്തദുഃഖനിവൃത്തിമാർഗ്ഗം തേടി
മാഴ്കുന്നതും പ്രിയേ നീയറിയുന്നതാം

Digitized By Kerala Sahitya Akademi

അന്യരായജ്ഞാതരാമസംഖ്യംകോടി
ഭിന്നജന്തുക്കളെച്ചൊല്ലി ഞാൻ ദുഃഖിപ്പൂ
പിന്നെ പ്രിയതമേ! മൽപ്രാണനോടൊത്ത
നിന്നായോ നിസ്സ്നേഹനായി മറപ്പൂ ഞാൻ!
ഇപ്പോഴത്തുമല്ല വല്ലഭേ യോക്കനിൻ-
ഗർഭസ്ഥനാമെൻശിശുവിൻെറയമ്മ നീ.
ഒപ്പംഹൃദയമലിഞ്ഞത്തുണ്ടായിനി-
യൊപ്പം പരസ്പരാശയ്ക്കത്ത ഹേതുവാം
മുട്ടയിരിക്കുന്നകൂട്ടിനെയംബരം
മുട്ടിപ്പറക്കിലും പക്ഷിമറക്കുമോ
അന്യോന്യമങ്ങനെയുള്ള ബന്ധം പ്രിയേ
ഭിന്നമായ്പോകുമെന്നോക്കൊലാ ഭീരു നീ
നിർവ്വിണ്ണനായൊരുവേള ഞാൻ നിന്നെയു,
സർവ്വസുഖങ്ങളേയും സന്ത്യജിച്ചുപോയ്
ദുർവ്വഹമാംക്ലേശമാന്നൊടുവിൽ സ്വയം-
നിർവ്വാണമാർഗ്ഗമറിഞ്ഞെന്നുവയ്ക്കുക
ലോകത്തിനൊക്കെയത്തുമൂലമുണ്ടാകു-
മേകാന്തഭാഗ്യമെന്താ-മിരുപേർനമ്മൾ
ശോകവുംക്ലേശവുമെത്രയാന്നാലുമ-
താകൃതകൃത്യതയോക്കിൽ നിസ്സാരമാം
പിന്നെയന്നിർവ്വാണവുമന്യജീവികൾ_
ക്കെന്നപോൽ കാന്തേ നിനക്കുമുണ്ടാമല്ലോ.

Digitized By Kerala Sahitya Akademi

എന്നുടെ യത്നഫലമാകയാലതു
ധന്യേ നിനക്കുള്ളതല്ലാ വിശേഷിച്ചും
എന്നാല്ല മിക്കവാറും നിനക്കായ്ത്തന്നെ-
യിന്നു ഞാൻ സൽഗതിതേടിമാഴ്കുന്നതും
സുന്ദരി നീയും സുഖവുമെല്ലാം നശ്യ-
മെന്നതോർത്താണിനിക്കാധിയേറുന്നതും
അല്ലെങ്കിലും ലോകമസ്ഥിരമാണിതിൽ
വല്ലതും നിശ്ചയമുള്ളതോ വല്ലഭേ.
നല്ലഭാഗ്യങ്ങളൊരിക്കൽവരും, വരും
വല്ലാത്തയാപത്തുകൾ പിന്നൊരിക്കലും
കാററിൻഗതിയെന്നപോലെയും കേവല-
മാററിൻപ്രവാഹംകണക്കെയും ജീവിതം
ഏററവും ശീഘ്രമോട്ടുന്നിതതിൽ തങ്ങി
മാററംവരുന്നു ശുഭാശുഭങ്ങൾക്കുമേ
നേരേയൊരുവന്നു സംഭവിക്കുംപോലെ
പാരടക്കംവരാം നന്മയും തിന്മയും
ഓരോരുകാലത്തിലേതെല്ലുഭാവിയെ-
ന്നോരാ നരന്മാർ വരുന്ന വരേണ്ടവ
വാനവരും പാർക്കിലിങ്ങനെതന്നെയാം
ജ്ഞാനമവർക്കു തെല്ലേറിയെന്നായ്‌വരാം
മാനസഭാവവും സൌഖ്യവും ദുഃഖവും
മാനവന്മാർക്കുമവർക്കും സമാനമാം

Digitized By Kerala Sahitya Akademi

ആററുകതാപം പ്രിയേയിതോത്താപത്തി-
ലേററുനിന്നീടുക-നിൻെറഭാഗ്യത്തിൻെറ
മാററവും മംഗളമായ്‌വരാം നീകണ്ടേ
ക്രൂററനേയും കൊടിയയേയും നിനയ്ക്കുക
ചൊല്ലുവൻവീണ്ടും പ്രിയേ ഗാഢമാംപ്രേമ-
മെല്ലായ്പൊഴുമുണ്ടെനിക്കു ഭവതിയിൽ
സർവ്വജന്തുസ്നേഹി ഞാനാകയാൽ ശുഭേ
സർവ്വഗുണേനാൽകൃഷ്ടനീയാകയാലുമേ
ഇപ്രണയത്തിൻരഹസ്യമറിവീല
സുപ്രബുദ്ധാത്മജേ യോക്കമററാരുമെ
നിർമ്മലേ തൽപ്രേമനിസ്കൃതികാമനായ്
ശർമ്മാർത്ഥിയായഥവാ പാവനമായ
നിൻമുഖാബ്ജത്തെയകതാരലിഞ്ഞു ഞാൻ
ചുംബനംചെയ്യുന്നിതാശ്വസിച്ചീടു നീ
സ്വാന്തവിശ്വാസമേകാൻസ്നേഹികൾക്കഹോ
സാന്ത്വനമില്ലിതിന്മേലതുനില്പൂ നിൻ
ചെന്തളിർമേനിവാടുന്നു ഗദ്ഗദസേ
ചിന്തവെടിഞ്ഞിനി നീയുറങ്ങീടുക
അന്തികത്തിങ്കലിരുന്നു ഞാൻ നിന്നെയെ-
ന്നന്തരംഗേശ്വരീ സൂക്ഷിച്ചുകൊള്ളുവൻ
എന്നരുൾചെയ്തശ്രുധാരയാലാർദ്രമാ-
മന്നായികതൻമൃദുവാം കവിൾത്തടം

Digitized By Kerala Sahitya Akademi

ഒന്നുമുള്ള ലിഞ്ഞു മുകന്നാൻ തിരുവടി–
യെന്നല്ലഹോ നിജകാന്തയെയാർത്തിയാ-
ലാകലമാം വിരിമാറിലണച്ചൊന്നു
ലോകൈകകാരുണ്യസിന്ധു തഴുകിനാൻ.
ശാന്തമായ് ദേവിയും കണ്ണീരെഴുംമിഴി
പ്രാന്തങ്ങൾ പൂട്ടിയുറങ്ങിനാൾ ചിന്തയാൽ
ക്ലാന്തമാം ചിത്തതളിർതളർന്നും ചെവി
കാന്തവചനാമൃതത്താൽ കളർന്നുമേ
പിന്നെയുംനിദ്രയിൽ പെൺകൊടിയാളതി–
ഖിന്നതയോടിയന്നാൾ നെടുവീർപ്പുവൾ
സന്നാതമായി സമയമെന്നാമ്മൊഴി
തന്നെവീണ്ടും കേട്ടു കേഴുന്ന മാതിരി
അന്നേരമാസ്യംതിരിച്ചു തിരുമേനി–
യൊന്നാന്തരീക്ഷത്തിൽ നോക്കവേ കാണായി
ചന്ദ്രനക്ഷക്കടരാശിയിൽ നില്പതു-
മന്യമാം ജ്യോതിസ്സുകൾതൻ നിലകളും
അന്യാദൃശമായ് നിരന്നതാരാവലി
തന്നോടിവണ്ണമുരപ്പതായും തോന്നി
പണ്ടേമഹാത്മാക്കളാം ദീർഘദർശികൾ
കണ്ടുള്ള കാലമിതല്ലോ നൃപാത്മജാ
ഇമ്മുഹൂർത്തത്തിൽ വരിച്ചു കൊണ്ടീടുക
നന്മയൊ മേന്മയൊ രണ്ടിലൊന്നാശു നീ

Digitized By Kerala Sahitya Akademi

അന്നേരമോത്തുസുഗതനാവീണയിൽ
വന്ന മരുത്തുകൾ പണ്ടുരചെയ്കത്തും
എന്നല്ല നോക്കി ഗ്രഹസ്ഥിതി പണ്ഡിതൻ
നന്നായറിഞ്ഞു ഖണ്ഡിച്ചു തൻഭാവിയെ,
നിർണ്ണയമപ്പോൾ ഭഗവാൻെറ ചൂഴവും
വിണ്ണവർ നിന്നിരിക്കാം പ്രേരണയ്ക്കമേ
ആകയാൽ നോക്കി മുകളിലും താഴെയും
ലോകൈകബന്ധുവരുൾചെയ്കിതിങ്ങനെ
വന്നൂ സമയം! പുറപ്പെട്ടുന്നുണ്ടു ഞാ-
നിന്നുതാൻ കില്ലിനിവേണ്ട തിരിച്ചു ഞാൻ
വല്ലഭേ നീയുറങ്ങീടിലുമെന്നെ നിൻ -
ഫുല്ലമുഖാംബുജശ്രീതടുക്കുന്നിതേ!
ഞാനിതുകണ്ടിന്നാടങ്ങിമേലും ഭോഗ-
പാനീയരാശിയിലാണ്ടുകിടക്കുകിൽ
താനേയൊരിക്കലുടലുവെടിഞ്ഞതി-
ദീനരായ് നാം പിരിയേണ്ടിവരും പ്രിയേ
ഇക്ഷണമെന്നല്ല മദ്ഭാവിവൃത്താന്ത-
മക്ഷികൾമുമ്പിലീയാകാശപത്രത്തിൽ
നക്ഷത്രവൃന്ദമാകും തിളങ്ങുന്നപൊ-
ന്നക്ഷരത്തിൽതാനെഴുതിയിരിക്കുന്നു.
ഭൂവിൽ ഞാൻ വന്നുപിറന്ന കാര്യാർത്ഥമായ്
രാവും പകലും വൃഥാകഴിച്ചു ചിരം

Digitized By Kerala Sahitya Akademi

കൈവന്നിടേണ്ടാ നൃപൻെറകിരീടവു-
മാവശ്യമില്ലിങ്ങെനിക്കു സാമ്രാജ്യവും
ഊരിയവാളിന്തുണാക്കി രിപുക്കളെ-
പ്പാരിടമയ്യോ! പിടിച്ചടക്കില്ല ഞാൻ
ചോരയൊഴുക്കിലുരുഠംമുങ്ങുമാറെൻെറ
തേരോടിയൂഴിവലംവയ്ക്കവേണ്ട താൻ
ശോണിതശോണാക്ഷരങ്ങളിലാരുമി-
ക്ഷോണിയിൽ വർണ്ണിച്ചെഴുതേണ്ടയെൻകഥ
കാണികരുണക്രൂടാതസംഖ്യം സമ-
പ്രാണികളെക്കഷണിപ്പിച്ചു കയ്യുക്കു
കാണിച്ചു വാച്ച വിഭവഗർവ്വം പൂണ്ടു
വാണുസുഖിക്കയും വേണ്ടായെനിക്കിനി
തേരുക്രൂടാതെ തെരുതെരെ ഞാൻ പാദ-
ചാരിയായെങ്ങുമിപ്പാരിൽ നടക്കുവൻ
പാരാതെ പൂഴിയെപ്പൂമെത്തയാക്കി ഞാൻ
സൈ്വരം നിലത്തുകിടന്നുറങ്ങീടുവൻ
ആരുമില്ലാത്തവെളിസ്ഥലമൊക്കെയെൻ
ചാരുനികേതമെന്നോർത്തവയിൽ തന്നെ
വാഴുവനെന്നല്ല മർത്ത്യരിലെത്രയു-
മേഴകളെത്താനിണങ്ങരാക്കീടുവൻ
പാവങ്ങളായ പറയരുടുക്കുന്ന
ചീവരം ചുററിനടപ്പനരയിൽഞാൻ.

Digitized By Kerala Sahitya Akademi

കാളും വിശപ്പടക്കാൻ വെറും വേവിച്ച
താളോ തകരയോ വല്ലതുമാകിലും
നീളവേയൂരിൽനടന്നു കൈനീട്ടിന-
ല്ലാളുകൾ പിച്ചയിട്ടന്നതേററുണ്ണുവൻ
വല്ലാത്തവൻമഴയോ വെയിലോ പാര-
മല്ലൽചേക്കിൽ തങ്ങുവൻ മലങ്കാട്ടിൻെറ-
യുള്ളിൽ വെളിച്ചമലാത്തഗുഹകളോ
വള്ളിക്കുടിലുകളോ ചെന്നു പൂകും ഞാൻ.
എന്തുവേണ്ടായേതഴലും സഹിക്കുവാൻ
സന്നദ്ധനാകുന്നു ഞാനെൻെറയീശ്രമം
എന്നും ജനനമരണദുഃഖങ്ങളാൽ
ഖിന്നമാം ലോകത്തിനാശ്വാസമേകുകിൽ.
അല്ലലിലിങ്ങനെയാണ്ടൊരുനീക്കുപോ-
ക്കില്ലാതുഴന്നുതിരിയുമാത്മാക്കളെ
എല്ലാം നിനച്ചലിവും താപവുമാന്നു
വല്ലാതെയെന്നകക്കാമ്പു കായുന്നിതേ.
വല്ലവിധവുമിത്യാഗമവർക്കൊരു
നല്ലമാർഗ്ഗം തെളിപ്പാനുതകീടുകിൽ
ഇല്ലവും ഭാര്യയുമെൻെറസുഖങ്ങളും
പുല്ലിലും തുച്ഛമെന്നായ് ഞാൻ ത്യജിക്കുവൻ
മൃത്യുവാർദ്ധക്യരോഗാദിദുഃഖങ്ങളീ-
മർത്ത്യരിലാക്കമൊഴിഞ്ഞു കാണായ്കയാൽ

Digitized By Kerala Sahitya Akademi

അത്യുത്തമനായദേവനം തൽഭക്ത-
സത്തമനെക്കൂടി രക്ഷിപ്പതില്ലതാൻ
അല്പദേവാരാധനംകൊണ്ടു പിന്നവർ
നിഷ്ഫലമാക്കുന്നു കാലമെന്നേവേണ്ടു.

മർത്ത്യനെമർത്ത്യനല്ലാതീഭയത്തിൽനി-
ന്നുദ്ധരിപ്പാൻ മററൊരുത്തനുണ്ടായ്‌വരാ
ക്രമമറിവും കഴിവും കുറഞ്ഞുമൊ-
ട്ടേറിയുമേറെയുണ്ടാകിലാം വിണ്ണവർ

ആരും കരകണ്ടിടാത്തൊരിസ്സംസാര-
വാരിധിയിൽ പൊങ്ങിമുങ്ങി നീന്തീടുവോർ
മുമ്പുകഴിഞ്ഞതും പിമ്പുവരുന്നതു-
മുമ്പരൊട്ടേടമറിഞ്ഞെന്നു വന്നിടാം

വമ്പിച്ച ജന്മമരണചക്രത്തിൻെറ
തുമ്പും തലയുമവരുമോരാ ദൃഢം
എല്ലാററിനുംമുമ്പണുവായതിൽനിന്നു-
മെല്ലെപ്പുഴുവായ് പറവയായ് പാമ്പായി

മീനായ് മൃഗമായ് ക്രമേണ മനുഷ്യനായ്
ദാനവനായ് ദേവനായ് സ്വയമങ്ങിനെ
പൊങ്ങിയൊടുവിൽ മഹേശനായ് പിന്നെയു-
മിങ്ങോട്ടു താഴുന്നു ജീവിയണുവരെ

ഭംഗമില്ലാതെ തുടർന്നീയുടലായ
ചങ്ങലചുററുന്ന സംസാരചക്രത്തിൽ

Digitized By Kerala Sahitya Akademi

ഇങ്ങനെയാഗമമോതുന്നതുണ്ടതു
സംഗതമെന്നുമെനിക്കുതോന്നീടുന്നു
ആകയാൽ ജന്തുക്കളൊക്കെയുമോക്കുകി-
ലേകാനചയരാംസഹോദരരാകുന്നു
ലോകത്തിലിബ് ഭേദദുഃഖവും മർത്ത്യരി-
ലേകനൊഴിക്കിലെല്ലാക്കുമൊഴിഞ്ഞുപോം
ജന്മജന്മാന്തരബന്ധമെല്ലാം മറ-
ന്നിമ്മഹാമൂഢതയാം ക്രൂരിരിട്ടിലായ്
തമ്മിലോരാതെ താനാരെന്നുമോരാതെ
ജന്മികൾ തപ്പിത്തടഞ്ഞു തിരിയുന്നു
പാരിലീയജ്ഞാനമാം കാളരാത്രിതൻ
ഘോരതയാന്ന നിഴലായ് വരാം മൃതി
ആരിലും ദാക്ഷിണ്യമേലാത്തൊരീ വെറും
ക്രൂരതകൊണ്ടു വിനോദിക്കയാമവൾ
കില്ലില്ല മർത്ത്യരിലേകൻശ്രമിക്കിലീ-
യല്ലലിനുണ്ടാം നിവൃത്തി ജന്തുക്കൾക്കു
നല്ലഭയസ്ഥാനമേകമുണ്ടാമതിൽ
വല്ലമാഗ്ഗത്തൂടെയുമേകനെത്തിടാം
എത്രയോകാലമിരുട്ടത്തു രാത്രിയിൽ
ചിത്തഭയംപൂണ്ടിരുന്നിരിക്കാം ജനം
എത്രയോകോടിജനം കളിർകാററേററു
ചത്തുമിരിക്കാം തണുപ്പുകൊണ്ടാദിയിൽ

Digitized By Kerala Sahitya Akademi

ക്രുദ്ധിച്ചു കല്ലോമരമോകടഞ്ഞു തീ-
കത്തിച്ചതു പിന്നെയാമൊരുബുദ്ധിമാൻ
വല്ലാത്തചെന്നായ്ക്കൾപോലെ വിശക്കമ്പൊ-
ഴെല്ലായ്പ്പൊഴും ഭേദമെന്നി ജന്തുക്കളെ
തെല്ലും കരുണകൂടാതെ കടിച്ചതി-
നൊല്ലാടവും നരർ വാണിരിക്കാം ചിരം
പുല്ലാസ്സുള്ളകിടന്നുള്ള ചാമയും
നെല്ലും വകമഴത്തുവിതച്ചുടൻ
നല്ലധാന്യംകൊയ്യെട്ടുത്തതിൻചോറൊരു
കല്യാണബുദ്ധി ചമച്ചതൊട്ടുവിലാം.
ഭൂമിയിലെത്രയോകാലമിമ്മാനവ-
രുമകരംപോലെയുഴറിനടന്നിട്ടു
നാമോതിട്ടംഭാഷചൊന്നതാം പിന്നയും
താമസിച്ചിട്ടതെഴുതിയതാമൊരാൾ.
എന്തിനചൊല്ലുന്നു മർത്ത്യനിന്നൂഴിയിൽ
സ്വന്തമായ്തീർന്നോരനുഗ്രഹമേതുള്ളു
സന്തതം വേലചെയ്യേതെങ്കിലുമൊരു
ചിന്തകൻ കണ്ടുപിടിച്ചുള്ളതല്ലാതെ
നിശ്ചയമാകയാൽ സംസാരബന്ധവും
വിച്ഛിന്നമാകുമൊരുത്തൻെറ യത്നത്താൽ
ദുഃഖങ്ങളെല്ലാമകന്നു ലോകത്തിനു
മുഖ്യമാം നിർവൃതിയും വരും നിർണ്ണയം

Digitized By Kerala Sahitya Akademi

ഇത്രമഹത്തായകൃത്യത്തിനോക്കുകി-
ലത്യുത്തമനൊരാൾതന്നെ തുനിയണം
ഭാഗ്യവുംമാഹാത്മ്യവും പാരമാന്നതി-
യോഗ്യനായാരോഗ്യവാനായ് സമൃദ്ധനായ്
ധന്യനായ്മർത്ത്യരെപ്പാലനംചെയ്യുവാൻ
തന്നെജനിച്ചവൻവേണമെന്നല്ലവൻ
രാജാധിരാജനാവാൻശക്തിയാന്നൊര-
വ്യാജതേജോനിധിയായുമിരിക്കണം.
നീണ്ടകാലം ഭൂവിൽ വാണിനി ബ്ഭോഗങ്ങൾ
വേണ്ടനിരിപ്പവൻപോരാ ചിരമതി-
സ്വാദുവിഷയശതം നുകന്നിന്ദ്രിയ-
സാദം ഭവിച്ചവനാകിലും പോരതാൻ
ഭോഗക്ഷമമായയൌവനത്തിൻെറയാ-
ഭോഗത്തിലുത്സാഹമേറിനടക്കവോൻ
സീമയററോരുവിഷയവാരാശിയിൽ
കാമദാഹം ശമിക്കാതെ നീന്തീടവോൻ
വേണമൊരുവനല്ലാതെ വെറുംതപം
കേണുചെയ്യുന്ന മുതുമുനി പോരതാൻ
നല്ലതുംതീയതുമായ്ക്കലന്നിങ്ങുള്ളോ-
രെല്ലാമഹതങ്ങളിലും മനസ്സുഴി-
ഞ്ഞുല്ലാസമാന്നവനായ്, കൊതിച്ചീടുകിൽ
ദുർല്ലഭവസ്തുക്കളാകിലും കൈവരാൻ

Digitized By Kerala Sahitya Akademi

തെല്ലുമിടരററസവ്വഭാഗ്യാഢ്യനായ്
കല്യനായ് ദീനാനുകമ്പകൊണ്ടല്ലാതെ-
യല്ലലോരാത്തവനായ് സ്വയമെന്നോടു
തുല്യനായൊരുതരുണനല്ലോ വേണ്ടു
ഞാനുമൊരുമത്ത്യനെന്നുള്ള തല്ലാതെ-
യൂനമെനിക്കൊന്നുമില്ലിങ്ങു കേവലം
നൂനമിത്തരമാലെ ഭാഗ്യസൌഭാഗ്യാദി-
നാനാവിഭവസംപൂണ്ണനൊരുപുമാൻ
കാരുണ്യമൊന്നുതാൻ തള്ളിവിടുകയാൽ
താരുണ്യഭോഗവും സവ്വസുഖങ്ങളും
വിട്ടുപോയിദുഃഖനിവ്വാണമാരായുകിൽ
കിട്ടണമില്ലൊരുസന്ദേഹമേതുമേ.
കാലമിനിക്കളയാതിന്നുതാൻപോയി
വേലതുടങ്ങിയസ്സിദ്ധിയെ സ്വഗ്ഗത്തി-
ലാലീനമെന്നാകിലും നരകത്തിൻെറ
മൂലയിലെങ്ങാൻമറഞ്ഞുമിന്നീടിലും
എല്ലാക്കുമാസന്നമായ് രണ്ടുദിക്കിലു-
മല്ലാതിടയ്ക്കുതങ്ങീടിലും യത്നമാ-
ന്നെങ്ങനേയെങ്കിലുമെങ്ങെങ്കിലും ബുദ്ധി
മങ്ങാതെചെന്നേതുകാലത്തിലെങ്കിലും
കണ്ടു കരസ്ഥമാക്കിപ്പോരുവനിനി-
ക്കുണ്ടതയെന്തിനു ഞാൻതന്നെ പോകുവൻ

Digitized By Kerala Sahitya Akademi

ഏതുഗ്രവ്രതവുമെട്ടക്കവനേതേതു
യാതനവന്നെത്തിയാലും സഹിക്കവൻ
ഉവ്വിയിലും ദ്യോവിലും നരകത്തിലും
ദുവ്വഹസംസാരദുഃഖംവഹിക്കുന്നു
സവ്വജനങ്ങൾക്കുമെൻെറയത്നംകൊണ്ടു
നിവ്വാണലാഭം വരേണമതുമതി
ക്ലേശിച്ചു ലോകഭോഗം വെടിഞ്ഞിങ്ങനെ-
യാശിച്ചു നിവ്വാണരാജ്യമെന്നെങ്കിലും
കിട്ടുമെനിക്കു ഞാൻ ഘോരനാം മൃത്യുവെ
യൊട്ടുമേ ക്രസാതെ നേത്തുജയിച്ചിടും
വന്നിടുന്നുണ്ടിവൻ താരങ്ങളായ് ദ്യോവിൽ
നിന്നുവിളിക്കുന്ന വാനവവയ്യരെ
ഖിന്നയാം വിശ്വംഭരേ ദുഃഖമേലുന്ന
നിന്നിലും നിൻെറജനത്തിലും ക്രറിനാൽ
ഇന്നു ഞാൻ കൈവെടിഞ്ഞീടുന്നു യൌവന
സന്നദ്ധഭോഗവുമെൻെറയീരാജ്യവും
സ്വണ്ണസിംഹാസനവും വിഭവങ്ങളും
വണ്ണനീയങ്ങളാമോരോസുഖങ്ങളും
രമ്യമായ് വിണ്ണൊത്തവിശ്രമാരാമവു-
മിമ്മനോമോഹനമന്ദിരംക്രടിയും
എല്ലാററിനേയും വെടികിലുംകൈവിട്ടു
തെല്ലുംപൊറുപ്പാനരുതാത്തതോക്കുകിൽ

Digitized By Kerala Sahitya Akademi

വല്ലഭേ! ദേവി യശോധരേ നിൻകര-
വല്ലികളാണവയും ഞാൻവിട്ടന്നിതേ.
എന്നല്ലകാന്തേ! വെടിഞ്ഞുപോകുന്ന ഞാ-
നിന്നുനിൻഗർഭസ്ഥമായി നമ്മൾക്കേഴും
പ്രേമമാം പുണ്യലതയിലാദ്യം പൂത്തോ-
രോമനമൊട്ടാം കിടാവിനത്തന്നെയും
മുററുമുണ്ടാശയതിൻെറമുഖാംബുജം
ചെററുകണ്ടാനന്ദമേലുവാനെങ്കിലും
പാർത്താൽ പിരിയുക പിന്നെയശക്യമെ-
ന്നോർത്തുഞാൻ കാത്തിരിക്കുന്നില്ലതുവരെ.
ആയാസമാന്നു ഞാൻനേടും ഗതിയതെൻ
പ്രേയസി മററുള്ള ലോകത്തൊടൊപ്പമായ്
നീയുമിപ്പൈതലുംക്രൂടിയഹിപ്പതാ-
മായതോർത്താശ്വാസമാന്നുപോകട്ടെ ഞാൻ
എൻപ്രിയേ! ഹാ! ഗർഭശായിയാംപൈതലേ!
യെൻപ്രിയമാന്നതാത! ഹാ! പ്രജകളേ!
ഇപ്പോൾപിരിയുന്നുഞാൻ വിയോഗവ്യഥ-
യല്പകാലം പൊറുത്തീടുവിനെല്ലാരും.
ലോകത്തിൽനിന്നീയവിദ്യയാംക്രൂരിരു-
ട്ടാകെനീക്കിബ്ബോധസൂര്യനുദിച്ചിട്ടും
ഏറ്റ ശാന്തധർമ്മമാർഗ്ഗം തെളിഞ്ഞാക്കമേ
ശോകമകന്നു സുഖം വരുമോക്കുവിൻ

Digitized By Kerala Sahitya Akademi

എല്ലാം നിരൂപിച്ചുറച്ചുകഴിഞ്ഞൂഞാ-
നില്ലിനി മാററമിതാ നടകൊള്ളുന്നു.
കല്യനാംമർത്ത്യൻെറ തീവ്രയത്നത്തിനു
വല്ലഫലവുമുണ്ടാകുമെന്നാകിലോ
ചൊല്ലെഴുംബന്ധവിമുക്തിസാധിച്ചുകൊ-
ണ്ടല്ലാതെയിങ്ങു മടങ്ങിവരില്ല ഞാൻ.
എന്നുശപഥവുംചെയ്തു തൻശയ്യയിൽ
നിന്നു മന്ദം സ്വാമി താഴത്തിറങ്ങിനാൻ
ഒന്നുനോക്കീടിനാൻ പിന്നെയും ദേവിയെ-
യെന്നിട്ടു തൽപാദപത്മങ്ങൾ കൈകളാൽ
ഉററൊരു ഭക്തികലന്നു പിടിച്ചുതൻ-
നെററിയിൽ ചേർത്തു നമസ്കരിച്ചീടിനാൻ
ഇററിററു കണ്ണീർ പതിക്കയാലപ്പൊഴും
മുററും നനഞ്ഞോരിമപൂണ്ടു പോളകൾ
പൂട്ടി മഴയേററനീലോല്പലത്തിൻെറ
മൊട്ടുകൾപോൽ മീലിതമാം പ്രിയയുടെ
മോഹനനേത്രങ്ങളാന്ന മുഖാബ്ജം
സ്നേഹശീലൻ പാർത്തു വീണ്ടും കുഴങ്ങിനാൻ
ധൈര്യ്യം വഹിച്ചുടൻ പിന്നെയും തമ്പുരാൻ
നിർവ്വാണസന്നാഹമാന്നു തൃക്കൈകളെ
ആർത്തിയാൽ തേങ്ങുന്ന നെഞ്ചിൽ വിലങ്ങനെ-
ച്ചേർത്തുകെട്ടിക്കൊണ്ടു മെല്ലെന്നടിവച്ചു

Digitized By Kerala Sahitya Akademi

ദേവിയുറങ്ങുമാഖടപ്രയെ മൂന്നരു
ദേവാലയംപോൽ വലത്തുവച്ചീടിനാൻ

ആനന്ദമേകിയോരിപ്രിയാശയ്യയെ
ഞാനിനി സ്പർശിക്കയില്ലൊരുനാളുമേ.

എന്നരുൾചെയ്തുടനേ പിറകോട്ടുപോയ്
ചെന്നാൻ മണിയറതൻ വാതിലോളവും

ഒന്നുകൂടി ദ്ദേവിയെയുററു നോക്കിനാൻ
നിന്നാൻ മടങ്ങിയടുത്തുപോന്നീടിനാൻ.

മങ്ങിയുമുള്ളമലിഞ്ഞും കൃപാകര—
നിങ്ങനെപോയ് മൂന്നുവട്ടം മടങ്ങിനാൻ

അത്രയാകർഷകം ദേവിതൻ സൌഭാഗ്യ—
മത്രദൃഢമാണവൎക്കേഴും പ്രേമവും

എന്നിട്ടൊട്ടുവിൽതിരിച്ചു മിഴിയിണ
തന്നുത്തരീയം തലയിൽവലിച്ചിട്ടു

മൂടി മുഖം വല്ലവാറുമഹോ ധൈര്യ—
ധാടികലൻ വെളിക്കിറങ്ങീ വിഭു

വാതിലിന്മുമ്പുതൂങ്ങും തിരശ്ശീലയെ-
ക്കാതരനായ് സ്വാമികൈകളാൽ നീക്കവേ

കാണായിമുമ്പിൽ സഖിമാർ ശയിക്കുന്ന
ചേണാൎന്നശാല തത്താദൃശഭംഗിയിൽ

ധാവള്യമേറുന്ന ദീപപ്രഭയായ
തൂവെണ്ണിലാവുപരന്നുടനെങ്ങുമേ

Digitized By Kerala Sahitya Akademi

ഓമനപ്പൂന്നിര മങ്ങിയുറങ്ങുന്ന
താമരപ്പൊയ്കകണക്കതിരമ്യമായ്.
ഗംഗയും ഗൌതമിയും ചിത്രതൊട്ടുള്ള
മംഗലാംഗീജനമൊക്കെയും നിദ്രയിൽ
അംഗങ്ങളങ്ങു തള്ളിസ്വചേതനാ-
സംഗംവെടിഞ്ഞ ശരീരങ്ങൾ പോലവെ
വീണുമങ്ങിക്കിടക്കുന്നതു കണ്ടുടൻ
പ്രാണിദയാപരമൂർത്തി ചിന്തിച്ചിതു
ലോകമനോജ്ഞകടാക്ഷങ്ങളും ബഹു
ലീലാഞ്ചിതങ്ങളാമംഗഹാരങ്ങളും.
പാലഞ്ചിടും പുഞ്ചിരിപ്രൌഢിതാനമീ-
ബാലികമാരിലിപ്പോൾ കാണ്മതില്ലഹോ!
ഉത്തമശീലമാധുര്യവുമുൽകൃഷ്ട
ബുദ്ധിചാതുര്യവുമെങ്ങോ! കുമാരിമാർ
നിത്താതെ കൌതുകമാന്നു കാണിക്കുന്ന
നൃത്തഗീതാദിസാരസ്യവുമെങ്ങുവാൻ!
ചിത്തവികാരവുമിന്ദ്രിയശക്തിയും
പ്രത്യുഷസ്സിങ്കൽ മടങ്ങിവരാതഹോ
ഇത്തരംതന്നെ മനോഹരഗാത്രിമാർ
ചത്തുകിടക്കാമൊരിക്കലിനിയിവർ
ഞെട്ടററടിയുന്ന പൂവിൻെറ ശോഭയും
ചുട്ടററ ചാരുവാംഗന്ധവും പോലെയും

Digitized By Kerala Sahitya Akademi

കെട്ടവിളങ്ങിൻ പ്രഭയെന്നപോലെയും
കഷ്ടം! ഗുണങ്ങൾ മരിച്ചാൽ കഴിഞ്ഞിതേ
നിദ്രയിവരെ നീ ഗാഢമാവേശിച്ചു
ഭദ്രമായ് ബന്ധിച്ചുകൊൾക കൺപോളകൾ
വിദ്രുതം പോമെന്നവാങ്ങ് മധുവർഷമോ
മുദ്രാധികാശ്രുനദിയോ തടുക്കാതെ
ഈവിധം വാഴമെനിക്കിദ്ധരയിലെ-
ജ്ജീവിതാനന്ദമരുളുമിത്തോഴിമാർ
ആവലാധിപ്പെട്ടു കേണുതുടങ്ങിയാൽ
പോവാൻപണി ഞാനധികകൃപാകുലൻ.
സുന്ദരിമാരേ ഭവതിമാരോടൊത്തു
മന്ദിരസൌഖ്യത്തിൽ മുങ്ങിവാണീടിലും
നിങ്ങളും ഞാനുമെന്നല്ല മററുള്ളോരു-
മിങ്ങൊട്ടുനാളല്ലി വാഴ്വൂ മരങ്ങൾപോൽ
സന്തുഷ്ടിചേർക്കും വസന്തവും വർഷവും
സന്താപമേകും കഠോരമാം ഗ്രീഷ്മവും
ചന്തമിയന്നശരത്തുമതിശീത-
ദന്തുരമായ ഹേമന്തംശിശിരവും
ഇങ്ങനെമാറിമാറിപ്പോമൃതുക്കളിൽ
ഭംഗിയിൽ പൂത്തും തളിർത്തും ഫലഭരം
തിങ്ങിയും വൃക്ഷങ്ങൾ നില്ക്കുന്ന വാടിയും
മങ്ങിയിലകൾപൊഴിഞ്ഞു ശോഷിച്ചുമേ

Digitized By Kerala Sahitya Akademi

ഒട്ടനാൾനിന്നിവപിന്നൊരു കാറേററു
പൊട്ടിഞ്ഞെരിഞ്ഞുടൻവീണടിഞ്ഞീടിലാം
കാട്ടുതീകത്തിദ്രഹിക്കിലാം കോടാലി
മൂട്ടിലേററാശ്ശുമുറിഞ്ഞുവീണിടിലാം
എന്നുള്ള ഭേദമിവയ്ക്കും ജരാവ്യാധി
ബന്ധമെഴും നശ്വരനാം മനുഷ്യനും
ഹന്ത! ദേവോപമനാകുമെനിക്കോക്കി-
ലെന്തിനിമ്മാതിരിജ്ജീവിതം ഭൂമിയിൽ
വേണ്ട, യീവണ്ണമെനിക്കുജീവിക്കേണ്ട
വേണ്ട വിഭവങ്ങളൊക്കയുണ്ടെങ്കിലും
ഉണ്ടലാന്യമനുഷ്യർവാഴുന്നതു-
കണ്ടുകൊണ്ടെങ്ങനെ ഞാൻ സുഖിക്കുന്നതും
അണ്ടർകോനുള്ള ഭോഗങ്ങളെല്ലാമെനി-
ക്കുണ്ടെങ്കിലും രതിയില്ലതിലൊന്നിലും
ഇങ്ങതിനാൽ തോഴിമാരേ സുഖമായി
നിങ്ങൾവാണിടുവിനിന്നുപോകുന്നു ഞാൻ
ഭോഗസമൃദ്ധിതികഞ്ഞകാലത്തുതാൻ
രാഗമൊഴിഞ്ഞു സമസ്തംവെടിഞ്ഞുടൻ
ഏകാന്തദുഃഖനിർവ്വാണമന്വേഷിച്ചു
പോകുന്നതായിഭുവനമെല്ലാംമൂടി-
യാകവേവ്യാപിച്ചൊരന്ധകാരം നീക്കി
യേകബോധാക്കനുദിക്കുന്നടിക്കിൽ ഞാൻ

Digitized By Kerala Sahitya Akademi

ഇങ്ങനെയുരംക്കാമ്പലിഞ്ഞു താനേയോതി-
യെങ്ങുംസഖിമാരുറങ്ങിക്കിടക്കുന്ന

രംഗമദ്ധ്യത്തൂടെമെല്ലെന്നടിവച്ചു
മംഗലമൂർത്തി കടന്നുപോയീടിനാൻ

കൊട്ടാരവാതിൽകഴിയുംഭഗവാനെ
നിട്ടങ്ങനിന്നാർദ്രതാരനേത്രങ്ങളാൽ

സ്പഷ്ടമാമമ്പാൻനോക്കിനെടുവീർപ്പു-
മിട്ടു വിഭാതാഗമമന്ദവായുവാൽ

നാനാനിറമാന്നപുഷ്പപാത്രങ്ങളിൽ
താനേനിറഞ്ഞസുഗന്ധങ്ങൾ നീളവേ

തമ്പുരാൻകാൽനടയായെഴുന്നള്ളവേ
യമ്പൊടുതൂവിനിന്നു മലർവാടിയും

ജാതമായ്പ്പല്ലൊരിളക്കം ധരണിയിൽ
സേതുതുടങ്ങിഹിമാചലത്തോളവും

ചൈതസ്സിലാനന്ദമുൾക്കൊണ്ടു ഭാരത-
മാതാവിനുമെയ്ഞ്ഞെടുങ്ങിയപോലവേ

എന്നല്ലദേവകൾവന്നു വിണ്ണിൽതങ്ങി
നിന്നുടൻ നൃത്തഗീതാദിതുടന്നിതു

മിന്നുമവരുടെയംഗപ്രഭകളാൽ
തന്നെയാവാം രാവിരുട്ടിയലാഞ്ഞതും.

ആകലാത്മാവായ് കൃപാനിധി കണ്ണുനീർ
തൂകി മിഴികളടച്ചധരം പൂട്ടി

Digitized By Kerala Sahitya Akademi

ആകാശവീഥിയിൽ താരങ്ങളെനോക്കി-
യേകാന്തചിന്തയിൽ മുങ്ങിനിന്നു ക്ഷണം
ലോകപാലന്മാരുമങ്ങെത്തിയൊക്കയാ -
ലോകനംചെയ്തു സന്തുഷ്ടരായ്നിന്നപോൽ
പിന്നെ ഝടിതിനടന്നു ദൃഗ്ദ്വാര-
സന്നിധിയോളം തരുച്ഛായയൂടെപോയ്
ചെന്നു രഥപ്പുരപ്പുക്കടൻ മന്ദമായ്
ച്ഛന്ദനെമൂന്നുവട്ടംവിളിച്ചാൻ വിഭു.
മെല്ലെമിഴികഠം തിരുമ്മി വിളികേട്ടു
വല്ലാതെവൈവശ്യമാൎന്നണഞ്ഞീടുന്ന
കല്യനാമസ്സാരഥിയോടുടൻ സ്വാമി
ചൊല്ലിനാൻ കാന്തകത്തെസ്സജ്ജമാക്കുവാൻ.
എന്തിന്നൊരുമ്പെട്ടുന്നോന്നൃപനന്ദന
നിന്തിരുമേനിയിപ്പോളറിഞ്ഞീല ഞാൻ
ബന്ധമെന്തിപ്പോളെഴുന്നെള്ളുവാൻ പത്മ-
ബന്ധുവുദിച്ചതില്ലല്ലോ മഹാമതേ!
സന്ധിച്ചുനീണ്ട തരുച്ഛായകൊണ്ടെങ്ങു-
മന്ധകാരാവൃതമല്ലോ വഴികളും.
എന്നുസൂതൻചൊല്ലവേ തൻതിരുവടി
ചൊന്നാനുറക്കെയോതീടായ്ക സാരഥേ!
ഇന്നു ഞാൻ സൎവ്വമുപേക്ഷിച്ചുപോകുന്നു
വന്നിതു ദൈവജ്ഞർ ചൊന്നകാലം സഖേ!

Digitized By Kerala Sahitya Akademi

ഇനിയീരമ്യഭവനത്തിൽ വാഴില്ല
പൊന്നാണിക്കൂട്ടിലെപ്പൈങ്കിളിപോലെ ഞാൻ.
എന്നുടെമൂലമായ് ജീവലോകത്തിനു
ഖിന്നതനീങ്ങിനിർവ്വാണമുണ്ടാകുവാൻ
ധന്യമാംമാർഗ്ഗമന്വേഷിച്ചു പോകുന്നു
മന്നിലെസ്സൌഖ്യങ്ങളെല്ലാംവെടിഞ്ഞു ഞാൻ
കണ്ഠകവേണ്ട പോയ് സജ്ജമാക്കിദ്രുതം
കൊണ്ടുവന്നീടുക കാന്തകത്തെബ്ഭവാൻ
കണ്ടുകൂടായെന്നെയാരും ജനമുണ-
ർന്നിങ്ങൽതേടുമ്മുമ്പുപോയ്മറഞ്ഞീടണം.
കഷ്ടമെന്തിന്നാരുംചെയ്യുന്നിതു ഭാഗ്യ
ദൃഷ്ടമാം ശാക്യകുലദീപമേ ഭവാൻ
ശിഷ്ടരാകും ദീർഘദർശികൾ കണ്ടുള്ള
ദിഷ്ടമെല്ലാമങ്ങുപാഴിലാക്കുന്നുവോ
പ്രാജ്യപരാക്രമംകൊണ്ടുഭവാൻസർവ്വ-
രാജ്യങ്ങളുംകീഴടക്കിബ്ഭരിച്ചിടും
പൂജ്യമാമൈകാധിപത്യം ധരയിലാർ-
ന്നൂർജസ്വലമായ സൽകീർത്തിനാട്ടിടും
എന്നൊക്കെയല്ലോപ്രതീക്ഷ ഞങ്ങൾക്കൊക്കെ-
യിന്നതെല്ലാംമറിച്ചായിതോ ദൈവമേ!
കയ്യിലിരിക്കമിബ്ഭോഗമെല്ലാം കള-
ഞ്ഞയ്യോ ഭവാനിരപ്പോടുമെടുത്തിനി

Digitized By Kerala Sahitya Akademi

പയ്യെഴുമ്പോരം പിച്ചതെണ്ടുവാൻപോകയോ
വയ്യേ! വിചാരിപ്പതിന്നുമതേറ്റുമേ.

ഇഷ്ടജനം നിറഞ്ഞിന്ദ്രഗേഹംപോലെ
പുഷ്ടസുഖദമാമീവിശ്രമവനം

തുഷ്ടിയോടും വിട്ടൊരുതുണക്കൂടാതെ
കഷ്ടമേയങ്ങുന്നു കാനനംപൂകയോ

എന്നൊക്കെയോർത്തികലന്നു ചോദിക്കുന്നു
തന്നിഷ്ടസാരഥിയോടുചൊന്നാൻ വിഭു

ഛന്ദ! പരമാർത്ഥമോതുവാൻ ഞാനിങ്ങു
മന്നവവംശത്തിൽ വന്നുജനിക്കിലും

എന്നുടെ ജീവിതോദ്ദേശ്യമീ നശ്യമാം
മന്നിടം പാലിപ്പതല്ലെന്നറിക നീ

ഉർവ്വിതന്നൈകാധിപത്യത്തിനെന്നല്ല
സർവ്വലോകാധിപത്യത്തിനും മേലായി

നിർവ്വേദമാന്ന മഹാന്മാർ കൊതിക്കുന്ന
നിർവ്വാണസാമ്രാജ്യമല്ലോ തിരവു ഞാൻ.

ഭൂവിലെബ് ഭോഗങ്ങളൊക്കെയും കാമ്യമാം
യൌവ്വനം കൂടിയും നിത്യമല്ലെന്നതും

ജീവിതത്തെത്താൻവെടിഞ്ഞിങ്ങു ജന്തുക്കരം
ചാവുന്നതുമറിയുന്നതല്ലോ ഭവാൻ

എന്തിനേറെപ്പറയുന്നു സഖേ! പോക
കാന്തകത്തെ ദ്രുതംകൊണ്ടുവന്നീടുക

Digitized By Kerala Sahitya Akademi

ഇങ്ങനെചൊന്നതുകേട്ടമനതളിർ
മങ്ങിയസ്സാരഥി വീണ്ടുമോതീടിനാൻ
ഹന്തകൃപാനിധേ വൃദ്ധനാംമന്നവൻ
തന്തിരുവുള്ള മെന്തെന്നറിയേണ്ടയോ
നിന്തിരുമേനിതാൻസർവ്വസ്വമെന്നോർക്കു-
മന്തഃപുരജനത്തെഗ്ഗണിക്കേണ്ടയോ
സന്താപസാഗരത്തിങ്കലകാണ്ഡത്തി-
ലുന്തിയിട്ടിന്നിയീയുററവരെബ്ഭവാൻ
എന്തുപായത്താൽ കരയേററുമായതു
ചിന്തിയാതുള്ള സംരംഭമുചിതമോ.
കേൾക്ക സഖേ! സ്വാർത്ഥമാംസുഖം കാമിച്ചു
വായ്ക്കും പ്രിയതയൊന്നും സ്നേഹമല്ലതാൻ
ഉൾക്കാമ്പിലമ്മാതിരിസ്നേഹമുൾക്കൊണ്ടു
ദുഃഖിപ്പവർക്കാർത്തി തങ്ങളെച്ചൊല്ലിയാം
ഞാനോ മറിച്ചെൻ സ്വജനത്തിനെന്നല്ല
മാനവർക്കും വാനവന്മാർക്കുമെല്ലാർക്കുമേ
ദീനത നീക്കാനുപായമോർത്തിങ്ങനെ
ദൂനഹൃദയനായ് ലോകം വെടികയാം
മൽസുഖത്തേക്കാളവരുടെസൌഖ്യത്തെ
വത്സലമാമെൻഹൃദയംകൊതിക്കയാൽ
ഉൽസുകനായ്നിഷ്ക്രമിക്കയാം ഞാൻദ്രുതം
മത്സാരഥേ കാന്തകത്തെവരുത്തുക.

Digitized By Kerala Sahitya Akademi

അത്യരംരാജ്യംകടന്നു പോയീടണം
പ്രത്യുഷസ്സിന്നുമുമ്പില്ലഭേദം സഖേ!
അത്വരയേറീടുമെൻഹയത്തെച്ചെന്നു
സത്വരംകൊണ്ടുവന്നീടുകപോക നീ.
ഇത്തരംനിർബന്ധപൂർവ്വമാംവാക്കുകേ-
ട്ടുത്തരംതോന്നാതെകുമ്പിട്ടു സൂതനും
ഉത്തരളാശയനായ് പോയിലായത്തി-
ലത്തുരംഗത്തെയുടനാനയിക്കുവാൻ.
പിന്നെയവൻതിരുമ്മിദ്രുതമശ്വത്തെ
മിന്നുന്നൊരോമൽവെള്ളിക്കടിഞ്ഞാണിട്ടു
പൊന്നാണിക്കോപ്പും വിരിപ്പുമണിയിച്ചു
സന്നദ്ധമാക്കിയഴിച്ചുതെളിച്ചിതു
ഭള്ളാർന്നുകാന്തകം ഗംഗയിൽപൊങ്ങുന്ന
വെള്ളിത്തിരപോലെകേസരപുച്ഛങ്ങൾ
തുള്ളിച്ചണഞ്ഞതതുകണ്ടുദേവനു-
മുള്ളിലെഴൽസുകൃമൊത്തുങ്ങാതെയായിതു
വന്നുതൻസ്വാമിയരമനവാതുക്കൽ
നിന്നരുളുന്നതു ദൂരത്തുകണ്ടഹോ!
തോഷാകലമായുടൻ കാന്തകംനിജ-
ഹേഷാരവത്താൽ ജയാശംസചെയ്തിതു
താമരപ്പൂപോൽ ചുവന്നനാസാപുട
സീമകാട്ടിത്തലവക്രിച്ചു പൊക്കിയും

Digitized By Kerala Sahitya Akademi

ഭീമമായ്ലാടമിയന്നകുളമ്പുകൾ
ഭൂമിയിൽകുത്തിമെതിച്ചോലിക്കൂട്ടിയും
ആമോദഗവ്വഭരിതനായ് കാന്തകം
സ്വാമിതൻ സന്നിധിപൂകിനാൻ തൽക്ഷണം
കോമളമാം കരാബ്ജംപൊക്കിമന്ദമ-
ശ്ശ്രീമാനതിൻനെററിയിൽ തട്ടിനിത്തിനാൻ
ആരവംവാജിക്കൂട്ടുന്നതുകേട്ടമ-
ങ്ങാരുമുണന്നീലതാശ്ചയ്യമല്ല താൻ
വിണ്ണവർപൊത്തിയിരുന്നിതവരുടെ
കണ്ണുംചെവിയും കരപല്ലവങ്ങളാൽ
തമ്പുരാൻക്രൂറാൽപിടിച്ചക്കതിരതൻ
വമ്പിയലും തലമെല്ലക്കുനിച്ചുടൻ
വെൺപ്രഭയാന്നരോമസ്നിഗ്ദ്ധമാം കഴ-
ത്തമ്പിൽതലോടിയലിഞ്ഞരുൾചെയ്തിതു
നില്ലുനില്ലെൻപ്രിയ കാന്തക ശാന്തമായ്
നില്ലുചെറുതുഞാൻ ചൊൽവതുകേൾക്ക നീ.
ഇക്കുറിയെൻെറ യാത്രയ്ക്കുള്ള ദൈർഘ്യവും
മുഖ്യതയുംനീയറിയുന്നതായ് വരാ.
ലോകത്തിന്നുദുഃഖനിർവ്വാണമാരാഞ്ഞു
പോകുന്നു ഞാനതെങ്ങെന്നറിയായ്കിലും
ചാകുമീജ്ജീവികളെക്കണ്ടുസന്തതം
മാഴ്കുമെൻ ചിത്തം നയിക്കും വഴിക്കുകേൾ

Digitized By Kerala Sahitya Akademi

നേരോതുവനതുകണ്ടകിട്ടാതിനി-
പ്പോരാ മടങ്ങിഞാനിങ്ങെന്നറിക നീ
ആരുമേപാരിതിൽചെയ്തിരിക്കില്ലിത്ര
ദൂരസഞ്ചാരം കുതിരമേലെങ്കിലും
ധീരനായെന്നെ വഹിക്കണം നീ വരും
ചാരിതാർത്ഥ്യംനിനക്കും ഹയരത്നമേ.
മാനവന്മാർക്കും സുരന്മാർക്കുമെന്നല്ല
മാനസകായികദുഃഖജാലങ്ങളാൽ
ദൂരനാംപ്രാണികൾക്കെല്ലാററിനും ബുദ്ധി-
ഹീനമാംജീവിജാലത്തിനുകൂടിയും
ദീനതനീക്കിനിർവ്വാണമേകീടുവാൻ
ഞാനിത്തുടരുനായത്നത്തെയോർത്തുനീ
ഊനമററൊരനുതാപമാർന്നീമഹാ-
യാനഖേദങ്ങൾസഹിക്കണം കാന്തക.
ചൊല്ലുവനിപ്പൊഴീരാത്രിയിൽതന്നെ നാം
വല്ലവിധവുംപുറപ്പെട്ടുപോകണം
അല്ലെങ്കിലിഷ്ടജനങ്ങളുണർന്നുപോം
കില്ലില്ലവർപിന്നയയ്ക്കാ ഹയപതേ.
മേലേറിമെല്ലെമുതുകിൽഞാൻ തട്ടുമ്പോ-
ളാലോലവേഗമാർന്നാഞ്ഞുൽപതിക്ക നീ
സ്ഥൂലങ്ങളാമദ്റിളങ്ങളുമുന്നത
സാലങ്ങളും സമുല്ലംഘിച്ച പക്ഷിപോൽ

Digitized By Kerala Sahitya Akademi

ആയാസമാന്നെത്തിയാശ്ശനിൻവേഗത്തെ-
യായിരം ഖഡ്ഗധരന്മാർ തടുക്കിലും
പായുക നില്ക്കാതെ ശീഘ്രതരം ചണ്ഡ-
വായുപോൽ ലോലവിദ്യുല്ലതപോലെയും
എന്നരുൾചെയ്തു ലഘുതരമായ് സ്വാമി-
യൊന്നുകുതിച്ചു കുതിരമേലേറിനാൻ
വന്ദിച്ചരികിലാകാശത്തുനിന്നുള്ള
വൃന്ദാരകന്മാർ പിടിച്ചേററിയപോലെ
എന്നിട്ടുതൃക്കൈകളിൽ കടിഞ്ഞാണേന്തി
നന്നായിരുപ്പുറപ്പിച്ചു തിരുവടി.
ഒന്നുകരതളിരാൽ കാന്തകത്തിൻെറ-
യുന്നതശീർഷത്തിലാഞ്ഞു തട്ടീടിനാൻ
വന്നതള്ളും വേഗധാടി സഹിയാതെ
നിന്നുവിരണ്ടു ശിരസ്സു കുടഞ്ഞേററ-
മുന്നമിപ്പിച്ചു ചെവികൾ കൂപ്പിച്ചുകൊ-
ണ്ടുന്മ്യനവേഗം പുറപ്പെട്ടുകാന്തകം.
പിന്നെദ്രുതതരമോടീക്കുളമ്പുക-
ളൊന്നായ് നിലത്തു പതിച്ചും കുതിച്ചുമേ.
ഇങ്ങനെനാഥൻ നിജഹയാരൂഢനാ-
യെങ്ങും പിറകിൽതിരിഞ്ഞുനോക്കാതെയും
സ്വർല്ലോകമൊക്കും ഗൃഹവുംസുഖങ്ങളും
പുല്ലോളവും ഗണിയാതെയും പോയിതു.

Digitized By Kerala Sahitya Akademi

കൽത്തളമാന്ന നിലത്തിൽ പതിച്ചു തീ
കത്തിജ്വലിക്കും കളമ്പിൻെറഘോഷവും
പാരംകിലുങ്ങും കടിഞ്ഞാൺ തുടലുതൻ
സ്ഫാരാരവവുമാരും കേട്ടുണരാതെ
ദൂരെദ്ദൂരെപ്പാഞ്ഞുചെന്നഹോ ശൃംഗ-
ളോരോന്നുമാശു കടന്നിതു കാന്തകം
പാരിൽ കളമ്പൊച്ച കേൾക്കതെ പുഷ്പങ്ങൾ
വാരിവിരിച്ചുപോൽ വാനവർനീളവേ
ആരവമാന്ന കടിഞ്ഞാൺതുടൽദിവ്യ
ചാരുപടംകൊണ്ടവർതാൻപൊതിഞ്ഞുപോൽ
എന്നല്ലയേറെനിയോജ്യജനങ്ങൾ ചേ-
ന്നൊന്നായ് പണിപ്പെട്ടു തള്ളിയാലേററവും
ഉച്ചമായ് യോജനദൂരത്തുകേൾക്കനൊ-
രൊച്ചകലന്നുനീങ്ങീടും കവാടങ്ങൾ
ദേവനശ്വാത്രൂഢനായണയവേ
കേവലം നിശ്ശബ്ദമായനായാസമായ്
അമ്മൂന്നുകോട്ടവാതുക്കലുമൊന്നുപോൽ
ചെമ്മേതുറന്നുതാനേവഴിനൽകിപോൽ
നാകികളീയാനകൃത്യങ്ങൾചെയ്യതാ-
മാകാത്തതല്ലവക്കായതെന്നല്ലഹോ
ലോകൈകകാരുണികന്നു ചരാചര
ലോകങ്ങളെല്ലാം സ്വയം സഹായിക്കയാം

Digitized By Kerala Sahitya Akademi

ദ്വാരദേശങ്ങളിൽ കാവൽനിന്നീടിന
വീരാഗ്രണികളായുള്ള ഭടരുമേ
ഊരിപ്പിടിച്ചവാൾ താഴത്തുവീഴവ്ത്തു
മോരാതെയങ്ങങ്ങു നിന്നുറങ്ങീടിനാർ
നേരേമലയാദ്രിയിൽനിന്നാവിടെയ-
ന്നേരത്തണഞ്ഞു ദേവാജ്ഞയാലെന്നപോൽ
ആരിലുംനിദ്രയണയ്ക്കുമിളംകുളിർ-
മാരുതൻ മെല്ലെമെല്ലെവീശിനില്ക്കയാൽ
ഏതാകിലും തൻമഹോദ്യമത്തിനാശ്ശു
യാതനാകുംതൻതിരുവടിക്കിങ്ങനെ
യാത്രയിലുണ്ടാമനന്തരായം സിദ്ധി
പാത്രതയോതും പ്രഥമശകുനമാം
എന്തിനുവിസ്തരിപ്പൂ സ്വാമിയീവിധം
പന്ഥാവിലേതുംപ്രതിബന്ധമെന്നിയേ
കാന്തകാര്യൂഢനായേകനായ്തൻപുര
പ്രാന്തവുംനാട്ടും വനങ്ങളുമൊക്കെയും
ഓടിക്കടന്നുപോയാനുഗ്രമാരുത
ധാടിയെവെന്നവേഗത്തിലാരാത്രിയിൽ
പാരംപ്രഭാതമടുത്തു കിഴക്കതി-
ഗൌരാഭത്തൂവി ഗ്ഗിരിശിഖരോപരി
ദൂരത്തുശ്ശുക്രനുദിച്ചുപൊങ്ങീ സ്വാമി
ചാരത്തുടനനോമാനദി കണ്ടിതു

Digitized By Kerala Sahitya Akademi

ക്ഷീണതയാർന്നു തുരംഗമത്തെക്കടി-
ഞ്ഞാണു പിടിച്ചങ്ങു നിർത്തിട്ടയാനിധി
ക്ഷോണിയിൽ ചാടിയിറങ്ങി പുഴയുടെ
വേണിയാൽവേർപെടുമാരാജ്യസീമയിൽ
തൻപ്രിയകാന്തകത്തെ സ്വാമിനെററിമേ-
ലൻപോടു ചുംബിച്ചുമാററിനിർത്തിപ്പിന്നെ
മന്നവയോഗ്യമാം തൻെറമകുടവും
മിന്നുന്നമെയ്യാഭരണങ്ങൾ സർവ്വവും
പൊന്നണികഞ്ചുകവും പാദുകകളും
മന്നിൽമഹാത്മാവഴിച്ചുവച്ചീടിനാൻ.
സന്നിധിതന്നിലണഞ്ഞുടൻ ഛന്ദനും
ഖിന്നതയോടെതൊഴുതുനില്ക്കുന്നതു
കണ്ടു കനിഞ്ഞരുൾചെയ്തു കൃപാനിധി
യിണ്ടൽ തേടായ്കനീയെൻപ്രിയസാരഥേ
ഞാനെനിക്കായ് ഭവാൻചെയ്തോരുപകാര-
മൊന്നുമറക്കയില്ല, ശുഭഹേതുവാസ്സൂരും.
എന്നല്ലതുകൊണ്ടു സർവ്വലോകത്തിനും
വന്നുകൂടുംനിത്യമംഗളവും സഖേ!
തമ്പുരാൻപിന്നയരയിൽ നിന്നക്ഷണം
പൊൻപിടിയാർന്നവാളൂരിസ്വയംതൻെറ
കോമളധൂമലതപോൽകടിലമായ്
ശ്യാമളമാംശിഖാബന്ധമരിഞ്ഞുടൻ

Digitized By Kerala Sahitya Akademi

വാളുമത്തും സാരസനവും കാന്തിയാൽ
കാളുമുഷ്ണീഷവും കഞ്ചുകാദ്യങ്ങളും
ഛന്ദന്റെകയ്യിലേല്പിച്ചഹോ പിന്നെയും
ചൊന്നാൻജഗൽപൂജ്യനാം സ്വാമിയിങ്ങനെ:—
"ഇക്കണ്ടതൊന്നുമിണങ്ങില്ലിനിക്കിനി
പൊയ്ക്കൊൾകിതെല്ലാമെടുത്തു സഖേ! ഭവാൻ
വയ്ക്കൂനൃപസന്നിധിയിൽ ബന്ധുക്കൾക്കു
മൽകഥയോപ്പാനുപകരിക്കാമിവ
സോൽകണ്ഠനാം താതനോടിങ്ങനെയെന്റെ
വാക്കാൽ പറകയുംചെയ്ക വണങ്ങി നീ
ഞാനിതാസവ്വമുപേക്ഷിച്ചു ഭിക്ഷുവായ്
ജ്ഞാനാത്ഥിയായ് സ്വരാജ്യംവിട്ടുപോകുന്നു.
മാനവാധീശനെൻതാതൻ കനിഞ്ഞതു
ദീനതതേടാതെയിന്നു പൊറുക്കണം
ഏതു കഠിനവ്രതം നോററുമേകനായ്
ഭീതിയെഴും കാട്ടിൽവാണുമാരാഞ്ഞുമേ
ബാധകളെല്ലാമകന്നുമനോരഥം
സാധിച്ചുവിശ്വംജയിക്കുമറികഞാൻ.
ധന്യനായ് ജ്ഞാനസാമ്രാജ്യാധിപനായി
മന്നവന്മാക്കഖിലക്കുമാരാദ്ധ്യനായ്
മന്നിടമെന്നല്ല മററുലോകങ്ങളു-
മെന്നുടെയേതാദൃശസ്നേഹവൃത്തിയാൽ

Digitized By Kerala Sahitya Akademi

ഖിന്നതതീർത്തു ഞാൻ കീഴടങ്ങി പ്രഭോ
പിന്നെബ്ഭവൽപദം വന്നു കണ്ടീടുവാൻ.
മൃത്യുസംസാരവിവശനാം മർത്ത്യനെ
മർത്ത്യനൊഴിഞ്ഞു പാലിപ്പതിനില്ലൊരാൾ
സത്യമതാകയാൽ സർവ്വോത്തമമായ
കൃത്യമെന്നോർപ്പൂഞാനിജ്ജഗൽപാലനം
എന്നോടുതുല്യമീമുക്തിമാർഗ്ഗം തേടി
മന്നിലൊരാളുഴന്നിട്ടില്ലിതുവരെ
എന്നാതോർത്താൽ കണ്ടുകിട്ടുമെനിക്കതു
സന്ദേഹമില്ലഞാൻ സാധിക്കമീപ്സിതം
ഏകാന്തമായ്തൻെറ ലോകംവെടിയാതെ
ലോകരക്ഷയ്ക്കൊരാളർഹനാകില്ലതാൻ
ആകയാലാശ്വാസമാൻതാതൻ വാഴ്ക
പോകുന്നുഞാൻ പോയിതോതുക നീ സഖേ!
ഇങ്ങനെയോതിവിഷണ്ണനാംഛന്ദനെ
യെങ്ങനെയെങ്കിലുമേറെ നിർബന്ധിച്ചു
മംഗലമൂർത്തിമടക്കിയയച്ചിതാ-
യിംഗിതവേദിയാമശ്വരത്നത്തൊടും.
പിന്നെയക്ഷോദയത്തിൽ സ്വയം മുണ്ഡിയായ്
സന്ന്യസ്തസർവ്വാഭരണനായ് സത്വരം
തന്നുജ്ജ്വലമാം തിരുവുടൽ താമ്രാഭ
ചിന്നുമൊററസ്സാടികൊണ്ടു മറച്ചഹോ

Digitized By Kerala Sahitya Akademi

ധന്യതതേടമത്ത്റൂക്കൈയ്യിലോടുമായ്
വന്ദ്യപാദൻപോയ്പുഴയും കടന്നുടൻ
ചെന്നക്കരെപ്പുക്കനീണ്ടുപെരുവഴി
യൊന്നിലേറിത്തനിയേ നടകൊണ്ടിതു
മന്നിൽപ്രകാശംപരത്താനുദിച്ചെഴ-
മന്യതരുണാക്കനെന്നു തോന്നുംവിധം
അഞ്ചിതചര്യൻഭഗവാൻ തഥാഗതം
സഞ്ചരിതം സർവ്വലോകമനോഹരം
തുഞ്ചഗുരുവരോപജ്ഞമാംരീതിയിൽ
നെഞ്ചലിക്കുന്ന നിഷ്ക്രമണംവരെ
ഇങ്ങനെ ഞാൻപാടിനേൻ—സൽക്കഥയുമാ-
യെങ്ങനെ വേഴ്ചയാന്നാലുമുണ്ടാം ശുഭം.

(നാലാംകാണ്ഡം കഴിഞ്ഞു)

പൂർവ്വഭാഗം സംപൂർണ്ണം.

Digitized By Kerala Sahitya Akademi

# ശ്രീബുദ്ധചരിതം

## കിളിപ്പാട്ട്

### അഞ്ചാം കാണ്ഡം

ശാരദാ ബുക്കഡിപ്പോ.

പകപ്പവകാശം

എൻ. കുമാരൻ ആശാൻ

1947

എല്ലാ പ്രതികളിലും ഉടമസ്ഥരുടെ മുദ്രയുണ്ടായിരിക്കും.

Digitized By Kerala Sahitya Akademi

നാലാംപതിപ്പ് കാപ്പി 1500
ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം.

Digitized By Kerala Sahitya Akademi

# അവതാരിക.

ശ്രീബുദ്ധചരിതത്തിന്റെ നാലു കാണ്ഡങ്ങൾ ആശാൻതന്നെ പ്രസിദ്ധം ചെയ്തിട്ടുള്ളതാണല്ലൊ. അഞ്ചാംകാണ്ഡം എഴുതിത്തീർത്തശേഷം പ്രസ്സിൽ കൊടുക്കാനായി അദ്ദേഹംതന്നെ പകുതിയോളം പകർത്തിയെഴുതിയിട്ടുണ്ടായിരുന്നു. 'കരുണ' എഴുതിയിരുന്ന ആ നോട്ടുബുക്കിൽ പെട്ട ഈ കവിതയും നിഷ്ഠുരമായ പല്ലനയാററിലെ പാഴ്ച്ചെളിയിൽനിന്നും വീണ്ടെടുത്തിട്ടുള്ളതാണു്. കൈയെഴുത്തിൽ കണ്ടമാതിരി അങ്ങനെതന്നെ പകർത്തി പ്രസ്സിൽ കൊടുക്കുകമാത്രമാണു ഞാൻ ചെയ്തിട്ടുള്ളതു്. ഭാഷാപ്രണയികളുടെ അപേക്ഷകൾ ആവർത്തിച്ചുകൊണ്ടിരുന്നിട്ടും പ്രസിദ്ധീകരണത്തിനു് ഇത്ര അമാന്തിച്ചതു് ഇതിന്റെ പ്രസാധനാവകാശം വാങ്ങുന്നതിനുണ്ടായ കാലതാമസം കൊണ്ടാണു്.

'മണിമാല'യും 'വനമാല'യും കവിയുടെ മരണശേഷം ഞാൻ ചെയ്ത പ്രസിദ്ധീകരണങ്ങളാണെങ്കിലും ഈ കൃതിയുമായാണു് എനിക്കു് കൂടുതൽ മമതാബന്ധത്തിനിട വന്നിട്ടുള്ളതു്. എഴുതിത്തീരുന്നതു് തീരുന്നതു് അന്നന്നു ചൊല്ലിക്കേൾക്കാനും മുമ്പോട്ടു പോകുന്തോറും സ്വതന്ത്രതരമായി വന്ന ഭാഷാന്തരരീതിയുടെ മാധുര്യം ആസ്വദിക്കാനും എനിക്കുണ്ടായ ഭാഗ്യമാണു് ഈ മൈത്രീവിശേഷത്തിനുള്ള പ്രത്യേക കാരണം. പ്രസ്സിൽ കൊടുപ്പാനായി പകർത്തിയെഴുതുന്നതിനു മുമ്പുതന്നെ ഈ കവിത ഒട്ടുമുക്കാലും

Digitized By Kerala Sahitya Akademi

എനിക്കു മനഃപാഠമായിരുന്നു. പ്രസ്തുത കൃതിയുമായുള്ള ഈ പൂർവ്വപരിചയം അതു പകൎത്തിയെഴുതുന്നതിൽ എന്നെ അത്യധികം സഹായിച്ചിട്ടുമുണ്ടു്.

അഞ്ചാംകാണ്ഡം പ്രത്യേകമായും അഞ്ചു കാണ്ഡങ്ങളും ഒന്നായും വായനക്കാരുടെ സൌകൎയ്യത്തിനായി പ്രസിദ്ധം ചെയ്തുകൊള്ളുന്നു.

ഈ കൃതിയ്ക്കു ഭാഷാഭിമാനികളിൽനിന്നും മതിയായ പ്രോത്സാഹനം ഉണ്ടാകുമെന്നു ഞാൻ ആശിക്കുന്നു.

തോന്നയ്ക്കൽ, } കെ. ഭാനുമതി അമ്മ.
൧൫-൩-൧൧൦൮.

---

☞ ആശാന്റെ "പദ്യകൃതികൾ" മൂന്നാംഭാഗം തയ്യാറായിവരുന്നുണ്ടു്.

കെ. ബി. എ.

Digitized By Kerala Sahitya Akademi

# ശ്രീബുദ്ധചരിതം

## ഉത്തരാർദ്ധം.

### അഞ്ചാം കാണ്ഡം

അഖിലജന്തുക്കൾക്കും നിർവ്വാണമേകാൻ തന്റെ
നിഖില സുഖങ്ങളും വെടിഞ്ഞു നിഷ്ക്രമിച്ചു
സുഗതദേവൻ കയ്യിലോട്ടമായ് ത്തെണ്ടിച്ചെന്നു
മഗധരാജ്യ സീമയെത്തിനാൻ മഹാഭാഗൻ.

അവനം ചെയ്തിരുന്നിതക്കാല മാരാജ്യത്തെ-
യവനീപതി മഹാസുകൃതി ബിംബിസാരൻ,
സുവനാവലി രമ്യമായ് രാജഗൃഹമെന്നു
ഭുവനവിദിതമാം തൽപുരം പുരാതനം,

വിലസീടുന്നു വിധിരക്ഷിതമായഞ്ചു
മലകളുടെ മദ്ധ്യത്തായതിമനോഹരം.
'വൈഭര'മെന്ന ശൈലം വാച്ചെഴും വമ്പുല്ലിന്റെ
ശോഭയാൽ മരതകക്കുന്നുപോൽ വിളങ്ങുന്നു.

മറ്റൊരദ്രിതന്നടിയൂടെ മെല്ലവേ ജലം
വററിയന്തർവ്വാഹിനിയോടുന്നു 'സരസ്വതി'

Digitized By Kerala Sahitya Akademi

'വിപുല'മെന്നതിൻപേരപ്പുറം തരുച്ഛായാ-
സുഭഗം 'തപോവന' പർവ്വതം രാജിക്കുന്നു;
അതിലെ നിർമ്മലമാം നീർച്ചോലതോറുമഹോ
മദപ്പിച്ഛിലഗണ്ഡമാം ഗജയൂഥംപോലെ
നന്മയിൽ നിഴലിച്ചു കാണുന്നൂ പുറത്തൂടേ
കന്മദമൊലിക്കുന്ന കറുത്ത പാറക്കൂട്ടം.
തുംഗമായ്സ്ഫുരിക്കുന്ന കഴുകൻതങ്ങുമുച്ച-
ശൃംഗങ്ങളാന്ന 'ശൈലഗിരി' തെൻകിഴക്കായും.
മംഗളശ്രീമെത്തുന്ന മണികൾ വിളഞ്ഞതി-
ഭംഗിതേടിടും 'രത്നഗിരി' നേർകിഴക്കായും.
കാണുന്നു ചെറുതായിച്ചൊന്ന പർവ്വതത്തിന്റെ
ചേണൊന്ന പടിഞ്ഞാറേച്ചരിവിലൂടേ ചുററി
മേലോട്ടു ദന്തുരമായ് പുണ്യയാത്രക്കാരുടെ
കാലടിയേററുതേഞ്ഞ കല്പടവാർന്നമാർഗ്ഗം.
അടിവാരത്തിൽ പൂത്ത കുങ്കമത്തോപ്പുകളും
തുടൻ മേലൊട്ടേടം തേന്മാവുമശോകവും
ഇടയിലങ്ങിങ്ങില്ലിപ്പട്ടിലുമിരുപാട്ടും
തടവിശ്ശോഭിക്കുന്നു ശാന്തമഗ്ഗിരിപഥം.
മുകളിൽ ചില താണശൃംഗത്തിൽ സൂര്യകാന്ത-
നികരങ്ങളും സ്വച്ഛ വെള്ളാരമ്പാറകളും
മുകുരദ്യുതി പൂണ്ടു മിന്നുന്നു; വനഗുല്മ-
പ്രകരം പൂത്തു ചിലഭാഗങ്ങൾ വിലസുന്നു.

Digitized By Kerala Sahitya Akademi

അതിലേ മേൽപോട്ടുപോയപ്പാത തെല്ലുദൂരെ
സ്ഥിതമായോരു ശിലാതട്ടത്തിലൊതുങ്ങുന്നു.
അതിമേദുരസ്നിഗ്ദ്ധദലങ്ങൾ തിങ്ങിസ്സ്യാഖാ-
തതിചൂഴ്ന്നങ്ങുനിൽക്കുമത്തിവൃക്ഷത്തിൻ ചോട്ടിൽ

അനപായമായതിൻ താഴത്തു മർത്ത്യരാരും
ഖനനം ചെയ്യാത്തതായ്കാണുന്നു വിവൃതമായ്
വനവാർക്രന്തൽ ചിന്നും ഭാരതാവനിക്കുള്ളോ-
രനഘകല്ലറപുടം പോലൊരു ഗുഹാമുഖം.
ബോധിസത്വൻ തന്നുള്ളിൽ നിർവാണഗീതസാരം
സാധനം ചെയ്തതാദ്യം കേട്ടതിസ്ഥലമല്ലോ.
അതിനെ നമസ്കരിക്കേണം നാമതിനേക്കാൾ
ക്ഷിതിയിൽ പാവനമായ് മറെറാരു ദിക്കില്ലല്ലോ!

വേനലിൽവനം വെന്തു പായുംമാൻനിരകൾക്കു
കാനൽ നീർഭ്രമം ചേർത്തു കാളും വൻവെയിലിലും,
കൊടിയ വർഷത്തുവിൽ കാററിൽ വന്മരങ്ങളാ-
ഞ്ഞടിയുമാറു ചിറിപ്പെയ്യും പേമഴയിലും,
പട്ടമല്ലന്നും ചോരയുറഞ്ഞു രോമം ചീർത്തു
തടിയിൽ വിറതേടും ഹേമന്തശൈത്യത്തിലും
സുന്ദരകളേബരൻ ലോകരക്ഷാർത്ഥം മണി-
മന്ദിരാദികൾ വെടിഞ്ഞുഴറി വനം പുക്ക
വന്ദനീയൻ ശ്രീഭഗവാനുദാരമാകുമീ
കന്ദരമല്ലോ തുണ നൽകിയതൊട്ടുകാലം.

Digitized By Kerala Sahitya Akademi

അതിനുള്ളിലെ നിരപ്പില്ലാത്ത ശിലാതല-
മതിന്മേൽ ശ്യാമദർഭാങ്കുരങ്ങൾ വിരിച്ചതിൽ
ദ്യുതിയാലന്ധകാരം നീക്കിയാദ്ധ്യാനശീലൻ
സ്ഥിതിചെയ്തീടും മേഘോദരത്തിലിന്ദുപോലെ.
വർച്ചസ്സേറുന്ന വദനാബ്ജത്തിലൊട്ടടഞ്ഞ
നിശ്ചലതാരങ്ങളാം നെടുനേത്രങ്ങളോടും
ആസനം ബന്ധിച്ച്യജുകായനായ് പര്യസ്തമാം
ഭാസുരകരാബ്ജങ്ങൾ പാദപങ്കജങ്ങൾമേൽ
വിന്യസിച്ചന്തഃകരണങ്ങളെ യടക്കിയ-
ധന്യാത്മാവിരുന്നീടുമിരിക്ക നമസ്കാരം!
അന്തികം പുക്കന്നേരമണ്ണാക്കണ്ണന്മാരൊരു
ചിന്തകൂടാതെ ചാടിക്കയറും കാൽമുട്ടിന്മേൽ,
അഞ്ചാതെ പിടക്കാട്ടുകോഴികൾ കുഞ്ഞുങ്ങളെ-
സ്സഞ്ചരിപ്പിക്കും പാദപങ്കജപുടങ്ങളിൽ,
ഓട്ടിലെപ്പിച്ചച്ചോറിൻ മണികൾ താനുമങ്ങു
കാട്ടിളം പിറാവുകൾ വന്നഹോ കൊത്തിത്തിന്നും.
അറിയാറില്ലതൊന്നുമത്തിരുവടി; ചിത്തം
കുറിയിൽ നില്ക്കും യോഗിയോരില്ല ബഹിർല്ലോകം.
മദ്ധ്യാഹ്നകാലം മുതലിങ്ങനെ ദിനംപ്രതി
സദ്ധ്യാനനിഷ്ഠനായഗ്ഗുഹയിൽ ശ്രീഗൗതമൻ
അദ്ധ്യാത്മാകാശങ്ങളെയന്തരാ തുരന്നുപോം
ബുദ്ധിതൻ സൂക്ഷ്മകിരണം വഴിയുള്ളിലുള്ള

Digitized By Kerala Sahitya Akademi

ശ്രദ്ധതത്വങ്ങൾ കണ്ടു കണ്ടെഴുമാനന്ദത്തിൽ
ഗാഢമഗ്നനായിരുന്നരുളുമിതിനുള്ളിൽ.

യാമങ്ങൾനിമിഷങ്ങൾപോലെപോവതോ,സൂര്യൻ
കോമളാംശുവായ് പശ്ചിമാശാങ്കമണവതോ,

ഭ്രൂമുഖം മങ്ങുന്നതോ, നക്ഷത്രകലാപയായ്
യാമിനി വരുവതോ ഭഗവാനോരുന്നീല.

അകലെദ്ദേവാലയങ്ങളിലന്തിക്കു കേൾക്കും
തകിലോ കുഴലൂത്തോ ശ്രവിക്കുന്നില്ലെന്നല്ല,

നികടത്തിങ്കൽ കുറുനരികൾ കൂട്ടിടുന്ന
വികടാരവം പോലും ഗൗതമൻ കേൾക്കുന്നില്ല.

പാതിരാവോളമിതുപോലെപോംപിന്നെ സ്വയം
ചേതസ്സിലജ്ഞാനാന്ധകാരത്താൽ കാമക്രോധ-

ലോഭാദിവികാരങ്ങൾ പോലവേയിരതെണ്ടി-
ക്ഷോഭിച്ചുമണ്ടും ശ്വാപദങ്ങളെയൊഴിച്ചന്യ-

പ്രാണിവർഗ്ഗങ്ങളെല്ലാമുറങ്ങി യൊട്ടു മൗനം
ക്ഷോണിതാൻ പരിശ്രാന്തയായ പോലാന്നിടവേ

ശാന്തിമാൻ ശാക്യമുനി നിഷ്ഠയിൽനിന്നു മെല്ലേ
താന്തവൃത്തിയാം ചിത്തം നിവർത്തിപ്പിച്ചിടുന്നു.

പിന്നെപ്പര്യങ്കബന്ധ ക്ലിഷ്ടമാമംഗങ്ങൾക്കു
ധന്യൻ സൈ്വരത നൽകിയെഴുന്നേററിരുന്നുടൻ

ദർഭയാൽ താനേ തീർത്ത ശയ്യയിൽ ശയിച്ചിട്ടു-
മദ്ഭുതരൂപൻ സ്വപ്നസ്തംഭാഭനനങ്ങാതേ.

Digitized By Kerala Sahitya Akademi

ബദ്ധവിശ്രമം ദേവനിങ്ങനെയൊട്ടുറങ്ങി-
അർദ്ധയാമത്തിന്നു മുമ്പെഴുന്നേൽക്കുന്നു വീണ്ടും.
മദ്ധ്യത്തിൽ മറച്ചൊരു കാർമുകിൽമാല വിട്ട
ശുദ്ധവെൺമതിപോലെ തെളിഞ്ഞ ബുദ്ധിയോടും.

മന്ദമായടിവച്ചു നടന്നു പിന്നെ നിജ-
കന്ദരതലം വിട്ടു വെളിയിലെഴുന്നള്ളി
ഒന്നുടൻബാഹ്യലോകംതൃക്കൺപാർത്തുജ്ജസ്വലൻ
ചെന്നിരുന്നിട്ടമൊരു ശിലമേൽ ശാക്യസിംഹൻ.
പൂഴവും കാണും വനഭ്രുവിപുമശൈലത്തിൻ
താഴയും മെല്ലെജ്ജന്തുവജാലങ്ങൾ ചേഷ്ട വിട്ടു
ശേഷിച്ച രാത്രിയുടെ യാശ്ലേഷമേററുമങ്ങി-
ജ്ജോഷമായ്ക്കിടപ്പതു നോക്കീട്ടും മഹാഭാഗൻ.
മുകളിൽ നിർവ്വാതമായെങ്കിലും ശിശിരമായ്
മുകിലില്ലാതിരുണ്ടു പരന്നു നിസ്സീമമായ്,
അംബരമഹാടവി വിവിധവർണ്ണപുഷ്പാ-
ഡംബരഭാസുരമായ് നില്പതു നോക്കും ദേവൻ.
എന്നല്ല കാട്ടുപൂക്കളറുത്തു സവിശേഷം
ധന്യയാം ഭ്രുവെസ്സുരരച്ചനം ചെയ്യുമ്പോലെ
ഛിന്നമായ് ജ്യോതിസ്സുകൾ ചിതറി വീഴുന്നതു-
മുന്നിദ്രാശയൻ തൃക്കൺപാർത്തൊട്ടു നിലകൊള്ളും.
സാദരം താനിക്കാണും കാഴ്ചകൾ തന്നെ ചിന്താ-
മേദുരമാക്കിത്തീർക്കും ഭാവച്ചിത്തം വീണ്ടും.

Digitized By Kerala Sahitya Akademi

അന്തമറെറഴുംലോകഭോഗത്തിൻ മഹത്വവും,
ചിന്തിക്കും ദേവൻ നരജീവിതലഘുത്വവും.

ചേതസ്സിലൊതുങ്ങാത്ത തത്വച്ഛായാൽ സ്വയം
ജ്ഞാതാജ്ഞാതമാംലോകമാഹാത്മ്യമോർത്തുപേർത്തും

ഹന്ത! നിശ്ചേഷ്ടനായൊട്ടങ്ങനെയിരുന്നു പോ-
മന്തരാശ്ചര്യപരതന്ത്രനായ് ബോധിസത്വൻ.

അന്നേരമഹോ തമസ്സകലും പ്രഭാതശ്രീ
വന്നെത്തും വിളംബമില്ലിനിയെന്നുദാരമായ്

ചൊന്നിട്ടുമശരീരിവാക്കുപോൽ കേൾക്കാകുന്നു
ഭിന്നമൌനമായ് കാട്ടുപൂങ്കോഴിക്രൂകൂം നാദം.

കാണാറാകുന്നിതുടൻ പൂർവ്വപർവ്വതത്തിന്മേൽ
ചാണയരത്തിലെന്ദ്രി കൊളുത്തും ദീപംപോലെ

തേജസ്സാൽ വഴി വെളുപ്പിക്കും തൂംകതിർ നീട്ടി-
യോജസ്സു തേടും വെള്ളിയുദിച്ചു പൊങ്ങുന്നതും.

സ്തംഭിച്ച സമാധിയിൽ നിന്നൊരജ്ജഗത്തിൻെറ
ജൃംഭിക്കും പ്രാണൻ പോലെയിളകമിളംകാററും

ഇമ്പത്തിൽ ചരാചര ജീവികൾക്കുണരേകി-
യമ്പോടുമെത്തി വീശിത്തുടങ്ങി മെല്ലെ മെല്ലെ.

ഉൽക്കടമായ തമസ്സൊതുങ്ങി മെല്ലെപ്പൂർവ്വ-
ദിക്കുതന്നുപാന്തങ്ങൾ മിന്നത്ത മേഘം ചിന്നി

ഉൾക്കൊള്ളുമൊളിയോടും ചാരുചെമ്പകമൊട്ടിൻ-
വക്കുകൾ പോലൊട്ടൊട്ടു വിളറി വെളുപ്പായി.

Digitized By Kerala Sahitya Akademi

കിളികൾ മരക്കൊമ്പുതോറും കൂട്ടകൾ വിട്ടു
വെളിയിൽ വന്നു പാടി,യിളകി വനം കാററിൽ,
അളികളുത്സാഹമായ് മൂരണ്ടു,മുമ്പിൽപൂത്ത
നളിനീനിരപോലെ ചുവന്നു നഭഃശ്രീയും.
പ്രത്യക്ഷമായൊട്ടൊട്ടു ഗിരിയും വനങ്ങളും
പ്രത്യേകം വ്യക്തശ്യാമരൂപമായെന്നു വേണ്ട,
ഇരുട്ടാംവെള്ളപ്പൊക്കം വാൻ വാന്നൊക്കെപ്പോയി-
ട്ടുരിയായ് ഭൂഭാഗങ്ങൾ കാണാറായ് മുന്നെപ്പോലെ.
കട്ടംചോപ്പായി കിഴക്കംബരമതിനുള്ളിൽ
ഝടിതി പിന്നെത്തങ്കപ്പാളിപോൽ പീതമായി,
അടിയിലുടനഹോ പൊൻകതിർഛട വീശ്ലും
കൊടിയ തേജസ്സിൻെറ കന്ദവും കാണാറായി.
അരുതു വർണ്ണിക്കവാനന്തരിക്ഷത്തിൽ തേജഃ-
പരിധിപ്പുത്തും പൊക്കിക്കനെകോജ്ജ്വലകാന്തി-
പരിധാനാഡംബരൻ ഭഗവാൻ പകലിൻെറ
പെരുമാളെഴുന്നള്ളി വെളിയിലെന്നെ വേണ്ടു.
കാലജ്ഞൻ ശ്രീഗൗതമനതിനെ പ്രത്യുദ്ഗമി-
ച്ചാലസ്യമകന്നെഴുനേററു പോയ് വനാന്തത്തിൽ
ആലോലപത്മമാന്ന നിർമ്മലാംബുവാമൊരു
ചോലയിൽ സ്നാനം ചെയ്തു സന്ധ്യയെ വന്ദിക്കുന്നു.
കായുവാനിട്ട തൻെറ വേഷ്ടിയെക്കരങ്ങളാൽ
ഭൂയിഷ്ഠപീതമാക്കാൻ ബാലാക്കൻ ധന്യമ്മന്യ-

Digitized By Kerala Sahitya Akademi

നായാസപ്പെട്ടമളവതിനെയെട്ടത്തണി-
ഞ്ഞായതബാഹു കൈയിൽ മരച്ചട്ടിയുമേന്തി
ആ വനത്തിലെയ്യൂടുവഴിയെപ്പുരാവധി
പാവനമാക്കിയിറങ്ങിട്ടുന്നു പൂജ്യപാദൻ.
ജംഗമമാകും വഹ്നിജ്വാലപോലങ്ങുകാട്ടിൽ
സംഗതനെന്നാകിലും സ്നേഹശീതളാഭനാം
മംഗലാത്മാവെപ്പക്ഷിമൃഗങ്ങളെല്ലാം നോക്കി-
ത്തുംഗാനന്ദം പൂണ്ടാത്തു കേവലം ദീപം കണ്ട
ഭൃംഗവും പതംഗവുമായ്ത്തീർന്നു—ഭഗവാൻെറ-
യംഗലാവണ്യം തന്നെ ലോകമോഹനമല്ലോ.
അങ്ങനെ നഗരാന്തമണഞ്ഞുജനാവലി
തിങ്ങി വാണിട്ടും തെരുവീഥിയിൽ തൃക്കൈകളിൽ
ഭിക്ഷാപാത്രവും നീട്ടിയെത്തുന്ന തേജോമൂർത്തി
ചക്ഷുസ്സാന്നവർചരിതാർത്ഥരായക്കാഴ്ചയാൽ.
പൊന്നൊളി തേടും ഫാലവീഥിയിൽകുറുനിര
ചിന്നി വാച്ചെഴും നിറം മങ്ങിയ കചഭാരം
പിരിച്ചു കെട്ടിവച്ച വാർജടാമകുടവും,
ശരച്ചന്ദ്രാഭ തേടും മുഖമണ്ഡലോപരി
കാറണിക്കൊണ്ടലിൻെറ രേഖയാക്രമിക്കുന്ന-
വാറതിമനോജ്ഞമായ് വളരും ശ്മശ്രുക്കളും,
നെട്ടതായിരുപാട്ടും ഞാന്നു കുണ്ഡലഭ്രഷ്ട
വെടിഞ്ഞ തുളയാന്ന വിപുല കർണ്ണങ്ങളും,

Digitized By Kerala Sahitya Akademi

നീണ്ടുയന്നൊരു തിരുനാസയും, ചിന്താനിഷ്ഠ
പൂണ്ട നിശ്ചലോദാരമാം കുനിച്ചില്ലികളും.
ഇതുകൾക്കെല്ലാം ശോഭയേറുമുജ്ജ്വലകാന്തി
വിതറിസ്സദ്യോജാത ഗോവത്സാപക്ഷ്മംപോലെ
നിരന്നു നിബിഡമായ് സ്നിഗ്ദ്ധശ്യാമളകാന്തി
ചൊരിയുമിവകളാലത്യന്ത മനോജ്ഞമായ്,
അത്യഗാധജ്ഞാന സൗഹാർദ്ദസാഗരമായി,
പ്രത്യന്തശോണമായ ദീർഘലോചനങ്ങളും,
പുഞ്ചിരിനിലാവൊളി ചിന്താച്ഛായയിൽ മങ്ങി-
യഞ്ചിതകാന്തികോലുമോഷ്ഠപല്ലവങ്ങളും,
കരുണാർദ്രമാം മുഖഭാവവും, ഭിക്ഷ തെണ്ടാൻ
തിരുവോടേന്തും താമ്രകരപങ്കജങ്ങളും,
ആകണ്ഠപാദം ചുററിയണിഞ്ഞു കാററിൽ പാറു-
മേകമാമിളമഞ്ഞയാടയു,മെന്നല്ലഹോ
ജോടു കൂടാതെ പെരുവഴിയിൽ നടന്നേററം
പാടലമായിത്തീർന്ന പാദപത്മാഗ്രങ്ങളും,
കരുതിട്ടന്നേനകമലിഞ്ഞന്നരദേവൻ
തെരുവിൽച്ചെന്നു തെണ്ടാൻനില്ക്കുന്നനിലയുംഞാൻ.
മാലേകും സംസാരാബ്ധിതന്നിൽനിന്നിലോകത്തെ-
പ്പാലനം ചെയ്വാൻഘനാററ പാവനപാദൻപിന്നെ,
കോലമാന്നൊരുസാക്ഷാൽ നിർവ്വാണംപോലങ്ങനെ
ആലയംതോറും തെണ്ടിച്ചെല്ലുന്നു ഭിക്ഷയ്ക്കായി,

Digitized By Kerala Sahitya Akademi

"വരികമഹാഭാഗയിവിടെ മഹാത്മാവേ
വരികീ മുററം പരിപാവനമാക്കീടുക.
ചരണാംബുജരേണുലേശത്താൽ, സ്വാമിയെൻെറ
പുരവാതുക്കലെഴുന്നള്ളുവാൻ പ്രസാദിക്ക"
എന്നഹോ ഗൃഹംതോറും വൃദ്ധരും യുവാക്കളു-
മൊന്നുപോൽ സ്നേഹഭക്തി ബഹുമാനാകുലരായ്
വിളിച്ചത്ഥിക്കും ഭഗവാനെ, യങ്ങുള്ള ഭിക്ഷ-
വിളമ്പിക്കൊണ്ടു ചെന്നു നൽകീടും ഗൃഹിണിമാർ.
ത്വരിതമകായിൽനിന്നറങ്ങിവന്നു ചില
സരസീരുഹാക്ഷിമാർ തൊഴുതു നോക്കിനില്ക്കും,
വഴിയിൽച്ചെല്ലുമുണ്ണിമാരോടു മഹാത്മാവിൻ-
കഴലിൽ വീണു നമസ്കരിപ്പാനാജ്ഞാപിക്കും.
എന്നല്ല, ചില സുകുമാരിമാർ മറഞ്ഞൊട്ടു
നിന്നങ്ങു ഭിക്ഷുവിൻെറ രൂപധോരണി കണ്ടു,
സങ്കല്പസ്ഫുരിതമായ പൂരുഷസൗന്ദര്യത്തിൽ
പങ്കലേശം കൂടാത്ത പൂർത്തിയിവിടിവേന്തി,
ആയാതമായോയെന്നു പകച്ചു നോക്കി നിന്നു-
പോയെന്നുവരും, സ്നേഹവൃത്തികൾ പലതല്ലോ.
അതിനുള്ളിൽ തൻ തിരുവോട്ടിലെല്ലാല്ലം ഭിക്ഷ
മതിസന്തുഷ്ടിയോടു മേററു കൊണ്ടയൽവീട്ടിൽ
ദ്രുതമെത്തുന്നു ദാതാക്കൾക്കൊക്കെ മനോഹര-
സ്മിതത്താൽമാത്രം സ്വാമിയാശ്ശിസ്സുചൊല്ലിച്ചൊല്ലി,

Digitized By Kerala Sahitya Akademi

തെരുവാം പൂവാടിയിലിങ്ങനെ സാക്ഷാൽ മധു-
കരമായ്ത്തീൻ ദേവൻ, വണ്ടുകളെന്നാൽ പൂവിൻ-
നിരതോറും പോയ്മധു തേണ്ടുന്നിതവിടേയ്ക്കോ
കരവല്ലികൾ ഭോജ്യം കൊണ്ടുചെന്നർപ്പിക്കുന്നു.
അല്പനേരംകൊണ്ടു താൻ നിറയുമപ്പാത്രത്തി-
ലപ്പവും നെയ്യും പാലുമന്നവ്യഞ്ജനങ്ങളും,
ചിൽപുമാനടൻതന്നെ മടങ്ങി മലയേറി
ക്ഷിപ്രം തൻ ഗുഹയെത്തും മദ്ധ്യാഹ്നത്തിനുമുമ്പിൽ.
ഭക്ഷണം കഴിഞ്ഞുടനങ്ങുള്ള പൂജ്യരായ
ഭിക്ഷുക്കളൊത്തു ശാസ്ത്രചർച്ചകൾ ചെയ്യും ദേവൻ,
അന്യസംഗങ്ങൾ വിണ്ടും വെടിഞ്ഞു യഥാപൂർവം
ധന്യാത്മാഗുഹയിൽപോയ്ധ്യാനനിഷ്ഠനായ്മേവും.
ഇങ്ങനെ പലകാലമവിടെ നയിച്ചുള്ളിൽ
പൊങ്ങിയ ജിജ്ഞാസയാലാവിലധീയായ്ബുദ്ധൻ
അങ്ങങ്ങാരതഗിരികടകസ്ഥലികളിൽ
തങ്ങിയ തപോവന ഭാഗങ്ങൾ കാണ്മാൻ പോയി.
അരുവിച്ചാട്ടങ്ങളും പാറക്കൂട്ടവും വാച്ച
തരുവൃന്ദവും വള്ളിക്കുടിലും ചിലദിക്കിൽ
വിലസീ തത്ര വെളിസ്ഥലവും കുററിക്കാടും
വലിയ തകിടിയും കാണായി വേറേ ദിക്കിൽ.
അവിടെയെല്ലാം കൃച്ഛ്റതപസ്സു ചെയ്തിരുന്നു
വിവിധമേറെ ബ്രഹ്മചാരികൾ യോഗികളും,

Digitized By Kerala Sahitya Akademi

അവരിൽ ചിലരുടെ ഘോരമാം തപഃക്രമം
വിവരിക്കുകതന്നെ വിഷമമഹോ കഷ്ടം!
സ്വന്തദേഹത്തെത്തന്നെ ശത്രുവെന്നോർത്തു വന്യ-
ജന്തുവെന്നതുപോലെ നിയമപഞ്ജരത്തിൽ
ബന്ധിച്ചുനിർത്തിച്ചിലരതിനെദ്ദണ്ഡിക്കുന്നു
നൊന്തുനൊന്തഹോ രുജയറിയാതാവോളവും.
പാണികൾരണ്ടും പൊക്കിപ്പിടിച്ചു ദിവാനിശം
ശോണിതഞരമ്പുകൾ കഴച്ചു ചോര വററി
പേശികൾ ക്ഷയിച്ചെല്ലുനികഴ്ന്നു മുട്ടും തോളും
ശോഷിച്ചും തൊലിചുക്കുമംഗുലിയാന്നും കാട്ടിൽ-
പട്ടുനിന്നീടും മരക്കൊമ്പിവയെന്നു തോന്നാം-
മട്ടിരുന്നയ്യോ ചിലർ വൻതപം ചെയ്തിടുന്നു.
ചിലപേർ മുഷ്ടി രണ്ടും ചുരുട്ടിപ്പിടിച്ചതിൽ
പുലിതൻ കരത്തിൽപോൽ വളന്ന നഖം തച്ചു
വ്രണിച്ചു കൈത്തലങ്ങൾ വിണ്ടിട്ടും വ്യഥ ചെററും
ഗണിച്ചീടാതെ കഷ്ടം നിഷ്ഠയിലിരിക്കുന്നു.
ക്രത്തെഴമാണി ചിന്നും മരപ്പാദുകയേറ
പേർത്തുമേ ചില യോഗിവരന്മാർ നടക്കുന്നു,
കൺമുനകൊണ്ടു നെഞ്ചും നെററിയും തുടകളു-
മുന്മഥിച്ചുഗ്രവ്രണമുണ്ടാക്കിയവയെല്ലാം
കൊള്ളികൾകൊണ്ടു ചുട്ടു കലകളാന്നും കാട്ടു-
മുള്ളുകളയശ്ശലാകകളെന്നിവററയെ



Digitized By Kerala Sahitya Akademi

ഉടൽമേൽ കത്തിയേററിക്കൊണ്ടുമാപാദകേശം
ചുടലച്ചാരങ്ങളോ ചെളിയോ പൂശിക്കൊണ്ടും
പ്രേതത്തിൽ നിന്നെടുത്ത പീറച്ചീവരങ്ങൾ തൻ
ഛേദങ്ങളുടുത്തൊട്ടു നഗ്നത മറച്ചിട്ടും
ചിലരങ്ങുണ്ടു ശഷ്പം പൊടിയുമാണ്ടു വെറും-
നിലത്തു ചപ്പിയിരുന്നീടുന്ന തപസ്വികൾ.
വേറെയേതാനും ചില ഭിക്ഷുകൾ പിണം കത്തി-
നീറിക്കൊണ്ടിരിക്കുന്ന ചിതകളൊന്നു ദിക്കിൽ
നിരന്നംബരത്തിങ്കൽ വട്ടമിട്ടാർത്തു ഗൃധ്രം
പരുന്തും കഴുകനും മാംസശേഷങ്ങൾ ചുററും
പറന്നു റാഞ്ചുന്നതിനിടയിൽ വൃത്തികെട്ട
തറയിലാണ്ടു കിടന്നങ്ങനെ തപിക്കുന്നു.
മറെറാരുവക ശൈവഭക്തന്മാർ ശിവനാമം
മുററുമുൽഘോഷിച്ചുകൊണ്ടുണങ്ങി നിറം കെട്ട
കഴുത്തുമൊട്ടിത്താണ കക്ഷവും ചുററിച്ചീറും
മുഴുത്ത പാമ്പുകളാം ഹാരയജ്ഞസൂത്രങ്ങൾ
അണിഞ്ഞു ശുഷ്കിച്ചൊരു കാൽത്തണ്ടു മററതിന്മേൽ
പിണച്ചു കെട്ടിയിരുന്നീടുന്നു ചില ദിക്കിൽ.
ഇങ്ങനെ കണ്ടാൽ കഷ്ടം തോന്നുമാറാതപത്തിൽ
പൊങ്ങിയ ചൂടാൽ ഫാലഫലകം കാഞ്ഞുപൊള്ളി
കണ്ണുകൾ വെന്തു പീളയടിഞ്ഞു മെയ്യിൽ സിര-
വണ്ണിച്ചു പൊന്തിത്തോലു ചുളുങ്ങി നിറം മങ്ങി

Digitized By Kerala Sahitya Akademi

ചടച്ചു പാരം കരുവാളിച്ചു ചർമ്മത്തോടൊന്നാകെ
കിടക്കും പ്രേതംപോലെ വികൃതമുഖന്മാരും

വളരെത്തപസ്വികളുവിടെച്ചിരമുള്ളിൽ
വളരും വിരക്തിയാൽ നിഷ്ഠയിൽ വാണീടുന്നു.

ഒരുവൻ വെയിലേററു പൊടിയിൽ പടിഞ്ഞിരു-
ന്നൊരുനാളൊരായിരം ചാമത്തുമണിയരി-

യോരോന്നായെടുത്തുച്ചത്തെണ്ണും തിന്നുദരാഗ്നി-
ക്രൂരതയാററി ക്രമത്താലുപവസിക്കുന്നു.

മററൊരാൾ കയ്പേറീടും വേപ്പില ഭക്ഷിക്കുന്നി-
ത്തുററതാം സ്വാദുഭോജ്യം നാവിന്നു രുചിക്കാഞ്ഞാൻ.

പിന്നൊരു ഭിക്ഷുവര്യോ സ്വന്തമാം കാലും കയ്യും
തന്നത്താൻ തന്റെ കണ്ണും കണ്ണവും ഭഗ്നമാക്കി

നാക്കും ഗുഹ്യവും ഛേദിച്ചെറിഞ്ഞു നിവീര്യനായ്
വാഴ്കും നിഷ്ഠയിൽ വികലാംഗനായ് വർത്തിക്കുന്നു.

ഇങ്ങനെ കായക്ലേശം ചെയ്യുന്ന തപസ്സിനാൽ
പൊങ്ങും കീർത്തിയും പരലോകവും കൊതിച്ചിവർ.

ക്ലേശദായിയാം വിധിതന്നെ ദുഷ്കരത്തപഃ-
ക്ലേശത്താൽ നാണിപ്പിക്കും ദേഹികൾ ചിരകാലം

കേവലം യാതനകൾ യാതൊന്നുമോർത്തുള്ള
ദേവഭ്രയം നേട്ടമെന്നോതുന്നു നിഗമങ്ങൾ.

കഷ്ടമാമിക്കാഴ്ചകൾ കണ്ടഹോ കൃപയാലുൾ-
ത്തട്ടഴിഞ്ഞങ്ങു ദേവനത്തപോധനന്മാരിൽ

Digitized By Kerala Sahitya Akademi

മുഖ്യനാമൊരു യോഗീശ്വരന്റെ മുമ്പിൽപ്പുക്ക
ദുഃഖനാശനനരുൾചെയ്തിതു തഥാഗതൻ.
"ദുഷ്കരതപോനിഷ്ഠനാം മഹാത്മാവേ! ഭവാ-
നിക്ലേശം സഹിക്കുവതെന്തിനെന്നോതീടാമോ?
ഇത്തപോവനത്തിലിഗ്ഗിരിയിൽവസിക്കുന്ന
തത്വാന്വേഷിയായ് ലോകഭോഗങ്ങൾവെടിഞ്ഞഞാൻ-
ഏറെയായ്ദിനങ്ങളുമെന്നാലിപ്രദേശത്തു
ഘോരദുഃഖങ്ങളെന്നി മറെറാന്നും കാണ്മാനില്ല.
ഇത്തപസ്വികൾ താനുമങ്ങുന്നുമാത്മഹിംസ-
യിത്രമാത്രം ചെയ്യുവതെന്തിനെന്നറിഞ്ഞീല.
കേവലം ദുഃഖാത്മകം മർത്ത്യജീവിതം, പിന്നെ-
ന്തീവിധമതിൽ ദുഃഖമേററിയാൽ ഫലമെന്താം,
ചൊല്ലുക മഹാമതേ!"യെന്നു ചോദിച്ചാൻ സ്വാമി
മെല്ലവേയതു കേട്ടു ഭിക്ഷുവര്യനും ചൊന്നാൻ:
"തപസ്സാൽ ശരീരത്തെത്തപിപ്പിച്ചിജ്ജീവിത-
മല്പസൗഖ്യമാം മഹാദുഃഖമാത്രമായ്ത്തീർന്നാൽ
പരമസുഖാവഹമാം മുക്തിയെന്നുമല്ല
..............................
പരിചിൽ തപോവഹ്നിരന്നിലങ്ങനെയാത്മാ-
വുരുകിപ്പാവത്തിന്റെ കറകളെല്ലാം പോയി-
ത്തെളിഞ്ഞു ശുദ്ധിതേടും, പിന്നതു കൂടുവിട്ടു
വെളിയിലഖണ്ഡാകാശങ്ങളിൽ പറന്നുപോയ്

Digitized By Kerala Sahitya Akademi

അളവില്ലാത്ത പരമാനന്ദഭൂതി നേടും,
പൊളിയല്ലിതു ശാസ്ത്രം ചൊൽവതാം മഹാഭാഗ!"
ചൊല്ലിനാനുടൻ "ദേവനാചാര്യ്യ! ഭവാൻ വിണ്ണിൽ
മെല്ലെസ്സഞ്ചരിക്കുമീ മേഘത്തെ നോക്കിയാലും.
സുന്ദരമായ തങ്കരേഖകൾ വക്കിലാർന്നോ-
രിന്ദ്രന്റെ രത്നസിംഹാസനത്തിൻ വിരിപ്പൊക്കു-
മമ്മുകിൽഖണ്ഡം കൊടുങ്കാററിനാൽ തിരതല്ലും
അംബുരാശിയിൽനിന്നു പൊങ്ങിവന്നതാണല്ലോ.
വിണ്ണിൽനിന്നിനിയതു വേഗത്തിൽ രൂപം മാറി-
ക്കണ്ണുനീർകണങ്ങൾപോൽ താഴത്തു പതിച്ചിടും.
പൊങ്ങിയും താണും മലംതുക്കിലും ചരിവിലു-
മങ്ങിങ്ങു വീണൊലിച്ചു സങ്കടമാർഗ്ഗങ്ങളിൽ
ചുററിയും ചുഴന്നും വൻപാറമേലടിപെട്ടു
മുററും പീഡകളാർന്നൊഴുകിച്ചാലിലൂടെ
ഗംഗയിൽ ചെന്നാജ്ജലം ചേർന്നിട്ടുമതുവഴി
ഭംഗമെന്നിയേ വീണ്ടുമെത്തിടും പയോധിയിൽ.
കഷ്ടമാം തപസ്സിനാലുന്നതലോകം നേടും
ശിഷ്ടനാം തപസ്വിയും ക്ഷീണപുണ്യനായ് വീണ്ടും
പതിച്ചീടണമതുപോലോർത്താലിങ്ങുതന്നെ
വ്രതത്താൽ നേടും സുഖം നിലനിൽക്കുകില്ലല്ലോ.
പൊങ്ങുന്ന പദാർത്ഥങ്ങൾ താഴണമതുപോലെ-
യിങ്ങുപാർജ്ജിപ്പതെല്ലാമൊടുവിൽ നശിക്കണം,

Digitized By Kerala Sahitya Akademi

നിയമമതാകുന്ന ലോകത്തിൽ നിരൂപിച്ചാൽ
നിയമികൾക്കുമത്ര ദുഷ്പ്രാപ്യമല്ലാത്തതല്ലോ.
നരകയാതനയ്ക്കു തന്നെത്താൻ ബലിനൽകി-
സ്സുരലോകത്തിലെത്തിസ്സുഖിക്കും യോഗീന്ദ്രന്മാർ
പരമമായിട്ടുള്ളോരനിയമത്താൽ വന്നു
തിരിയെ ക്ലേശമനുഭവിക്കേണ്ടയോ ധീമൻ!?"
'വേണ്ടിവന്നിടാമൃഷിസത്തമ! ഞങ്ങൾക്കതു
വേണ്ടപോൽ വിവരമില്ലെന്നല്ല കഷ്ടം! ഞങ്ങൾ
മറ്റൊന്നും തന്നെയറിയുന്നില്ല ദൃഢമായും
തെറ്റുകൂടാത്തതായും ശ്രേയസ്സാധനങ്ങളിൽ,
എങ്കിലും രാത്രിപോയാലുണ്ടാകും പകലെന്നും
സങ്കടാവസ്ഥ തീർന്നാൽ ശാന്തിവന്നിടുമെന്നും
വിശ്വസിക്കുന്നു ഞങ്ങളതിനാലാത്മാവിന്നു
ശശ്വദ്ബന്ധനക്ലേശം നൽകുന്ന ശരീരത്തെ
വെറുത്തിടുന്നിതതു ഭഗ്നമായാൽ ചേതന
പുറത്തു പറന്നുപോയ് നിർവൃതിതേടുമല്ലോ.
അതിനാൽ തപക്ലേശം സഹിച്ചീടുന്നു ഞങ്ങൾ
സതതം തപസ്സിനാൽ തുഷ്ടരാം തുഷിതന്മാർ.
മാനുഷഭോഗത്തെക്കാൾ സ്ഥിരവും മഹത്തമം
വാനിലേസുഖം നൽകുമെന്നതു കാമ്യമല്ലേ?
ചെറിയൊരിരകാട്ടിക്കാട്ടാളർ കണിവച്ചു
പെരിയ ജന്തുക്കളെ ബന്ധിച്ചുകൊള്ളുന്നില്ലേ?'

ദിനമാം സ്വരത്തിലായോഗിയിങ്ങനെ ചൊന്നാൻ:
മാനസമലിഞ്ഞുടൻ ചോദിച്ചാൻ വീണ്ടും ദേവൻ.

“പരലോകത്തിൽ പരസഹസ്രം ദിവ്യാബ്ദങ്ങൾ
സുരഭോഗങ്ങൾ നിങ്ങൾ ഭുജിച്ചു വാണീടിലും

ഒരുനാളവനശിച്ചീടുകില്ലയോ മുനേ!
പരിണാമംകൂടാത്ത ജീവിതാവസ്ഥയുണ്ടോ?

ചൊല്ലുക നിങ്ങൾ കാമിച്ചീടുന്ന വിശാലമാം
സ്വർല്ലോകഭോഗമലിഞ്ഞേകം ദേവകൾതന്നെ

നിത്യജീവികളാണോ നിത്യത്വമവർക്കുണ്ടോ
സത്യമോർത്തുരയ്ക്കുക 'സഹജ! ഭവാൻ വീണ്ടും

ഉൺമയിലിവർക്കില്ല നിത്യത്വം മഹാഭാഗ!”
“ബ്രഹ്മമല്ലാതെ നിത്യവസ്തു മറെറാന്നുമില്ല,

ഈശ്വരരിവർതന്നും ജീവിപ്പു ബഹുചിരം
ശാശ്വതമല്ലവർക്കാസ്ഥാനങ്ങളെന്നാകിലും.”

ഈവിധമായോഗികളെല്ലാം ചൊല്ലിനാർ; ബുദ്ധ-
ദേവൻ പിന്നെയുമരുളിടിനാൻ കൃപാകുലൻ.

“പാവനശീലന്മാരേ! കഷ്ടനിഷ്ഠയിൽ സ്ഥിര-
ഭാവമാർന്നെഴുമതിധീരരാം ഭ്രാതാക്കളേ!

ചൊല്ലുവിൻ വിവേകികൾ നിങ്ങൾ കേവലം പ്രിയ-
മില്ലാത്തതെന്നാകിലും കായപഞ്ജരങ്ങളെ

ആശാമോദകമാകാവുന്നതുമല്ലെങ്കിലും,
നാശമുള്ളതുമായ ഭോഗങ്ങൾ മോഹിച്ചുടൻ

Digitized By Kerala Sahitya Akademi

ലേശവും മടിയെന്യേ ഭഞ്ജിപ്പാൻ ശ്രമിപ്പതു
മോശമല്ലയോ ചിന്തിച്ചീടുവിനതുമല്ല,
കേവലാത്മാവിനെ സ്നേഹിച്ചു നിങ്ങളതി-
ന്നാവാസമാം ദേഹത്തെയീവിധം വെറുപ്പതു
ശരിയോ? പാർത്താലിന്നാവാഹനമേറിയല്ലേ
തിരയേണ്ടതു ദേഹി നമ്മുടെ ഗമ്യസ്ഥാനം.
ഇണക്കമേറീടുന്നോരക്കുതിരയെ വൃഥാ
പിണക്കിട്ടുണ്ഡിച്ചംഗഭംഗങ്ങൾ ചെയ്തു കഷ്ടം!
അഴലിങ്ങനെ നൽകിയന്തിയാം മുമ്പിൽത്തന്നെ
വഴിയിൽ നിലംപതിപ്പിപ്പതെന്തിനു നിങ്ങൾ?
എന്നല്ല ജന്മാന്തരപുണ്യത്താൽ ലഭിച്ചൊരു
മന്ദിരമല്ലോ മർത്ത്യദേഹമാത്മാവിനോർത്താൽ;
അതിൻെറ ഗവാക്ഷങ്ങൾവഴിയായ് മാത്രമല്ലോ
മതിയിൽ നമുക്കല്പവെളിച്ചം ലഭിപ്പതും.
ചൊല്ലാൻ പുലർകാലമെപ്പൊഴാമെന്നും പിന്നെ
നല്ലമാർഗ്ഗം താനേതുദിക്കൂടെയെന്നും നമ്മൾ
അതുകൾ വഴിയല്ലോ നോക്കേണ്ടതങ്ങേഹത്തെ
മതിമാന്മാരേ,യെന്തിനിടിച്ചു പൊളിക്കുന്നു?"
ചൊല്ലിനാരുടനവർ "രാജനന്ദനാ! പരം
നല്ലതെന്നോർത്തിവഴിയൂടെ പോകുന്നു ഞങ്ങൾ,
കല്ലും കണ്ടകങ്ങളും നിറഞ്ഞതതാകാമിതെ-
ന്നല്ല ചെങ്കനൽക്കട്ട നിരന്നുള്ളതുമാകാം,

Digitized By Kerala Sahitya Akademi

വല്ലതാകിലും ഞങ്ങളിതിലേ പദംവച്ച
ചെല്ലുന്ന മരണമിങ്ങൊക്കമേണ്ടാകുമല്ലോ.
അല്ലിനിയതിനേക്കാൾ ശ്ലാഘ്യമാമന്യമാർഗ്ഗം
നല്ലപോലങ്ങോരുകിൽ ചൊന്നാലും കേൾക്കാം ഞങ്ങൾ
ഇല്ലെങ്കിൽ വൃഥാ കാലംപോക്കേണ്ട മഹാഭാഗ,
നല്ലതുവരും പോകാമങ്ങയ്ക്കു നമസ്കാരം."
നടന്നാൻ തിരുവടിയപ്രദേശം വിട്ടുള്ളിൽ
തുടന്നതപഃക്ലേശമോത്തേഴും ഖേദത്തോടും
മരണം ഭയപ്പെട്ടു മർത്ത്യർ കേവലം മററു
ശരണം കാണാഞ്ഞിഹ ഭോഗങ്ങൾ വെറുപ്പതും,
ജീവിതത്തെത്താനവർ സ്നേഹിയാതതു മൂല-
മീവിധം ക്ഷീണിപ്പിച്ചിടുന്നതുമെന്നല്ലഹോ
മാനവരുടെ സുഖം മഷിക്കില്ലെന്നു തോന്നും
വാനവരലിയുവാൻ വൻതപം ചെയ്യുന്നതും,
നരകക്ലേശങ്ങളെ ജയിപ്പാനെന്നവണ്ണം
പരമിങ്ങംഗങ്ങൾക്കു യാതന നൽകുന്നതും,
ദേഹത്തെ മട്ടിച്ചിടിൽ വദ്ധിക്കും തുലോം ഗുണം
ദേഹിക്കെന്നിത്താപസർ വെറുതേ മോഹിപ്പതും,
കണ്ടു സന്താപം പൂണ്ടു കരുണയാൻറും സ്വയം
കുണ്ഠനായരുൾചെയ്തു ഭഗവാൻ ചുററുംനോക്കി.
"ഭ്രമിതന്നങ്കത്തിൻ ഭൂഷണങ്ങളായ് മിന്നു-
മോമനച്ചെറുകസുമങ്ങളെയുഷസ്സിങ്കൽ,

Digitized By Kerala Sahitya Akademi

സാനന്ദം നോക്കുന്നതേ പൊൻകതിർ തൂവീടുന്ന
ഭാനുമാൻതന്നെ കൊച്ചുമുഖങ്ങൾ പൊക്കി നിങ്ങൾ,
ധവളപീതകൃഷ്ണലോഹിതവർണ്ണങ്ങളാം
വിവിധവസ്ത്രങ്ങളാൽ മെയ്മൂടി നിത്യം നിങ്ങൾ,
അഴകാർന്നർക്കനോടു മൌനഭാഷയിൽ നന്ദി-
മൊഴിയുംപോലുൾത്തിങ്ങും സൌരഭം തൂവുന്നതേ.

ആരും, നിങ്ങളിലായുസ്സല്പമെന്നാലും, സ്വന്ത
ചാരുജീവിതകാലം ഖിന്നമാക്കുന്നതില്ല

താരിനങ്ങളേ, നിങ്ങളാരുമേ നിസ്സർഗ്ഗമാം
മാരോമൽ തനുഭംഗി വികൃതമാക്കുന്നില്ല.

എന്നല്ല വാച്ചുപൊങ്ങിയംബരമുരുമ്മുംപോ-
മുന്നതങ്ങളാം താലതരുതല്ലജങ്ങളേ,

ചന്ദനാചലം വഴിയൂതുന്ന കരുങ്കുടൽ-
തെന്നലുണ്ടെന്നും തലകുലുക്കി നിൽക്കും നിങ്ങൾ

എങ്ങനെ മുളയായനാൾമുതൽ ചുമലിന്മേൽ
തിങ്ങി നൽഫലങ്ങളുംവരെയെന്നല്ല നിത്യം

പത്രമർമ്മരങ്ങളാം മധുരഗാനങ്ങളാൽ
മിത്രനെയുപശ്ലോകിക്കുന്നിതു സന്തുഷ്ടരായ്!

വല്ലതും ഗൂഢമായിട്ടറിയുന്നുണ്ടോ നിങ്ങൾ
ചൊല്ലുവിനസംതൃപ്തി നിങ്ങൾക്കും കണ്ടില്ലല്ലോ.

അതുമല്ലിക്കാണുന്ന വൃക്ഷങ്ങൾ നീളെ നിത്യ-
മതിസന്തുഷ്ടിയാർന്നു പറന്നു മണ്ടിടുന്ന

Digitized By Kerala Sahitya Akademi

പൈങ്കിളി, പാരാവതമാദിയാം ഖഗങ്ങളേ
സങ്കടം ജീവിതത്തിൽ നിങ്ങൾക്കുമില്ലത്രയൊന്നും;
തടിയെത്തപസ്സിനാൽ ഹിംസിപ്പീലല്ലോ നിങ്ങൾ
വെടിയുന്നില്ലയല്ലോ ഭോഗവും മുമുക്ഷയാൽ,
എന്നാൽ നിങ്ങൾക്കൊക്കെയുമധിപനായ് നിങ്ങളെ-
യെന്നും നായാടും നരനഭിജ്ഞനത്രേ ഭൂലോകേ.
കഷ്ടം നിങ്ങൾതൻ പ്രാണരക്തത്തെ പാനംചെയ്തു
പുഷ്ടമാം വിജ്ഞാനത്തിൻ ഫലമായ്ത്തന്നെയല്ലീ
നിഷ്ഠുരതപഃക്ലേശം സഹിച്ചിങ്ങനെയവൻ,
ക്ലിഷ്ടമാക്കുമാറായി ജീവിതം തന്നെത്താനേ."

ഉടനേകണ്ടു ദേവനകലത്തക്കുന്നിന്റെ-
യടിവാരത്തിലൂടെയുള്ള പാതയിൽനിന്നു
പൊടി പൊങ്ങീടുന്നതുമെന്നല്ലയാട്ടിൻകൂട്ടം
ഝടിതി നടന്നുപോം ചെറുശബ്ദവും കേട്ടു.
ഓടിയും നടന്നുമൊട്ടിടയിൽനിന്നും തമ്മിൽ
കൂടിയും രണ്ടും നാലുമായ് പിരിഞ്ഞങ്ങിങ്ങെത്തി
കണ്ട പച്ചിലകളെയൊക്കവേ കടിച്ചുടൻ
മണ്ടിയും മധുരമായ് ശബ്ദിച്ചും പാഞ്ഞും പോകും
വെളുത്തും കറുത്തുമുള്ളൊട്ടേറെ യാടുകളെ-
ത്തെളിച്ചുകൊണ്ടു ചിലർ പോകയാണങ്ങുവഴി.
ചുറുക്കെ നടക്കുമായാട്ടിൻകൂട്ടത്തിലൊന്നു
ചെറുകുട്ടികളുള്ള പെണ്ണാടുണ്ടവൾക്കഹോ

Digitized By Kerala Sahitya Akademi

വേഗത കിടാങ്ങൾക്ക പോരാഞ്ഞു പരുങ്ങലും
ശോകവുമായിപ്പാരമെന്നല്ല പൈതങ്ങളിൽ
ഒന്നൊരു കാലിലൊരു മുറിവേൾക്കയാലതു
തെന്നിയുംതെറിച്ചുമോടീടുന്നു പിറകിലായ്.
അതിനെപ്പററിനിന്നാൽ മററവ തെററിമണ്ടു-
മതുകളോടണഞ്ഞാലിപ്പാവം കുഴങ്ങിപ്പോം;
ഇടയിൽനിന്നാൽ കൂട്ടുവിട്ടുപോമെന്നല്ല ചെ-
ന്നിടയർ തല്ലും കവിണെറിയും ദൂരെയായാൽ.
ഇങ്ങനെയവൾ പരിഭ്രമിക്കുന്നതു കണ്ടുൾ-
ത്തിങ്ങിയ കാരുണ്യമാന്നക്കൃപാജലനിധി,
സിദ്ധാത്ഥൻ സകലലോകാരാധ്യൻ ഗിരിവിട്ടു
സത്വരമിറങ്ങിച്ചെന്നവിടെപ്പൂക്കാൻ പിന്നെ.
ദേവദത്തൻ പണ്ടെയ്തുവീഴ്ത്തിയോരന്നംപോലെ
ധാവല്യമാന്ന മെയ്യിൽ ചെഞ്ചോരക്കറപൂണ്ടും
പൂവുടൽ മുറിഞ്ഞൊരാ വെള്ളാട്ടിൻകിടാവിനെ-
സ്സാവധാനമായ് കരസാരസങ്ങളിലേന്തി
അമ്പോടു തൃത്തോളിന്മേലേററിനാനുഴറിപ്പോയ്
മുമ്പേപോമജങ്ങൾതൻ യൂഥമെത്തിനാൻ ദേവൻ.
ഉള്ളലിഞ്ഞുടൻ പിന്നെപ്പിറകേയോടിച്ചെല്ലും
തള്ളയാട്ടിനെ തൃക്കൺപാത്തുചൊല്ലിനാൻ സ്വാമി.
തൂമഞ്ഞിൻ നിറമാന്ന കംബളം ചൂടിടുന്നോ-
രോമനത്തായേ, കരയേണ്ടെടോ വിരഞ്ഞു നീ

Digitized By Kerala Sahitya Akademi

പോരുവനല്ലോ കൂടി നിൻെറയുററതാകുമി
ഭാരവും ചുമന്നു ഞാനെവിടെയെന്നാകിലും.
പെരിയ പണ്ഡിതന്മാരൊത്തുടൻ മുകളില-
ഗ്ഗിരികന്ദരങ്ങളിലണഞ്ഞു സംസാരത്തിൻ-
ദുരിതഭാരങ്ങളെച്ചിന്തിച്ചും വ്യാഖ്യാനിച്ചും
മരുവിക്കാലം നയിക്കുന്നതേക്കാളും പാരിൽ
വരമായ്‌വരാമതിഖേദമാർന്നുഴന്നീട്ട-
മൊരുജന്തുവിനൊരു തുണ ചെയ്യുള പാർത്താൽ.
തിരിഞ്ഞുപിന്നെ സ്വാമി ചോദിച്ചാനത്ഭുതത്താൽ,
വിരിഞ്ഞകണ്ണാൽ നോക്കുമിടയന്മാരോടായി:—
"എങ്ങോട്ടേയ്ക്കെടോ നിങ്ങളിവയെത്തെളിക്കുന്നു
ചങ്ങാതിമാരേ, ചൊൽവിനിപ്പൊഴീമദ്ധ്യാഹ്നത്തിൽ,
ആട്ടകൾതന്നെയടിച്ചാനായർ പതിവായി-
ക്കൂട്ടപ്പൂകിച്ചീടുന്നതന്തിനേരത്തിലല്ലോ."
ചൊല്ലിനാരവർ "വിഭോ! രാജമന്ദിരത്തിങ്കൽ
ചൊല്ലെഴുമൊരു യജ്ഞമാരംഭിച്ചിരിക്കുന്നു,
നല്ലതായതിനൊരു നൂറു കോലാട്ടമിന്ന-
ങ്ങല്ലിലെത്തണമൊരുനൂറു ചെമ്മരിയാട്ടും.
ചൊല്ലിവിട്ടിരിക്കുന്നു ഞങ്ങളെയരിന്നായി
കില്ലുണ്ടു വൈകിപ്പോയാൽ രാജകല്പനയല്ല."
കൊല്ലുവാൻ നയിക്കയാണിവയെയെന്നറിഞ്ഞു
വല്ലാതെ വിഷണ്ണനായൊട്ടുനിന്നുടൻ ദേവൻ.

Digitized By Kerala Sahitya Akademi

"ചൊല്ലിനാനിവരെയാത്ത ഞാൻ കൂടിയുണ്ടെൻ പ്രിയ-
വല്ലവന്മാരേ, പോകാം യജ്ഞവാടത്തിൽത്തന്നെ."
അങ്ങനെ നടകൊണ്ടാൻ സുഗതൻ ചുമലിന്മേൽ
തങ്ങിയ കിടാവുമായിടയരോടും കൂടി,
പിന്നാലെ ചിലച്ചുകൊണ്ടെത്തിയ തള്ളയാടും
ചെന്നവരെല്ലാമങ്ങു സമഭൂമിയിലായി.
കൊടിയ വെയിലേററു ഭഗവാൻ തൻ പൂമെയ്യിൽ
പൊടിയും സ്വേദനീരകണങ്ങളനേകം കാത്തു
ഝടിതി സൂക്ഷ്മരൂപം ധരിച്ചു കാററിൽപാറും
പൊടികളായ്ച്ചെന്നു തുടച്ചു ഭൂമിതന്നെ.
നടന്നു പിന്നെയവർ നഗരോപാന്തദേശ-
മടുത്തു നിഴലാന്ന 'ശോണനദൻ' തീരമെത്തി
ഉടനെ കേണങ്ങണഞ്ഞെത്തിടുന്നിതൊരു ചെറു
നെടുനേത്രയാം ബാഷ്പപങ്കിലകപോലയായ്,
ഇടയക്കിടയിൽപോയ് ഭഗവാനെക്കണ്ടവ-
ളടികൾ കുപ്പീടുന്നു ചൊല്ലുന്നു സഗദ്ഗദം.
"ഇന്നലെ മഹാത്മാവേ യങ്ങല്ലി യിതുവഴി
വന്നെന്നിൽ കനിവാൻറു സാന്ത്വനമരുൾചെയ്തു,
അടിയൻ തങ്ങിടുന്ന ഭവനമക്കാണുന്ന
വടവൃക്ഷങ്ങളാന്ന വാടിയിലത്രേ വിഭോ!
ഒററയായിവളതിൽ ഭാഗ്യത്താൽ ലഭിച്ചതാ-
മൊറെറാരാൺകിടാവേയും വളർത്തി വാണിടുന്നു.

Digitized By Kerala Sahitya Akademi

അക്കറെക്കിടാവങ്ങു പൂത്തുള്ളങ്ങൾക്കുള്ളിൽ
പുക്കുടൻ പതിവുപോലിന്നലെക്കളിക്കുമ്പോൾ
ഓമനപ്പ്ഫണംപൊക്കിയങ്ങാഞ്ഞാടിനിൽക്കും
ശ്രീമെത്തുമൊരു ചെറുസർപ്പത്തെ മുമ്പിൽ കണ്ടാൻ.
കോമളനുണ്ണി കൊച്ചുകൈത്താരാൽ തണ്ടുനീണ്ട
താമരമൊട്ടുപോലെയതിനെച്ചെന്നെടുത്തു-
കളിച്ചുതുടങ്ങിനാൻ, കൈത്തണ്ടിലതു കളിർ-
വളകളായ് വളഞ്ഞു ചുററുന്ന ഭംഗി പാർത്താൻ.
പരമപ്പാമ്പു നീട്ടും നേർത്തലോലമാം നാക്ക
വിരലാലവൻ ചെറുകറുകനാമ്പുപോലെ
നുള്ളുവാൻ തുടങ്ങിനാനെന്നല്ലെന്നറിവററ
പിള്ളയസർപ്പത്തിൻെറ വായ്തന്നെ പിളർത്തിനാൻ;
എന്തിനു ചൊൽവതങ്ങു, ഞാനോടിയെത്തുമ്മുമ്പേ
ഹന്ത!യെന്നോമലുണ്ണി വീണുപോയ് നിലത്തവൻ.
എടുത്തു പൊടിതുടച്ചുമ്പോടു മാറിലേററി-
ക്കൊടുത്തു ഞാനമ്മിഞ്ഞ കുടിക്കുന്നില്ലുണ്ണി
വിളറി മുഖാംബുജം പൂമിഴി രണ്ടുംമൂടി-
ത്തളിരുപോലെ വാടിത്തളർന്നു മേനിമങ്ങി
കളിച്ചുമണ്ടുമെൻെറയോമനക്കുട്ടൻ തങ്ങി
വിളിച്ചിട്ടുമേ വിളികേളാതെൻമാറിൽതന്നെ.
‘വിഷംതീണ്ടിയതെന്നൊരാളോതി’ വേറങ്ങൊരാൾ,
‘വിഷമമയ്യോ, പൈതൽ ചത്തുപോമെന്നും’ചൊല്ലി;

Digitized By Kerala Sahitya Akademi

പകച്ചുനടന്നു ഞാൻ പിന്നെത്തെണ്ടിനേനെന്റെ
മികച്ച സർവ്വസ്വമാമുണ്ണിക്കു മരുന്നു ഞാൻ.
വന്മുറിവില്ലവന്നു വിരൽമേൽ കനിഞ്ഞുപാ-
മ്പുമ്മവച്ചപോലൊരു പോറൽ മാത്രമേയുള്ളൂ,
ഓമനിച്ചപ്പോളതു പററിയതാവാമത്ര
കോമളരൂപത്തോടു പാമ്പിനും കോപം തോന്നാ
ഇണ്ടൽകൊണ്ടേനോടോതി പിന്നൊരാൾ, 'ഗുഹയിലി-
ങ്ങുണ്ടൊരു മഹായോഗി തപസ്സുചെയ്തീടുന്നു,
കണ്ടാലുമിതാവരുന്നമ്മഹാനങ്ങുചെന്നാ-
ലുണ്ടാകുമുപായം പോയ് തൊഴുതുചൊല്ലെന്നുമേ.'
അങ്ങനെ യതിവര്യ! നിന്തിരുവടിതന്നെ-
ത്തിങ്ങുമുൾഭയം പൂണ്ടു കണ്ടു കൂപ്പിനേനിവൾ."
വിബുധോപമനങ്ങോ തെററിമാറിപ്പോയില-
യബലയാകുമെന്നെയാട്ടിയുമകററില.
കരഞ്ഞു കാലിൽവീണു സങ്കടംചൊല്ലി ഞാനെൻ
കരത്തിലാന്നിരുന്നൊരക്കിടാവിനെത്തന്നെ
മൂടുമുണ്ടകററിക്കാണിച്ചിതു തിരുമേനി-
യോടിച്ചു തൃക്കണ്ണുതിന്മുഖത്തു ചെറുനേരം
അമ്പോടും പിന്നെ ക്കരതരളിരാലങ്ങുതന്നെ
മുമ്പോലെ തുണി വലിച്ചിട്ടതിൻ മുഖം മൂടി
കേഴുന്നോരെന്നെക്കനിഞ്ഞൊന്നുടൻ നോക്കി സ്വാമി
ആഴക്കെരിങ്കടുകാനയിക്കെന്നുചൊല്ലി;

Digitized By Kerala Sahitya Akademi

ഉററവർ ചത്തിട്ടുള്ള വീട്ടുകാരാരും തന്നാൽ
പററില്ല കടുകെന്നുമരുളി വിശേഷിച്ചും

അങ്ങനെയല്ലാതതു കിട്ടുവാൻ പണിയെന്നാ-
ലിങ്ങു വന്നണഞ്ഞിക്ക വിവരമെന്നുമോതി.

എന്നൊക്കെയവൾ പറയുന്നതുകേട്ടു ദേവ-
നൊന്നകതാരലിഞ്ഞോരോമൽപ്പുഞ്ചിരിതൂകി

കൗതുകമാർന്നന്നു ചോദിച്ചു, "ഹാ! 'കിശോര-
ഗൗതമി'യെന്നല്ലേ നിൻപേരു പെങ്ങളേ! ചൊൽക.

കിട്ടിയോ കടുകതും നിനക്കോമലേ, നിൻെറ
കുട്ടിയിപ്പോളെങ്ങതിൻ സ്ഥിതിയുമെന്തു ഭദ്രേ!"

"ഭഗവൻ, കിടാവേയും മറന്നു താങ്ങിച്ചെന്നി-
യഗതിയിക്കാട്ടിലും നഗരത്തിലുമുള്ള

ഭവനങ്ങളിലൊക്കെത്തെണ്ടിനേൻ കടുകിന്നാ-
യവിടെയെങ്ങുമതു കിട്ടീല കൃപാനിധേ!

തരണേയൊരുപിടിക്കടുകെന്നാഴതോരോ
പുരവാതുക്കലെത്തുമെന്നെക്കണ്ടലിഞ്ഞുടൻ

തരുവനെന്നുരച്ചു സാധുക്കൾ കൊണ്ടുവന്നു
വിരവിലേകി,—ക്രൂരണ്ടലിയോക്കെളിയോരിൽ.

'മരിച്ചിട്ടുണ്ടോയിങ്ങു വല്ലോരുമുററോരെന്നു
വിരഞ്ഞു പിന്നെച്ചോദിച്ചീടിനേ, നവരെല്ലാം;

ചിരിച്ചുകൊണ്ടു ചൊന്നാ,രെന്തു സോദരീ ചൊൽവൂ
'മരിച്ചോരല്ലേയേറെ,യിരിപ്പോർ കുറവല്ലേ!



Digitized By Kerala Sahitya Akademi

തിരിച്ചു കടുകവക്കേകി ഞാൻ സമസ്കാര-
മുരച്ചു കണ്ണീർവാർത്തു വേറൊരു ദിക്കിൽ പോയോൻ.
പലരുമങ്ങാദരവു നൽകിടാമെന്നും ചൊന്നാർ
ഫലമെന്തുള്ളൂ മൃത്യുകേറാത്ത പുരയില്ല.
ഒരു ഗേഹത്തിലൊരു മുത്തശ്ശി മരിച്ചുപോ-
യൊരുമന്ദിരത്തിലെയച്ഛനമ്മമാർ പോയി
പിന്നൊരുവീട്ടിലൊരു ചെറിയ പുത്രൻപോയി
കന്യകയൊന്നു പോയി കഷ്ടം വേറൊരു വീട്ടിൽ;
'ഒരു ഗേഹിനി പിന്നെബ്ഭഗിനി! കടുകുണ്ടു
വരിക തരാമെന്നു ചൊന്നുടനഥാന്യത്തെ-
യുഴുതുവിതച്ചയാൾ വിളയുംമുമ്പുണ്ടായ
മഴക്കാലത്തുതന്നെ പോയതു കേണുചൊന്നാൾ.
അങ്ങനെ ഞാൻ കുഴങ്ങി കല്പിച്ച മട്ടിൽ കടു-
കെങ്ങുമേ കിട്ടാതെകണ്ടായ് കേണു മടങ്ങിനേൻ.
പിന്നെയും തടിയേറെത്തണുത്തു വെറുങ്ങലി-
ച്ചെന്നോമൽ കിടാവഹോ കിടക്കുന്നിന്നും വിഭോ!
വഴിയിലിന്നും തിരുവടിയെക്കണ്ടു ഞാനി-
പ്പുഴവക്കിൽ കാണുന്ന പൂവള്ളിക്കുടിലുള്ളിൽ
ഉഴറിയെന്നുണ്ണിയെ വച്ചുകൊണ്ടോടിപ്പോന്നേൻ
തൊഴുതുവീണ്ടും തൃക്കാൽ ശരണംപൂകിക്കൊൾവാൻ.
എപ്രകാരമ്മമരുന്നെനിക്കു കിട്ടീടുന്നി-
തെപ്പൊഴെൻ കിടാവിനിയുണരും കളിപ്പതും.

Digitized By Kerala Sahitya Akademi

കല്പിക്കേണമേ കരാം കത്തുന്ന കൃപാനിധേ!
മൽപ്രാണത്തിടമ്പൂണ്ണി മരിച്ചുപോയില്ലല്ലി;
ചിലരംഗനെയുമോളുന്നുണ്ട കനിവറേറാർ
ചലിക്കനിതെൻ ചിത്തം ചൊല്ലുക സത്യം വിഭോ!"
എന്നു കേണരുളിട്ടമവളെ നോക്കിച്ചെററ
മന്ദമന്ദസ്മിതാർദ്രവദനൻ ചൊന്നാൻ ദേവൻ.
"ഞാക്കമേ ലഭിയാത്തൊരൗഷധം നിനക്കഴൽ
പോക്കുവാനുപായമായുരച്ചു ഭഗിനി, ഞാൻ.
ചെന്നതുകൊണ്ടുവരാൻ കേഴണെങ്ങുമലഞ്ഞുനി-
യിന്നതിൻപൊരുൾ താനേയറിയുമാറായില്ലേ!
ഇന്നലെ നിൻെറ മാറിൽ ചത്തുറാൻ കിടന്നിതു
നിന്നുയിരിലും പ്രിയമാന്ന നിന്നിളംപൈതൽ.
മരണജന്യദുഃഖം നിന്നെയല്ലെല്ലാരെയും
കരയിക്കുന്നുണ്ടെന്നതിന്നു നീയറിഞ്ഞില്ലേ.
അന്യതാപങ്ങളേറെക്കാണുകിൽ കണ്ണീർ തപ്ത-
ധന്വാവിൽ നദിപോലെ തടഞ്ഞുപോകും ബാലേ!
അല്പലിനൊട്ടാശ്വാസമേകുവാൻ മാത്രമതു
ചൊല്ലിനേൻ കഷ്ടം! നിൻെറ യുണ്ണിതൻ പ്രാണത്രാണം
കേവലമെന്നാൽ ശക്യമായിരുന്നെങ്കിലെൻെറ
ജീവനെ വെടിഞ്ഞും ഞാൻ ചെയ്യുമായിരുന്നെടോ!
അങ്ങനെ ഭദ്രേ! സ്നേഹമാധിയായ്ക്കലാശിപ്പി-
ച്ചെങ്ങും ജീവികൾക്കേകവൈരിയാം, യജ്ഞത്തിനു

Digitized By Kerala Sahitya Akademi

പൂവനത്തിലും പുതുശാദ്വലത്തിലുംകൂടി
പാവങ്ങളീയാട്ടുകൾ തന്മേപ്പോലകരുണം
മർത്ത്യരെ നയിച്ചുടൻ കൊന്നൊടുക്കുന്ന ദുഷ്ട-
മൃത്യുവെയിന്നുതന്നെ വെല്ലുമായിരുന്നു ഞാൻ.
പോക പെങ്ങളേ! ദഹിപ്പിക്കയുണ്ണിയെ, മൃത്യു-
ശോകത്തെജ്ജയിക്കുവാൻ മാർഗ്ഗമാരായട്ടെ ഞാൻ."

ഇടയന്മാരോടൊത്തു പിന്നെയും യഥാപൂർവ്വം
നടകൊണ്ടാശു ദേവൻ നഗരമെത്തീടിനാൻ.
വടിവിലുടൻ ദൂരെശ്ശോണതൻ പ്രവാഹത്തിൽ
തടവിത്തുടങ്ങിനാൻ ഭാനുമാൻ തങ്കച്ഛായം.
തെരുവിലെങ്ങും നീണ്ട നിഴലിൻ ശ്യാമച്ഛായ-
പരത്തിക്കൊണ്ടും നിന്നാൻ ചാഞ്ഞ ചെങ്കരങ്ങളാൽ
കോട്ടവാതുക്കലുടൻ ചെന്നണയുന്നിതാട്ടിൻ-
കൂട്ടവുമിടയരും തേജസ്വി ഭഗവാനും
ഹന്ത! തൃത്തോളിലാട്ടിൻകുട്ടിയെയേന്തിപ്പോകും
ബന്ധുരോദാരമായ ഭിക്ഷുവിൻ രൂപം കണ്ടു
സംഭ്രമാശ്ചര്യഭക്തിബഹുമാനാകുലമാ-
യമ്പരന്നെങ്ങും നോക്കിനിൽക്കുന്നു ജനാവലി.
മാറിയങ്ങൊതുങ്ങുന്നു ഗോപുരദ്വാരത്തിങ്കൽ
പാറാവുനിൽക്കും ഭടജനങ്ങളെന്നല്ലുള്ളിൽ
അങ്ങാടിത്തെരുവിലുള്ളാളുകൾ താനങ്ങു
തങ്ങിയ ഭാരവണ്ടി മാററുന്നു വഴി നൽകാൻ

Digitized By Kerala Sahitya Akademi

കൊള്ളലും കൊടുക്കലും ചെയ്യുവർ വിലചൊല്ലി.
ത്തൊള്ളകൾ തുറപ്പുതു നിർത്തി മൗനമായ് ക്ഷണം
സ്വാന്തത്തിൽ കൗതുഹലമാർന്നടൻ ഭഗവാൻെറ
ശാന്തമോഹനമുഖപങ്കജം വീക്ഷിക്കുന്നു.
കൂടമുച്ചത്തിലോങ്ങി ഞെരമ്പു ചീർത്ത കൈക-
ളോടെ നിൽക്കുന്നു തല്ലാൻ മറന്നു പെരുംകൊല്ലൻ
ഓടവും നുലുമാർന്നു തറിയിൽതന്നെ കൈക-
ളോടാതെ മേൽമെയ് ചാച്ചു ചാലിയനിരിക്കുന്നു.
കണക്കേട്ടിൻമേൽ നോട്ടം തെററിപ്പോയ് കായസ്ഥന്ദു
പിണങ്ങി കവടികൾ നാണയവ്യാപാരിക്കും.
എന്തിനു വിസ്തരിപ്പതരിവില്ലുന്ന ചെട്ടി-
യന്തികമെത്തും ദിവ്യഭിക്ഷുവിൻ രൂപം നോക്കി
അമ്പരന്നിരിക്കവേ പീടികതന്നിൽകേറി-
യമ്പലത്തിലെക്കാളയരികൾ മുററും തിന്നു.
ഹന്ത! പൈക്കറപ്പോരുമങ്ങനെയിരുന്നു പാൽ
മൊന്തകൾ നിറഞ്ഞൊഴുകീടുന്നതറിയാതെ
കൂടി വാതിലുതോറുമങ്ങങ്ങു തിങ്ങിപ്പല-
പേടമാന്മിഴിമാരും തങ്ങളിൽ തർക്കമായി
ആരുവാനഹോ ശാന്തഗംഭീരമനോഹരൻ
പോരുന്നു യജ്ഞത്തിനിങ്ങാട്ടുകൾ തെളിച്ചിവൻ
ഗോത്രമേതിവനുടെ വർണ്ണമേതാവോ ഹന്ത!
ഗാത്രമാണെന്നും കാമനൊക്കുമിശ്രമണനു

Digitized By Kerala Sahitya Akademi

തണ്ണീർത്താരിതളൊത്തു നീണ്ടഗ്രം ചുവന്നൊരി-
ക്കണ്ണുകൾ മോഹനങ്ങളെങ്ങിനെ കിട്ടിയാവോ?
ഇന്ദ്രൻതാൻ യജ്ഞമുണ്മാൻ പ്രത്യക്ഷീഭവിക്കയോ
ചന്ദ്രൻതാൻ മൃഗമേന്തി ഭൂമിയിൽ ചരിക്കയോ!
ചൊല്ലിനാരുടനിതുകേട്ട സത്വരം ചില
മല്ലനേത്രമാർ, മതി സന്ദേഹം സഖിമാരെ!
മഹർഷിമാരോടൊത്തു മലയിൽ തപംചെയ്യും
മഹനീയനാ യോഗിയത്രേ യിമ്മഹാഭാഗൻ.

തെരുവിലീയുണ്ടായ സംഭ്രമം തെല്ലുമുള്ളി-
ലറിയാതെ താനജയ്യൂഥവുമൊത്തു മെല്ലെ
നിയതേന്ദ്രിയൻ സ്വാമി നടന്നുപോയിടിനാൻ.
സ്വയമന്തരാ ജന്തുമരണ ചിന്താതുരൻ
"കഷ്ടമെൻപ്രിയമേലും ജീവജാലമേ നിങ്ങൾ
വിഷ്ടപത്തിങ്കലൊരു നേതാവുമില്ലാതെ താൻ,
അന്ധകാരത്തിൽ കിടന്നലഞ്ഞുതിരിയുന്നു
സ്വന്തരക്ഷയും രക്ഷാമാർഗ്ഗവുമറിയാതെ.
കേവലമെന്നല്ലഹോ യജ്ഞത്തിൽ ബലിയ്ക്കിന്നു
നാവില്ലാത്തൊരിസ്സഹോദരങ്ങൾപോലെ തന്നെ
അന്തകനോങ്ങും കരവാളിൻ വായിലേയ്ക്കല്ലോ
ഹന്ത പോവതും നിങ്ങൾ ചിലച്ചും പുലമ്പിയും!"
എന്നെല്ലാം ദയാകുലൻ ചിന്തിച്ചു ചിന്തിച്ചഹോ
ചെന്നുടൻ യജ്ഞവാടനികടമെത്തീ ദേവൻ.

Digitized By Kerala Sahitya Akademi

യാഗശാലയിൽ ദീക്ഷിച്ചരുളും നൃപനോടു
വേഗമണഞ്ഞെത്തിയൊരു കിങ്കരനണത്തിച്ചു
യോഗീന്ദ്രനൊരാളാട്ടിൻകുട്ടിയെച്ചുമലിൽ വ-
ച്ചാഗതനായെന്നുള്ള വാർത്തയും സകൗതുകം
പിന്നെയാട്ടുകളോടുമകത്തുപുക്കു ദേവൻ
മന്നവൻ ഹോമശാലതന്നിൽ നില്പതു കണ്ടാൻ.
വരിയായ് ശുഭ്രവസ്ത്രം ധരിച്ചു മന്ത്രം ജപി-
ച്ചിരുപാർശ്വവും നില്ക്കുമന്തണർതന്മദ്ധ്യത്തിൽ
സുഗന്ധാഢ്യമാമിന്ധനോച്ചയത്തിന്മേൽ കത്തി
പ്രകടജ്വാലനീട്ടി ഭുഗ്ഭുഗ ശബ്ദമോടാർത്തും
ചൊരിയും നെയ്യും സോമരസവുമുണ്ടു ജൃംഭി-
ച്ചെരിഞ്ഞു വാച്ചുപൊങ്ങി വായുവിൽ തത്തിക്കേറി
സ്ഫുലിംഗങ്ങളാൽ പൊട്ടിച്ചിരിച്ചു ഘോരമായി
ജ്വലിച്ചിരുന്നു മദ്ധ്യഹോമകുണ്ഡത്തിലഗ്നി.
തീമലയതിന്നടിവാരത്തെ വലംവച്ചു
ധൂമസംവൃതമായ് ചേർന്നൊലിച്ചു മണലൂടെ
ആ മഖത്തിങ്കൽ ബലികഴിച്ചോരജങ്ങൾതൻ
ഭീമമാം രക്തനദി പാഞ്ഞുകൊണ്ടിരുന്നിതു.
അങ്ങടുത്തുതാൻ മെയ്യിൽ പുള്ളികൾ പൂണ്ടുനീണ്ട
ശൃംഗങ്ങളാർന്നുള്ളോരു കോലാടും കിടന്നിതു,
ഉദ്ഗളനാളം പിന്നോക്കം തിരിച്ചഹോ മുഞ്ഞ-
പ്പുൽകയറാൽ കെട്ടിയ ഛിന്നമാം ശിരസ്സോടും.

Digitized By Kerala Sahitya Akademi

അതിൻെറ കഴുത്തിൽ തൻ മൂർച്ചയേറിയ കത്തി.
യദയം ചേർത്തു താഴ്ത്തി നിന്നു വൈദികനേകൻ.
ദൈവതങ്ങളേ! തുഷ്ടി നേടുവാൻ ചുടുചോര
തൂവുമീ മേഷരത്നംതന്നെ നോക്കുവിൻ നിങ്ങൾ.
ഭൂപതിബിംബിസാരനിതിനെ യഷ്ടിക്കുന്നു
ഹാ! ബലിയായ് നിങ്ങൾക്കീ നെടിയയജ്ഞാന്തത്തിൽ.
എരിഞ്ഞീടുമീ മണ്ണമാർന്നോരഗ്നിയിൽ വെന്തു
പൊരിഞ്ഞ മാംസത്തിൻെറ മേദുരഗന്ധരസത്തെ
സരസം സ്വാദിച്ചു ചിത്താനന്ദമാർന്നീടുക
പരമീ യാട്ടിൻെറ മേലാവഹിച്ചിരിപ്പോരു
നരനായകൻ തൻെറ പാപഭാരങ്ങളെല്ലാ-
മെരിതീയിതിൽതന്നെ വെന്തു വെണ്ണീറായ്പ്പോക.
വെട്ടുന്നു മേഷകത്ത ഞാനെന്നുചൊല്ലിനാൻ മന്ത്രം
പെട്ടെന്നു കടന്നെത്തി ഭഗവാൻ കൃപാകലൻ
"അരുതു മഹാരാജ, വെട്ടുവാനയയ്ക്കരു-
തുരുസാഹസമങ്ങിസ്സാധുജന്തുവെ"യെന്നു
കരംനൊന്തോതീടിനാൻ ക്ലേശാതെ കോലാടിനെ
വിരവിൽ ചെന്നു കയറഴിച്ചു വിട്ടീടിനാൻ.
ആരുമേ തടുത്തതുമില്ലഹോ ധീരനാമ-
ക്കാരുണികനെ സ്വയം തന്നുടെ തേജസ്സിനാൽ.
മന്നവൻതന്നെ നോക്കി മുമ്പിൽനിന്നാദരമായ്
പിന്നെ യപ്രാണികൃപാവാരിധിയരുൾചെയ്താൻ:

Digitized By Kerala Sahitya Akademi

"ജീവിതമാക്കും പ്രിയതമമാകുന്നു വിഭോ,
ജീവലോകത്തിൽ സുഖസംശ്രയമതാകുന്നു.
കേവലം പുഴുവിനും ക്ഷേമനാം മനുഷ്യനും
ദേവനുതാനുമതിൽ മമത തുല്യമല്ലോ.
അതിനോടഭിമാനബന്ധംകൊണ്ടല്ലോ കാൺമൂ
മൃതിയിൽ ജന്തുക്കൾക്കു പേടിയും ഞെട്ടുക്കവും;
അന്തമേകുവാനാക്കുമെളുതാമിജ്ജീവിതം
ഹന്ത ഭൂപനുപോലും നിർമ്മിപ്പാനരുതല്ലോ.
വിസ്മയാവ്യൂഹമൊരു തത്വമാണതെന്നതു
വിസ്മരിച്ചഹോ മർത്ത്യനതിനെ ഹിംസിക്കാമോ
വിട്ടുത്തീടും പ്രാണനേ പ്രത്യർപ്പിക്കുവാൻതന്നെ
മിടുക്കു നമുക്കില്ല കൊലചെയ്യരുതാരും.
അതുമല്ലോർത്താൽ ദയയേലുവോക്കിജ്ജീവിത-
മതുലമായ ദൈവാനുഗ്രഹമല്ലോ പാരിൽ.
ദയ, ശക്തിഹീനരെ യാശ്വാസിപ്പിച്ചീടുന്നു
സ്വയമേകുന്നു ചരിതാർത്ഥത, ശക്തന്മാക്കും
ഘാതകൻ നിജ ദയാഗുണത്തെ ഹനിക്കുന്നു
രോധിച്ചീടുന്നു കൊന്ന ജന്തുവിൻ ഗതിയേയും.
കർമ്മപാശത്തിൻ കീഴും മേലുമായ് പലവിധ
ജന്മമാന്നിയലുന്ന ജീവജാലങ്ങൾതന്നെ
ഉണ്മയോക്കുകിലും സോദരരല്ലോ തമ്മി-
ലമ്മുറ നിനച്ചാലുമൊന്നിനെക്കൊന്നീടാമോ?

Digitized By Kerala Sahitya Akademi

എന്നല്ല നരമ്പാൽ നല്ലോമനപ്പൂരോമങ്ങ-
ളെന്നിതുകളാം നിജ സവ്സ്വം നമുക്കേകി
നമ്മളെ വിശ്വസിച്ചു നാളുകൾ നയിക്കുന്ന
കന്മഷമോരാതുള്ള ക്കുട്ടങ്ങളിയാടുകൾ.
വിളിച്ചവഴി പോരുമിത്തൃണാശികൾ നീട്ടും
ഗളനാളത്തെ പിടിച്ചറുക്കെന്നോതു കഷ്ടം!
എന്തൊരു കുടിലത, എന്തു നിഷ്കരുണത-
യെന്തൊരക്രമമെത്ര നിഷ്ഠുരമഹാപാപം!
പുണ്യസോപാനമേറാൻ മോഹിച്ചു യജ്ഞംചെയ്തു
നിർണ്ണയം നിങ്ങൾ നരകാബ്ധിയിൽ പതിക്കുന്നു.
ദേവന്മാരോടു ദയയിരപ്പാൻ നാണമില്ലി-
പ്പാവങ്ങൾതൻപ്രാണനിൽ നിർദ്ദയർ നിങ്ങൾക്കഹോ!
ഹന്ത നൽസുധാശനർ ചോരയാം ബലികൊണ്ടോ
സന്തുഷ്ടരായിടുന്നു രാക്ഷസരാണോ വിണ്ണോർ.
പാഴാണു പാപക്ഷാളനാശയുമി യജ്ഞത്താൽ
കോഴയാൽ പ്രസാദിക്കും കൃപണരല്ലീശന്മാർ!
പരമിങ്ങൊരാൾ ചെയ്ത പാപത്തെ നിരാഗസ്സാം
ചരജന്തുവിൽ പ്രതിസംക്രമിപ്പിക്കെന്നതും
കരുതീടുകിൽ വൃഥാ ഭ്രമമോഹമത്രേ പാരി-
ലരുതാർക്കുമേ കൃതമന്യഥാകരിക്കുവാൻ.
അറിഞ്ഞെങ്കിലുമറിയാതെയെങ്കിലും സ്വയ-
മൊരുവൻ ചെയ്തീടുന്ന നന്മതിന്മകളെല്ലാം

Digitized By Kerala Sahitya Akademi

ശരിയായവനനുഭവിച്ചീടണം കർമ്മ-
പരിപാകത്തിൻ ശക്തി തടവാൻ കൈകളില്ല.
അകക്കാമ്പിങ്കൽ നിനയ്ക്കുന്നതും പിന്നെ വാക്കാൽ
പ്രകടിപ്പിക്കുന്നതും കൈകളാൽ ചെയ്യുന്നതും
സകലം നോക്കിനിന്നു സർവ്വദാ കർമ്മനീതി
ശകലം തെററാതെകണ്ടൊക്കവേ കുറിയ്ക്കുന്നു.
അകലമരിനിനില്ലൊട്ടന്തികം താനുമില്ല
മികവേറുവോരെന്നുമെളിയോരെന്നുമില്ല,
ആക്കും തുല്യമായാക്കർമ്മദൃഷ്ടമായ് വാഴ്വോരു
നീക്കപോക്കില്ലാത്തോരന്നിയമം സനാതനം
ചേർക്കുന്നു ക്രിയാഫലം കർത്താവിൽ യഥാകാലം
തൂക്കവും തോതും മാററുമളവും മറക്കാതെ.
നിങ്ങൾ കൊല്ലും ജന്തുക്കൾ നിങ്ങളായ് ജനിച്ചീടാം,
നിങ്ങളെക്കൊൽവാനവ ഖഡ്ഗങ്ങൾ ധരിച്ചീടാം.
എങ്ങനെയൊഴിക്കാവൂ ദുഷ്കൃതം, ബ്രഹ്മാണ്ഡത്തി-
ലെങ്ങുപോയൊളിക്കാവൂ നിയതി വിളിക്കുമ്പോൾ?
ഓർക്കുവിനയ്യോ ചെന്നു ചാടാഞ്ഞിൻ മററു മണ്ണാൽ
തൂർക്കുവാനരുതാത്ത നരകഗർത്തങ്ങളിൽ."

ഭഗവാൻ കൃപാപരതന്ത്രനായ് നിന്നിങ്ങനേ
നിഗദിക്കുന്ന തത്വം കേട്ടുടൻ വിലക്ഷരായ്;
സത്വരമൃത്യുക്കൾ രക്തത്താൽ ചുവന്ന കൈ-
യുത്തരീയത്തിൻതുമ്പാൽ മറച്ചുകൊണ്ടിടിനാർ.

Digitized By Kerala Sahitya Akademi

മന്നവൻതാനുമുടൻ തൊഴുതമ്മഹാത്മാവിൻ
സന്നിധിപുക്ക ഭക്തിനമ്രനായ് നിന്നുകൊണ്ടാൻ.
പിന്നെയും ചൊന്നാൻ ദേവൻ "പ്രാണിസഞ്ചയമെല്ലാ-
മന്യോന്യമുടപ്പിറപ്പാകയാൽ സ്നേഹാർദ്രരായ്
സന്തതമിണങ്ങിവാണീടുമെന്നാകിൽ പാർപ്പി-
നെന്തൊരു മനോജ്ഞമാം കുടുംബമിബ്ഭൂലോകം.
ജന്തുവിൻ ജീവരക്തം മലിനമാക്കാതെ താ-
നെന്തുഭോജ്യങ്ങളുമുണ്ടിവിടെസ്സുഭിക്ഷമായ്,
അന്നപാകത്തിന്നതി സ്വാദേലും മണിനെല്ലിൻ-
പൊന്നോമൽ കതിരുകൾ വ്രീഹിയിൽ വിളയുന്നു;
വിമലകാന്തിതേടും തേൻകനിക്കുലകളെ-
ച്ചുമന്നു നിന്നീടുന്നു വൃക്ഷങ്ങൾ മനോജ്ഞങ്ങൾ;
മധുരകന്ദങ്ങളെ നിലത്തു മറച്ചഹോ
നിധിപോൽ നമുക്കായി വള്ളികൾ സൂക്ഷിക്കുന്നു;
സദയം ഭൂമിതന്നെ തരുന്നു സ്വച്ഛമാം തൻ
ഹൃദയമലിഞ്ഞൂറും സ്ഫടിക വാരിപൂരം;
മറിച്ചു നിർദ്ദയമായ് കേഴും പ്രാണിതൻ കഴ-
ത്തറുത്തു ലഭിക്കുന്ന നിസർഗ്ഗബീഭത്സമാം
രക്തമാംസങ്ങൾ നരഭോജ്യങ്ങളല്ലോർക്കുവിൻ,
യുക്തമല്ലതുകളാൽ ദേവരെ യജിപ്പതും."
ഇത്തരമുപന്യസിച്ചരികിൽ നില്ക്കും സാക്ഷാൽ
ബുദ്ധന്റെ കൃപോർമ്മിയാൽ ഹൃതഹൃത്തുകളായി

Digitized By Kerala Sahitya Akademi

എറിഞ്ഞുകളഞ്ഞിതു കത്തിയശ്രോത്രിയന്മാ-
രെരിഞ്ഞ ഹോമാഗ്നിയെ കെടുത്തിക്കളഞ്ഞിതു
മന്നവൻ ബിംബിസാരനിങ്ങനെയനന്തരം
തന്നുടെ രാജ്യമെങ്ങും ഘോഷിച്ചു വിളംബരം.

"ദേവയജ്ഞങ്ങൾക്കായെന്നല്ലിന്നമ്മുടെ നാട്ടിൽ
കേവലം ഭക്ഷണാർത്ഥമായും താനനവധി
ജീവജാലത്തെ വധിച്ചീടുമാറുണ്ടതെല്ലാം
ഭാവുകമല്ലായ്കയാലിന്നു നാം തടയുന്നു.
അനഘപ്രാണികളെ ഹിംസിച്ചീടരുതാരു-
മിനിമേൽ മാംസംതന്നെ ഭക്ഷിച്ചീടരുതാരും.
ജീവിതമൊന്നുതന്നെ ജന്തുക്കൾക്കെല്ലാററിനും
ഭാവിജന്മങ്ങൾതോറും വിജ്ഞാനം വിടരുന്നു.
കാരുണ്യം ലഭിക്കില്ല കാരുണ്യമില്ലെങ്കിലാ-
ക്കാരണങ്ങളാൽ ഹിംസ ഹേയമായ് നാം കാണുന്നു."

ഇത്തിരുവാജ്ഞ വിളിച്ചറിയിപ്പിച്ചെന്നല്ല
കൊത്തിച്ചു നൃപൻ ശിലാകൂടങ്ങൾതോറുംപിന്നെ
പ്രത്യേകമഭിജ്ഞാനസ്തംഭങ്ങൾ തന്നെ തീർത്തു
വ്യക്തമായെഴുതിയും വച്ചിച്ചിതതുകൾമേൽ.
കൊന്നീല ജനമൊരുജന്തുവെയന്നാൾമുതൽ.
തിന്നീലാമിഷം രക്തബലിയും തൂവീലാരും.
എന്നല്ല പക്ഷിമൃഗാദികളാം പ്രാണികളോ-
ടന്യോന്യസ്നേഹപാശബദ്ധരായ്, ശാന്തരായി

Digitized By Kerala Sahitya Akademi

മംഗളമായ് കഴിഞ്ഞു മനുഷ്യർ മനോജ്ഞമാം
ഗംഗതൻ തിരത്തുള്ള മാഗധദേശങ്ങളിൽ
ജലത്തിൻകുമിളപോൽ ജനിച്ചും മൃതിയാന്നും
നിലനിൽക്കാത്ത സുഖദുഃഖങ്ങൾ നുകന്നുമേ
വലയും മനുഷ്യനു മററു ജന്തുവ്രാതത്തോ-
ടലിവിൻബന്ധം സമക്ലേശസംബന്ധംകൊണ്ടും,
വിശദമാക്കി ജന്തുകരുണാനിധി ബുദ്ധൻ
വശവത്തിയായ് തിത്തു ലോകത്തെയെന്നോവേണ്ടു.
ഇന്നുള്ള തല്ലിമ്മഹാത്മാവിലുജ്ജ്വലിക്കുന്നോ-
രുന്നതമാകും സ്നേഹമാഹാത്മ്യം ഭഗവാൻെറ
കരുണാശിശിരമാം ചാരുപ്രാക്തനജന്മ-
ചരിതലേശം കേൾക്കിൽ കോൾമയിർകൊള്ളുംവിശ്വം.

പണ്ടൊരു കാലത്തൊരു ഭൂസുരനായ് ജനിച്ചു
'മുണ്ഡക'ശൈലം പുക്കു മുനിയായ് വാണു ബുദ്ധൻ.
'ദാളിദാ'ഖ്യമായ കുഗ്രാമത്തിലടവിയാൽ
കേളിയേറിടും വിന്ധ്യപവ്വത പ്രാന്തത്തിങ്കൽ,
അവിടെയന്നൊരിക്കൽ ക്ഷാമത്താൽ ജനങ്ങളെ
വിവശരാക്കിച്ചെയ്തിതുഗ്രമാമനാവൃഷ്ടി.
എരിയും വെയിലാൽ നട്ട ഞാറുകൾ വെന്തുകാല-
നര ബാധിച്ചു മട്ടിൽ വെളുത്തു വയലുകൾ
കുളവും കൂപങ്ങളുമൊക്കവേ വററിയാററി-
ന്നളവോരാത്ത കയം കൂടിയും വരണ്ടുപോയ്.

Digitized By Kerala Sahitya Akademi

പട്ടിണികൊണ്ടു പാരം വലഞ്ഞ പ്രദേശത്തെ
വിട്ടന്യരാജ്യങ്ങളിലാളുകളോടിപ്പോയി
അടവിതാനും കാട്ടുതീയാലും വെയിലാലു-
മടവേ കരിഞ്ഞതിൽ തങ്ങിയ ജീവജാല-
മൊട്ടുങ്ങു ചത്തൊടുങ്ങിയുഴറിയോടിപ്പോയി-
തൊട്ടന്യവനങ്ങളിൽ പൈദാഹശാന്തിക്കായി.
അന്നൊരു സായാഹ്നത്തിലമ്മുനിവരൻ സ്വന്തം
കുന്നിൻെറ ചരിവൂടെയേകനായ് പോയിട്ടുമ്പോൾ
അരികത്തങ്ങു ജലം വററിശ്ശുഷ്കമായുള്ളോ-
രരുവിച്ചാലിന്നടിയ്ക്കുഴന്ന പാറക്കെട്ടിൽ
സങ്കടം, വിശപ്പുകൊണ്ടാന്തടൽ തളന്നൊരു
പെൺകടുവായുമതിൻ പിഞ്ചിളംകിടാങ്ങളും,
തുക്കായ കര രണ്ടും കാഞ്ഞെഴും കടുംചൂടിൽ
വായ്ക്കുന്ന വിവശത കലന്നു കിടന്നിതു.
ചെററിടയാ വ്യാഘ്രിയെ നോക്കിക്കൊണ്ടങ്ങുതന്നെ-
യുററ കാരുണ്യമാന്നു നിന്നിതത്തപോധനൻ.
ഉണ്ടലാന്നവൾക്കഹോ താണു മിന്നുന്ന കണ്ണു-
രണ്ടിലുമിളംപച്ചത്തിപ്പൊരി പറക്കുന്നു.
ചുളി തൂങ്ങുന്ന താടിയെല്ലമച്ചുണ്ടും വിട്ടു
വെളിക്കു ചാടി ശുഷ്കരസന നിണ്ടു മേന്മേൽ
ഇളകുന്നുണ്ടവൾക്കു വിപ്പുകൾതോറും കത്തി
വളന്നു പാളും ജഠരാഗ്നിതൻ ജ്വാലപോലെ.

Digitized By Kerala Sahitya Akademi

പൊന്നൊളിവഴ്ന്നത്തിങ്കൽ കാർവരി കലന്നോററം
മിന്നുന്ന മിനുസമാമോമൽ തോൽ മാംസമെന്യേ
വാരിയെല്ലിന്മേൽ തൂങ്ങിയക്കുട്ടവായ്ക്കു പഴം-
ക്രൂരമേൽ മേഞ്ഞ ജീർണ്ണതൃണംപോലടിയുന്നു.
ഒട്ടി ഞാന്നേററം നേർത്ത വയററിൻമീതേ തൻെറ
കുട്ടികൾ, കഷ്ടം! വാടിവലഞ്ഞു കയറുന്നു.
തപ്പിയമ്മിഞ്ഞക്കാമ്പിൻ ചണ്ടിയെ ചെന്നുററിയും
ഉപ്പിയുമുഴലുന്നു— ഉള്ളിനീരതിലില്ല
അത്തലാന്നു കണ്ടൊട്ടാശപസിപ്പിപ്പാൻ തള്ള-
യെത്രയുമലിവോടേ നക്കുന്നു ശിശുക്കളെ.
പാർശ്വസ്ഥമായ മണൽത്തടത്തിലാഞ്ഞുചെന്നു
പാർശ്വഭാഗം തിരിഞ്ഞു കിടന്നുകൊട്ടുക്കുന്നു.
ആനതമായ് പൂഴിയിൽ പൂന്തിയ മുഖത്തോടെ
ദീനകണ്ഠിയായ് മുറവും മുരണ്ടു മുരണ്ടുമേ.
മുമ്പിൽ മന്ദമായ് പിന്നൊത്താരമായൊച്ച നീട്ടി
വെമ്പലാന്നവൾ ശരന്മേഘം പോലലറുന്നു.
ഇക്കഷ്ടസ്ഥിതി കണ്ടു കൃപയല്ലാതെ മറെറാ-
ന്നാൾക്കാമ്പിൽ തോന്നാതഹോ നിനച്ചു ബോധിസത്വന്
അലിവന്യക്കു തോന്നില്ലിവളിൽ കൊട്ടുങ്കാട്ടിൽ
കൊലപാതകം ചെയ്തു കമ്പ പോററുവോളിവൾ,
അസ്തമിക്കുമ്പോഴേയ്ക്കീക്കുട്ടികളോട്ടം പാവം
ചത്തുപോമിവററയെ രക്ഷിപ്പാനാരുമില്ല.

Digitized By Kerala Sahitya Akademi

കൊററിനു ലഭിച്ചെന്നാൽ ജീവിക്കും കുട്ടംബമി-
ത്തുററവരായിട്ടൊമില്ലിവയ്ക്കൂട്ടത്തുമേ.
കേണിവ ചാകുന്നതും കണ്ടിരിക്കാവല്ലോത്താൽ
പ്രാണരക്ഷണത്തേക്കാൾ സുകൃതമില്ലുതാനും.
പിന്നെ മച്ഛരീരത്തിലാമിഷമുണ്ടല്ലേകി-
യെന്തുകൊണ്ടിവയ്ക്കേനിക്കുപകത്താവായ്ക്കൂടാ.
എന്തുകൊണ്ടിവളുടെ തഷ്ടദശ്ധമാം നാക്കെൻ
സ്വന്തരക്തത്താൽതന്നെ ശിശിരമാക്കിക്കൂടാ.
മററാക്രമിതിലൊരു ദോഷവും വരാനില്ല
പറവാനില്ലെനിക്കുമൂനമൊന്നിതിനാലേ.
സ്നേഹാത്ഥമായ് ഞാനാത്മസ്നേഹത്തെ ഹോമിപ്പതും
സാഹസമല്ല സ്നേഹം സ്നേഹവൃത്തിയാൽ വായ്പൂ.
എന്നുരചെയ്തു മെല്ലെക്കൈവടി താഴത്തി-
മന്നിൽതൻ തിരുമെതിയടികൾ വിട്ടിറങ്ങി
ആടയും തലക്കെട്ടും പൂണുലുമഴിച്ചവ-
ച്ചാടൽക്കൂടാതെ കൃപാതുരനമ്മഹാപുമാൻ
നടന്നു പിന്നിലൂടാ വ്യാഘ്രത്തിൻ മുമ്പിലഹോ!
കടന്നു ചെന്നു ചെറുദൂരെനിന്നുരചെയ്താൻ:—

"അമ്മേയിന്നാഹാരമായിശ്ശരീരത്തെത്തന്നെ
ചെമ്മേ നീ തിന്നുകൊൾക ജീവിക്ക സകുടുംബം."
ഇമ്മൊഴിയവസാനിച്ചില്ലതിൻമുൻപുതന്നെ-
യമ്മഹാത്മാവിന്റെ മേലലറിക്കുതിച്ചഹോ



Digitized By Kerala Sahitya Akademi

ഇടിവാറ്റംപോലെ ഘ്രാണപ്പെൺനരി യദ്ദേഹത്തെ
പൊടിയിൽ മറിച്ചിട്ടു പിടപ്പിച്ചാത്തിയോടെ,
രഢിതി മിന്നേയാഞ്ഞ വൻകഠാരികളൊത്ത
കുടിലനഖങ്ങളാൽ കോമളമാം തദംഗം
മാന്തി മാംസംപൊളിച്ചു കടിച്ചു കട്ടംചോര
മോന്തുവാൻ തുടന്നിതക്കുട്ടവായുടെ വായിൽ
ചമ്പകമൊട്ടോടൊത്ത മഞ്ഞവീരപ്പല്ലുകൾ
ചെമ്പരുത്തിതൻ മുകുളങ്ങൾപോൽ ചുകന്നിതു.
വിസ്തരിക്കുന്നെന്തിനു നിർദ്ദയമാം സ്നേഹത്താൽ
ശുദ്ധശീതളമാമദ്ധന്യന്റെ യന്ത്യശ്വാസം
ബദ്ധസംഭ്രമമഹോ ബുഭുക്ഷുവാമാ വ്യാഘ്രി
ക്രുദ്ധിച്ചു വിട്ടം ചുടുവീപ്പിൽതാൻ ലയിച്ചിതു.

ഇങ്ങനെ ബഹുജന്മാജ്ജിതമൈത്രിസംസ്കാര-
തുംഗതയാന്ന സാക്ഷാൽ സിദ്ധാത്ഥൻ തിരുവടി
കരുണാമസൃണമാമുപദേശത്താൽ ക്രൂര-
സുരയജ്ഞവും ജന്തുഹിംസയും നിരോധിച്ചു.
മഹനീയനാകുമാഭിക്ഷുവയ്യനെപ്പിന്നെ
ബഹുമാനിച്ചമ്പോടും പൂജിച്ചു ബിംബിസാരൻ.
തന്നതുനഗരത്തിൽതന്നെ വിശ്രമിപ്പാനാ-
യനഘനൊടു പാരമത്ഥിച്ചിതെന്നുമല്ല
അലിവാന്നക്കോമളമൂത്തിയെ നോക്കി നൃപൻ
പലവട്ടവുമരുൾചെയ്തു ഹാ മഹാഭാഗ,

Digitized By Kerala Sahitya Akademi

ഉററൊരു രാജഭോഗോചിതമാമിപ്പമെയ്യിൽ
പററുകില്ലല്ലോ ഭവരം പട്ടിണിയും വ്രതങ്ങളും
സങ്കടമങ്ങിപ്പിച്ചപ്പട്ടിയേന്തുന്നവല്ലോ
ചെങ്കോലു ധരിക്കുവാൻ ജനിച്ച കയ്യിൽ ശ്രീമൻ!
വിജ്ഞാനനിധേ! ഭവാനിങ്ങുതാൻ പ്രസാദത്താ-
ലജ്ഞരാം പ്രജകൾക്കമെനിക്കു മിരുൾ നീക്കാൻ
പതിവായ് പാത്തീടുകിൽ ഭാഗ്യത്താൽ ലഭിച്ചൊരു
പുതിയ ചന്ദ്രനെന്നു കൊണ്ടാട്ടമല്ലോ ഞങ്ങൾ.
എന്നോടൊന്നിച്ചങ്ങേയ്ക്കുൻ രമ്യമാമരമന
തന്നിലാണിഷ്ടമെങ്കിൽ സൈ്വരമായതിൽ മേവാം.
എനിക്കശേഷം വിഭോ! മഗധരാജ്യമാളാൻ
നിനയ്ക്ക കമാരന്മാർതാനുമില്ലിങ്ങാകയാൽ,
വിഭവമെല്ലാമാൻ സുഖമായങ്ങേയ്ക്കൊരു
സുഭഗയായ രാജപുത്രിയെ വേട്ടു വാഴാം.
ഭഗവാനരുൾചെയ്തു സസ്മിതം "മഹാനായ
മഗധമഹിപതേ, മോഹമില്ലിനിക്കതിൽ
വിപുലസമ്പത്തോട്ടമൊരു രാജ്യത്തിലൊരു
നൃപനന്ദനനായ്ത്താൻ ജനിച്ചു വളന്നു ഞാൻ.
യൌവനമാൻ സവ്ഭോഗവും ഭുജിച്ചൊരു
നിർവൃതി കാണാഞ്ഞാകെ വെറുത്തു വെടിഞ്ഞുടൻ
സത്യമാം ബോധം തേടിയിപ്പോൾ ഞാനുഴലുന്നു
സിദ്ധിക്കമെനിക്കതു നിശ്ചയം വൈകാതെതാൻ.

Digitized By Kerala Sahitya Akademi

ആകയാലതുവെടിഞ്ഞകൃതാൎത്ഥനായ് മിഥ്യാ-
ഭോഗമാൎഗ്ഗത്തിലിനിപ്പോകില്ല മടങ്ങി ഞാൻ
അമരാവതിയിലെ വൈജയന്തിമേൽ വാഴ്‌വാ.
നമൎത്ത്യസുന്ദരിമാർ കനിഞ്ഞു വിളിച്ചാലും;
സൎവ്വജന്തുക്കൾക്കുമായ് സംസാരക്ലേശമററ
നിൎവാണമഹാരാജ്യം നിൎമ്മിപ്പാൻ യതിപ്പു ഞാൻ.
അതു നിൎവ്വഹിക്കാതെ ശാന്തിയില്ലെനിക്കുള്ളി-
ലതിനാലിന്നുതന്നെ യിട്ടിക്കു വിട്ടു വിഭോ,
അനഘനിരഞ്ജനാതീരദേശത്തിൽ നീല-
വനരാജികളാൎന്ന ഗയയിൽ പോകുന്നു ഞാൻ.
അവിടെവച്ചുണ്ടാകുമെനിക്കു ബോധോദയ-
മവിശങ്കിതമെന്നു തോന്നുന്നു മഹാമതേ!
ഇവിടങ്ങളിൽ മേവുമൃഷിമാർതമ്മിൽനിന്നു-
മവരഭ്യസിക്കുന്ന നിഗമങ്ങളിൽനിന്നും
വിവിധനിഷ്ഠകളിൽ കൎശ്ശിച്ചിന്ദ്രിയങ്ങളെ
വിവശമാക്കും തപഃക്ലേശങ്ങളൊന്നിൽനിന്നും
എന്മനക്കാമ്പിന്നഭിമതമായ്ത്തോന്നീടുമ-
സ്സമ്യക്സംബുദ്ധഭാവം സംഭാവ്യമല്ലധിമൻ.
ഇമ്മഹാമനോരഥം സാധിക്കിൽ ധന്യനായ് ഞാൻ
നിൎമ്മലമതേ! നൂനം മടങ്ങിവരാമല്ലോ
മുഖ്യമായ് ഭവാന്റെയിസ്സ്നേഹനിർഭരമായ
സഖ്യത്തെ യഥോചിതം പ്രത്യഭിനന്ദിക്കുവാൻ."

Digitized By Kerala Sahitya Akademi

എന്നോതി വിടവാങ്ങീട്ടമി യവാമാന്യ-
വന്ദ്യനാം ഭിക്ഷുവിൻെറ പാദപങ്കജങ്ങളിൽ
മൂന്നുരു വലംവച്ചു വീണുവന്ദിച്ചു ശ്രമാൻ
താണുനിന്നുമ്പിൽ യാത്രാമംഗളമാശംസിച്ചു.
അവിടെനിന്നു ദേവൻ നടന്നു 'വൈശാലി'യിൽ
സുവിഖ്യാതനായിട്ട'മാരാദ'മഹർഷിയെ
ചെന്നുകണ്ടങ്ങു ചിലദിനങ്ങൾ നയിച്ചുപോയ്
പിന്നെയുദ്രകരാമപുത്രാചാര്യനെക്കണ്ടാൻ.
ഉരുശിഷ്യാളിയാന്നോരമ്മുനീന്ദ്രനെത്തൊഴു-
തുരു'വിലപാഖ്യ'വനം പുക്കു ദർശിച്ചു ദേവൻ.
പാണ്ഡിത്യമേറെയുള്ളോ'രുദ്രക'ശിഷ്യന്മാരാം
കൌണ്ഡിന്യാദികളായ പഞ്ചയോഗീന്ദ്രന്മാരെ.
അവരോതിനാർ ഭഗവാനോടു "വൃഥാ സൗമ്യ!
വിവശനായങ്ങിങ്ങു തെണ്ടുന്നതെല്ലാം ഭവാൻ
അറിയവേദങ്ങളും ശാസ്ത്രസഞ്ചയങ്ങളു-
മറിയാത്തുള്ള തത്വമൊന്നില്ല നിരൂപിക്കിൽ
കർമ്മജ്ഞാനകാണ്ഡങ്ങൾ രണ്ടിലും കണ്ടിടാത്ത
ധർമ്മമോക്ഷോപായങ്ങളെന്തുള്ളു ജഗത്തിങ്കൽ.
കാമനെയെന്നിയത്രേ കർമ്മങ്ങൾ ചെയ്തു ഫല-
സ്തോമത്താലലിപ്തമായനഭിമാനമായി,
അഹന്താഗ്രന്ഥിയഴിഞ്ഞപരിച്ഛിന്നമായ
മഹനീയമാമാത്മചൈതന്യം നിരാകാരം

Digitized By Kerala Sahitya Akademi

റെത്തുന്ന തമസ്സുവിട്ടുജ്ജിതമാം ജ്യോതിസ്സിൽ
മൃത്യുവെ വിട്ടു നിത്യമോക്ഷത്തെ പ്രാപിക്കുന്നു.
ജ്ഞാനത്താലവിദ്യയാമാവരണം പോയ് വെറും
കാനൽത്തുനീരാഴിയാം വിശ്വഭാനങ്ങൾ മാഞ്ഞു •
നിരൂപമായ്, നിഷ്ക്രിയമായി, നിശ്ചലമായി
നീരാഗമായി നിർവ്വികാരമായ് ശാന്തമായി
നിർഗ്ഗുണമായി നിത്യസത്താമാത്രമായ് സ്വയം
ചിൽക്കതിരൊളിയായി ശാശ്വതാനന്ദമായി
ശോഭിക്കും ശുദ്ധപരബ്രഹ്മത്തോടഭേദമായ്
പ്രാപിച്ചീടുന്ന ദിവ്യകൈവല്യം ജ്ഞാനാർത്ഥികൾ
ദ്വന്ദ്വങ്ങൾപോയ് ഗംഭീരമൌനാകാരമായനി-
ഷ്പന്ദസുന്ദരമാമീയേകാന്തശാന്തിയേക്കാൾ
ഹന്ത, സംസാരാമയം നീക്കുമൌഷധം വേറേ
ചിന്തിപ്പാൻ കഴികില്ല മുനിമാർക്കും ധീമൻ!”
ഇതുകളെല്ലാം സ്വാമി സാദരം കേൾക്കിലും തൻ-
ഹൃദയാകാശം മഞ്ഞുവെടിഞ്ഞു തെളിഞ്ഞില്ല.
എങ്കിലുമിന്ദ്രിയസംയമശിക്ഷയാലാത്മ-
പങ്കമാർജ്ജനം ചെയ്വാൻ പുനരുദ്യുക്തനായി
പഞ്ചയോഗികളവർ മേവുമപ്രദേശത്തി-
ലഞ്ചാതെ തപംചെയ്തു ഭഗവാൻ ശൌദ്ധോദനി,
ഉത്തരദ്ധ്യോവിൽ സപ്തർഷികൾ തന്നുപാന്തത്തി-
ലുത്താനപാദജന്യജ്യോതിസ്സുപോലെ വാണു.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi